15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493 | 05-10-2021 - ൽ മറുപടിയ്ക്ക്

ഐ .ടി. വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലെ അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ടി.വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലെ അനധികൃതനിയമനങ്ങളെക്കുറിച്ച് ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയിരുന്നോ; ഏതൊക്കെ സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയതെന്ന് അറിയിക്കുമോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | 17.07.2020 ലെ ജി.ഒ(ആർ.റ്റി) നം.4226/2020/ധന, 30.07.2020 ലെ ജി.ഒ(ആർ.റ്റി) നം.4407/2020/ധന എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഐ.റ്റി. വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലെ നിയമനങ്ങളെ കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു. 1. സി-ഡിറ്റ്, 2. കേരള സ്റ്റാർട്ട് അപ് മിഷൻ, 3. കേരള സ്റ്റേറ്റ് ഐ.റ്റി. ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ്, 4. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ, 5. ഐ.സി.റ്റി അക്കാഡമി, 6. കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ, 7. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള, 8. ടെക്നോപാർക്ക്, തിരുവനന്തപുരം 9. ഇൻഫോ പാർക്ക്, എറണാകുളം 10. സൈബർ പാർക്ക്, കോഴിക്കോട്. ഇതിൽ കേരള സ്റ്റാർട്ട് അപ് മിഷൻ, സി-ഡിറ്റ്, ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ, ഐ.സി.റ്റി അക്കാഡമി, കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള, ഇൻഫോ പാർക്ക് എറണാകുളം എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടുകൾ അംഗീകരിച്ച് തുടർ നടപടികൾക്കായി ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. മറ്റ് മൂന്ന് സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് ഐ.റ്റി. ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ്, ടെക്നോപാർക്ക് തിരുവനന്തപുരം, സൈബർ പാർക്ക് കോഴിക്കോട് എന്നീ സ്ഥാപനങ്ങളുടെ കരട് അന്വേഷണ റിപ്പോർട്ടുകൾ അംഗീകാരത്തിനായി സമർപ്പണത്തിലാണ്. |

സെക്ഷൻ ഓഫീസർ

**<u>തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സ്റ്റാർട്ടപ്പ് മിഷനിൽ ധനകാര്യ (പരിശോധനാ-ഡി) വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.</u>**

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സ്റ്റാർട്ടപ്പ് മിഷനിലെ നിയമനങ്ങൾ ചട്ട പ്രകാരവും സുതാര്യവുമായ രീതിയിലാണോ എന്ന് അന്വേഷണം നടത്തുന്നതിനായി സ.ഉ.(സാധാ) നം.4407/2020/ധന ഉത്തരവ് പ്രകാരം ധനകാര്യ (പരിശോധനാ-ഡി) വിഭാഗം 2020 ഓഗസ്റ്റ് - ഒക്ടോബർ മാസങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സന്ദർശിച്ച് നാളിതുവരെ നടന്ന നിയമനങ്ങൾ പരിശോധിക്കുകയുണ്ടായി. പരിശോധന സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ആമുഖം</u>**

പ്രാദേശികമായി വളർന്നു വരുന്ന സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി ടെക്നോപാർക്കിന്റെ ഒരു സംരംഭമായി 1955 ലെ Travancore kochin Literary Scientific and Charitable Society Act ന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് 2002 -ൽ ആരംഭിച്ച Technopark Technology Business Incubator (T-TBI). തുടർന്ന് 2006-ൽ National Science & Technology Entrepreneurship Development Board-ന്റെയും National Science & Technology Department-ന്റെയും സഹായം ലഭിക്കുന്നതിനായി Technopark Technology Business Incubator (T-TBI) സൊസൈറ്റി ടെക്നോപാർക്ക് സ്ഥാപിക്കുകയും ചെയ്തു.

തുടർന്ന് സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി T-TBI-യെ കേരള സർക്കാർ 2013- ൽ നിയോഗിച്ചു. ഇതിനായി വിദ്യാർത്ഥി സംരംഭകത്വ നയവും സാങ്കേതിക സ്റ്റാർട്ടപ്പ് നയവും രൂപീകരിക്കുകയും സർക്കാരിന്റെ സംരംഭകത്വവുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളും നടത്തുന്നതിനുള്ള ചുമതല T-TBI-ക്ക് നൽകുകയും ചെയ്തു. അന്നുമുതൽ T-TBI-യുടെ Board of Governors (BoG)-ന്റെ അദ്ധ്യക്ഷൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ ഐ.ടി. മന്ത്രിയുമായി. തുടർന്ന് കൊച്ചിയിൽ കേരള ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിനുള്ള ചുമതല നൽകുകയും 2014-ൽ T-TBI-യെ കേരള സ്റ്റാർട്ടപ്പ് മിഷൻ എന്ന് പുനർനാമകരണം ( rebranding ) ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ടെക്നോപാർക്ക് സ്ഥാപിച്ച T-TBI 2014 മുതൽ കേരള സ്റ്റാർട്ടപ്പ് മിഷൻ എന്ന പേരിൽ സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായി മാറിയത്. തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നിവടങ്ങളിലും ഇൻകുബേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

**<u>കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഭരണ നിർവ്വഹണ സംവിധാനം</u>**

സ്റ്റാർട്ടപ്പ് മിഷന്റെ മേൽനോട്ടത്തിനും ഭരണപരമായ കാര്യ നിർവ്വഹണത്തിനുമായി ബഹു.മുഖ്യമന്ത്രി ചെയർമാനായ ഉന്നതതല സമിതിയും, ഐ.ടി.സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് നിലവിൽ ഉള്ളത്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തികളായിരിക്കും സ്റ്റാർട്ടപ്പ് മിഷനിലെ അംഗങ്ങൾ. Memorandum of Association (MoA) & Bye-Laws അനുസരിച്ചാണ് കേരള സ്റ്റാർട്ടപ്പ് മിഷനിൽ തസ്തിക രൂപീകരണം, വിജ്ഞാപനം പുറപ്പെടുവിക്കൽ, നിയമനങ്ങൾ നടത്തൽ, കൺസോളിഡേറ്റട്പേ / ശമ്പള സ്കെയിലുകൾ നിശ്ചയിക്കൽ, കരാർ കാലാവധി പുതുക്കൽ തുടങ്ങി സാങ്കേതികവും ഭരണപരവുമായ എല്ലാ കാര്യങ്ങളും തീരുമാനിക്കപ്പെടുന്നത്. **എന്നാൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷനോ റൂൾസ് & ബൈലോകൾക്കോ നാളിതുവരെ സർക്കാർ അംഗീകാരം നേടുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ തസ്തിക രൂപീകരണം, നിയമനങ്ങൾ നടത്തൽ എന്നിവയ്ക്ക് സർക്കാർ പ്രത്യേകം ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.**

**a) ബോർഡ് ഓഫ് ഗവർണേഴ്സ് (BoG) :**

സ്റ്റാർട്ടപ്പ് മിഷന്റെ ഉന്നതതല സമിതിയാണ് ബോർഡ് ഓഫ് ഗവർണേഴ്സ് (BoG). 2013 മെയ് 23ന് നടന്ന കേരള സ്റ്റാർട്ടപ്പ് മിഷന്റെ നാലാം വാർഷിക പൊതുയോഗം TTBI പുനർ നിർ മിക്കാൻ GO(Rt) No.12/2013/IT Ddated, 30/04/2013 പ്രകാരം തീരുമാനിച്ചു. തുടർ ന്ന് 13/02/2020 തീയതിയിലെ G.O.(Ms) No.7/2020/ITD അനുസരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷന്റെ B o G പുന:സംഘടിപ്പിച്ചു. **ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗങ്ങൾ Exhibit 1 ൽ കാണാവുന്നതാണ്.**

എക്സിക്യൂട്ടീവ് കമ്മിറ്റി (ഇസി) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും അംഗീകാരം നൽകുന്നതിനും ഭേദഗതികൾ വരുത്തുന്നതിനും റദ്ദാക്കുന്നതിനുമുള്ള ചുമതല ബോർഡ് ഓഫ് ഗവർണേഴ്സ് (BoG)-ൽ നിക്ഷിപ്തമാണ്. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും എടുക്കുന്നതു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തലവനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. EC തീരുമാനങ്ങൾ B o G മുമ്പാകെ സമർപ്പിക്കുകയും സാധൂകരണം നേടുകയുമാണ് ചെയ്തുവരുന്നത്. നാളിതുവരെ 27 എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളും 7 ബോർഡ് ഓഫ് ഗവർണേഴ്സ് മീറ്റിംഗുകളും നടത്തപ്പെട്ടു. T-TBI യുടെ Rules & bye-Laws 15 (a) പ്രകാരം വർഷത്തിൽ ഒരിക്കലെങ്കിലും B o G ചേർന്നിരിക്കണം എന്നിരിക്കെ 2016-19 കാലയളവിൽ BoG യുടെ മീറ്റിംഗുകൾ ഒന്നും നടന്നതായി കാണുന്നില്ല. എന്നാൽ EC തീരുമാനങ്ങൾ നടപ്പിലാക്കിയതിനുശേഷം എപ്പോഴാണോ ഗവേണിംഗ് ബോഡി ചേരുന്നതു തദവസരത്തിൽ സാധൂകരണം നേടിയെടുക്കുകയാണ് ചെയ്യുന്നത്.

**b) എക്സിക്യൂട്ടീവ് കമ്മിറ്റി (EC) :**

ബോർഡ് ഓഫ് ഗവർണേഴ്സിന്റെ 31/07/2013-ലെ ആദ്യ മീറ്റിംഗിലാണ് ബോർഡ് തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഐ.ടി സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി GO(Rt) No.195/2013/ITD dtd. 21/08/2013 പ്രകാരം രൂപീകരിക്കപ്പെട്ടത്. സ്റ്റാർട്ടപ്പ് മിഷന്റെ ഭരണ നിർവ്വഹണ തീരുമാനങ്ങളെല്ലാം എക്സിക്യൂട്ടീവ് കമ്മിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. നാളിതുവരെ 27 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടന്നിട്ടുണ്ട്. **എക്സിക്യൂട്ടീവ് കമ്മിറ്റി Exhibit 2 ൽ കാണാവുന്നതാണ്.**

**തസ്തികകളും നിയമനങ്ങളും സംബന്ധിച്ച്**

കേരള സ്റ്റാർട്ടപ്പ് മിഷനിൽ ജോലിയിൽ തുടരുന്നവരും പിരിഞ്ഞു പോയവരും ഉൾപ്പടെ 8 3 പേർ 21 തസ്തികകളിലായി വിവിധ കാലയളവുകളിൽ നിയമനം നേടിയിട്ടുണ്ട്. നിലവിൽ 49 ജീവനക്കാർ മിഷന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ ജോലിനോക്കി വരുന്നു. വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം ഇന്റർവ്യൂ നടത്തിയുള്ള നിയമനങ്ങൾ, TTBI യിൽ നിന്നും ജോലി ക്രമീകരണത്തിന്റെ ഭാഗമായി നടത്തിയ നിയമനങ്ങൾ, നോട്ടിഫിക്കേഷൻ കൂടാതെ CEO നേരിട്ട് നടത്തിയ നിയമനങ്ങൾ, അപ്രന്റീസ് ഷിപ്പിൽ നിന്നും നടത്തിയ നിയമനങ്ങൾ, ഡെപ്യൂട്ടേഷൻ നിയമനങ്ങൾ, ഒരു തസ്തികയിൽ നിന്നും മറ്റൊരു തസ്തികയിലേയ്ക്ക് നടത്തിയ നിയമനങ്ങൾ, സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ നിയമനം മുഖേന നടത്തിയ നിയമനങ്ങൾ എന്നീ രീതികളിലൂടെയാണ് കേരളസ്റ്റാർട്ടപ്പ് മിഷനിൽ നാളിതുവരെ നിയമനം നടത്തിയിട്ടുള്ളത്. C E O യുടെ നിയമനം അന്യത്ര സേവന വ്യവസ്ഥ പ്രകാരവും ഇതര നിയമനങ്ങൾ ശമ്പള സ്കെയിലിലും കൺസോളിഡേറ്റഡ് പേയിലുമായി കരാറടിസ്ഥാനത്തിലുമാണ് നടത്തപ്പെട്ടിട്ടുള്ളത്. ഇപ്രകാരം നടത്തിയ നിയമനങ്ങൾക്ക് തൊട്ടടുത്ത ഗവേണിംഗ് ബോഡി മീറ്റിംഗിൽ സാധൂകരണം ലഭ്യമാക്കുന്നുണ്ട്.

തസ്തികകളും നിയമനങ്ങളും സംബന്ധിച്ച പട്ടിക1 മുതൽ 21 വരെ അനക്സർ I -ൽ കണ്ടാലും.

**<u>ക്രമവിരുദ്ധമായി നടത്തപ്പെട്ട നിയമനങ്ങൾ സംബന്ധിച്ച അനക്സർ I പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>**

| മാനേജർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | സൂര്യ തങ്കം | ടെക്നോപാർക് TTBI കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 18/01/2008 | മൂന്ന് തവണ | 19/01/2009 മുതൽ 5 വർഷ കരാർ കാലാവധിയിൽ ജോലിയിൽ തുടരുന്നു |
| 2 | മേരി തോമസ് | ടെക്നോപാർക് TTBI കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 13/03/2008 | മൂന്ന് തവണ | 14/03/2009 മുതൽ 5 വർഷ കരാർ കാലാവധിയിൽ ജോലിയിൽ തുടരുന്നു |

മേൽ പട്ടികയിലെ ശ്രീമതി. സൂര്യ തങ്കം, ശ്രീമതി. മേരി തോമസ് എന്നിവർ കാമ്പസ് സെലക്ഷനിലൂടെ 18/01/2008 ൽ മാനേജ് മെന്റ് ട്രെയിനി ആയി 15000/- രൂപ കൺസോളിഡേറ്റഡ് പേയിൽ ടെക്നോപാർക് TTBI ൽ പ്രവേശിക്കുകയും പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ T-TBI: ADMIN: 901 dated 15/01/2009 ഉത്തരവ് പ്രകാരം ശ്രീമതി. സൂര്യ തങ്കം 19/01/2009 ലും, ശ്രീമതി. മേരി തോമസ് 14/03/2009 ലും റെഗുലർ സ്കെയിൽ ഓഫ് പേയിൽ 5 വർഷ കരാർ നിയമനം അനുവദിക്കപ്പെടുകയും ചെയ്തു. 2014 ൽ TTBI യെ കേരള സർക്കാർ ഏറ്റെടുത്ത് കേരള സ്റ്റാർട്ടപ്പ് മിഷൻ എന്ന് പുനർ നാമകരണം നടത്തി ഇൻകുബേഷൻ പ്രവർത്തനങ്ങൾ തുടർന്നപ്പോൾ ടി ജീവനക്കാരെ സ്കെയിൽ ഓഫ് പേയിൽ തന്നെ കരാർ പുതുക്കി തുടരാൻ അനുവദിക്കുകയാണ് ചെയ്തത്. 2 തവണ കരാർ പുതുക്കിയിട്ടുണ്ട്. നിലവിൽ മാനേജർ തസ്തികയിൽ ജോലി ചെയ്തുവരുന്നു.

| ടെക്നിക്കൽ ഓഫീസർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർപുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | അർഷാദ്. പി. | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം22 | 01/03/2012 - 22/02/2013 | - | Resigned on 22/02/2013 |
| 2 | ആര്യ കൃഷ്ണൻ.ഇ | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 18/01/2013 | 3 | ജോലിയിൽ തുടരുന്നു |
| 3 | ശ്രീരാഗ് .ഐ.ഡി | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം. | 01/01/16- 23/03/2016 | - | Resigned on 23/03/2016 |
| 4 | ഡാനിയൽ ജീവൻ | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം. | 01/01/2016- 31/08/2019 | ഒരു തവണ (അഞ്ച് വർഷ കരാർ കാലാവധി) | Resigned on 31/08/19 |
| 5 | അരുൺ സാഗർ.എസ്.കെ | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 22/07/2010- 27/07/2010 | | Resigned on 27/07/2010 |

മേൽ പട്ടിക പ്രകാരം, ശ്രീ അർഷാദ്. പി. എന്നയാൾ ജോലി രാജിവച്ചുപോയ ഒഴിവു നികത്തുന്നതിനുവേണ്ടി

15/01/2013 ൽ പാർക് സെന്ററിൽ നടന്ന പേഴ്സണൽ ഇന്റർവ്യൂവിൽ മേൽ പട്ടികയിലെ ശ്രീമതി. ആര്യ കൃഷ്ണൻ ഹാജരാകുകയും 12000/- രൂപ കൺസോളിഡേറ്റഡ് പേ നൽകി 6 മാസത്തേയ്ക്ക് TTBI-യിൽ ജൂനിയർ ടെക്നിക്കൽ തസ്തികയിൽ 18/01/2013 ൽ കരാർ നിയമനം നൽകുകയും ചെയ്തു. തുടർന്ന് കരാർ 18/07/2013 മുതൽ ആറു മാസത്തേയ്ക്ക് പുതുക്കി നൽകുകയുണ്ടായി. കരാർ കാലാവധി പൂർത്തിയായപ്പോൾ T-TBI:HR:2014-15:04 dated 26/04/2014 ഉത്തരവ് പ്രകാരം 18/01/2014 മുതൽ 5 വർഷകരാർ കാലയളവിൽ സ്കെയിൽ ഓഫ് പേ (MS IV-8750-13610) യോടുകൂടി 25101/- മൊത്ത ശമ്പളത്തിൽ പുതുക്കി നൽകി. 2019ൽ കരാർ വീണ്ടും 5 വർഷത്തേയ്ക്കു പുതുക്കി നൽകയും 07/08/2019 തീയതിയിലെ KSUM/0/21/2019 ഉത്തരവ് പ്രകാരം ടിയാൾക്കു 32300-68700 സ്കെയിൽ ഓഫ് പേ യോടുകൂടി ടെക്നിക്കൽ ഓഫീസർ II തസ്തികയിൽ നിയമനം വീണ്ടും പുതുക്കി നൽകപ്പെട്ടു. . ടിയാൾ ജോലിയിൽ തുടർന്ന് വരുന്നു. പ്രസ്തുത നിയമനം നേരിട്ടുള്ളതും 5 വർഷകരാർ കാലയളവിൽ ശമ്പള സ്കെയിലോട് കൂടി പുതുക്കി നൽകിയതുമാണ്. 6 മാസത്തെ കരാറിൽ കൺസോളിഡേറ്റട് പേയിൽ നിയമിതയായ വ്യക്തിക്ക് 5 വർഷ കരാറിൽ സ്കെയിൽ ഓഫ് പേ അനുവദിച്ചു നൽകിയത് അത്യന്തം ഗൗരവമായി കാണേണ്ട വിഷയമാണ്.

മേൽ പട്ടികയിലെ ശ്രീ. ശ്രീരാഗ്. ഐ.ഡി യെ സ്റ്റാർട്ടപ്പ് വില്ലേജിലെ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ 01/01/2016 ൽ 28000/-രൂപ Consolidated pay യിൽ Technical Officer I ആയി ഒരുവർഷത്തേയ്ക്ക് Technology Innovation Zone, Kalamassery യിൽ നിയമിച്ചെങ്കിലും 23/03/2016 ൽ ടിയാൻ ജോലിയിൽ നിന്നും പിരിഞ്ഞു പോയതായി കാണുന്നു. മറ്റുവിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

മേൽ പട്ടികയിലെ ശ്രീ. ഡാനിയൽ ജീവനെ സ്റ്റാർട്ടപ്പ് വില്ലേജിലെ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ 01/01/2016 ൽ 28000/-രൂപ Consolidated pay യിൽ Technical Officer I ആയി ഒരുവർഷത്തേയ്ക്ക് Technology Innovation Zone, Kalamassery യിൽ നിയമിക്കുകയും തുടർന്ന് ടിയാന്റെ കരാർ 5 വർഷത്തേയ്ക്ക് സ്കെയിൽ ഓഫ് പേ (29200-62400) യോടുകൂടി K-SUM/01/2018 dated 01/01/2018 ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചെങ്കിലും 31/10/2018ൽ ടിയാൻ ജോലിയിൽ നിന്നും പിരിഞ്ഞു പോയതായി കാണുന്നു.

മേൽ പറഞ്ഞ രണ്ടുപേരെയും ഒരേ മാനദണ്ഡമനുസരിച്ച് നിയമിച്ചെങ്കിലും കരാർ പുതുക്കുന്ന കാര്യത്തിലും സേവന വേതന വ്യവസ്ഥ പരിഷ്കരിക്കുന്ന കാര്യത്തിലും വ്യത്യസ്ത സമീപനം സ്വീകരിച്ചതായി കാണുന്നു. പെർഫോമൻസ് വിലയിരുത്തിയാണ് ഇത്തരത്തിൽ തീരുമാനമെടുക്കുന്നത് എന്നാണ് വിശദീകരിക്കപ്പെട്ടത് .

ശ്രീ. അരുൺ സാഗർ. എസ്.കെ 22/07/2010 മുതൽ 27/07/2011 വരെ ടെക്നോപാർക്ക് റ്റി.ബി.ഐയിൽ ഒരു വർഷ കരാറിൽ ജോലി ചെയ്തിരുന്നു. കരാർ കാലാവധി കഴിഞ്ഞു ആറാം ദിവസമാണ് ടിയാൻ രാജിവച്ചിരിക്കുന്നത്. നോട്ടിഫിക്കേഷൻ സംബന്ധിച്ചോ കരാർ പുതുക്കൽ സംബന്ധിച്ചോ ഉള്ള വിവരം ഫയലിൽ ലഭ്യമല്ല.

| പ്രോജക്റ്റ് അസ്സിസ്റ്റന്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | അനൂപ് കൃഷ്ണൻ ജി | നേരിട്ടുള്ള നിയമനം | 05/09/16-11/08/2017 | - | Resigned on 11/08/2017 |

മേൽ പട്ടിക പ്രകാരം, കേരള സ്റ്റാർട്ടപ്പ് മിഷൻ പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ച് സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന ഒരു സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം മണ്ണന്തല അംബേദ്കർ ഭവനിൽ SC/ST/OBC ക്കാർക്കുവേണ്ടി തുടങ്ങാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 21.03.2016-ലെ 14 മത് ഇ.സി. പ്രൊജക്റ്റ് കോർഡിനേറ്റർ തസ്തിക സൃഷ്ടിക്കുകയും പ്രസ്തുത തസ്തികയിൽ ശ്രീ. കൃഷ്ണകുമാറിനെ അസിസ്റ്റ് ചെയ്യുന്നതിനായി 6 മാസ കാലാവധിയിൽ പ്രോജെക്റ്റ് അസിസ്റ്റന്റ് ആയി ശ്രീ. അനൂപ് കൃഷ്ണൻ ജിയെ നിയമിക്കുകയും ചെയ്തു. തുടർന്ന് 14/03/2017ലെ K-SUM/HR/REN/2016-17/06 ഉത്തരവ് പ്രകാരം ടിയാനെ 05/03/2017 മുതൽ 04/03/2018 വരെ 18000/-രൂപ consolidated pay ൽ ഒരു വർഷ നിയമനം നല്കിയെങ്കിലും 11/08/2017ൽ പിരിഞ്ഞുപോകുകയാണുണ്ടായത്. നിയമനം സംബന്ധിച്ച് മറ്റ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത നിയമനവും ഒരു മാനദണ്ഡവും പാലിക്കാതെയാണ് നടത്തിയതെന്നു വിലയിരുത്തപ്പെടുന്നു.

| ഫിനാൻസ് എക്സിക്യൂട്ടീവ് / കൺസൾട്ടന്റ്സ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | പ്രകാശ് ബി.എൽ | നേരിട്ടുള്ള നിയമനം<br>( മറ്റ് മാനദണ്ഡങ്ങളൊന്നും ഇല്ലാതെ ) | 15/04/16 | 2 | Resigned on<br>31/10/2018 |
| 2 | ജെയിംസ് ജോസഫ് (ഫിനാൻസ് കൺസൾട്ടന്റ്) | നേരിട്ടുള്ള നിയമനം | 01/02/19 | 5 | ജോലിയിൽ തുടരുന്നു |
| 3 | ഗീതാകുമാരി<br>(കൺസൾട്ടന്റ് - ഇൻഫ്രാസ്ട്രക്ചർ) | നേരിട്ടുള്ള നിയമനം | 04/07/19 | 1 തവണ (3 മാസം ) | Resigned on<br>02/01/2020 |

മേൽ പട്ടിക പ്രകാരം, ശ്രീ. പ്രകാശ് ബി.എൽ 17/03/2015 തീയതിയിലെ KIN/ADM/II-29/2014-15 പ്രകാരമുള്ള Management Trainee (Finance & Accounts) (15-06-2013 to 14-06-2014) എന്ന KINFRA യിൽ നിന്നുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് 15/04/2016 മുതൽ കേരളസ്റ്റാർട്ടപ്പ് മിഷനിൽ 6 മാസ കരാറിൽ എക്സിക്യൂട്ടീവ് I I തസ്തികയിൽ നിയമനം നേടിയത്. ടിയാനെ സ്റ്റാർട്ടപ്പ് മിഷനിൽ സി.ഇ.ഒ നേരിട്ട് നിയമിക്കപ്പെടുകയാണുണ്ടായത്. കരാർ പുതുക്കുന്നതിനുവേണ്ടി 13/10/2016 ൽ ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ സി.ഇ.ഓ അടുത്ത 6 മാസത്തേയ്ക്ക് കൂടി ശുപാർശ ചെയ്യുകയും സാധൂകരണത്തിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കണമെന്ന് കുറിക്കുകയും ചെയ്തു. എന്നാൽ നിലവിലെ ജോലിയുടെ ബാഹുല്യം നിമിത്തം ടിയാന്റെ കരാർ 1/11/2016 മുതൽ ഒരു വർഷത്തേയ്ക്ക പുതുക്കി നൽകണമെന്ന ശുപാർശ 16-മത് ഇ.സി. അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 15/11/2016 ലെ KSUM:HR/2016-17/AO/15 ഉത്തരവ് പ്രകാരം കരാർ 01/11/2016 മുതൽ ശമ്പള സ്കെയിലോടുകൂടി ഒരു വർഷത്തേയ്ക്ക നിയമനം പുതുക്കി നൽകി. തുടർന്ന് 25/07/2017ലെ K-SUM/HR/REN/2017-18/05 ഉത്തരവ് പ്രകാരം ടിയാന്റെ കരാർ 01/11/2017 മുതൽ രണ്ട് ഇൻക്രിമെന്റോടെ പുതുക്കി നൽകി. 25/07/2017 ൽ നടന്ന 18 മത് ഇ.സി. ടിയാന്റെ അടിസ്ഥാന ശമ്പളം 7480/- രൂപയിൽ നിന്ന് 7990/- രൂപയായി (MSII-7990-11910) (Gross- 27518/-) വർദ്ധിപ്പിച്ചു. മൂന്നാം തവണയും കരാർ ഒരു വർഷത്തേയ്ക്ക പുതുക്കിയെങ്കിലും 31/10/2018 ലെ KSITIL MD യുടെ KSITIL/MD/18/2051 അപേക്ഷപ്രകാരം ടിയാനെ 01/11/2018 മുതൽ KSITIL ൽ Finance Executive ആയി Redeploy ചെയ്തു.

ശ്രീ. പ്രകാശ് കേരളസ്റ്റാർട്ടപ്പ് മിഷനിൽ ജോലിയിൽ പ്രവേശിച്ചത് ശ്രീ. ജയശങ്കർ പ്രസാദ്.സി കേരളസ്റ്റാർട്ടപ്പ് മിഷനിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കുന്ന 21/10/14-16/04/2017 കാലയളവിലാണ്. ഓഫീസ് സ്റ്റാഫ് ടൈപ്പ് ചെയ്തു തയ്യാറാക്കിയ ടിയാന്റെ കരാർ പുതുക്കൽ കുറിപ്പിൽ കരാർ പുതുക്കുന്നതിനും MS II ശമ്പള സ്കെയിൽ അനുവദിക്കുന്നതിനും സി.ഇ.ഓ സ്വന്തം കൈപ്പടയിൽ ശിപാർശ എഴുതി ചേർക്കുകയാണുണ്ടായത്. ഒരു വർഷ കരാർ നിയമനത്തിന് ശമ്പള സ്കെയിൽ അനുവദിച്ചത് തികച്ചും ക്രമവിരുദ്ധമാണ്. അതോടൊപ്പം ചേർത്ത് വായിക്കേണ്ട മറ്റൊരു വസ്തുത ശ്രീ. ജയശങ്കർ പ്രസാദ് മിഷനിൽ നിന്നും വിടുതൽ ചെയ്തു KSITIL ൽ MD ആയതിനുശേഷമാണ് ശ്രീ. പ്രകാശിനെ KSITIL ൽ Finance Executive ആയി Redeploy ചെയ്യാൻ സി.ഇ.ഓ യ്ക്ക് റിക്വസ്റ്റ് ലെറ്റർ അയക്കുന്നത്. മേൽ വസ്തുതകളിൽ നിന്ന് ശ്രീ. പ്രകാശിന്റെ നിയമന കാര്യത്തിലും സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യത്തിലും ശ്രീ. ജയശങ്കർ പ്രസാദിന് പ്രത്യേകം താല്പര്യം ഉണ്ടായിരുന്നുവെന്നത് സുവ്യക്തമാണ്.

Finance Executive തസ്തികയിൽ നിന്നും ശ്രീ. പ്രകാശ് വിടുതൽ ചെയ്തതിനുശേഷം Finance Consultant നെ 3 മാസത്തേയ്ക്ക് നിയമിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. 13/03/2019 ലെ ഇ.സി. തീരുമാന പ്രകാരം സർക്കാർ സർവീസിൽ നിന്ന് വിരമിച്ച ഒരു ഉദ്യോഗസ്ഥനെ ഫിനാൻസ് കൺസൾട്ടന്റായി മിഷനിൽ നിയമിക്കാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. ജെയിംസ് ജോസഫിനെ 40000/- രൂപ Consolidated Pay യിൽ 02/05/2019 ലെ KSUM/363/2019 പ്രകാരം നിയമിക്കുകയും ടി നിയമനത്തെ ഐ.ടി.

സെക്രട്ടറി അപ്രൂവ് ചെയ്യുകയും ചെയ്തു. തുടർന്ന് KSUM/646/2019 dated 28/07/2019, KSUM/858/2019 dated 06/11/2019, **KSUM/102/2020 dated 03/02/2020 (കൺസോളിഡേറ്റട് പേ 43000/- ആയി പുതുക്കപ്പെട്ടു)**, KSUM/102/2020(1) dated 03/02/2020 & KSUM/473/2020 dated 15/09/2020ട്ടു എന്നീ ഉത്തരവുകൾ പ്രകാരം ടിയാന്റെ കരാർ 3 മാസം വീതമുള്ള 5 പുതുക്കൽ നടത്തുകയും ടിയാൻ ജോലിയിൽ തുടർന്ന് വരികയും ചെയ്യുന്നു.

സൂക്ഷ്മ പരിശോധനയിൽ വ്യക്തമായ മറ്റൊരു കാര്യം ടിയാന്റെ കരാർ രണ്ട് തവണ പുതുക്കിയത് 03/02/2020 പുറപ്പെടുവിച്ച KSUM/102/2020, KSUM/102/2020(1) എന്നീ രണ്ട് ഉത്തരവുകൾ പ്രകാരം 05/02/2020 - 04/05/2020 കാലയളവിലേയ്ക്കും 06/05/2020-05/08/2020 കാലയളവിലേയ്ക്കുമാണ്. ഒരു തീയതിയിൽ തന്നെയാണ് രണ്ട് പുതുക്കലുകളും നടത്തിയിട്ടുള്ളതെന്നു വ്യക്തമാണ്. സി.ഇ.ഓ നേരിട്ട് നടത്തിയ പ്രസ്തുത നിയമനവും കരാർ പുതുക്കലും ക്രമവിരുദ്ധമാണ്.

മേൽ പട്ടികയിലെ ശ്രീമതി.എസ്.ഗീതാകുമാരിയെ 50,000/-രൂപ consolidated pay ൽ 02/07/2019 ലെ K-SUM/533/2019 ഉത്തരവ് പ്രകാരം കൺസൾട്ടന്റ് (ഇൻഫ്രാസ്ട്രക്ചർ) ആയി 04/07/19 -ൽ 3 മാസ കരാറിൽ നേരിട്ട് നിയമിക്കപ്പെട്ടു. 3/10/2019-ലെ KSUM/775/2019 ഉത്തരവ് പ്രകാരം 04/10/2019 മുതൽ 3 മാസത്തേയ്ക്ക് പുതുക്കുകയും ചെയ്തു. മൂന്നാം തവണയും കരാർ പുതുക്കിയെങ്കിലും ടിയാൾ 02/01/2020 ൽ ജോലി മതിയാക്കി പോവുകയാണുണ്ടായത്. എന്നിരുന്നാലും സി.ഇ.ഓ നേരിട്ട് നടത്തിയ പ്രസ്തുത നിയമനവും കരാർ പുതുക്കലും ക്രമവിരുദ്ധമാണ്.

| ജൂനിയർ എഞ്ചിനീയർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | കിഷോർ കുമാർ. എസ്.എൽ | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 15/07/16 | 5 തവണ (6 മാസ കരാർ രണ്ടു പ്രാവശ്യവും ഒരുവർഷ കരാർ 3 തവണയും പുതുക്കി) | ജോലിയിൽ തുടരുന്നു |
| 2 | അഖിൽ വിശ്വംഭരൻ | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 15/07/16 | 1 | Resigned on 31/03/2017 |
| 3 | ലക്ഷ്മി.പി.എസ് | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 07/11/16 | 2 | Resigned on 01/10/2019 |
| 4 | ജോയൽ ജോർജ് അലക്സ് | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 02/11/16 | 3 | Resigned on 19/03/2020 നിലവിൽ ഫാബ് ലാബ് കോർഡിനേറ്റർ |

സംരംഭകത്വ വികസനത്തിന് അധികമായി മനുഷ്യവമനുഷ്യവിഭവ ശേഷി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി TTBI/ADMIN/2014-15/01/01 കത്ത് പ്രകാരം Apprentice-Civil (1 nos), Apprentice-Electronics (1 nos), Apprentice-CS/IT (1 nos) എന്നീ വിഭാഗങ്ങങ്ങളിലായി 3 പേരെ അപ്രന്റീസ് ആയി T T B I ൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കളമശ്ശേരിയിലെ സൂപ്പർ വൈസറി ഡെവലപ്മെന്റ് സെന്ററിന് CEO 12/01/2015 ൽ കത്ത് നൽകി. ആയതിൻപ്രകാരം Screening Interview മുഖേന ശ്രീ. കിഷോർ കുമാർ. എസ്.എൽ, ശ്രീ. അഖിൽ വിശ്വംഭരൻഎന്നിവർ 15/07/2016 ഉം ശ്രീമതി .ലക്ഷ്മി.പി.എസ് 07/11/2016 ഉം തീയതികളിൽ 31/10/2015 ൽ കൊല്ലം യൂനുസ് എഞ്ചിനീയറിങ് കോളേജിജിൽ നടന്ന കാമ്പസ് ഇന്റർവ്യൂ വിലൂടെയാണ് 10000/- രൂപ സ്റ്റൈപ്പന്റ് നൽകി 09/11/205 ൽ ഒരു വർഷത്തേയ്ക്ക് ശ്രീ. ജോയൽ ജോർജ്ജ് അലക്സിനെ K-SUM അപ്രന്റീസ് ആയി നിയമിക്കുന്നത്. തുടർന്ന് 02/11/2016 മുതൽ ജൂനിയർ എഞ്ചിനീയറായി നിയമനം

നൽകുകയും 02/11/2016 ലെ 16 EC നിയമനം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഓരോ വർഷ കാലാവധിയിൽ 3 തവണ കരാർ പുതുക്കുകയും ചെയ്തു. തുടർന്നുവന്ന ഫാബ് ലാബ് കോർഡിനേറ്റർ തസ്തികയിൽ വിജ്ഞാപനപ്രകാരം അപേക്ഷിക്കുകയും ഇന്റർവ്യൂ മുഖേന തെരഞ്ഞെടുക്കുകയും ചെയ്തു. നിലവിൽ ടിയാൻ 20/03/20 മുതൽ ഫാബ് ലാബ് കോർഡിനേറ്റർ ആയി ജോലി ചെയ്തുവരുന്നു.

മേൽ പട്ടികയിലെ ശ്രീമതി. ലക്ഷ്മി.പി.എസിന്റെ അപ്രന്റീസ്ഷിപ് കാലാവധി പൂർത്തീകരിച്ചതിനെ തുടർന്ന് ടിയാളെ 07/11/2016 തീയതിലെ K-SUM/HR/2016-17/AO/13 ഉത്തരവ് പ്രകാരം ജൂനിയർ എഞ്ചിനീയർ ആയി 16500/- രൂപ കൺസോളിഡേറ്റഡ് പേയിൽ 07/11/2016 മുതൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചു. കരാർ 2 തവണ പുതുക്കുകയും ചെയ്തു. ടിയാൾ 01/10/2019 ൽ രാജിവച്ചുപോയിട്ടുള്ളതായി കാണപ്പെടുന്നു.

മേൽ പട്ടികയിലെ ശ്രീ. അഖിൽ വിശ്വംഭരൻ കളമശേരി ടെക്നോളജി ഇന്നൊവേഷൻ സോണിൽ സിവിൽ എഞ്ചിനീയറിംഗിൽ അപ്രന്റീസായി 06/05/2015 മുതൽ 23/05/2016 വരെ പ്രവർത്തിച്ചുവന്നതിന്റെ തുടർച്ചയായി ടിയാനെ 15/07/16 മുതൽ ഒരു വർഷ കാലാവധിയിൽ 16500/- രൂപ കൺസോളിഡേറ്റട് പേയിൽ ജൂനിയർ എഞ്ചിനീയറായി നിയമിച്ചു. എന്നാൽ 31/03/2017ൽ ടിയാൻ വിട്ടുതൽ ചെയ്യുകയാണുണ്ടായത്.

03/05/206 ശ്രീ. കിഷോർ കുമാറിന്റെ അപ്രന്റീസ് കാലാവധി കഴിയുകയും 04/05/2016 മുതൽ എഞ്ചിനീയറിങ്ങ് ട്രെയിനി ആയി 6 മാസ കരാറിൽ നിയമിക്കുകയും തുടർന്ന് 15/07/2016-ലെ K-SUM:HR:2016-17/AO/05 ഉത്തരവ് പ്രകാരം 15/07/2016 മുതൽ ഒരു വർഷ കരാർ അനുവദിക്കുകയും ചെയ്തു. തുടർ ന്ന് 2 തവണ കരാർ പുതുക്കപ്പെട്ടു. ടിയാന്റെ പെർഫോമൻസ് മോശമായതിനാൽ 16/07/2019 മുതൽ കരാർ 6 മാസമാക്കി കുറയ്ക്കുകയും ചെയ്തു. ആയതിനു ശേഷം ഓരോ 6 മാസം കൂടുമ്പോഴും കരാർ പുതുക്കി കൊടുക്കുകയും നിലവിൽ ജോലിയിൽ തുടരുകയും ചെയ്യുന്നു.

മേൽ 4 നിയമനങ്ങളും അപ്രന്റീസ് ഷിപ്പിൽ നിന്നും നേരിട്ട് കരാർ നിയമനം നടത്തിയതാണ്. അപ്രന്റീസ്ഷിപിൽ നിന്നും നേരിട്ട് കരാർ നിയമനം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളോ / മാർഗ്ഗ രേഖകളോ പരിശോധനയിൽ ലഭ്യമായിട്ടില്ല.

| സെക്രട്ടറി & രജിസ്ട്രാർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. ബി .ശ്രീകുമാരൻ നായർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 15/06/15 | 5 തവണ | ജോലിയിൽ തുടരുന്നു |

മേൽ പട്ടികയിലെ സെക്രട്ടറിയായ ശ്രീ.ബി. ശ്രീകുമാരൻ നായർ നോട്ടിഫിക്കേഷൻ മുഖേനയാണ് ജോലിയിൽ പ്രവേശിച്ചതെങ്കിലും ഫയൽ സിസ്റ്റം കൈകാര്യം ചെയ്യുന്നതിൽ തികഞ്ഞ ഉദാസീനത വച്ചുപുലർത്തുന്നതായി പരിശോധന വിഭാഗം വിലയിരുത്തുന്നു. മിഷനിൽ ഇന്റർവ്യൂ ഫയൽ, വ്യക്തിഗത ഫയൽ എന്നീ രണ്ട് രീതികളിലാണ് ഫയൽ കൈകാര്യം ചെയ്തിരിക്കുന്നത്. എന്നാൽ വ്യക്തിഗത ഫയലുകൾ എല്ലാം സൂക്ഷിക്കപ്പെട്ടിട്ടില്ല. തസ്തിക രൂപീകരണം നിയമനങ്ങൾ മറ്റ് സേവന വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച മുഴുവൻ രേഖകളും ക്രമപ്രകാരമല്ലാതെയും അപൂർണ്ണമായും ആണ് കൈകാര്യം ചെയ്തിട്ടുള്ളതെന്ന് പരിശോധയിൽ നിന്നും വ്യക്തമാക്കപ്പെട്ടു. പരിശോധനാ വേളയിലാണ് പകുതിയിലേറെ ഫയലുകളും ക്രോഡീകരിക്കപ്പെട്ടത് എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ് .

പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ കുറിപ്പുകൾക്കുള്ള മറുപടി തയാറാക്കുന്നത് സെക്രട്ടറി രജിസ്ട്രാറാണ്. എന്നാൽ പരിശോധനാ വിഭാഗത്തിന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിൽ നിരുത്തരവാദപരമായ

സമീപനം ആണ് ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. ആയതു പരിശോധനാ വിഭാഗം ഗൗരവമായി കാണുന്നു.

| പ്രോജക്ട് കോർഡിനേറ്റർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | കൃഷ്ണകുമാർ.എം | നേരിട്ടുള്ള നിയമനം | 18/04/16 | 4 തവണ | ജോലിയിൽ തുടരുന്നു |
| 2 | മൂസ മെഹർ എം.പി | നേരിട്ടുള്ള നിയമനം | 03/09/2016 | 2തവണ | Resigned on 11/07/2018 |

മേൽ പട്ടിക പ്രകാരം, തിരുവനന്തപുരം കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ കെ.വൈ.സി. Accelerator പ്രോഗ്രാം നടത്തികൊണ്ടുപോകുന്നതിനായി 14 ഇ.സി അംഗീകരിച്ചതിൻ പ്രകാരം 11/04/2016 -ലെ K-SUM/HR/2016-17/AO/3 ഉത്തരവ് പ്രകാരം ശ്രീ.കൃഷ്ണകുമാറിനെ ഒരു വർഷത്തേയ്ക്ക് അല്ലെങ്കിൽ പ്രോജക്ട് അവസാനിക്കുന്നതുവരെ കരാർ കാലാവധി നൽകി 18/04/16 ൽ 20000/- രൂപ കൺസോളിഡേറ്റഡ് പേയിൽ നിയമിക്കുകയായിരുന്നു. കരാർ 4 തവണ പുതുക്കുകയും നിലവിൽ ജോലിയിൽ തുടരുകയും ചെയ്യുന്നു.

കോഴിക്കോട്ടെ യു.എൽ. സൈബർ പാർക്കിലെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ കെ.വൈ.സി.Accelerator പ്രോഗ്രാം നടത്തികൊണ്ടുപോകുന്നതിനായി 20000/- രൂപ കൺസോളിഡേറ്റഡ് പേയിൽ 6 മാസ കരാറിൽ ശ്രീ. മൂസ മെഹറിനെ 03/09/2016-ലെ K-SUM/HR/216-17/AO/06 ഉത്തരവ് പ്രകാരം നേരിട്ട് നിയമിക്കുകയായിരുന്നു. 14/03/2017-ലെ K-SUM/HR/REN/2016-17/AO05 ഉത്തരവ് പ്രകാരം 05/03/2017 - 04/03/2018 കാലയളവിലേക്ക് പുതുക്കുകയും ചെയ്തു. തുടർന്ന് അടുത്ത ഒരു വർഷത്തേയ്ക്ക കരാർ ദീർഘിപ്പിച്ചെങ്കിലും 11/07/2018 ൽ ടിയാൻ വിടുതൽ ചെയ്തു.

മേൽ പറഞ്ഞ രണ്ട് നിയമനങ്ങളും ക്രമവിരുദ്ധമായി നടത്തപ്പെട്ടതാണ്.

| ഫാബ് ലാബ് കോർഡിനേറ്റർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 6 | ജോയൽ ജോർജ്ജ് അലെക്സ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 20/03/20 | - | ജോലിയിൽ തുടരുന്നു |

മേൽ പട്ടികയിലെ ശ്രീ. ജോയൽ ജോർജ്ജ് അലെക്സ് അപ്രന്റീസ് ഷിപ്പിൽ നിന്നും 02/11/2016 മുതൽ ജൂനിയർ എഞ്ചിനീയറായി നേരിട്ട് നിയമനം നേടുകയും 02/11/2016 തുടർന്ന് ഓരോ വർഷ കാലാവധിയിൽ 3 തവണ കരാർ പുതുക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്നുവന്ന ഫാബ് ലാബ് കോർഡിനേറ്റർ തസ്തികയിലേക്കുള്ള വിജ്ഞാപനപ്രകാരം അപേക്ഷിക്കുകയും ഇന്റർവ്യൂ മുഖേന തെരഞ്ഞെടുക്കുകയും ചെയ്തു. നിലവിൽ ടിയാൻ 20/03/20 മുതൽ ഫാബ് ലാബ് കോർഡിനേറ്റർ ആയി ജോലി ചെയ്തു വരുന്നു.

| അക്കൗണ്ട്സ് ഓഫീസർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. രാജൻ.പി.വി | നേരിട്ടുള്ള നിയമനം | 15/02/17 | 1 | Resigned on 30/09/2019 |

മേൽ പട്ടികയിൽ പറയുന്ന ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറിയായി വിരമിച്ച ശ്രീ. പി.വി. രാജനെ 14/02/2017 ലെ K-SUM/HR/2016-17/AO/12 ഉത്തരവ് പ്രകാരം ഐ.ടി.സെക്രട്ടറിയുടെ അനുമതിയോടെ 30000/- രൂപ

consolidated payൽ15/02/2017 ൽ സി.ഇ.ഓ. നേരിട്ട് നിയമിക്കുകയാണുണ്ടായത്. കരാർ ഒരു തവണ പുതുക്കുകയും 30/09/2019 ൽ ടിയാൻ വിട്ടുതൽ ചെയ്യുകയും ചെയ്തു. ടിയാന്റെ നിയമനം നേരിട്ടുള്ളതായതിനാൽ വിശദീകരണം ആവശ്യപ്പെടുകയും ചുവടെ പറയും പ്രകാരം മറുപടി നല്കുകയും ചെയ്തു.

**"സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തിനാവശ്യമായ ഇത്തരം നിയമനങ്ങൾ നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടെന്നും അതനുസരിച്ചാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതും".**

**എല്ലാ നേരിട്ടുള്ള നിയമനങ്ങൾക്കും മേൽ പരാമർശിച്ച പ്രകാരമുള്ള മറുപടി ബാധകമാണ് എന്നാണ് വിശദീകരിക്കപ്പെട്ടത്. കരാർ നിയമനം സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവ് നിലനിൽക്കെ ടി പരാമർശം ഗൗരവമായി കാണേണ്ടതും താക്കീത് ചെയ്യേണ്ടതുമാണ്.**

| സി.ഇ.ഒ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. റിഷികേഷ് നായർ | ഫയൽ ലഭ്യമല്ല | | | |
| 2 | ഡോ.ജയ ജയശങ്കർ പ്രസാദ് .സി | ഡെപ്യൂട്ടേഷൻ<br>(Addl. Charge at ICFOSS as Director) | 21/10/14 | 3 | 16/04/2017<br>ഫയൽ ലഭ്യമല്ല |
| 3 | ഡോ.സജി ഗോപിനാഥ് | ഡെപ്യൂട്ടേഷൻ | 17/04/2017 | 3 | Resigned on 11/09/2020 |

മേൽ പട്ടിക പ്രകാരം, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ ആയ ഡോ . സജി ഗോപിനാഥിനെ GO (Rt).No.28/2017/ITD dt.01.02.2017 ഉത്തരവ് പ്രകാരം കേരളസ്റ്റാർട്ടപ്പ് മിഷനിൽ ഒരു വർഷ കാലയളവിലേക്ക് ഡെപ്യൂട്ടേഷൻ നൽകപ്പെട്ടു. ഡെപ്യൂട്ടേഷൻ അവസാനിച്ച മുറയ്ക്ക് സേവന വേതന വ്യവസ്ഥകൾക്കു വിധേയമായി കരാർ നിയമനം പുതുക്കണമെന്ന ടിയാന്റെ അപേക്ഷ അംഗീകരിച്ചുകൊണ്ട് GO (Rt).No.121/2018/ITD dt.07/05/2018 ഉത്തരവ് പ്രകാരം 17/04/2018 മുതൽ ഒരു വർഷം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. തുടർന്ന് G.O(Rt) No. 81/2019/ITD dated 04/05/2019 പ്രകാരം 17/04/219 മുതൽ രണ്ടാം തവണയും ഒരു വർഷം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് നൽകി. തുടർന്ന് 12/05/2020 ലെ G.O(Ms) No. 11/2020/ITD ഉത്തരവ് പ്രകാരം 17/04/2020 മുതൽ മൂന്നാം തവണയും ഡെപ്യൂട്ടേഷൻ അനുവദിച്ചെങ്കിലും 06/01/2020 ലെ ബഹു. ഗവർണ്ണറുടെ നോട്ടിഫിക്കേഷൻ നം . GS3-1835/2020 പ്രകാരം 3 വർഷത്തേയ്ക്ക് University of Digital Sciences, Innovation & Science ന്റെ ആദ്യ വൈസ് ചാൻസിലർ ആയി നിയമന ഉത്തരവ് പുറപ്പെടുവിച്ചതുകൊണ്ട് 11/09/2020 ലെ G.O(Rt) No. 104/2020/ITD ഉത്തരവ് പ്രകാരം ടിയാൻ മിഷന്റെ ചുമതലയിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. ടിയാന്റെ നിയമനം സംബന്ധിച്ചുള്ള മറ്റു വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഡെപ്യൂട്ടേഷൻ നിയമനമായതുകൊണ്ടാണ് കേരള സ്റ്റാർട്ടപ് മിഷനിൽ നിന്നും ടിയാന്റെ നിയമനം സംബന്ധിച്ച മറ്റ് വിവരങ്ങൾ ഒന്നും ലഭ്യമാകാത്തതെന്നാണ് വിശദീകരിക്കപ്പെട്ടത്. നിലവിൽ ടെക്നോപാർക്ക് സി.ഇ.ഒയ്ക്കു കേരളസ്റ്റാർട്ടപ്പ് മിഷന്റെ അധിക ചുമതല നൽകിയിരിക്കുന്നു.

| എക്സിക്യൂട്ടീവ് I അക്കൗണ്ട്സ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | മിനി എൻ | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം | 15/01/16 | | Resigned on 31/12/2015 |

21/11/2012 to 31/12/2015 വരെ കളമശ്ശേരി സ്റ്റാർട്ടപ്പ് വില്ലേജിൽ ജോലി നോക്കിയിരുന്ന ശ്രീമതി. മിനിയെ സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും 06/01/2016-ലെ K-SUM:HR:2015-16/AO/11 ഉത്തരവ് പ്രകാരം കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ പുനർ നിയമനം നൽകി. നിയമനം സംബന്ധിച്ച മറ്റ് വിവരങ്ങൾ ഒന്നും പരിശോധയിൽ ലഭ്യമായിട്ടില്ല. ടി തസ്തികയിൽ പിന്നീട് നിയമനം നടത്തിയതായി കാണുന്നില്ല. മറ്റ് എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക്

അധിക ചുമതല നൽകിയാണ് നിലവിൽ Accounts വിഭാഗം കൈകാര്യം ചെയ്യപ്പെടുന്നത് എന്നാണ് ലഭ്യമായ വിവരം.

| എക്സിക്യൂട്ടീവ് II അഡ്മിൻ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. ഗോകുൽ .വി | ടെക്നോപാർ ക് T T B I കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/04/14 | 1 | ജോലിയിൽ തുടരുന്നു |
| 2 | ശ്രീമതി. സജ്ന എ | ടെക്നോപാർ ക് T T B I കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/04/14 | 1 | ജോലിയിൽ തുടരുന്നു |
| 3 | ശ്രീമതി. ഡിനു കുരിയാക്കോസ് | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം. | 01/01/16 | | Resigned on 04/03/16 |

മേൽ പട്ടികയിലെ ശ്രീ. ഗോകുൽ.വി Service Provider മുഖേന Finance Executive ആയി 28/12/2010 മുതൽ 31/03/2014 വരെ TTBI ലെ Accounts ജോലിക്കുപുറമെ ഫിനാൻസ് എക്സിക്യൂട്ടീവ് ആയി Technopark Harmony@work (Electronic Technology Park-Kerala) ൽ ജോലി ചെയ്യുകയും 2014 ൽ TTBI യെ കേരള സർക്കാർ ഏറ്റെടുത്ത് കേരളസ്റ്റാർട്ടപ്പ് മിഷൻ എന്ന് പുനർ നാമകരണം നടത്തി ഇൻകുബേഷൻ പ്രവർത്തനങ്ങൾ തുടർന്നപ്പോൾ ടി ജീവനക്കാരനെ അഞ്ച് വർഷത്തേയ്ക്ക് സ്കെയിൽ ഓഫ് പേയിൽ കരാർ പുതുക്കി തുടരാൻ അനുവദിക്കുകയാണ് ചെയ്തത്. കരാർ 5 വർഷത്തേയ്ക്ക പുതുക്കുകയും ജോലിയിൽ തുടരുകയും ചെയ്യുന്നു.

മേൽ പട്ടികയിലെ ശ്രീമതി. സജ്ന. എ, Service Provider മുഖേന 02/04/2012 മുതൽ. 31/03/2014 വരെ TTBI ലെ Admin ജോലിക്കുപുറമെ Front Office Executive ആയി Technopark Harmony@work (Electronic Technology Park-Kerala) ൽ ജോലി ചെയ്യുകയും 2014 ൽ TTBI -യെ കേരള സർക്കാർ ഏറ്റെടുത്ത് കേരളസ്റ്റാർട്ടപ്പ് മിഷൻ എന്ന് പുനർ നാമകരണം നടത്തി ഇൻകുബേഷൻ പ്രവർത്തനങ്ങൾ തുടർന്നപ്പോൾ ടി ജീവനക്കാരനെ അഞ്ച് വർഷത്തേയ്ക്ക് സ്കെയിൽ ഓഫ് പേയിൽ കരാർ പുതുക്കി തുടരാൻ അനുവദിക്കുകയാണ് ചെയ്തത്. തുടർന്ന് കരാർ 5 വർഷത്തേയ്ക്ക പുതുക്കുകയും ജോലിയിൽ തുടരുകയും ചെയ്യുന്നു.

മേൽ പട്ടികയിലെ ശ്രീമതി. ഡിനു കുരിയാക്കോസിനെ Startup Village ൽ നിന്നും പുനർ നിയമനത്തിന്റെ ഭാഗമായി 06/01/2016ലെ K-SUM/HR/2015-16/AO/09 ഉത്തരവ് പ്രകാരം 24500/-രൂപ കൺസോളിഡേറ്റ് പേയിൽ ഒരു വർഷത്തേയ്ക്ക് 01/01/2016 ൽ പുനർ നിയമനം നടത്തുകയും എന്നാൽ മികച്ച തൊഴിലവസരം തേടി 04/04/2016 ൽ ടിയാൾ വിടുതൽ ചെയ്യുകയുമാണുണ്ടായത്. ടിയാളുടെ നിയമനവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ലഭ്യമല്ല.

| എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേഷൻ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | മനു.എസ് | ടെക്നോപാർക് TTBI കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/02/13 | 1 | ജോലിയിൽ തുടരുന്നു |

മേൽ പട്ടികയിലെ ശ്രീ. മനു. എസിനെ ജൂലൈ 2010 മുതൽ ജനുവരി 2013 വരെയുള്ള TTBI യിലെ പ്രവർത്തന മികവ് പരിഗണിച്ച് 31/3/2014 ൽ നടന്ന ഏഴാമത് ഇ.സി. തീരുമാനപ്രകാരം ജൂനിയർ എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേഷൻ തസ്തികയിലേക്ക് ജോലി ക്രമീകരണത്തിന്റെ ഭാഗമായി ശമ്പളസ്കെയിലോടുകൂടി 5 വർഷ കരാറിൽ 01/02/2013-ൽ നിയമനം നടത്തിയിട്ടുള്ളതാണ്. കരാർ ഒരു തവണ പുതുക്കുകയും നിലവിൽ ജോലിയിൽ തുടരുകയും ചെയ്യുന്നു.

| പ്രോജക്ട് അസ്സോസിയേറ്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം . | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ഷാജഹാൻ ഇബ്രാഹീം | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം | 11/01/16 | 4 | ജോലിയിൽ തുടരുന്നു |
| 2 | മൈക്കൾ മാത്യൂസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 19/01/2019 | - | 19/01/2019 മുതൽ നിലവിൽ ടെക്നിക്കൽ ഓഫീസർ |

മേൽ പട്ടികയിലെ ശ്രീ. ഷാജഹാൻ ഇബ്രാഹീമിനെ Startup Village ൽ നിന്നും പുനർ നിയമനത്തിന്റെ ഭാഗമായി 06/01/2016ലെ K-SUM/HR/2015-16/AO/10 ഉത്തരവ് പ്രകാരം 12500/-രൂപ കൺസോളിഡേറ്റട് പേയിൽ ഒരു വർഷത്തേയ്ക്ക് 01/01/2016 ൽ കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ പുനർ നിയമനം നടത്തുകയും 01/01/2017 മുതൽ 4 തവണ പുതുക്കുകയും നിലവിൽ ജോലിയിൽ തുടരുകയും ചെയ്യുന്നു.

മേൽ പട്ടികയിലെ ശ്രീ. മൈക്കിൾ മാത്യൂസ് ഇന്റർവ്യൂ മുഖേന പ്രോജക്ട് അസോസിയേറ്റ് ആയി നിയമിതനായെങ്കിലും യോഗ്യതയുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ ഓഫീസർ തസ്തികയിലേക്ക് മാറ്റപ്പെടുകയാണുണ്ടായത്. നിലവിൽ ജോലിയിൽ തുടരുന്നു.

| മലയാളം ടൈപ്പിസ്റ്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം . | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | രാജി ആർ നായർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 06/01/16 | 1 | Resigned on 18/04/2017 |
| 2 | അശ്വതി യു എൽ | | 10/08/17 | - | Resigned on 31/03/18 |
| 3 | രേഷ്മ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 02/07/18 | 1 | ജോലിയിൽ തുടരുന്നു |

**മേൽ പട്ടികയിലെ അശ്വതി യു എൽ-ന്റെ നിയമനം സംബന്ധിച്ച ഫയൽ ലഭ്യമല്ല.**

| ഓഫീസ് അറ്റന്റന്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം . | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | രാജേഷ് .ഡി.എസ് | ഏജൻസി മുഖേന നടത്തപ്പെട്ട നിയമനം | 14/03/17 | 3 | ജോലിയിൽ തുടരുന്നു |

മേൽ പട്ടികയിലെ ശ്രീ. രാജേഷ് വിവിധ ഏജൻസികൾ മുഖേന 2005 മുതൽ TBIC/T-TBI എന്നിവിടങ്ങളിലെ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ 14/03/2017 മുതൽ ഒരുവർഷ കരാറിൽ നിയമിക്കുകയും കരാർ മൂന്നു തവണ പുതുക്കുകയും നിലവിൽ ജോലിയിൽ തുടരുകയും ചെയ്യുന്നു.

| കണ്ടന്റ് റൈറ്റർ & ഡിസൈനർ |
|---|

| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | വിദ്യശ്രീ.എൻ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 24/10/17-23/10/18 | | തസ്തിക ഇപ്പോൾ നിലവിലില്ല |

കണ്ടന്റ് റൈറ്റർ & ഡിസൈനർ തസ്തിക ആവശ്യാനുസരണം ഒരു വർഷത്തേയ്ക്ക് മാത്രമായി സൃഷ്ടിക്കപ്പെട്ടതാണ്. തസ്തിക ഇപ്പോൾ നിലവിലില്ല. മേൽ തസ്തികകൾക്കും നിയമനങ്ങൾക്കും പുറമെ ഫെലോ ആയി വിവിധ കാലയളവുകളിൽ നിരവധി ഉദ്യോഗസ്ഥരെ സ്റ്റാർട്ടപ്പ് മിഷനിൽ നിയമിച്ചിട്ടുണ്ട്. ആയതു സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ അനക്സർ II -ൽ കണ്ടാലും. നിലവിൽ ശ്രീ. ജിത്തു തോമസ്, ശ്രീ. പരാഗ് മുരളി എന്നിവർ സീനിയർ ഫെലോമാരായി പ്രവർത്തിച്ചുവരുന്നു.

**ശ്രീ. ജിത്തു തോമസ് :-** ടിയാനെ 25/09/2018 മുതൽ 24/09/2019 വരെ സീനിയർഫെലോ ആയി 07/08/2018 ലെ K-SUM:HR:2018-19/04 ഉത്തരവ് പ്രകാരം 80000 രൂപ Consolidated pay ൽ നിയമിക്കുകയും 2 തവണ ഫെലോഷിപ്മെന്റ് പുതുക്കുകയും ചെയ്തു. നിലവിൽ ജോലിയിൽ തുടരുന്നു.

**ശ്രീ. പരാഗ് മുരളി :-** ടിയാനെ 25/09/2019 മുതൽ 24/09/2020 വരെ സീനിയർഫെലോ ആയി 06/09/2019 ലെ K-SUM/721/2019(1) ഉത്തരവ് പ്രകാരം 80000 രൂപ Consolidated pay ൽ നിയമിക്കുകയും 1 തവണ ഫെലോഷിപ്മെന്റ് പുതുക്കുകയും ചെയ്തു. നിലവിൽ ജോലിയിൽ തുടരുന്നു. നാളിതുവരെയുള്ള ഫെലോഷിപ് വിവരങ്ങൾ അനക്സർ I I ൽ കാണാവുന്നതാണ്.

**അനക്സർ I -ലെ നിയമനങ്ങൾ ഒറ്റനോട്ടത്തിൽ:**

| | | |
|---|---|---|
| 1 | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനങ്ങൾ | 52 |
| 2 | നോട്ടിഫിക്കേഷൻ കൂടാതെ CEO നേരിട്ട് നടത്തിയ നിയമനങ്ങൾ | 7 |
| 3 | ഡെപ്യൂട്ടേഷൻ നിയമനങ്ങൾ | 3 |
| 4 | ടെക്നോപാർക് TTBI കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി നടത്തിയ നിയമനങ്ങൾ | 11 |
| 5 | അപ്രന്റീസ് ഷിപ്പിൽ നിന്നും നടത്തിയ നിയമനങ്ങൾ | 4 |
| 6 | ഒരു തസ്തികയിൽ നിന്നും മറ്റൊരു തസ്തികയിലേയ്ക്ക് നടത്തിയ നിയമനങ്ങൾ | 2 |
| 7 | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ നിയമനം മുഖേന നടത്തിയ നിയമനങ്ങൾ | 5 |
| 8 | ഏജൻസി മുഖേന നടത്തിയ നിയമനം | 1 |
| **ആകെ തസ്തികകൾ 20ഉം വിവിധ കാലയളവുകളിലായി ആകെ നിയമനങ്ങൾ 85- ഉം ജീവനക്കാർ 83 ഉം ആണ് ( 2 പേർ ഒരു തസ്തികയിൽ നിന്നും മറ്റ് തസ്തികകളിൽ പോയവർ). നിലവിൽ 49 പേർ ജോലി ചെയ്തു വരുന്നു. കൂടാതെ 2 പേർ സീനിയർ ഫെലോ ആയി പ്രവർത്തിച്ചു വരുന്നു.** | | |

**സീഡ് ലോൺ & പ്ലാൻ ഫണ്ട്:**

കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്നും സീഡ് ലോൺ ഇനത്തിൽ 2015 മുതൽ തിരഞ്ഞെടുക്കപ്പെട്ട സ്റ്റാർട്ടപ്പുകൾക്ക് 2 0 ലക്ഷം രൂപ വരെ 6.5 % പലിശ നിരക്കിൽ നൽകാറുണ്ട്. വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് സ്റ്റാർട്ടപ്പുകളുടെ അപേക്ഷകൾ എക്സ്പർട്ട് കമ്മിറ്റി അവലോകനം ചെയ്തതിന് ശേഷം തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് രണ്ട് ലക്ഷം രൂപ മുതൽ ഇരുപത് ലക്ഷം രൂപ വരെ അനുവദിക്കപ്പെടുന്നു. ഈ ഇനത്തിൽ 31.03.2020 വരെ 8 3 സ്റ്റാർട്ടപ്പുകൾക്കായി 5,57,77,482 /- രൂപ സീഡ് ലോൺ അനുവദിച്ചിട്ടുണ്ട്. 1,02,25,815/- രൂപ തിരിച്ചടവ് നടത്തിയിട്ടുണ്ട്. ബാക്കി തുകയായ 4,55,51,667/- രൂപ തിരിച്ചടവ് നടത്തേണ്ടതുണ്ട്. **<u>പ്ലാൻ ഫണ്ട് സംബന്ധിച്ച പട്ടിക Exhibition 3 ൽ കാണാവുന്നതാണ്.</u>**

2016 -17 മുതൽ 2020-21 വരെ വിവിധ ആവശ്യങ്ങൾക്കായി കേരള സ്റ്റാർട്ടപ്പ് മിഷന് നൽകിയ ഗ്രാന്റ് തുകകൾ എല്ലാം തന്നെ ഉപയോഗിച്ചു കഴിഞ്ഞതായിട്ടാണ് മേൽ പട്ടിക പ്രകാരം വിശദീകരിച്ചിരിക്കുന്നത്. സ്റ്റാർട്ടപ്പ് മിഷനിൽ 2015-16 മുതൽ 2020-21 വരെ വിവിധ സ്ഥാപനങ്ങളിൽ നിന്നും വിവിധ പ്രോജക്ടുകൾക്കായി ഗ്രാന്റ് / ഫണ്ട് ഇനത്തിൽ 6,89,23,000/- രൂപ ലഭ്യമായിട്ടുണ്ട്. 2,82,78,000/- രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ബാലൻസ് തുകയായ 4,06,45,000/- രൂപ ടി പ്രോജക്ടുകൾക്കായി ഉപയോഗിച്ച് വരുന്നു.

**<u>ട്രഷറി /ബാങ്ക് അക്കൗണ്ടുകൾ:</u>**

സി.ഇ.ഒ കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ മൂന്ന് ട്രഷറി അക്കൗണ്ടുകൾ നിലവിൽ ഉണ്ട്. സ്റ്റാച്യു മെയിൻ ബ്രാഞ്ച് ( A/c 701011400000081) ൽ 880/- രൂപ നീക്കിയിരുപ്പും കഴക്കൂട്ടം സബ് ട്രഷറി ( A/c 799012700000248) ൽ 6,97,96,921/- രൂപ നീക്കിയിരുപ്പും കഴക്കൂട്ടം സബ് ട്രഷറിയിലെ തന്നെ മറ്റൊരു അക്കൗണ്ടിൽ ( A/c 799012900001559) ൽ 16,58,872/- രൂപ നീക്കിയിരുപ്പും ഉള്ളതായി കാണുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷന് എസ്.ബി.ഐയിൽ 10 അക്കൗണ്ടുകളും ഫെഡറൽ ബാങ്ക്, എച്ച്.ഡി.എഫ്.സി ബാങ്ക്, കാനറ ബാങ്ക് എന്നിവയിൽ ഓരോ അക്കൗണ്ടുകളും ഉൾപ്പടെ 1 3 ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. ആയതിൽ 2,85,75,616/- നീക്കിയിരിപ്പായി കാണുന്നു. പ്രധാനമായും രണ്ട് ബാങ്ക് അക്കൗണ്ടുകൾ മാത്രമാണ് നിലവിൽ കൈകാര്യം ചെയ്തുവരുന്നത്. അക്കൗണ്ടുകളെല്ലാം വിവിധ പദ്ധതികൾക്കായി വിവിധ കാലയളവുകളിൽ കരാർ പ്രകാരം ഓപ്പൺ ചെയ്തതാണ്. പദ്ധതികൾ പൂർത്തിയായെങ്കിലും അനുബന്ധമായി തുടർ പ്രവർത്തനം നടത്തേണ്ട സാഹചര്യമുണ്ടാകാറുള്ളതുകൊണ്ടാണ് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ നിലനിർത്തുന്നത് എന്നാണ് വിശദീകരിക്കപ്പെട്ടത്. **നിർജ്ജീവമായ അക്കൗണ്ടുകൾ അടിയന്തിരമായി ക്ലോസ് ചെയ്യുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്.**

**<u>ഡെപ്പോസിറ്റുകൾ:</u>**

എസ്.ബി.ഐയിൽ 12 FD അക്കൗണ്ടുകളിലായി 5,55,05,786 /- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇത് വിവിധ പദ്ധതികൾക്കായി നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു.

**<u>ആർജിത അവധി:</u>**

ഓരോ വർഷനിയമനത്തിലും ബ്രേക്കില്ലാത്തപക്ഷം ആർജ്ജിക്കുന്ന അവധി ക്രഡിറ്റിലുണ്ടെങ്കിൽ അവ അടുത്ത വർഷത്തെ കരാർ നിയമനത്തിലേയ്ക്ക് കൊണ്ട് വരാവുന്നതും കെ.എസ്.ആർ ഭാഗം I അനുബന്ധം VIII ചട്ടം 2 പ്രകാരം ടി

അവധി പരമാവധി രണ്ട് മാസം (60 ദിവസം) വരെ ചേർത്ത് വയ്ക്കാവുന്നതുമാണ്. പ്രസ്തുത ചട്ടങ്ങൾക്ക് അനുസൃതമായി ബ്രേക്കില്ലാതെ കരാർ കാലയളവ് പുതുക്കി കൊടുക്കുമ്പോൾ മാത്രമേ ആർജിത അവധി സറണ്ടർ ആനുകൂല്യം അനുവദിക്കാവൂ . എന്നുള്ള ചട്ടം നിലനിൽക്കെ ഒരു വർഷ കരാർ കാലാവധി പൂർത്തിയാക്കിയ 40 ജീവനക്കാർക്ക് ഒരു ദിവസത്തെ ഇടവേളയ്ക്ക് ശേഷം നിയമനം പുതുക്കി നല്കുകയും ആർജിത അവധി അനുവദിച്ച് സറണ്ടർ ആനുകൂല്യം നൽകിയതായും കാണപ്പെടുന്നു. ഇത് ചട്ടലംഘനമായി കാണുന്നു.

**<u>സ്കെയിൽ ഓഫ് പേ:</u>**

സ്റ്റാർട്ടപ്പ് മിഷനിൽ നിലവിൽ 12 പേർക്ക് സർക്കാർ ജീവനക്കാർക്ക് സമാനമായ സ്കെയിൽ ഓഫ് പേ അനുവദിച്ചതായി കാണുന്നു. ടെക്നോപാർക്ക് ജീവനക്കാർക്ക് സ്കേയിൽ ഓഫ് പേ നൽകി വരുന്നു എന്നുള്ളതിനാൽ ആയതിന്റെ ചുവട് പിടിച്ച് മിഷനിലെ 12 ജീവനക്കാർക്ക് കാറ്റഗറി അനിസരിച്ച് വിവിധ തരത്തിലുള്ള സ്കെയിൽ ഓഫ് പേകൾ നൽകി വരുന്നു. 2014-ലെ ശമ്പള പരിഷ്കരണമനുസരിച്ചുള്ള ശമ്പള സ്കെയിലാണ് മേൽ പറഞ്ഞ ജീവനക്കാർക്ക് നല്കി വരുന്നത്.

**<u>കൺവേയൻസ് അലവൻസ്/മൊബൈൽ അലവൻസ് /മെഡിക്കൽ റീമ്പേഴ്സ്മെന്റ്:</u>**

എല്ലാ കരാർ ജീവനക്കാരും കൺവേയൻസ് അലവൻസ് , മൊബൈൽ അലവൻസ് ,മെഡിക്കൽ റീമ്പേഴ്സ്മെന്റ് എന്നിവ കൈപ്പറ്റുന്നവരാണ് . തസ്തികയുടെ വലിപ്പ ചെറുപ്പമനുസരിച്ച് കൺവേയൻസ് അലവൻസിൽ നേരിയ തോതിൽ ഉള്ള വ്യത്യാസം ഉണ്ട്. മൊബൈൽ അലവൻസ് 500/-, 1000/- രൂപയാണ്. ഒരു മാസത്തെ ശമ്പളത്തിൽ അധികരിക്കാത്ത തുക ഒരു വർഷം മെഡിക്കൽ റീമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്.

**<u>നിരീക്ഷണങ്ങളും കണ്ടെത്തലുകളും :</u>**

MOA, Rules & Bye- laws എന്നിവ ആധാരമാക്കിയാണ് കേരളസ്റ്റാർട്ടപ്പ് മിഷനിലെ ഭരണ പരമായ കാര്യങ്ങൾ നടത്തപ്പെടുന്നത്. എന്നാൽ MOA, Rules & Bye laws എന്നിവയ്ക്ക് സർക്കാർ അനുമതി നേടുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഇത് പ്രകാരം നടത്തുന്ന പ്രവർത്തികൾ നിയമ പരിരക്ഷ ഇല്ലാത്തതാണ്.

ക്രമപ്രകാരമല്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും 11 നിയമനങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷനിൽ നടത്തിയതായി ശ്രദ്ധയിൽപെട്ടു.

കരാർ നിയമനം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള G.O(P) No. 28/2016/ITD dated 26/02/2016 ഉത്തരവ് പാലിച്ചിട്ടല്ല നിയമനങ്ങൾ നടത്തപ്പെട്ടത് എന്നുള്ളത് ഗൗരവമായി കാണേണ്ട വിഷയമാണ്. കൂടാതെ കരാർ നിയമനങ്ങൾക്കൊന്നും കരാർ ഉടമ്പടി വയ്ക്കാറില്ല.

ഇന്റർവ്യൂ ഫയൽ, വ്യക്തിഗത ഫയൽ എന്നീ രണ്ട് രീതികളിലാണ് ഫയൽ കൈകാര്യം ചെയ്തിരിക്കുന്നത്. എന്നാൽ വ്യക്തിഗത ഫയലുകൾ എല്ലാം സൂക്ഷിക്കപ്പെട്ടിട്ടില്ല. തസ്തിക രൂപീകരണം നിയമനങ്ങൾ മറ്റ് സേവന വേതന

വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച മുഴുവൻ രേഖകളും ക്രമപ്രകാരമല്ലാതെയും അപൂർണ്ണമായും ആണ് കൈകാര്യം ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽനിന്നും വ്യക്തമാക്കപ്പെട്ടു. പരിശോധനാ വേളയിലാണ് പകുതിയിലേറെ ഫയലുകളും ക്രോഡീകരിക്കപ്പെട്ടത് എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ് . കൂടാതെ പരിശോധനയിലുടനീളം സെക്രട്ടറിയുടെ നിരുത്തരവാദപരമായ സമീപനം പ്രകടവുമായിരുന്നു. ആയത് സെക്രട്ടറി & രജിസ്ട്രാറിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി കാണുന്നു.

ഫിനാൻഷ്യൽ കൺസൾട്ടന്റായിരുന്ന ശ്രീ.പി.വി.രാജനെ കരാർ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് തന്നെ 60 വയസ്സ് എന്ന പ്രായ പരിധി കഴിഞ്ഞതിനാൽ പിരിച്ചുവിടുകയും അതേ സമയം സെക്രട്ടറിയായ ശ്രീ.ശ്രീകുമാരൻ നായരെ 60 വയസ്സ് കഴിഞ്ഞിട്ടും കരാർ പുതുക്കി തുടരാൻ അനുവദിച്ചത് തികച്ചും ക്രമവിരുദ്ധമാണ്. കൂടാതെ വിരമിച്ച സർക്കാർ ജീവനക്കാരനെ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ് പ്രകാരമായിരിക്കണം ശമ്പളം നിജപ്പെടുത്തേണ്ടത്. ടിയാന്റെ നിയമന കാര്യത്തിൽ മേൽ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല. പ്രസ്തുത ഉത്തരവ് താഴെ പറയും പ്രകാരമാണ്,

"വിരമിച്ച സർക്കാർ ജീവനക്കാരനെ കരാറടിസ്ഥാനത്തിൽ നിയമിക്കേണ്ടി വരുന്ന പക്ഷം, വിരമിച്ച ജീവനക്കാരൻ അവസനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക, അതാത് കാലത്തുള്ള കരാർ വേതനം / ദിവസവേതനം മാസ കണക്കിൽ ഇവയിൽ ഏതാണോ കുറഞ്ഞ തുക ആ തുക വിരമിച്ച സർക്കാർ ജീവനക്കാരന്റെ കരാർ വേതനമായി നിജപ്പെടുത്തി കെ.എസ്.ആർ ഭാഗം 1 ചട്ടം 8 പ്രകാരമുള്ള agreement execute ചെയ്യുന്നതിനുശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ."

സെക്രട്ടറിയേറ്റ് പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ആയി 31-05-2015 ൽ വിരമിച്ച ശ്രീ. ബി. ശ്രീകുമാരൻ നായർ 15-06-2015 മുതൽ 14-06-2020 വരെ 30000/- രൂപ കൺസോളിഡേറ്റഡ് പേയിൽ (കൺവേയൻസ് അലവൻസ്, മൊബൈൽ അലവൻസ് എന്നിവയ്ക്ക് പുറമെ) സെക്രട്ടറി & രജിസ്ട്രാർ ആയി കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിയമിക്കപ്പെട്ടു. തുടർന്ന് 15-06-2016 മുതൽ 14-06-2017 വരെ 40,000/- രൂപ കൺസോളിഡേറ്റഡ് പേയിലും , 15-06-2017 മുതൽ 14-06-2019 വരെ 2 വർഷ കരാർ നിയമനം 55,000/- രൂപ കൺസോളിഡേറ്റഡ് പേയിലും പുതുക്കി നൽകപ്പെടുകയുണ്ടായി. എന്നാൽ കാലാവധി ഒരു വർഷമായപ്പോഴേക്കും 15-06-2018 മുതൽ കൺസോളിഡേറ്റഡ് പേ 55,000/- ൽ നിന്നും 62,500/- രൂപയായി വർദ്ധിപ്പിച്ച് നൽകപ്പെട്ടു. ടി കാലാവധി അവസാനിക്കുന്ന വേളയിൽ ടിയാന് 60 വയസ് (ജനന തീയതി : 25-05-1959) കഴിഞ്ഞെങ്കിലും 15-06-2019 മുതൽ 14-06-2020 വരെ കരാർ കാലാവധി പുതുക്കുകയും കൺസോളിഡേറ്റഡ് പേ 67,000/- രൂപയായി ഉയർത്തുകയും ചെയ്തു. ഇക്കാലയളവിലാണ് **09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ്** നിലവിൽ വന്നത്. ടി ഉത്തരവ് ഖണ്ഡിക 5 പ്രകാരം "വിരമിച്ച സർക്കാർ ജീവനക്കാരനെ കരാറടിസ്ഥാനത്തിൽ നിയമിക്കേണ്ടി വരുന്ന പക്ഷം, 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ് പ്രകാരം നൽകേണ്ടത് വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക, അതാത് കാലത്തുള്ള കരാർ വേതനം / ദിവസവേതനം മാസ കണക്കിൽ ഇവയിൽ ഏതാണോ കുറഞ്ഞ തുക ആ തുക വിരമിച്ച സർക്കാർ ജീവനക്കാരന്റെ കരാർ വേതനമായി നിജപ്പെടുത്തി കെ.എസ്.ആർ ഭാഗം 1 ചട്ടം 8 പ്രകാരമുള്ള agreement execute ചെയ്യുന്നതിനു ശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ. " ടി ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ശ്രീ. ബി. ശ്രീകുമാരൻ നായരുടെ നിയമന കരാർ 16-06-2020 മുതൽ 15-12-2020 വരെ 6 മാസത്തേയ്ക്ക് 72,000/- രൂപയായി വീണ്ടും വർദ്ധിപ്പിച്ച് പുതുക്കി നല്കപ്പെട്ടത്. ആയത് സംബന്ധിച്ച പട്ടിക ചുവടെ കണ്ടാലും.

| കാലയളവ് | വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം | ഡിസംബർ 2020 വരെയുള്ള പെൻഷൻ തുക (കമ്യൂട്ട് ചെയ്ത പെൻഷൻ തുകയിലെ കുറവ് വരുത്തിയ മാസതവണ ഉൾപ്പടെ ) | കരാർ വേതനം | 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ് പ്രകാരം നൽകേണ്ടത് വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക | അധികം ഓരോ മാസവും കൈപ്പറ്റിയ തുക | ആകെ (6 മാസം) |
|---|---|---|---|---|---|---|
| 16/06/2020 to 15/12/2020 | 101400 | 60876 | 72000 | 40524/- (101400-60876) | 31476 (72000-40524) | 1,88,856 ( |

മേൽ ഉത്തരവ് പാലിക്കതെ അധികമായ കരാർ വേതനം നൽകപ്പെട്ടത് അത്യന്തം ഗുരുതരമായ ചട്ടലംഘനമാണ്.

കേരള സ്റ്റാർട്ടപ്പ് മിഷനിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, ശമ്പള വിവരങ്ങൾ, കരാർ കാലാവധി തുടങ്ങി സേവന വേതന സംബന്ധമായ യാതൊരു വിശദാംശങ്ങളും ഇല്ലാതെയാണ് .

ഓരോ തസ്തികകളിലേയ്ക്കുമുള്ള ഇന്റർവ്യൂ നടത്തുന്നത് മാനേജർമാരും സെക്രട്ടറിയും ഐ.ടി വകുപ്പിന് കീഴിലെ മറ്റേതെങ്കിലും സ്ഥാപനത്തിലെ വിഷയവിദഗ്ധനും ചേർന്നാണ്. സ്ഥിരം ജീവനക്കാർ ആരും തന്നെയില്ലാത്തതുകൊണ്ട് കരാർ ജീവനക്കാർ തന്നെയാണ് കരാർ ജീവനക്കാരെ ഇന്റർവ്യൂ ചെയ്യുന്നതും നിയമന, സേവനവേതന പരിഷ്കരണ ശുപാർശ, കരാർ കാലയളവ് സംബന്ധിച്ച വ്യവസ്ഥ തുടങ്ങിയവ നടത്തുന്നത്. ആയതിനാൽ പ്രസ്തുത ശുപാർശകളുടെ ആധികാരികത ഉറപ്പാക്കുന്നത് അത്യന്ത്യം ശ്രമകരമാണ്. 20 മാർക്കിന് നടത്തുന്ന ഇന്റർവ്യൂവിൽ ഉയർന്ന മാർക്ക് നേടുന്നവരെ short list ചെയ്യുകയും അതിൽ നിന്നും ആവശ്യംവേണ്ട എണ്ണം ജീവനക്കാരുടെ ലിസ്റ്റ് സി.ഇ.ഒയുടെ നേതൃത്വത്തിൽ തയ്യാറാക്കി ഐ.ടി. സെക്രട്ടറിയുടെ അപ്രൂവൽ വാങ്ങുകയാണ് ചെയ്തുവരുന്നത്. പ്രസ്തുത നിയമനങ്ങൾ ഇ.സി. അംഗീകരിക്കുകയും തൊട്ടടുത്ത ഗവേണിംഗ് ബോഡിയിൽ വച്ച് സാധൂകരണം നല്കപ്പെടുകയും ചെയ്തു വരുന്നതാണ് പൊതുവിൽ കേരള സ്റ്റാർട്ടപ്പ് മിഷനിലെ നിയമന നടപടികളിലെ കീഴ് വഴക്കം.

കരാർ ജീവനക്കാരുടെ കാലയളവ് അവസാനിക്കുന്നതിനു മുൻപ് ജീവനക്കാരുടെ പെർഫോമൻസ് വിലയിരുത്തുന്നതിനായി സെക്രട്ടറിയുടെയും മാനേജർമാരുടെയും കരാർ ജീവനക്കാരുടെ വർക്ക് ഹെഡിന്റെയും ഒരു യോഗം കൂടുകയും പെർഫോമൻസ് വിലയിരുത്തിയതിനു ശേഷം ജീവനക്കാരുടെ കരാർ പുതുക്കുന്നത് സംബന്ധിച്ച ശുപാർശ സി.ഇ.ഓയ്ക്ക് സമർപ്പിക്കപെടുന്നു. ടി ശുപാർശ സി.ഇ.ഓ ഐ.ടി. സെക്രട്ടറിക്ക് ലഭ്യമാക്കുകയും ആയതിനു ഐ.ടി.സെക്രട്ടറി അംഗീകാരം നല്കപ്പെടുകയും ചെയ്തു വരുന്നു. കൂടാതെ എല്ലാ മാസവും ആദ്യത്തെ പ്രവൃത്തി ദിവസം സി.ഇ.ഓ യുടെ അധ്യക്ഷതയിൽ മാനേജർമാരും സെക്രട്ടറിയും ഉൾപ്പെടുന്ന സമിതിയുടെ ഒരു അവലോകനയോഗം നടത്തപ്പെടുന്നു. ടി യോഗത്തിൽ ആണ് മിഷനുമായി ബന്ധപ്പെട്ട പ്രധാന തീരുമാനങ്ങൾ എടുക്കുന്നത്. പ്രസ്തുത മാസാവലോകന യോഗത്തിലെ തീരുമാനങ്ങൾ തൊട്ടടുത്ത ഇ.സി യിൽ ഒരു അജണ്ടയായി വച്ച് അംഗീകാരം നേടിയെടുക്കുന്നു. ആയതിനു തൊട്ടടുത്ത ഗവേണിങ് ബോഡിയിൽ വച്ച് സാധൂകരണം നല്കപ്പെടുകയും ചെയ്തുവരുന്നു.

സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്ത തസ്തികകളിൽ കൺസോളിഡേറ്റഡ്പേയിലും ശമ്പളസ്കെയിലും നിയമനം നടത്തിവരുന്നു. കൺസോളിഡേറ്റട് പേ വ്യവസ്ഥയിൽ നിയമിച്ചയാൾക്കു പിന്നീട് ശമ്പളസ്കെയിൽ അനുവദിച്ചതായും കാണുന്നു. മിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ മാത്രമാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളതെന്നാണ് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നിരുന്നാലും, സർക്കാർ അംഗീകാരം ഇല്ലാതെ തസ്തികകൾ രൂപീകരിച്ച് നിയമനം നടത്തിയിട്ടുള്ളതും അംഗീകാരം ലഭിക്കാത്ത തസ്തികകളിൽ ശമ്പളസ്കെയിലിൽ നിയമനം നടത്തി സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളതും ഗൗരവമായി കാണേണ്ടതാണ്.

കൂടാതെ നിയമനം പുതുക്കി നൽകുമ്പോൾ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ വേതനത്തിന്റെ 10 ശതമാനത്തിൽ അധികരിക്കാത്ത തുക Lump sum Grant ആയി നൽകി വരുന്നു.

പ്രോജക്റ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് നടന്ന ഇന്റർവ്യൂവിൽ നിർദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർഥികളെ മറികടന്നാണ് വിജ്ഞാപനത്തിൽ ആവശ്യപ്പെടാത്ത യോഗ്യതയുള്ളവരെ നിയമിച്ചത്.

ഒരു വർഷ കരാർ കാലാവധി പൂർത്തിയാക്കിയ 40 ജീവനക്കാർക്ക് ഒരു ദിവസത്തെ ഇടവേളയ്ക്ക് ശേഷം നിയമനം പുതുക്കി നല്കുകയും ആർജിത അവധി അനുവദിച്ച് സറണ്ടർ ആനുകൂല്യം നൽകിയതായും കാണപ്പെടുന്നു.

സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് മിഷനുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകൾക്കും സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നത്. ഇതിലൂടെ ലഭിക്കുന്ന വരുമാനവും ലൈസൻസ് ഫീ ആയി ഈടാക്കുന്ന തുകയും തനത് സമ്പാദ്യം എന്നുള്ള നിലയിൽ ഭരണ വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് എക്സിക്യൂട്ടീവ് കമ്മിറ്റി ചെലവഴിക്കുന്നത്.

ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖേനയുള്ള ഓഡിറ്റുകൾ അല്ലാതെ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഓഡിറ്റ് പരിശോധനാ വിഭാഗങ്ങൾ നാളിതുവരെ മിഷനിൽ ഓഡിറ്റ് പരിശോധനകൾ നടത്തപ്പെട്ടതായി കാണുന്നില്ല.

**<u>ശിപാർശകൾ:</u>**

1. ടെക്നോപാർക്ക് ഒരു സൊസൈറ്റി രൂപീകരിക്കുകയും പിന്നീട് സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം സ്ഥാപിക്കാനുള്ള ചുമതല ഏൽപ്പിക്കുകയും ചെയ്തു. അതിനാൽ ബൈലോകളും MoA ഉം അവരുടെ ബോർഡ് അംഗീകരിച്ച പ്രകാരമാണ ടെക്നോപാർക്ക് സ്വീകരിച്ചത്. എന്നാൽ ഇത് അംഗീകരിക്കുന്ന ഒരു സർക്കാർ ഉത്തരവും ലഭ്യമല്ല. പ്രധാനമായും തസ്തിക രൂപീകരണം നിയമനങ്ങൾ, വേതനം / ശമ്പളം നിശ്ചയിക്കൽ, നയങ്ങളും നിയമങ്ങളും രൂപപ്പെടുത്തൽ, മറ്റ് അലവൻസുകൾ തുടങ്ങിയവ. അതിനാൽ, K-SUM ന് കീഴിലുള്ള MoA, Rules & Bye laws തുടങ്ങിയവയ്ക്ക് സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അംഗീകാരം നൽകുന്നതിന് ഭരണ വകുപ്പിന് നിർദ്ദേശം നൽകാവുന്നതാണ്.

കേരള സ്റ്റാർട്ടപ്പ് മിഷനിൽ തസ്തിക രൂപീകരണവുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് ഒരു പൊതു ചട്ടം രൂപീകരിക്കുന്നതിന് ഭരണ വകുപ്പിന് നിർദ്ദേശം നൽകാവുന്നതാണ്.

2. തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതുവരെ കരാർ നിയമനങ്ങൾ കൺസോളിഡേറ്റഡ്പേ അടിസ്ഥാനത്തിൽ മാത്രമേ നടത്താവൂ എന്ന നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ നിയമനങ്ങൾക്കെല്ലാം കരാർ ഉടമ്പടി വയ്ക്കേണ്ടതാണ്.

നിലവിലുള്ള തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ഭരണവകുപ്പിന് നൽകാവുന്നതാണ്.

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യോഗ്യതയുള്ളവരെ ലഭ്യമായില്ലെങ്കിൽ മാത്രമേ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ വഴി നിയമനം നടത്താവൂ എന്നും നിയമനം 26.02.2016 ലെ G.O(P) No.28/2016/Fin ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണമെന്നുമുള്ള കർശന നിർദ്ദേശം ഭരണ വകുപ്പ് കേരള സ്റ്റാർട്ടപ്പ് മിഷനു നൽകേണ്ടതാണ്.

ഭരണ വകുപ്പിലെ യോഗ്യരായ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഇന്റർവ്യൂവിൽ ഉറപ്പ് വരുത്താൻ ഭരണ വകുപ്പിനോട് നിർദ്ദേശിക്കാവുന്നതാണ്.

3. വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഏറ്റവും കൂടുതൽ സർക്കുലേഷനുള്ള മൂന്ന് ദിനപത്രങ്ങളിൽ തസ്തിക,

യോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം ശമ്പളം, കരാർ കാലയളവ്, മറ്റ് വ്യവസ്ഥകൾ തുടങ്ങി വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചു വേണം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്. വിജ്ഞാപനത്തിൽ സൂചിപ്പിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്നവർക്ക് മാത്രമേ ഇന്റർവ്യൂവിന് ഹാജരാകാൻ അനുമതി നൽകാവൂ. നിർദ്ദിഷ്ട യോഗ്യതയുള്ള അപേക്ഷകരുടെ അഭാവത്തിൽ പുനർ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

4. ദിവസവേതന / കരാർ ജീവനക്കാർക്ക് അവരുടെ കരാർ കാലയളവിലെ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ BoG ന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ പുനർ നിയമനം അനുവദിക്കാൻ പാടുള്ളൂ.

ഓരോ വർഷനിയമനത്തിലും ബ്രേക്കില്ലാത്തപക്ഷം ആർജ്ജിക്കുന്ന അവധി ക്രഡിറ്റിലുണ്ടെങ്കിൽ അവ അടുത്ത വർഷത്തെ കരാർ നിയമനത്തിലേയ്ക്ക് കൊണ്ട് വരാവുന്നതും കെ.എസ്.ആർ ഭാഗം I അനുബന്ധം VIII ചട്ടം 2 പ്രകാരം ടി അവധി പരമാവധി രണ്ട് മാസം ( 6 0 ദിവസം) വരെ ചേർത്ത് വയ്ക്കാവുന്നതുമാണ്. പ്രസ്തുത ചട്ടങ്ങൾക്ക് അനുസൃതമായി ബ്രേക്കില്ലാതെ കരാർ കാലയളവ് പുതുക്കി കൊടുക്കുമ്പോൾ മാത്രമേ ആർജിത അവധി സറണ്ടർ ആനുകൂല്യം അനുവദിക്കാവൂ .

5. സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമായ കേരള സ്റ്റാർട്ടപ്പ് മിഷനിൽ വർഷം തോറും കോടിക്കണക്കിന് രൂപ സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭ്യമാക്കുന്നു. ഈ സന്ദർഭത്തിൽ ധനപരമായ ക്രയ വിക്രയങ്ങൾ സുതാര്യമായും കാര്യക്ഷമമായും ഫലപ്രദമായും കൈകാര്യം ചെയ്യപ്പെടേണ്ടതുള്ളത് കൊണ്ട് ഫിനാൻസ് ഓഫീസറുടെ ഒരു സ്ഥിരം തസ്തിക അനിവാര്യമാണെന്ന് കാണുന്നു. ടി തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗസ്ഥരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാൻ ഭരണ വകുപ്പിനോട് നിർദേശിക്കാവുന്നതാണ്.

6. സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഓഡിറ്റ് പരിശോധനാ വിഭാഗങ്ങളെ കൊണ്ട് കൃത്യമായ ഇടവേളകളിൽ ഓഡിറ്റ് നടത്തുന്നുണ്ട് എന്ന് ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

7. സ്റ്റാർട്ടപ്പുകൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ നിന്ന് ലഭിക്കുന്ന തുകയും, ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകയും ഗവൺമെന്റിന്റെ മൂലധന ആസ്തി ഉപയോഗിച്ച് കിട്ടുന്ന വരുമാനമായതിനാൽ ഭരണ വകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ചെലവ് ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശം ഭരണ വകുപ്പിന് നൽകാവുന്നതാണ്.

8. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2020 മാർച്ച് മുതൽ മിഷൻ ആസ്ഥാനമായുള്ള പ്രവർത്തനങ്ങൾ എല്ലാം Work from Home എന്ന രീതിയാണ് അവലംബിക്കുന്നത്. ആയതിനാൽ 2 0 2 0 മാർച്ച് മുതൽ നാളിതുവരെയുള്ള കാലയളവിൽ കരാർ അവസാനിക്കുന്ന തസ്തികകളിൽ പുനർ നിയമനത്തിന്റെ അനിവാര്യത ഭരണ വകുപ്പ് വിലയിരുത്തേണ്ടതാണ്.

9. ഭരണപരമായ എല്ലാ കാര്യങ്ങളുടെയും ഏകോപനം സെക്രട്ടറിയിൽ നിക്ഷിപ്തമാണ് . എന്നാൽ നിലവിലെ സെക്രട്ടറി File സിസ്റ്റം കൈകാര്യം ചെയ്യുന്നതിൽ അങ്ങേയറ്റം ഉദാസീനത വച്ചുപുലർത്തുന്നത് പരിശോധനാ വിഭാഗത്തിന് ബോധ്യപ്പെട്ടു. മാത്രമല്ല കരാർ ജീവനക്കാരുടെ പ്രായപരിധി 60 വയസിൽ നിജപ്പെടുത്തി ടെക്നോപാർക്ക് സ്വീകരിച്ചുവരുന്ന നയമാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ പിന്തുടരുന്നത്. ഈ സാഹചര്യത്തിൽ 6 0 വയസ് കഴിഞ്ഞതിനാലും ഫയൽ സിസ്റ്റം കൃത്യതയോടെയും ഉത്തരവാദത്തോടെയും കൈകാര്യം ചെയ്യുന്നതിൽ തികഞ്ഞ ഉദാസീനത വച്ചുപുലർത്തുന്നതിലും നിലവിലെ സെക്രട്ടറിയായ ശ്രീ. ബി. ശ്രീകുമാരൻ നായരെ അടിയന്തിരമായി പിരിച്ചുവിടേണ്ടതും തൽസ്ഥാനത്ത് ഭരണ വകുപ്പിൽ നിന്നും യോഗ്യരായ ഉദ്യോഗസ്ഥരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുവാൻ ഭരണവകുപ്പിനോട് നിർദ്ദേശിക്കാവുന്നതുമാണ്.

വിരമിച്ച സർക്കാർ ജീവനക്കാരനെ കരാറടിസ്ഥാനത്തിൽ നിയമിക്കേണ്ടി വരുന്ന പക്ഷം, വിരമിച്ച ജീവനക്കാരൻ അവസനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കറച്ച തുക, അതാത് കാലത്തുള്ള കരാർ വേതനം / ദിവസവേതനം മാസ കണക്കിൽ ഇവയിൽ ഏതാണോ കുറഞ്ഞ തുക ആ തുക വിരമിച്ച സർക്കാർ ജീവനക്കാരന്റെ കരാർ വേതനമായി നിജപ്പെടുത്തി കെ.എസ്.ആർ ഭാഗം 1 ചട്ടം 8 പ്രകാരമുള്ള agreement execute ചെയ്യുന്നതിനു ശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ. " എന്ന 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ശ്രീ. ശ്രീകുമാരൻ നായരുടെ നിയമന കരാർ 16-06-2020 മുതൽ 15-12-2020 വരെ 6 മാസത്തേയ്ക്ക് 72,000/- രൂപയായി വീണ്ടും വർദ്ധിപ്പിച്ച് പുതുക്കി നല്കപ്പെട്ടത്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള ലഭ്യമാക്കിയ മറുപടി കത്തിൽ G.O (P) No. 7/2016/Fin dated 20-01-2016 പ്രകാരം ശ്രീ.ശ്രീകുമാരൻ നായർക്ക് Basic Pay 01-10-2014ൽ 1,01,400/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 31-05-2015 ൽ വിരമിച്ച ടിയാൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം 1,01,400/- രൂപയാണെന്ന് കാണാവുന്നതാണ്. കൂടാതെ STO, Secretariat ലഭ്യമാക്കിയ ടിയാന്റെ പെൻഷൻ സംബന്ധിച്ച മറുപടി കത്തിൽ 01-05-2019 മുതൽ 12/2020 വരെ ടിയാന്റെ പെൻഷൻ തുക 60,876/- രൂപയാണെന്ന് വ്യക്തമാക്കുന്നു. ഈ സഹചര്യത്തിൽ G.O. (P) No. 81/2019/Fin dated 09-07-2019 പ്രകാരം ടിയാന്റെ കരാർ വേതനം 40,524/- രൂപയായാണ് (101400 - 60876 = 40,524/-) നിജപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ ടിയാന് നൽകിയ കരാർ വേതനം 72000/- രൂപയാണ്. ചുവടെയുള്ള പട്ടിക കൂടി കണ്ടാലും.

| കാലയളവ് | വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളം | ഡിസംബർ 2020 വരെയുള്ള പെൻഷൻ തുക (കമ്യൂട്ട് ചെയ്ത പെൻഷൻ തുകയിലെ കുറവ് വരുത്തിയ മാസതവണ ഉൾപ്പടെ ) | കരാർ വേതനം | 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ് പ്രകാരം നൽകേണ്ടത് വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക | അധികമായി ഓരോ മാസവും കൈപ്പറ്റിയ തുക | ആകെ (6 മാസം) |
|---|---|---|---|---|---|---|
| 16/06/2020 to 15/12/2020 | 1,01,400 | 60,876 | 72,000 | 40,524/- (101400-60876) | 31,476 (72000-40524) | 1,88,856 (31476*6) |

മേൽ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാർ വേതനമായ 72000 രൂപയിൽ നിന്ന് 40524 രൂപ കുറച്ച് കിട്ടുന്ന തുകയായ 31476/- രൂപ വീതം 6 മാസം അധികം കൈപ്പറ്റിയ തുകയായ 1,88, 856/- രൂപ (31476*6) ടിയാന്റെ പക്കൽ നിന്നും വസൂലാക്കേണ്ടതാണ്.

10. മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ഫലപ്രാപ്തി കൈവരിക്കുന്നുണ്ടോ എന്നുള്ളത് ഭരണ വകുപ്പ് കർശനമായി പരിശോധിക്കേണ്ടതാണ്. വാർഷിക റിപ്പോർട്ട് ഭരണ വകുപ്പ് മുൻപാകെ സമർപ്പിക്കേണ്ടതും തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. അതോടൊപ്പം നാളിതുവരെയുള്ള മിഷന്റെ പ്രവർത്തന റിപ്പോർട്ട് ഭരണ വകുപ്പ് വിലയിരുത്തേണ്ടതാണ്.

..................................... സെക്രട്ടറി

**അനക്സർ I**

**പട്ടിക 1**

| മാനേജർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | സൂര്യ തങ്കം | ടെക്നോപാർ ക് T T B I കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 18/01/2008 | മൂന്ന് തവണ | 19/01/2009 മുതൽ 5 വർഷ കരാർ കാലാവധിയിൽ ജോലിയിൽ തുടരുന്നു |
| 2 | മേരി തോമസ് | ടെക്നോപാർ ക് T T B I കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 13/03/2008 | മൂന്ന് തവണ | 14/03/2009 മുതൽ 5 വർഷ കരാർ കാലാവധിയിൽ ജോലിയിൽ തുടരുന്നു |
| 3 | അശോക് കുര്യൻ പഞ്ഞിക്കാരൻ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 01/06/15 | രണ്ട് തവണ ( അഞ്ച് വർഷ കരാർ കാലാവധി ) | ജോലിയിൽ തുടരുന്നു |
| 4 | സുമി.പി | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 15/06/15 | രണ്ട് തവണ ( അഞ്ച് വർഷ കരാർ കാലാവധി ) | ജോലിയിൽ തുടരുന്നു |

പട്ടിക -2

| അസ്സിസ്റ്റന്റ് മാനേജർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | സ്വാതി ശിവറാം | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 22/01/18 – 31/07/2018 | | Resigned on 31/07/2018 |
| 2 | നാസിഫ് .എൻ.എം | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 23/01/18 | 2 | ജോലിയിൽ തുടരുന്നു |
| 3 | മുഹമ്മദ് ഫാസിൽ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 02/07/18 | 2 | ജോലിയിൽ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 4 | ജിനേഷ് മാത്യൂ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 19/07/18 | 2 | ജോലിയിൽ തുടരുന്നു |
| 5 | ധനജ്.കെ.എം | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 20/08/18 | 2 | ജോലിയിൽ തുടരുന്നു |
| 6 | അരുൺ ഗിരീഷ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 07/09/18 | 2 | ജോലിയിൽ തുടരുന്നു |
| 7 | റാസിക് മുഹമ്മദ് ഷരീഫ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 17/09/18 | 2 | ജോലിയിൽ തുടരുന്നു |
| 8 | ശാലിനി വി.ആർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 24/09/18 | 2 | ജോലിയിൽ തുടരുന്നു |
| 9 | പ്രജീത് പി | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 06/10/18 | 2 | ജോലിയിൽ തുടരുന്നു |
| 10 | ദിവ്യ ലക്ഷ്മി ജി.എസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 03/01/19 | 1 | ജോലിയിൽ തുടരുന്നു |
| 11 | രാജേശ്വരി എ ജി | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 31/01/19 | 1 | ജോലിയിൽ തുടരുന്നു |

**പട്ടിക-3**

| **ടെക്നിക്കൽ ഓഫീസർ** | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | അർഷാദ്. പി. | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/03/2012 - 22/02/2013 | - | Resigned on 22/02/2013 |
| 2 | വിശാൽ.ബി | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/03/12 | 3 | ജോലിയിൽ തുടരുന്നു |
| 3 | വിനോദ് കുമാർ.ബി.ജി | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/03/12 | 3 | ജോലിയിൽ തുടരുന്നു |
| 4 | വരുൺ.ജി | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 26/03/12 | 3 | ജോലിയിൽ തുടരുന്നു |
| 5 | ആര്യ കൃഷ്ണൻ.ഇ | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 18/01/2013 | 3 | ജോലിയിൽ തുടരുന്നു |
| 6 | ശ്രീരാഗ് .ഐ.ഡി | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം. | 01/01/16- 23/03/2016 | - | Resigned on 23/03/2016 |
| 7 | ഡാനിയൽ ജീവൻ | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം. | 01/01/2016- 31/08/2019 | ഒരു തവണ (അഞ്ച് വർഷ കരാർ കാലാവധി) | Resigned on 31/08/19 |
| 8 | യദു ഷാറോൺ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 21/11/18 | 1 | ജോലിയിൽ തുടരുന്നു |
| 9 | രാഹുൽ എസ് രാജ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 18/12/18 | 1 | ജോലിയിൽ തുടരുന്നു |
| 10 | മൈക്കിൾ മാത്യൂസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 19/01/19 | 1 | ജോലിയിൽ തുടരുന്നു |
| 11 | അഭിറാം.എ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 01/07/19 | 1 | Resigned on 26/09/20 |

| | | | | | |
|---|---|---|---|---|---|
| 12 | നദീം അഹമ്മദ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 20/01/20 | - | ജോലിയിൽ തുടരുന്നു |
| 13 | ജോഗിൻ ഫ്രാൻസിസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 01/01/20 | - | ജോലിയിൽ തുടരുന്നു |
| 14 | അരുൺ സാഗർ.എസ്.കെ | ടെക്നോപാർ ക് T T B I കേരള സ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്യപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 22/07/2010-27/07/2010 | | Resigned on 27/07/2010 |

പട്ടിക -4

| പ്രോജക്ക് അസ്സിസ്റ്റന്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | അനൂപ് കൃഷ്ണൻ ജി | നേരിട്ടുള്ള നിയമനം | 05/09/16-11/08/2017 | - | Resigned on 11/08/2017 |
| 2 | മഹേഷ് കെ.കെ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 07/12/17 | 2 | ജോലിയിൽ തുടരുന്നു |
| 3 | വിഗ്നേഷ് ആർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 18/12/17 | 2 | ജോലിയിൽ തുടരുന്നു |
| 4 | ശ്രീക്കുട്ടി ഒ.യു | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 20/12/17 | 2 | ജോലിയിൽ തുടരുന്നു |
| 5 | അനിത് എ കുന്നുംപുറം | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 08/02/2019-04/04/2019 | - | Resigned on 04/04/2019 |
| 6 | സിദ്ധാർഥ് എം | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 17/04/19 | 1 | ജോലിയിൽ തുടരുന്നു |
| 7 | ഗീലസ് ജി | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 03/01/20 | - | ജോലിയിൽ തുടരുന്നു |
| 8 | ജിൻസി ജേക്കബ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 04/03/20-02/08/2020 | - | Resigned on 02/08/2020 |
| 9 | ആഷിഷ് എ നായർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 04/03/20 | - | ജോലിയിൽ തുടരുന്നു |

പട്ടിക -5

| ഫിനാൻസ് എക്സിക്യൂട്ടീവ് / കൺസൾട്ടന്റ്സ് | | | | | |
|---|---|---|---|---|---|
| ക്രമ നം . | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | പ്രകാശ് ബി.എൽ | നേരിട്ടുള്ള നിയമനം ( മറ്റ് മാനദണ്ഡങ്ങളൊന്നും ഇല്ല ാതെ ) | 15/04/16 | 2 | Resigned on 31/10/2018 |
| 2 | ജെയിംസ് ജോസഫ് (ഫിനാൻസ് കൺസൾട്ടന്റ്) | നേരിട്ടുള്ള നിയമനം | 01/02/19 | 5 | ജോലിയിൽ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 3 | ഗീതാകുമാരി<br><br>(കൺസൾട്ടന്റ് - ഇൻഫ്രാസ്ട്രക്ചർ) | നേരിട്ടുള്ള നിയമനം | 04/07/19 | 1 തവണ (3 മാസം ) | Resigned on<br><br>02/01/2020 |

പട്ടിക -6

| ജൂനിയർ എഞ്ചിനീയർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | കിഷോർ കുമാർ. എസ്.എൽ | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 15/07/16 | 5 തവണ (6 മാസ കരാർ രണ്ടു പ്രാവശ്യവും ഒരുവർഷ കരാർ 3 തവണയും പുതുക്കി) | ജോലിയിൽ തുടരുന്നു |
| 2 | അഖിൽ വിശ്വംഭരൻ | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 15/07/16 | 1 | Resigned on 31/03/2017 |
| 3 | ലക്ഷ്മി.പി.എസ് | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 07/11/16 | 2 | Resigned on 01/10/2019 |
| 4 | ജോയൽ ജോർജ് അലക്സ് | അപ്രന്റീസ്ഷിപ്പിൽ നിന്നും നടത്തിയ നിയമനം | 02/11/16 | 3 | Resigned on 19/03/2020 നിലവിൽ ഫാബ് ലാബ് കോർഡിനേറ്റർ |
| 5 | ബാല മുരളി.എം | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 01/08/17 | 1 | Resigned on 22/04/2019 |
| 6 | ഗോകുൽ. എം. എസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 09/11/18 | | Resigned on 15/01/2019 |
| 7 | അഞ്ജലി.കെ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 03/09/19 | 1 | ജോലിയിൽ തുടരുന്നു |
| 8 | ജിയോ മാത്യു | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 04/03/20 | | ജോലിയിൽ തുടരുന്നു |

പട്ടിക -7

| സെക്രട്ടറി & രജിസ്ട്രാർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീകുമാരൻ നായർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 15/06/15 | 5 തവണ | ജോലിയിൽ തുടരുന്നു |

പട്ടിക -8

| പ്രോജക്റ്റ് ഡയറക്ടർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ടോം തോമസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 05/10/17 | 3 | ജോലിയിൽ തുടരുന്നു |
| 2 | മുഹമ്മദ് റിയാസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 02/07/18 | 1 | ജോലിയിൽ തുടരുന്നു |

**പട്ടിക -9**

| പ്രോജക്റ്റ് കോർഡിനേറ്റർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | കൃഷ്ണകുമാർ.എം | നേരിട്ടുള്ള നിയമനം | 18/04/16 | 4 തവണ | ജോലിയിൽ തുടരുന്നു |
| 2 | സവാദ് നള്ളിപ്പടി സെയിദ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 21/02/18 | 2 തവണ | ജോലിയിൽ തുടരുന്നു |
| 3 | രോഹിത് എൻ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 17/02/2018-31/12/2018 | - | Resigned on 31/12/2018 |
| 4 | മൂസ മെഹർ എം.പി | നേരിട്ടുള്ള നിയമനം | 03/09/2016 | 2തവണ | Resigned on 11/07/2018 |

**പട്ടിക-10**

| ഫാബ് ലാബ് കോർഡിനേറ്റർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | അജിത്ത് കമാർ എൻ ജി | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 14/03/16 | 1 | Resigned on 25/08/2017 |
| 2 | ലാൻസി ഫെലിക്സ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 09/05/16 | 2 | Resigned on 10/10/2018 |
| 3 | ജോഗിൻ ഫ്രാൻസിസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 11/09/18 | 1 | Resigned on 01/12/2019 |
| 4 | അജീഷ് ഇ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 12/09/18 | - | Resigned on 19/02/2019 |
| | | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 01/01/20 | - | ജോലിയിൽ തുടരുന്നു |
| | | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 20/03/20 | - | ജോലിയിൽ തുടരുന്നു |

**പട്ടിക -11**

| അക്കൗണ്ട്സ് ഓഫീസർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. പി.വേണു | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 07/10/15 | 3 | Resigned on 06/05/2019 |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീ. രാജൻ.പി.വി | നേരിട്ടുള്ള നിയമനം | 15/02/17 | 1 | Resigned on 30/09/2019 |
| 3 | ശ്രീ. ആദർഷ് എം | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 13/03/19 | | ജോലിയിൽ തുടരുന്നു |

പട്ടിക-12

| സി.ഇ.ഒ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. റിഷികേഷ് നായർ | ഫയൽ ലഭ്യമല്ല | | | |
| 2 | ഡോ.ജയ ജയശങ്കർ പ്രസാദ് .സി | ഡെപ്യൂട്ടേഷൻ (Addl. Charge at ICFOSS as Director) | 21/10/14 | 3 | 16/04/2017 ഫയൽ ലഭ്യമല്ല |
| 3 | ഡോ.സജി ഗോപിനാഥ് | ഡെപ്യൂട്ടേഷൻ | 17/04/2017 | 3 | Resigned on 11/09/2020 |

പട്ടിക-13

| സി.ഇ.ഒയുടെ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. രോഹിത് കുമാർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 12/03/19 | 1 | ജോലിയിൽ തുടരുന്നു |

പട്ടിക -14

| എക്സിക്യൂട്ടീവ് I അക്കൗണ്ട്സ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | മിനി എൻ | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം | 15/01/16 | | Resigned on 31/12/2015 |

പട്ടിക -15

| എക്സിക്യൂട്ടീവ് II അഡ്മിൻ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ശ്രീ. ഗോകുൽ .വി | ടെക്നോപാർക് T T B I കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/04/14 | 1 | ജോലിയിൽ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീമതി. സജ്ന എ | ടെക്നോപാർ ക് T T B I കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/04/14 | 1 | ജോലിയിൽ തുടരുന്നു |
| 3 | ശ്രീമതി. ഡിനു കുരിയാക്കോസ് | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം. | 01/01/16 | | Resigned on 04/03/16 |

പട്ടിക-16

| എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേഷൻ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | മനു.എസ് | ടെക്നോപാർക് TTBI കേരളസ്റ്റാർട്ടപ്പ് മിഷനായി പരിവർത്തനം ചെയ്തപ്പോൾ ജോലി ക്രമീകരണത്തിന്റെ ഭാഗമായി ലഭിച്ച നിയമനം | 01/02/13 | 1 | ജോലിയിൽ തുടരുന്നു |

പട്ടിക-17

| പ്രോജക്ട് അസ്സോസിയേറ്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ഷാജഹാൻ ഇബ്രാഹിം | സ്റ്റാർട്ടപ്പ് വില്ലേജിൽ നിന്നും പുനർ വിന്യാസം മുഖേന നടത്തിയ നിയമനം | 11/01/16 | 4 | ജോലിയിൽ തുടരുന്നു |
| 2 | മൈക്കൾ മത്യൂസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം | 19/01/2019 | - | 19/01/2019 മുതൽ നിലവിൽ ടെക്നിക്കൽ ഓഫീസർ |

പട്ടിക-18

| പ്രോജക്ട് എക്സിക്യൂട്ടീവ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | ജ്യോതിഷ് മാത്യൂ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 16/07/18 | 2 | ജോലിയിൽ തുടരുന്നു |
| 2 | അനൂപ് രാജൻ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 08/06/16 | - | Resigned on 30/06/2016 |
| 3 | ജറാഡ് എസ് ജോൺസ് | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 10/04/16 | 1 | Resigned on 10/04/18 |

പട്ടിക-19

| മലയാളം ടൈപ്പിസ്റ്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | രാജി ആർ നായർ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 06/01/16 | 1 | Resigned on 18/04/2017 |
| 2 | അശ്വതി യു എൽ | | 10/08/17 | - | Resigned on 31/03/18 |
| 3 | രേഷ്മ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 02/07/18 | 1 | ജോലിയിൽ തുടരുന്നു |

പട്ടിക-20

| ഓഫീസ് അറ്റന്റന്റ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | രാജേഷ് .ഡി.എസ് | ഏജൻസി മുഖേന നടത്തപ്പെട്ട നിയമനം | 14/03/17 | 3 | ജോലിയിൽ തുടരുന്നു |

പട്ടിക-21

| കണ്ടന്റ് റൈറ്റർ & ഡിസൈനർ | | | | | |
|---|---|---|---|---|---|
| ക്രമ നം. | പേര് | നിയമന രീതി | ജോലിയിൽ പ്രവേശിച്ച തീയതി / കാലയളവ് | കരാർ പുതുക്കൽ | നിലവിലെ സ്ഥിതി |
| 1 | വിദ്യശ്രീ.എൻ | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന നടത്തിയ നിയമനം. | 24/10/17-23/10/18 | | തസ്തിക ഇപ്പോൾ നിലവിലില്ല |

**അനക്സർ II**

| Fellowship Details in start up Mission | | | | | |
|---|---|---|---|---|---|
| Sl.No | Name of Fellow | Fellowship Duration | Date of Fellowship Commencement | No of Renewal of Fellowship | Fellowship Amount |
| 1 | Puneeth raj | 1 year | 19/10/15 | | 25000 |
| 2 | Aravind Sanjeev | 1 year | 15/06/15 | | 25000 |
| 3 | Abhijith Sinha | 1 year | 15/06/15 | | 25000 |
| 4 | Praveen Sreedhar | 1 year | 15/06/15 | | 25000 |
| 5 | Muhammed Jaseel.P | 1 year | 15/06/15 | | 25000 |
| 6 | Moosa Mehar M P | 1 year | 01/07/15 | | 25000 |
| 7 | Akshay M | 1 year | 15/06/15 | | 25000 |
| 8 | Nadeem Ahammed P | 1 year | 15/06/15 | | 25000 |
| 9 | Muhammed Ramees P | 1 year | 15/06/15 | | 25000 |
| 10 | Abhilash S T | 1 year | 15/06/15 | | 25000 |
| 11 | Ganesh Gopal | 1 year | 15/06/15 | | 25000 |
| 12 | Vishnu Easwaran E | 1 year | 15/06/15 | | 25000 |
| 13 | Farish C V | 1 year | 01/07/15 | | 25000 |

| | | | | | |
|---|---|---|---|---|---|
| 14 | Abaid Aboobaker | 1 year | 01/07/15 | | 25000 |
| 15 | Jibin Jose | 1 year | 01/07/15 | | 25000 |
| 16 | Nidhya.V.Raj | 1 year | 01/07/15 | | 25000 |
| 17 | Aiswarya.K.K | 1 year | 11/03/16 | | 25000 |
| 18 | Akhil S G | 1 year | 11/03/16 | | 25000 |
| 19 | Athira K S | 1 year | 11/03/16 | | 25000 |
| 20 | Faheem K | 1 year | 11/03/16 | | 25000 |
| 21 | Helen Monai | 1 year | 11/03/16 | | 25000 |
| 22 | Muhammed Athif | 1 year | 11/03/16 | | 25000 |
| 23 | Nisha Elsa Johnson | 1 year | 11/03/16 | | 25000 |
| 24 | Prajesh S | 1 year | 11/03/16 | | 25000 |
| 25 | Sawad Sayyid | 1 year | 11/03/16 | | 25000 |
| 26 | Shahul Hameed | 1 year | 11/03/16 | | 25000 |
| 27 | Sreedhanya E P | 1 year | 11/03/16 | | 25000 |
| 28 | Yadu Krishnan S | 1 year | 11/03/16 | | 25000 |
| 29 | Febin | 1 year | 01/03/16 | | 25000 |
| 30 | Aboo Thahir B | 1 year | 01/05/17 | | 25000 |
| 31 | Akhil S | 1 year | 01/05/17 | | 25000 |
| 32 | Amith G Nair | 1 year | 01/05/17 | | 25000 |
| 33 | Aradhana S | 1 year | 01/05/17 | | 25000 |
| 34 | Aravind M S | 1 year | 01/05/17 | | 25000 |
| 35 | Arun G S | 1 year | 01/05/17 | | 25000 |
| 36 | Muhammed Fasil C U | 1 year | 01/05/17 | | 25000 |
| 37 | Jogin Francis | 1 year | 01/05/17 | | 25000 |
| 38 | Karthik Nandakumar | 1 year | 22/05/17 | | 25000 |
| 39 | Kevin Jacob | 1 year | 01/05/17 | | 25000 |
| 40 | Mahesh C | 1 year | 22/05/17 | | 25000 |
| 41 | Muhsina Elampilakkattil | 1 year | 01/05/17 | | 25000 |
| 42 | Nasif N M | 1 year | 01/05/17 | | 25000 |
| 43 | Rahul S Rajan | 1 year | 01/05/17 | | 25000 |
| 44 | Ruwaiz Razak | 1 year | 01/05/17 | | 25000 |
| 45 | Sakirullahi O P | 1 year | 01/05/17 | | 25000 |
| 46 | Sharon Sebastian | 1 year | 01/05/17 | | 25000 |
| 47 | Suhail P | 1 year | 01/05/17 | | 25000 |
| 48 | Tanvir Nasser Nagore | 1 year | 01/05/17 | | 25000 |
| 49 | Madhavan Nair | 1 year | 22/03/17 | | 25000 |
| 50 | Abhiram A | 1 year | 22/03/17 | | 25000 |
| 51 | Vaishak Anand | 1 year | 22/03/17 | | 25000 |
| 52 | Rasheed Thattayil | 1 year | 22/03/17 | | 25000 |
| 53 | Sibu Saman | 1 year | 01/01/17 | | 25000 |
| 54 | Aneesh Krishnan | 1 year | 01/04/17 | | 25000 |
| 55 | Muhammed Athif | 1 year | 01/04/17 | | 25000 |
| 56 | James T J | 1 Year / Part Time | 03/09/18 | | 60000 |
| 57 | R R Shibu | 1 Year / Part Time | 04/09/18 | | 60000 |

| | | | | | |
|---|---|---|---|---|---|
| 58 | Premy Varghees | 1 Year / Part Time | 03/09/18 | | 60000 |
| 59 | Jith Thomas T | 1 Year | 24/09/18 | Renewed twice during 2018 & 2019 | 80000 |
| 60 | Tiju Chacko | 1 Year | 10/09/18 | | 30000 |
| 61 | Ganadev Prajapathi | 1 Year | 03/09/18 | | 25000 |
| 62 | Nzamudhin | 1 Year | 03/09/18 | | 25000 |
| 63 | Salman | 1 Year | 03/09/18 | | 25000 |
| 64 | Suhail | 1 Year | 03/09/18 | | 25000 |
| 65 | Haani Hasim | 1 Year | 07/09/18 | | 10000 |
| 66 | Sandeep Zachariah | 1 Year | 29/08/18 | | 10000 |
| 67 | Kalyani Gopakumar s | 1 Year | 05/09/18 | | 25000 |
| 68 | Haifa Zubair | 1 Year | 03/09/18 | | 25000 |
| 69 | Sreelekshmi | 1 Year/Part Time | 11/12/18 | | 10000 |
| 70 | Yadev Jayachandran | 1 Year/Part Time | 20/12/18 | | 10000 |
| 71 | Muhammed Shibin | 1 Year/Part Time | 10/12/18 | | 10000 |
| 72 | Pavithra Poonacha | 1 Year | 16/09/19 | | 80000 |
| 73 | Parag Murali | 1 Year | 01/11/19 | | 80000 |
| 74 | Labby George | 1 Year | 30/09/19 | | 80000 |

**EXHIBIT 1**

1) Hon'ble Chief Minister of Kerala - Chairman

2) Hon'ble Minister for IT - Vice Chairman

3) Principal Secretary/Secretary(Industries) - Member

4) Principal Secretary/Secretary(Science & Technology) - Member

5) Principal Secretary/Secretary(Agriculture) – Member

6) Principal Secretary/Secretary(Higher Education) – Member

7) Principal Secretary/Secretary(Finance) - Member

8) The Chief Executive Officer, Technopark – Member

9) The Vice Chancellor, Kochin University – Member

10) The Managing Director, KINFRA – Member

11) The Representative from NSEDB – Member

12) The Director, EDII – Ahamedabad – Member

കൂടാതെ അംഗങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് പ്രമുഖ വ്യവസായികളും ബോർഡ് ഓഫ് ഗവർണേഴ് സിന്റെ അംഗങ്ങൾ ആയി നിയമിക്കപ്പെടാറുണ്ട്.

EXHIBIT 2

1.Principal Secretary/Secretary-IT,Government of Kerala – Chairman

2. Addl.Chief Secretary/Principal Secretary,Higher Education – Member

3. Secretary,Finance (Expenditure)- Member

4. Managing Director,KINFRA- Member

5. Director,Kerala State IT Mission - Member

6. Chief Executive Officer,Technopark- Member

7. Chairman,Startup Village,Kalamasserry- Member

8. Chief Executive Officer,TTBI- Member

9. Secretary and Registrar,TTBI- Convener

EXHIBIT 3

| Year | Scheme | Budget Provision | Amount Recieved | Expenditure | Remaining Balance |
|---|---|---|---|---|---|
| 2016-17 | YEDP | 40 | 20 | 20 | 0 |
| | TIZ | 10 | 4 | 4 | 0 |
| 2017-18 | YEDP | 69.99 | 18.85 | 18.85 | 0 |
| | TIZ | 10 | 6 | 6 | 0 |
| 2018-19 | YEDP | 70 | 39.2 | 39.2 | 0 |
| | TIZ | 10 | 5 | 5 | 0 |
| 2019-20 | YEDP | 70 | 31.56 | 31.56 | 0 |
| | TIZ | 10 | 7 | 7 | 0 |
| 2020-21 | YEDP | 65 | 6.47 | 6.47 | 0 |
| | TIZ | 8.5 | 2 | 2 | 0 |

**<u>സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)-യിൽ നടന്ന നിയമനങ്ങളെ സംബന്ധിച്ച് ധനകാര്യ (പരിശോധന എൻ.റ്റി.കെ) വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്</u>**

സംസ്ഥാനത്തെ ഐ.ടി വകുപ്പിന് കീഴിലുള്ള ഏജൻസികൾ/സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ/പ്രോജക്ടുകൾ എന്നിവിടങ്ങളിലെ 2011-12 സാമ്പത്തിക വർഷം മുതലുള്ള നിയമനങ്ങൾ ചട്ടപ്രകാരവും സുതാര്യവുമായ രീതിയിലാണോ നടത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് 17/07/2020-ലെ ജി.ഒ.(ആർ.റ്റി) നം. 4226/20/ധന, 30.07.2020-ലെ ജി.ഒ.(ആർ.റ്റി) നം.4407/20/ധന എന്നിവ പ്രകാരം ഉത്തരവായിരുന്നു ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020 ജൂലൈ 28 മുതൽ വിവിധ തിയ്യതികളിൽ ധനകാര്യ (പരിശോധന എൻ.റ്റി.കെ) വകുപ്പ് സി-ഡിറ്റിൽ നടന്ന നിയമനങ്ങൾ പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## 1. <u>ആമുഖം</u>

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി(സി-ഡിറ്റ്) എന്ന സ്ഥാപനം 14.12.1988-ലെ സ.ഉ.(കൈ)32/88/സിഎഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഇലക്ട്രോണിക് മീഡിയയുടെ ഹാർഡ് വെയർ/സോഫ്റ്റ് വെയർ ഡെവലപ്മെന്റിനായി കേരള സംസ്ഥാന ഫിലിം ഡെലവപ്മെന്റ് കോർപറേഷന്റെ ശിപാർശ പ്രകാരം രൂപീകൃതമായി പ്രവർത്തിച്ചു വരുന്നു. 14.12.1988-ലെ മേൽ സർക്കാർ ഉത്തരവ് പ്രകാരം സി-ഡിറ്റിലെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും 12.05.2003-ലെ സ.ഉ.(കൈ)നം.17/2003/സാം.കാ.വ. സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസ് ചട്ടങ്ങളും സർക്കാർ അംഗീകരിച്ചിരുന്നു. 1955-ലെ തിരുവിതാംകൂർ - കൊച്ചിൻ സാഹിത്യ, ശാസ്ത്ര ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ്(Act XII) അനുസരിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് വിവരസാങ്കേതിക ആപ്ലിക്കേഷനുകൾ, സോഫ്റ്റ് വേയറുകൾ എന്നിവയുടെ വികസനം, ഐ.ടി അനുബന്ധ സേവനങ്ങൾ എന്നീ മേഖലകളിലേക്ക് സി-ഡിറ്റിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ 30 വർഷമായി ഐ.ടി മേഖലയിൽ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ സേവനങ്ങൾ നൽകുന്ന ഒരു പൊതുമേഖല സ്ഥാപനമായി സി-ഡിറ്റ് രൂപാന്തരം പ്രാപിക്കുകയും ചെയ്തു. സി-ഡിറ്റ് കേരള സർക്കാരിന്റെ ഐ.ടി/ഇലക്ട്രോണിക് അനുബന്ധ പ്രവർത്തനങ്ങൾക്കും വികസനങ്ങൾക്കും പദ്ധതികൾക്കും വളരെ മികച്ച സംഭാവന നൽകി വരുന്നു. കൂടാതെ സിനിമ-സാങ്കേതികവിദ്യയിലും, വിവര സാങ്കേതിക മേഖലയിലും നൂതനമായ പഠന കോഴ്സുകൾ സി-ഡിറ്റ് വിദ്യാർത്ഥികൾക്കായി നടത്തി വരുന്നു. തിരുവനന്തപുരത്തെ തിരുവല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സി-ഡിറ്റ് കായംകുളം, എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിലുള്ള 3 റീജിയണൽ സെന്ററുകൾ വഴി സംസ്ഥാനത്തുടനീളമുള്ള സർക്കാരിന്റെ ഐടി/ഇലക്ട്രോണിക് അനുബന്ധ പ്രവർത്തനങ്ങളും പദ്ധതികളും ഏകോപിപ്പിക്കുന്നു.

## 2. <u>സി-ഡിറ്റിലെ ഭരണ നിയന്ത്രണ സംവിധാനം</u>

മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം മുഖ്യമന്ത്രി ചെയർമാനായ ഗവേണിങ് ബോഡിയും ഐടി സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് നിലവിൽ സി-ഡിറ്റിന്റെ ഭരണം നിയന്ത്രിക്കുന്നത്. സി-ഡിറ്റ് ഗവേണിങ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### 2.1. <u>ഗവേണിങ് ബോഡി അംഗങ്ങൾ:</u>

| | | |
|---|---|---|
| *മുഖ്യമന്ത്രി* | : | *ചെയർമാൻ* |
| *പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)* | : | *മെമ്പർ* |
| *എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, KSCSTE & സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്* | : | *മെമ്പർ* |
| *സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പ്* | : | *വൈസ് ചെയർമാൻ* |
| *ഡയറക്ടർ, സി-ഡിറ്റ്* | : | *മെമ്പർ* |
| *രജിസ്ട്രാർ, സി-ഡിറ്റ്* | : | *മെമ്പർ* |
| *ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്* | : | *മെമ്പർ* |
| *ചെയർമാൻ, കേരള ഐ.സി.റ്റി. അക്കാഡമി* | : | *മെമ്പർ* |
| *വൈസ് ചാൻസലർ, എ.പിജെ അബ്ദുൽകലാം സാങ്കേതിക സർവ്വകലാശാല* | : | *മെമ്പർ* |

2.2. <u>എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ:</u>

| | | |
|---|---|---|
| *സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പ്* | : | *ചെയർമാൻ* |
| *ഡയറക്ടർ, സി-ഡിറ്റ്* | : | *മെമ്പർ* |
| *രജിസ്ട്രാർ, സി-ഡിറ്റ്* | : | *മെമ്പർ* |
| *ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്* | : | *മെമ്പർ* |
| *ധനകാര്യ വകുപ്പിലെ പ്രതിനിധികൾ* | : | *മെമ്പർ* |
| *ഡോ. സന്തോഷ് കുമാർ.ജി., പ്രൊഫസർ, കുസാറ്റ്* | : | *മെമ്പർ* |
| ഡോ. പീയൂഷ് ആന്റണി, സോഷ്യൽ പോളിസീസ് സ്പെഷ്യലിസ്റ്റ്സ് യൂണിസെഫ്, ലക്നൗ. | : | *മെമ്പർ* |

3. <u>സി-ഡിറ്റ് റൂൾസ് & റെഗുലേഷൻസിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ:</u>

12.05.2003-ലെ G.O(Ms)നം.17/2003 സി.എ.ഡി ഉത്തരവ് പ്രകാരം സി-ഡിറ്റിന്റെ സർവ്വീസ് റൂൾസ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സി-ഡിറ്റ് റൂൾസ് & റെഗുലേഷൻസ് ഖണ്ഡിക (13) പ്രകാരം ഗവേണിങ് ബോഡിക്കാണ് സകല വരവ് ചെലവുകളുടെയും നിയന്ത്രണ അധികാരം.

റൂൾ 15(1) പ്രകാരം ഗവേണിങ് ബോഡിയുടെ ചെയർമാൻ കേരള സംസ്ഥാന മുഖ്യമന്ത്രിയാണ്

റൂൾ 14(8) പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഡെപ്യൂട്ടേഷൻ വഴിയോ, സൊസൈറ്റിയുടെ ലക്ഷ്യങ്ങൾക്ക് അനുസൃതമായ രീതിയിലുള്ള ജീവനക്കാരെ നിയമിക്കുവാൻ ഗവേണിങ് ബോഡിയെ അധികാരപ്പെടുത്തിയിരിക്കുന്നു.

റൂൾ 15(3) പ്രകാരം സൊസൈറ്റിയുടെ ഡയറക്ടർ സൊസൈറ്റിയുടെ എക്സ്ഒഫിഷ്യോ ഹെഡ് ആയി പ്രവർത്തിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ ഡയറക്ടർ എടുക്കുന്ന തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സാധൂകരിക്കേണ്ടതാണ്.

റൂൾ 15(4) പ്രകാരം ഗവേണിങ് ബോഡിയുടെയും ഡയറക്ടറുടെയും മേൽ നോട്ടത്തിലും നിയന്ത്രണത്തിലും രജിസ്ട്രാർ സൊസൈറ്റിയുടെ ദൈനംദിന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

സർവ്വീസ് റൂൾസിലെ അദ്ധ്യായം 10-ൽ സി-ഡിറ്റിൽ നിയമനം നടത്തേണ്ട വിധം പ്രതിപാദിച്ചിട്ടുണ്ട്

സി-ഡിറ്റിന്റെ സർവ്വീസ് റൂൾ 3 പ്രകാരം സൊസൈറ്റിയിലെ തസ്തികകൾ 3 വിഭാഗം ആയി തിരിച്ചിട്ടുണ്ട്

| | | |
|---|---|---|
| 1. | സയന്റിഫിക്/റിസർച്ച് & വീഡിയോ പ്രൊഡക്ഷൻ/അക്കാഡമിക് സ്റ്റാഫ് (ഡയറക്ടർ, രജിസ്ട്രാർ ഉൾപ്പെടെ) | ഗ്രൂപ്പ് 1എ, & 1 ബി |
| 2. | ടെക്നിക്കൽ സ്റ്റാഫ് | ഗ്രൂപ്പ് 2എ, & 2 ബി |
| 3. | അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് | ഗ്രൂപ്പ് 3 |

**പട്ടിക : 1**

ആരംഭകാലത്ത് കേരള സംസ്ഥാന ഫിലിം ഡെലവപ്മെന്റ് കോർപറേഷന്റെ പ്രവർത്തനങ്ങളിൽ ആവശ്യമായ സാങ്കേതിക സഹായം നൽകുന്ന ഏജൻസി എന്ന നിലയിൽ നിന്ന് വ്യത്യസ്തമായി സി- ഡിറ്റ് ഇപ്പോൾ സർക്കാരിന്റെ ഐ.ടി/ഇലക്ട്രോണിക് അനുബന്ധ പ്രവർത്തനങ്ങൾക്കും വികസനങ്ങൾക്കും പദ്ധതികൾക്കും നേതൃത്വം നൽകുന്ന ഏജൻസിയായി പ്രവർത്തിക്കുകയാണ്. അതിനാൽ സയന്റിഫിക്/റിസർച്ച് & വീഡിയോ പ്രൊഡക്ഷൻ എന്നീ തസ്തികകൾ കൂടുതൽ ആവശ്യമില്ലാതാവുകയും പകരം ഐ.ടി /ഐ.ടി അനുബന്ധ തസ്തികകൾ കൂടുതലായി വേണ്ടി വരികയും ചെയ്തു

## 3.1. <u>സി-ഡിറ്റിലെ തസ്തികകളും സേവന വേതന വ്യവസ്ഥകളും:</u>

കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപറേഷന്റെ ശിപാർശ പ്രകാരം അവരുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്ന ഏജൻസിയായി ആവിർഭാവം കൊണ്ട സി-ഡിറ്റ് 15.12.1988-ൽ പ്രവർത്തനം ആരംഭിക്കുമ്പോൾ GO(Ms)No.14/90/CAD dtd 11.05.1990 ഉത്തരവ് പ്രകാരം 6 കോർ ഗ്രൂപ്പ് തസ്തികകൾ മാത്രമാണ് സൃഷ്ടിച്ചത്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം | ശമ്പള നിരക്ക് |
|---|---|---|---|
| 1 | ജോയിന്റ് ഡയറക്ടർ | 1 | 3000-100-3500-125-5000 |
| 2 | രജിസ്ട്രാർ | 1 | 2200-75-2800-EB-100-4000 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ(പ്രൊജക്ട്) | 1 | 2200-75-2800-EB-100-4000 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ(പ്രൊഡക്ഷൻ) | 1 | 2200-75-2800-EB-100-4000 |
| 5 | ഡെപ്യൂട്ടി ഡയറക്ടർ(T-AAS) | 1 | 2200-75-2800-EB-100-4000 |

| | | | |
|---|---|---|---|
| 6 | ഡെപ്യൂട്ടി ഡയറക്ടർ(C-Decom) | 1 | 2000-60-2300-EB-75-3200-100-3500 |
| | **ആകെ** | **6** | |

**പട്ടിക : 2**

09.07.2003 ലെ GO(Ms)25/03/CAD ഉത്തരവ് പ്രകാരമുള്ള സി-ഡിറ്റ് സർവ്വീസ് റൂൾസ് ഭേദഗതി chapter 12 para 2,3 പ്രകാരം CSIR/UGC ശമ്പള സ്കെയിലുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റം CSIR/UGC norms അനുസരിച്ചും മറ്റ് ജീവനക്കാരുടെ സേവന വേതനങ്ങളും സ്ഥാനക്കയറ്റവും സംസ്ഥാന സർക്കാർ ശമ്പള സ്കെയിലും നടപ്പിലാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

16.06.2020 ലെ GO(Ms)No.15/2020/ITD എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള സി-ഡിറ്റ് സർവ്വീസ് റൂൾ ഭേദഗതിയിൽ (4.16) "സംസ്ഥാന സർക്കാർ ശമ്പള സ്കെയിലിലും Central/CSIR സ്കെയിലിലും സേവനം അനുഷ്ഠിക്കുന്ന Contract/Project Staff ന് വർഷം തോറും ആർജ്ജിത അവധി (earned leave) സറണ്ടർ ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നു."

31.03.1999-ൽ സി-ഡിറ്റ് സർവ്വീസിൽ താത്കാലിക / കരാർ ജോലി ചെയ്തിരുന്ന 54 കരാർ ജീവനക്കാരെ 24.03.2000 ലെ C-DIT/01/PRO/2000/1335 നമ്പർ നടപടിക്രമ പ്രകാരവും 14 ദിവസവേതന ജീവനക്കാരെ 25.03.2000 ലെ C-DIT/01/PRO/2000/1336 നമ്പർ നടപടിക്രമ പ്രകാരവും സർവ്വീസിൽ സ്ഥിരപ്പെടുത്തിയിരുന്നു.

<u>വിവിധ തസ്തികകളുടെ നിയമനരീതികളിൽ നടന്ന ക്രമക്കേട് സംബന്ധിച്ച്:-</u>

സി-ഡിറ്റിന്റെ 14.01.2000 തീയതിയിൽ കൂടിയ 38-ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയിലെ അജണ്ട നം.38.2..1, 38.2.2 പ്രകാരമാണ് ടി ജീവനക്കാരുടെ സേവനം ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് ശമ്പള നിരക്ക് അനുവദിച്ചു നൽകിയിരുന്നു. ഡി.എ, ഹാഫ് പേ ലീവ്, ലീവ് സറണ്ടർ, ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾ മേൽ ജീവനക്കാർക്ക് അനുവദിച്ചിരുന്നു. എന്നാൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഈ തീരുമാനത്തിന് സർക്കാരിന്റെ ക്രമീകരണാനുമതി ലഭിച്ചത് 2008 ൽ ആയിരുന്നു. താല്കാലികമായി തിരഞ്ഞെടുക്കപ്പെട്ട 55 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സി-ഡിറ്റ് രജിസ്ട്രാറിന്റെ 15.12.2007-ലെ 442/Admn07-08/C-DIT നമ്പർ ശിപാർശ കത്തിന്റെ അടിസ്ഥാനത്തിൽ 18.08.2008-ലെ സ.ഉ.(കൈ) നം.196/2008/ഐ&പി.ആർ.ഡി സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സി-ഡിറ്റിൽ 55 തസ്തികകൾ സൃഷ്ടിക്കുകയും അന്ന് നിലവിൽ താത്കാലികമായി സേവനം അനുഷ്ഠിച്ചിരുന്ന 55 ജീവനക്കാരെ പ്രസ്തുത തസ്തികകൾക്ക് അനുസൃതമായി ക്രമവൽക്കരിക്കുകയും ചെയ്തിരുന്നു. 55 ജീവനക്കാരിൽ ടെക്നിക്കൽ/നോൺ ടെക്നിക്കൽ സ്റ്റാഫുകളും പാർട്ട് ടൈം ജീവനക്കാരും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു.

**55 ജീവനക്കാരുടെ സേവന ക്രമവത്കരണം സി-ഡിറ്റിൽ ഭാവിയിൽ മറ്റ് താത്കാലിക / കരാർ ജീവനക്കാരുടെ സ്ഥിരപ്പെടുത്തലിനു സാധൂകരിക്കുന്ന വാദഗതിയോ ന്യായീകരണമോ ആയിരിക്കുകയില്ലെന്ന് സർക്കാർ ഉത്തരവിന്റെ 2-ാം ഖണ്ഡികയിലെ മൂന്നാം ക്ളോസിൽ പ്രത്യേകം പരാമർശിച്ചിരുന്നു ഈ ഉത്തരവ് അവഗണിച്ചുകൊണ്ട് 2000വരെ സി-ഡിറ്റ് സർവ്വീസിൽ ഉണ്ടായിരുന്ന 7കരാർ ജീവനക്കാരെ സി-ഡിറ്റ് രജിസ്ട്രാറിന്റെ 19.07.2010-ലെ A3.4322/2008/Admn/C-DIT നമ്പരായുള്ള ശിപാർശ കത്തിന്റെ അടിസ്ഥാനത്തിൽ 08.02.2011-ലെ സർക്കാർ ഉത്തരവ**

**G.O(Ms) No.2/2011/I&PRD പ്രകാരം 01.10.2000 മുതൽ മുൻകാല പ്രാബല്യത്തോടെ സേവനം ക്രമവത്കരിച്ചുകൊണ്ട് സ്ഥിരപ്പെടുത്തുകയുണ്ടായി. കൂടാതെ സി**-ഡിറ്റ് രജിസ്ട്രാറിന്റെ 24.04.2015-ലെ 535/A2/Admn/C-DIT/2015-ലെ കത്ത് പ്രകാരം 31.12.2014-ൽ 10 വർഷം പൂർത്തിയാക്കിയ 54 ജീവനക്കാരുടെ സേവനം 06.06.2015-ലെ GO(Ms) No.9/2015/I&PRD സർക്കാർ ഉത്തരവ് പ്രകാരം 06.06.2015 മുതൽ ക്രമവൽക്കരിച്ച് നൽകിയിരുന്നു.

സി-ഡിറ്റിൽ ചുരുങ്ങിയ കാലത്തേയ്ക്ക് പ്രോജക്ടുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന താൽകാലിക ജീവനക്കാരും ദിവസവേതനക്കാരും പ്രോജക്ട് അവസാനിച്ചിട്ടും വർഷങ്ങളോളം തുടരുകയും 10 വർഷത്തിന് ശേഷം സർക്കാർ ഉത്തരവിലൂടെ റെഗുലർ ജീവനക്കാരായി മാറുകയും ചെയ്യുന്നുണ്ട്. ദിവസവേതനക്കാരായും താൽകാലിക ജീവനക്കാരായും തെറ്റായ നിയമന പ്രക്രിയ വഴി സി-ഡിറ്റിൽ കയറിക്കൂടുകയും വർഷങ്ങൾക്ക് ശേഷം സർക്കാരിന്റെ എല്ലാ വിധ ആനുകൂല്യങ്ങളും നേടുന്ന സ്ഥിര ജീവനക്കാരായി മാറുന്നത് മിടുക്കരായ തൊഴിലന്വേഷകരോട് കാണിക്കുന്ന അനീതിയാണ്.താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടി മാത്രമാണ് സി ഡിറ്റിൽ തസ്തികകൾ സൃഷ്ടിക്കുന്നത് . അവർ സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ഈ തസ്തികയും ഇല്ലാതാകുന്നു

**3.2 <u>സി-ഡിറ്റിലെ ജീവനക്കാർ:</u>**

2011 മുതൽ 31.10.2020 വരെയുള്ള കാലഘട്ടത്തിൽ സി-ഡിറ്റിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിവിധ വിഭാഗങ്ങളിലെ ജീവനക്കാർ | ജീവനക്കാരുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 |
| 1 | റഗുലർ ജീവനക്കാർ | 61 | 60 | 60 | 54 | 105 | 104 | 99 | 93 | 85 | 82 |
| 2 | കോൺട്രാക്ട് ജീവനക്കാർ | 304 | 281 | 266 | 284 | 272 | 208 | 182 | 180 | 173 | 164 |
| 3 | പ്രോജക്ട് ജീവനക്കാർ (FMS-MVD) | 114 | 118 | 139 | 153 | 183 | 183 | 189 | 193 | 200 | 187 |
| 4 | OIP & SPD | - | - | 36 | 30 | 34 | 32 | 32 | 31 | 31 | 30 |
| 5 | ഡിജിറ്റലൈസേഷൻ (Attached as annexure 1(a)) | | | | | | | | | | 171 |
| 6 | മറ്റുള്ളവർ | - | - | 1 | 6 | 9 | 14 | 41 | 62 | 65 | 67 |
| 7 | ദിവസ വേതനക്കാർ/താൽകാലിക ജീവനക്കാർ | 27 | 15 | 21 | 22 | 14 | 33 | 37 | 36 | 52 | 54 |
| 8 | മറ്റ് ഏജൻസികൾ വഴി നിയമിച്ച ജീവനക്കാർ | ---NIL--- | | | | | | | | | |
| 9 | ഡോക്കറ്റ് നിയമനം | 27 | 27 | 27 | Converted as contract staff | | | | | | |
| 10 | ദിവസ വേതനക്കാർFMS-MVD | - | - | - | - | - | - | 4 | 15 | 19 | 29 |
| | **ആകെ** | **533** | **501** | **550** | **549** | **617** | **574** | **584** | **610** | **625** | **784** |

**പട്ടിക : 3**

പ്രസ്തുത പട്ടിക പ്രകാരം 2011-ൽ ആകെ 533 ജീവനക്കാരും, 2020ൽ ആകെ 784 ജീവനക്കാരുമാണ് സി-ഡിറ്റിൽ ജോലി ചെയ്തുവരുന്നത്.

2011 മുതൽ 31.10.2020 വരെയുള്ള കാലഘട്ടത്തിൽ സി-ഡിറ്റിൽനിന്നും വിരമിക്കുകയോ/പിരിഞ്ഞു പോയവുകയോ ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഭാഗങ്ങൾ | ജീവനക്കാരുടെ എണ്ണം | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 2011 | | 2012 | | 2013 | | 2014 | | 2015 | | 2016 | | 2017 | | 2018 | | 2019 | | 2020 | |
| | | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ | വിരമിച്ചവർ | മറ്റുള്ളവർ |
| 1 | റഗുലർ ജീവനക്കാർ | - | - | 1 | - | - | - | 5 | 1 | 1 | 1 | 1 | - | 5 | - | 3 | 4 | 5 | 4 | 3 | - |
| 2 | കോൺട്രാക്ട് ജീവനക്കാർ | - | 23 | 1 | 14 | - | 9 | - | 12 | - | 64 | - | 26 | - | 2 | - | 7 | - | 6 | 1 | 2 |
| 3 | പ്രോജക്ട് ജീവനക്കാർ (FMS-MVD) | - | 2 | - | 4 | - | 3 | - | 2 | - | 1 | - | 5 | - | 8 | - | 3 | 7 | 5 | 1 | 2 |
| 4 | OIP & SPD | - | - | - | - | - | 2 | - | 8 | - | 1 | - | 3 | - | 1 | - | 1 | - | - | - | 1 |
| 5 | ഡിജിറ്റ ലൈസേഷൻ | | | | | | | | | | | | | | | | | | | | |
| 6 | മറ്റുള്ളവർ | - | - | - | - | - | - | - | - | - | - | - | - | - | 3 | - | 13 | - | 5 | - | 4 |
| 7 | ദിവസ വേതനക്കാർ/ താൽകാലിക ജീവനക്കാർ | - | 16 | - | - | - | - | - | 14 | - | - | - | - | - | 1 | - | 2 | - | - | - | 2 |
| 8 | മറ്റ് ഏജൻസികൾ വഴി നിയമിച്ച ജീവനക്കാർ | | | | | | | | | | | | | | | | | | | | |
| 9 | ഡോക്കറ്റ് നിയമനം | - | - | - | - | - | 27 | - | - | - | - | - | - | - | - | - | - | - | - | - | - |
| | **ആകെ** | - | **41** | **2** | **18** | - | **41** | **5** | **37** | **1** | **67** | **1** | **34** | **5** | **15** | **3** | **30** | **12** | **20** | **5** | **11** |

**പട്ടിക : 4**

2011 മുതൽ 31.10.2020 വരെയുള്ള കാലഘട്ടത്തിൽ സി-ഡിറ്റിൽ നിന്നും 3 4 പേർ വിരമിക്കുകയും 314 പേർ പിരിഞ്ഞു പോവുകയും ചെയ്തിട്ടുണ്ട്.

**3.2.1. <u>റെഗുലർ ജീവനക്കാർ</u>**

നിലവിൽ വിവിധ തസ്തികകളിലായി 8 2 റെഗുലർ ജീവനക്കാരാണ് സി-ഡിറ്റിൽ സേവനം അനുഷ്ഠിക്കുന്നത്.റെഗുലർ ജീവനക്കാരിൽ 12 ജീവനക്കാർ CSIR പാറ്റേണിലുള്ള ശമ്പള സ്കെയിൽ പ്രകാരമുള്ള ശമ്പളമാണ് വാങ്ങുന്നത് പ്രസ്തുത

ജീവനക്കാരിൽ സയന്റിസ്റ്റ് വിഭാഗത്തിലുള്ളവരും നോൺ ടെക്നിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരും ഉൾപ്പെടുന്നുണ്ട്. സർക്കാർ ഉത്തരവുകൾക്ക് വിപരീതമായി സി-ഡിറ്റ് രജിസ്ട്രാർമാർ സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് പലപ്പോഴായി സി-ഡിറ്റിൽ താത്കാലിക ജീവനക്കാരുടെ നിയമനം റെഗുലറൈസ് ചെയ്തുവരുന്നു.

<u>ജീവനക്കാരുടെ നാളിതുവരെയുള്ള റെഗുലറൈസേഷൻ സംബന്ധിച്ച വിവരങ്ങൾ</u>

1 . സർക്കാർ സി-ഡിറ്റ് രജിസ്ട്രാറിന്റെ 15.12.2007-ലെ Letter No.442/Admn07-08/C-DIT ശിപാർശ കത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് G.O(Rt) No.196/2008/I&PRD dated 18.08.2008 പ്രകാരം 55 തസ്തികകൾ സൃഷ്ടിക്കുകയും അന്ന് നിലവിൽ താത്കാലികമായി സേവനം അനുഷ്ഠിച്ചിരുന്ന 55 ജീവനക്കാറുടെ സേവനം പ്രസ്തുത തസ്തികകൾക്ക് അനുസൃതമായി ക്രമവൽക്കരിക്കുകയും ചെയ്തിരുന്നു.

2. 2000വരെ സി-ഡിറ്റ് സർവ്വീസിൽ ഉണ്ടായിരുന്ന 7 കരാർ ജീവനക്കാരെ സി-ഡിറ്റ് രജിസ്ട്രാറിന്റെ 19.07.2010-ലെ A3.4322/2008/Admn/C-DIT ശിപാർശ കത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് G.O (Ms) No. 2/2011/I&PRD dated 8.2.2011 പ്രകാരം 01.10.2000 മുതൽ മുൻകാല പ്രാബല്യത്തോടെ സേവനം ക്രമവത്കരിച്ചുകൊണ്ട് സ്ഥിരപ്പെടുത്തുകയുണ്ടായി .

3 . സി-ഡിറ്റ് രജിസ്ട്രാറിന്റെ 24.04.2015-ലെ 535/A2/Admn/C-DIT/2015 ലെ കത്ത് പ്രകാരം 31.12.2014-ൽ 1 0 വർഷം പൂർത്തിയാക്കിയ 5 4 ജീവനക്കാരുടെ സേവനം 06.06.2015 ലെ GO(MS) No.9/2015/I&PRD സർക്കാർ ഉത്തരവ് പ്രകാരം 06.06.2015 മുതൽ ക്രമവൽക്കരിച്ചിരുന്നു.

നിലവിൽ സി-ഡിറ്റിൽ 8 2 റെഗുലർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും തൊണ്ണൂറ് ശതമാനം ജോലികളും താത്കാലിക /കരാർ ജീവനക്കാരുടെ സേവനം വഴിയാണ് പൂർത്തീകരിക്കുന്നതിനാൽ സർക്കാർ സൃഷ്ടിച്ച 5 5 തസ്തികൾ നിലനിർത്തികൊണ്ടും സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ടതാണെന്നും, ആയതിനാൽ 2020ന് ശേഷം നിയമിച്ച താത്കാലിക ജീവനക്കാരെ റെഗുലറൈസ് ചെയ്യേണ്ടതില്ല എന്നും ഭരണവകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**3.2.2 <u>താത്കാലിക/കരാർ ജീവനക്കാർ:</u>**

സി-ഡിറ്റിൽ വിവിധ പ്രോജക്ടുകളിലായി 84 ദിവസ വേതനക്കാരുൾപ്പെടെ 706 കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. 2016 കാലഘട്ടത്തെ അപേക്ഷിച്ച് പ്രോജക്ടുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും പല പ്രോജക്ടുകളിലും ജീവനക്കാരുടെ എണ്ണം കൂടുതലാണ്. ഉദാഹരണമായി 3 2 പ്രോഗ്രാമർ ജീവനക്കാർ ഇൻഫോമാറ്റിസ്, സോഫ്റ്റ്വെയർ ഡിസൈൻ & ഡെവലപ്മെന്റ് വിങ്ങുകളിലായും മറ്റ് അനുബന്ധ ഡിപ്പാർട്ടുമെന്റുകളിലായും ജോലി നോക്കി വരുന്നു എന്നാൽ കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് സി-ഡിറ്റിൽ സോഫ്റ്റ് വെയർ, ആപ്പ് ഡിസൈൻ & ഡെവലപ്മെന്റ് ജോലി ചെയ്തത് 6 പ്രോഗ്രാമർ മാത്രമാണ്. ബാക്കിയുള്ള ജീവനക്കാരെ പ്രോഗ്രാമർ എന്ന തസ്തികയിൽ താത്കാലിക നിയമനം നടത്തുകയും മറ്റ് പ്രോജക്ടുകളിൽ വിവിധ തസ്തികകളിലെ സേവനത്തിലേക്കായി പുനർവിന്യസിക്കുകയുമാണ് ചെയ്യുന്നത്. ഇത് ശരിയായ നടപടിയല്ല. പ്രോജക്ടുകൾക്ക് ആവശ്യമുള്ള ജീവനക്കാരെ മാത്രമേ തെരഞ്ഞെടുക്കുവാൻ പാടുള്ളൂ. പ്രോജക്ട്/കരാർ കാലാവധി കഴിഞ്ഞാൽ തൽസ്ഥാനത്ത് പുതിയ ജീവനക്കാർ/ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതാണ് അഭികാമ്യം

.

ആർക്കൈവ്സിലെയും മറ്റ് വിവിധ സർക്കാർ ഓഫീസുകളിലെയും പുരാവസ്തു രേഖകളും മറ്റ് സർക്കാർ ഓഫീസ് ഫയലുകളും ഡിജിറ്റൈസ് ചെയ്യുന്നതിലേക്കായി സി-ഡിറ്റിന് കരാർ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ജോലി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി 171 സ്കാനിങ്ങ് അസിസ്റ്റന്റ് / ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ സി-ഡിറ്റ് എംപാനൽ ചെയ്തിട്ടുണ്ട് സ്കാൻ ചെയ്യുന്ന പേജുകൾക്ക് പീസ് റേറ്റ് നിരക്കിലാണ് വേതനം എന്നാൽ ഭൂരിഭാഗം ജീവനക്കാരും ഈ ജോലി ചെയ്യുവാൻ ഓഫിസുകളിൽ പോകുകയോ ജോലികൾ സമയ ബന്ധിതമായി തീർക്കുകയോ ചെയ്യാറില്ല. ഈ തസ്തികയിൽ നിന്ന് കാറ്റഗറി ചെയ്ഞ്ച് ചെയ്തു സി-ഡിറ്റിന്റെ മറ്റ് കരാർ നിയമനങ്ങളിലേക്ക് മാറുകയും ചെയ്യുന്നു കുറച്ച് വർഷങ്ങൾക്ക് ശേഷം സർവ്വീസ് റെഗുലറൈസേഷൻ ലഭിക്കും എന്ന പ്രതീക്ഷയിലാണ് ടി ജീവനക്കാർ സി-ഡിറ്റിൽ തുടരുന്നത്. ഇത്തരം താത്കാലിക ജീവനക്കാരെ സി-ഡിറ്റ് ജീവനക്കാരായി പരിഗണിക്കേണ്ടതില്ല. .

3.2.3. <u>ഡോക്കറ്റ് നിയമനങ്ങൾ:</u>

ചില തസ്തികകളിലെ നിയമനം സംബന്ധിച്ച് പത്രപരസ്യമോ വിജ്ഞാപനങ്ങളോ ഇല്ലാതെ തന്നെ ഉദ്യോഗാർത്ഥി നൽകുന്ന അപേക്ഷ പരിഗണിച്ച് നിയമനം നൽകുന്ന രീതിയാണ് ഡോക്കറ്റ് നിയമനം. ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണത്തിൽ സി-ഡിറ്റിൽ ഡോക്കറ്റ് വ്യവസ്ഥയിൽ 27 ജീവനക്കാരെ നിയമിച്ചതായി കണ്ടെത്തി. ഇപ്രകാരം യാതൊരു പരീക്ഷയോ തെരഞ്ഞെടുപ്പ് ചട്ടങ്ങളോ കൂടാതെ കയറിക്കൂടുന്ന ഡോക്കറ്റ് ജീവനക്കാർ കുറച്ച് വർഷങ്ങൾ കഴിഞ്ഞു കരാർ ജീവനക്കാരായി മാറുകയും തുടർന്ന് റെഗുലർ/സ്ഥിരം ജീവനക്കാരായി ജോലിനേടുകയും ചെയ്യുന്നു. ഇപ്രകാരം ഡോക്കറ്റ് നിയമനം ലഭിച്ച 27 ജീവനക്കാരെ 04.06.2014-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഗവേർണിംഗ് ബോഡി കരാർ ജീവനക്കാരായി നിയമനം നൽകിയ നടപടി അംഗീകരിക്കുകയുണ്ടായി. ആയതിൻപ്രകാരം പ്രസ്തുത ജീവനക്കാരുടെ കരാർ നിയമന കാലാവധി സി-ഡിറ്റ് രജിസ്ട്രാറുടെ 20.08.2014-ലെ No.23/A2/Admn/CDIT/2013 നമ്പർ നടപടിക്രമ പ്രകാരം 08.01.2014 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി കരാർ ജീവനക്കാരായി സേവനം പുതുക്കി നൽകി. ഇത്തരം ഡോക്കറ്റ് നിയമനം വഴി സി-ഡിറ്റിൽ കയറിക്കൂടിയവർ അവരുടെ കരാർ കാലാവധിയും പ്രോജക്ട് കാലാവധിയും കഴിഞ്ഞതിനു ശേഷവും ഇപ്പോഴും സി-ഡിറ്റിൽ തുടരുന്നുണ്ട്. ആയതിനാൽ ഭാവിയിൽ സി-ഡിറ്റിൽ യാതൊരു ഡോക്കറ്റ് നിയമനങ്ങളും നടത്തുവാനോ ഡോക്കറ്റ് നിയമനക്കാരെ കരാർ ജീവനക്കാരായി പുതുക്കിയ നിയമനങ്ങൾ നല്കുവാനോ പാടില്ലായെന്ന് ഉറപ്പ് വരുത്തണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

ഡോക്കറ്റ് നിയമനം നല്കിയ 27 ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1. | അഫ്സൽ എ. റഹിമാൻ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 2. | അരുൺകുമാർ.ജി.സി | ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 3. | ബാസിൽ എബ്രഹാം | ഹെൽപർ കം മെസ്സഞ്ചർ |
| 4. | ബിന്ദു.എസ് | സ്വീപ്പർ |
| 5. | ഗോപീകൃഷ്ണൻ.എ.ആർ | ലാബ് അസിസ്റ്റന്റ് (3ഡി അനിമേഷൻ) |
| 6. | ജിനോ.എസ് | ടെക്നിക്കൽ അസിസ്റ്റന്റ് |
| 7. | മഞ്ജു.എസ്.വാരിയർ | ഓഫീസ് അസിസ്റ്റന്റ് |
| 8. | മനുലാൽ.എം.പി. | പ്രൊഡക്ഷൻ കോഓർഡിനേറ്റർ |
| 9. | നിധി.ജി | ടെക്നിക്കൽ അസിസ്റ്റന്റ് |
| 10. | പാർവ്വതി തമ്പി | കണ്ടന്റ് ഡെവലപ്പർ |
| 11. | പ്രജിൻ.വി.ആർ | കാൾ സെന്റർ എക്സിക്യൂട്ടീവ് |

| | | |
|---|---|---|
| 12. | പ്രമോദ് കുമാർ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 13. | പ്രസീന.എം.പി | ടെക്നിക്കൽ അസിസ്റ്റന്റ് |
| 14. | പ്രവീൺ.എസ് | ഓഫീസ് അസിസ്റ്റന്റ് |
| 15. | പ്രീത.എസ്. നായർ | ക്ലർക്ക് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ |
| 16 | രാധികാ കുമാരി.എസ് | സ്കാന്നിംഗ് അസിസ്റ്റന്റ് |
| 17 | രജിത്.എ | പ്രോഗ്രാമർ |
| 18. | സച്ചു.എൽ | ഓഫീസ് അസിസ്റ്റന്റ് |
| 19. | സത്യനേഷൻ.എം.വി. | പ്രൊഡക്ഷൻ കോഓർഡിനേറ്റർ |
| 20. | സഹീർ.എ | ഹെൽപർ |
| 21. | ഷഹനാസ്.എസ് | ടെക്നിക്കൽ അസിസ്റ്റന്റ് |
| 22. | സിന്ധു.എസ് | സ്വീപ്പർ കം ക്ലീനർ |
| 23. | ശ്രീലക്ഷ്മി.ആർ | പ്രോഗ്രാമർ |
| 24. | സുദർശനൻ.എസ് | മെസ്സഞ്ചർ |
| 25. | സുകുമാരൻ.കെ.എസ്. | അനിമേറ്റർ |
| 26. | ഉണ്ണികൃഷ്ണൻ.റ്റി | കൺസൾട്ടന്റ് കം ട്രെയിനർ |
| 27. | വിജയകൃഷ്ണൻ.ഇ | ടെക്നിക്കൽ അസിസ്റ്റന്റ് |

**പട്ടിക : 5**

**4. <u>സി-ഡിറ്റിലെ നിയമന പ്രക്രിയയിലെ (റിക്രൂട്ട്മെന്റ് & സെലക്ഷൻ) അപാകതകൾ:</u>**

2011 മുതൽ 2020 വരെ കാലയളവിൽ സി-ഡിറ്റിൽ നടന്ന താൽകാലിക/കരാർ/ദിവസവേതന/ ഡോക്കറ്റ് നിയമനങ്ങളെകുറിച്ചും നിയമന പ്രക്രിയകളെകുറിച്ചും വിശദമായി പരിശോധിക്കുകയുണ്ടായി.

**4.1 <u>'ദ്രുപാൽ പി.എച്ച്.പി ഡവലപ്പർ' തസ്തികയിലെ നിയമനം സംബന്ധിച്ച്:</u>**

സി-ഡിറ്റിൽ 'ദ്രുപാൽ പി.എച്ച്.പി ഡവലപ്പർ' നിയമനത്തിനായി നോട്ടിഫിക്കേഷൻ നം.C-DIT/Admin-HRD 08/2017 നമ്പറായി 01.07.2017-ൽ അപേക്ഷ ക്ഷണിച്ചു പ്രസ്തുത തസ്തികയുടെ യോഗ്യത B.Tech (Computer Science/IT/MCA Degree holders with 2 years experience in P.H.P Programming) എന്നതാണ്. അപേക്ഷ ക്ഷണിച്ചതിന് ശേഷം അന്നത്തെ സി-ഡിറ്റ് രജിസ്ട്രാർ തസ്തിക യുടെ യോഗ്യത B.Tech Degree in any Discipline 2 years experience in P.H.P Programming എന്ന് തിരുത്തുകയുണ്ടായി. തുടർ ന്ന് 20.08.2017-ൽ സി-ഡിറ്റ് മെയിൻ ക്യാമ്പസിൽ വച്ച് ഇന്റർവ്യൂ നടത്തുകയും ശ്രീ.മിഥുൻരാജ്, ശ്രീ.ക്രിസ്റ്റോ ജോയ് വർഗ്ഗീസ് എന്നീ രണ്ട് ഉദ്യോഗാർത്ഥികളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. 1-ാം റാങ്ക് നേടിയ മിഥുൻരാജിന് B.Tech ECE Degreeയും, MATLAB Software-ൽ പ്രവർത്തി പരിചയവും ആണ് ഉണ്ടായിരുന്നത്. ടിയാന് PHP programme-ൽ ഉള്ള പ്രവൃത്തിപരിചയം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. 'ദ്രുപാൽ PHP Developer' തസ്തികയിൽ തിരഞ്ഞെടുക്കപ്പെട്ട മിഥുൻരാജിനും, ക്രിസ്റ്റോ ജോയ് വർഗ്ഗീസിനും PHP Programming-ന് സാങ്കേതിക ജ്ഞാനം ഇല്ലായെന്ന് പ്രസ്തുത തസ്തികയുടെ നിയമനം റദ്ദാക്കി വീണ്ടും അപേക്ഷ ക്ഷണിക്കുകയോ, തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ ട്രെയിനിംഗ് നൽകുകയോ ചെയ്യണമെന്ന് സി-ഡിറ്റിലെ സാങ്കേതിക വിദഗ്ദ്ധർ 'ദ്രുപാൽ PHP Developer' നിയമന ഫയലിൽ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. മൂന്ന് മാസങ്ങൾക്ക്ശേഷം സി-ഡിറ്റിൽ PHP Programmer തസ്തികയിലേക്ക് നോട്ടിഫിക്കേഷൻ നം.C-DIT/Admin -HRD 10/2017 നമ്പറായി 13.11.2017-ൽ അപേക്ഷ ക്ഷണിച്ചു പ്രസ്തുത തസ്തികയുടെ യോഗ്യത B.Tech(Computer

Science/IT/MCA/M.Sc. Computer Science Degree or equivalent and 2 years experience in P.H.P Programming എന്നതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം ആനുകാലിക മാധ്യമങ്ങളിൽ പുറപ്പെടുവിച്ചതായി ഫയലിൽ കാണുന്നു. തുടർന്ന് പ്രസ്തുത തസ്തികയുടെ യോഗ്യതയിലെ 2 വർഷത്തെ PHP Programming എന്നത് PHP Programming പ്രവൃത്തി പരിചയം എന്ന് ഇളവു വരുത്തുകയുണ്ടായി. വീണ്ടും 13.12.2017-ൽ നോട്ടിഫിക്കേഷൻ നം. C-DIT/Admin -HRD 11/2017 നമ്പറായി പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ B.Tech Degree in any Discipline & experience in PHP Programming എന്ന് ഭേദഗതി വരുത്തി. പ്രസ്തുത തസ്തികയുടെ തെരഞ്ഞെടുപ്പിനായി 30.12.2017-ൽ എഴുത്തു പരീക്ഷയും 14.02.2018-ൽ skill test -ും നടത്തി. 23.02.2018-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി 'ദ്രുപാൽ PHP Developer' തസ്തികയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കുകയും വിദഗ്ധ സമിതി PHP Programm-ൽ സാങ്കേതിക പരിജ്ഞാനം ഇല്ലായെന്ന് വിലയിരുത്തിയ മിഥുൻരാജ് പനയറകുന്ന്, ബാലരാമപുരം എന്ന ഉദ്യോഗാർത്ഥി തന്നെ PHP Programmer തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്കുകാരനായി ഉൾപ്പെടുകയും നിയമനം നേടുകയും ചെയ്തിട്ടുണ്ട്. PHP Programm-ൽ പ്രവൃത്തി പരിചയം ഇല്ലാത്ത മിഥുൻരാജ് എന്ന ഉദ്യോഗാർത്ഥിക്കുവേണ്ടി യോഗ്യതയിലും പ്രവൃത്തി പരിചയത്തിലും ഇളവ് വരുത്തി തെരഞ്ഞടുത്തതായി സംശയിക്കേണ്ടിയിരിക്കുന്നു. തുടർന്ന് നൽകിയ മറുപടിയിൽ മിഥുൻരാജിന്റെ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റിൽ PHP Programm-ൽ പ്രവർത്തി പരിചയം ഇല്ലായിരുന്നു എന്നു മനസ്സിലാക്കി മേൽ നിയമനത്തിന്റെ നിയമസാധുത ഭരണവകുപ്പ് പരിശോധിക്കേണ്ടതും നിയമനം ക്രമരഹിതമെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

**4.2. <u>നിയമനത്തിനായുള്ള പ്രായപരിധിയിലെ ക്രമക്കേടുകൾ:</u>**

കമ്പ്യൂട്ടേഷനൽ ലിംഗ്വിസ്റ്റ് എന്ന തസ്തികയിലെ നിയമനത്തിനായി 2016-ൽ അപേക്ഷ ക്ഷണിച്ചപ്പോൾ ആയതിലേക്കുള്ള യോഗ്യത MA in Linguistic with one year experience in Computational Linguistics or Post Graduate Diploma in Computer Applications എന്നായിരുന്നു. പ്രായപരിധി നിശ്ചയിച്ചിരുന്നത് 3 5 വയസ്സ് എന്നായിരുന്നു. എന്നാൽ പ്രസ്തുത തസ്തികയ്ക്ക് കൃഷ്ണകുമാർ.കെ എന്ന ഉദ്യോഗാർത്ഥിയെ പ്രായം 35 വയസ്സ് കഴിഞ്ഞിട്ടും പി.എച്ച്.ഡി Linguistic 8 വർഷത്തെ പ്രവർത്തി പരിചയം എന്നിവ ഉണ്ടെന്ന കാരണത്താൽ ഇന്റർവ്യൂവിന് ക്ഷണിക്കുകയുണ്ടായി. പത്രപരസ്യത്തിൽ പി.എച്ച്.ഡി ഉള്ളവർക്ക് പ്രായപരിധിയിൽ ഇളവോ തസ്തികയുടെ ശമ്പളമോ ഒന്നും തന്നെ വ്യക്തമായി പ്രസിദ്ധീകരിക്കാതെയാണ് ഇപ്രകാരം ടി ഉദ്യോഗാർത്ഥിയെ അഭിമുഖത്തിന് ക്ഷണിച്ചത്. പി.എച്ച്.ഡി യുടെയും പ്രവൃത്തിപരിചയത്തിന്റെ പേരിലും ഇന്റർവ്യൂവിന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ.കൃഷ്ണകുമാർ.കെ എന്ന ഉദ്യോഗാർത്ഥിക്ക് അഭിമുഖം നടത്തിയ വിദഗ്ധ സമിതി Linguistic-ൽ സാങ്കേതിക പരിജ്ഞാനം ഇല്ലായെന്നും കമ്പ്യൂട്ടേഷനൽ Linguistic തസ്തികയ്ക്ക് തീർത്തും യോഗ്യനല്ലായെന്നും ഇന്റർവ്യൂ ഷീറ്റിൽ അഭിപ്രായപ്പെടുത്തുകയുണ്ടായി. എങ്കിലും ടിയാനെ അതേ പത്രപരസ്യത്തിലുണ്ടായിരുന്ന അനോട്ടേറ്റർ എന്ന തസ്തികയുടെ നിയമനത്തിനായി പരിഗണിക്കുകയുണ്ടായി. ഇപ്രകാരം പ്രായപരിധിയിൽ ഇളവുകളും യോഗ്യതകളും വിജ്ഞാപനത്തിൽ ഉൾപ്പെടുത്താതെ പരസ്യം ചെയ്യുമ്പോൾ അർഹരായ നിരവധി ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുകയാണുണ്ടായത്. ഇത്തരത്തിൽ ക്രമവിരുദ്ധമായി നിയമനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നുവെന്ന് ഉറപ്പ വരുത്തുന്നതിനുള്ള നിർദ്ദേശം ഭരണ വകുപ്പ് നൽകേണ്ടതാണ്.

**4.3. <u>റാങ്ക് ലിസ്റ്റിലെ തിരിമറി</u>**

07.09.2016-ലെ നം.C-DIT/Admin-HR/2016 നമ്പർ വിജ്ഞാപനമനുസരിച്ച് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയ്ക്ക് 12.11.2016-ൽ ഇന്റർവ്യൂ നടത്തുകയും 30.11.2016-ൽ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ പേരും, മാർക്കും, ഇന്റർവ്യൂ ബോർഡ് നൽകിയ റാങ്കും ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര് | എഴുത്തു പരീക്ഷയുടെ മാർക്ക് (30 ൽ) | എഴുത്തു പരീക്ഷയുടെ മാർക്ക് (80ൽ) | ഇന്റർവ്യൂ (20ൽ) | ആകെ മാർക്ക് | റാങ്ക് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | അജിത്.പി | 16 | 42.6 | 8 | 50.6 | 3 |
| 2 | അതീഷ്.കെ | 12 | 32 | 14 | 46 | 1 |
| 3 | മാജിഫ്.പി.വി | 16 | 42.6 | 10 | 52.6 | 2 |
| 4 | രാഹുൽ.ജെ | 9 | 24 | 4 | 28 | 4 |

**പട്ടിക : 6**

മേൽ കാണിച്ചിരിക്കുന്ന റാങ്ക് ലിസ്റ്റിൽ 52.6 മാർക്ക് കരസ്ഥമാക്കി ഒന്നാം സ്ഥാനത്തെത്തിയ മാജിഫ്.പി എന്ന ഉദ്യോഗാർ ത്ഥിയെ 2-ാം റാങ്കുകാരനായി 50.6 മാർക്കു നേടി രണ്ടാം സ്ഥാനത്തെത്തിയ അജിത്.പി എന്ന ഉദ്യോഗാർത്ഥിയെ മൂന്നാം റാങ്കുകാരനായും 46 മാർക്കു നേടി മൂന്നാം സ്ഥാനത്തെത്തിയ അതീഷ്.കെ എന്ന ഉദ്യോഗാർത്ഥിയെ ഒന്നാം റാങ്കുകാരനായും ഇന്റർവ്യൂ ബോർഡ് ഉൾപ്പെടുത്തുകയും അപ്രകാരം തന്നെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ധനകാര്യ പരിശോധനാ വിഭാഗം ഇപ്രകാരം തെറ്റായ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ റാങ്ക് പട്ടികയിലുള്ള എല്ലാ റാങ്കുകാർക്കും ഒരു പോലെ സി-ഡിറ്റിന്റെ വിവിധ പ്രോജക്ടുകളിൽ അവസരം നൽകിയതിനാലാണ് തെറ്റായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് പിന്നീട് റദ്ദ് ചെയ്യാതിരുന്നത് എന്ന മറുപടിയാണ് നൽകിയത്. പ്രസ്തുത ഇന്റർവ്യൂ നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. ശ്രീ.ജി.ജയരാജ് - മുൻ രജിസ്ട്രാർ, സി-ഡിറ്റ് (വിരമിച്ചു)
2. ശ്രീ.എൻ.ജയരാജ് - സയന്റിസ്റ്റ് C, (KSITM-ൽ ഡെപ്യൂട്ടേഷനിൽ)
3. ശ്രീ. ലാൽ മോഹൻ.വി, - HOD (TS&SA), സി-ഡിറ്റ് (Marketing Executive)
4. ശ്രീ.അരുന്നത്, - റ്റീം ലീഡർ, സെർവർ മാനേജ്മെന്റ് റ്റീം, വെബ് സർവ്വീസസ്, സി-ഡിറ്റ് (സിസ്റ്റം അഡ്മിനിസ്ട്രേറ്റർ)

റാങ്ക് ലിസ്റ്റിൽ ഇപ്രകാരം ക്രമക്കേട് നടത്തിയ ഇന്റർവ്യൂ ബോർഡംഗങ്ങളെ സിഡിറ്റിലോ, മറ്റു സ്ഥാപനങ്ങളിലോ ഇന്റർവ്യൂ ബോർഡംഗങ്ങളായി നിയമിക്കുന്നതിൽ വിലക്ക് ഏർപ്പെടണമെന്നതിനും ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**4.4. <u>താൽകാലിക തസ്തികകളുടെ നിയമനങ്ങൾക്ക് ശമ്പളം നിശ്ചയിക്കുന്നതിൽ വ്യത്യാസം</u>**

സി-ഡിറ്റിൽ താൽകാലിക നിയമനങ്ങൾക്കായുള്ള തസ്തികകളുടെ വിജ്ഞാപനം പത്രത്തിലോ വെബ്സൈറ്റിലോ പ്രസിദ്ധീകരിക്കുമ്പോൾ പ്രസ്തുത തസ്തികകളുടെ ശമ്പള സ്കെയിലോ ശമ്പളമോ വിശദീകരിക്കാറില്ല. പകരം ഇന്റർവ്യൂ സ്കിൽ ടെസ്റ്റ് എന്നിവ നടത്തിയശേഷം രജിസ്ട്രാറോ ഡയറക്ടറോ ശമ്പളം നിശ്ചയിക്കുന്നതായിട്ടാണ് വ്യത്യസ്ത റിക്രൂട്ട്മെന്റുകളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്താനായിട്ടുള്ളത്. ഒരു വർഷം വ്യത്യസ്ത വിജ്ഞാപനം വഴി സമാന തസ്തികകൾക്ക് വ്യത്യസ്ത ശമ്പളം വ്യക്തിപരമായ പരിഗണനകളുടെ അടിസ്ഥാനത്തിൽ നൽകി വരുന്നതായി കാണുന്നു. നം.120/RA/HRD/C-DIT/2017 ഫയൽ പരിശോധിച്ചപ്പോൾ വെബ് & സോഷ്യൽ മീഡിയ പ്രോജക്ടിന് കണ്ടന്റ് എഡിറ്ററായും കണ്ടന്റ് ഡെവലപ്പർ ആയും യഥാക്രമം തെരഞ്ഞെടുക്കപ്പെട്ട ശ്രീ. രതീഷ്.കെ, ശ്രീ. സുദീപ്.ജെ. സലിം എന്നിവർക്ക് 35,000/- രൂപയും ശമ്പളത്തിന്റെ 50%-ൽ കുറയാത്ത ഇൻസെന്റീവും ശ്രീസുദീപ്.ജെ.സലീമിന് 31,500/- രൂപയും ശമ്പളത്തിന്റെ 50%-ൽ കുറയാത്ത ഇൻസെന്റീവും രജിസ്ട്രാർ നിശ്ചയിച്ചതായി കാണുന്നു എന്നാൽ ഇത്രയും തുക ശമ്പളമായി

നൽകുന്നതായി വിജ്ഞാപനത്തിൽ കാണിച്ചിട്ടില്ലായിരുന്നു. സമാന കാലയളവിൽ കണ്ടന്റ് എഡിറ്റർ, കണ്ടന്റ് ഡെവലപ്പർ തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് 25,000/- രൂപയിൽ താഴെ മാത്രമാണ് ശമ്പളമായി നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം സമാന തസ്തികകൾക്ക് വ്യത്യസ്ത ശമ്പളം നൽകുന്നത് അനീതിയും, സ്വജനപക്ഷപാതവുമായി കണക്കാക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ശമ്പളം നിശ്ചയിക്കുന്നത് തുടർന്നു വരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണം നേടുന്നതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ സി-ഡിറ്റിൽ തുടർന്നു വരുന്ന നിയമനങ്ങൾക്കുള്ള വിജ്ഞാപനങ്ങളിൽ തസ്തികയുടെ യോഗ്യതയോടൊപ്പം ശമ്പളമോ, ശമ്പള സ്കെയിലോ രേഖപ്പെടുത്തേണ്ടതും അപ്രകാരം നിശ്ചയിക്കപ്പെടുന്ന ശമ്പള വ്യവസ്ഥകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. വ്യക്തമായി യോഗ്യതയും, ശമ്പളവും വിജ്ഞാപനത്തിൽ പ്രസിദ്ധീകരിക്കുന്നതുവഴി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിനും ജോലി കരസ്ഥമാക്കുന്നതിനും സാധിക്കുന്ന സാഹചര്യം ഉണ്ടാകുന്നതാണ്.

4.5 <u>വിവിധ തസ്തികകളിലേക്കുള്ള യോഗ്യതാ നിർണ്ണയ രീതിയിലെ അപാകത സംബന്ധിച്ച്</u>

സി-ഡിറ്റ് സർവ്വീസ് ചട്ടം അദ്ധ്യായം 2 ഖണ്ഡിക 2.3 പ്രകാരം രജിസ്ട്രാർ, ഡയറക്ടർ തസ്തികകൾ ഒഴികെയുള്ള മറ്റെല്ലാ തസ്തികകളിലേക്കുള്ള നിയമന യോഗ്യത നിശ്ചയിക്കുന്നതിനുള്ള അധികാരം സി-ഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. കൂടാതെ ടി യോഗ്യതകൾ യഥാസമയം സർക്കാരിൽ സമർപ്പിച്ച് അംഗീകാരം നേടിയിരിക്കണം എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ സി-ഡിറ്റിൽ നടത്തുന്ന വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ യോഗ്യത നിശ്ചയിക്കുന്നത് രജിസ്ട്രാറിന്റെ തീരുമാന പ്രകാരമാണെന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. 12.08.2015 ലെ GO(Ms) No.11/2015/I&PRD ഉത്തരവ് പ്രകാരം സി-ഡിറ്റ് റൂൾസ് & റെഗുലേഷൻസിൽ വരുത്തിയ ഭേദഗതിക്ക് അനുസൃതമായാണ് മേൽ രീതി അവലംബിക്കുന്നത് എന്നാണ് സി-ഡിറ്റ് നൽകിയിരിക്കുന്ന വിശദീകരണം.

പ്രസ്തുത ഭേദഗതി പ്രകാരം സി-ഡിറ്റിലെ ഡയറക്ടർ തസ്തികയൊഴികെയുള്ളവയിലെ നിയമനം, പോസ്റ്റിംഗ്, സ്ഥലംമാറ്റം, അച്ചടക്ക നടപടി എന്നിവയുൾപ്പെടെയുള്ള ഭരണപരമായ കാര്യങ്ങളുടെ ചുമതല രജിസ്ട്രാറിൽ നിക്ഷിപ്തമാക്കിയിരുന്നു. എന്നാൽ വിവിധ തസ്തികകളിലേക്കുള്ള നിയമന യോഗ്യത നിശ്ചയിക്കുന്നതിനുള്ള അധികാരം നിഷ്കർഷിക്കുന്ന മേൽ പ്രതിപാദിച്ച സി-ഡിറ്റ് സർവ്വീസ് ചട്ടം (ഖണ്ഡിക 2 . 3 ) ഭേദഗതി ചെയ്യപ്പെടാതെ നിലനിൽക്കുന്നതിനാൽ നിലവിൽ സി-ഡിറ്റിൽ തുടർന്നു വരുന്ന യോഗ്യതാ നിർണ്ണയം സംബന്ധിച്ച രീതി ചട്ട വിരുദ്ധമാണ്

വിവിധ പ്രോജക്ടുകൾക്കുള്ള കരാർ നിയമനങ്ങളുടെ പരിശോധനയിൽ നിന്നും യോഗ്യതകൾക്ക് പ്രത്യേക വിശദീകരണം കൂടാതെ അടിക്കടി ഭേദഗതി വരുത്തുന്നതായും, വിജ്ഞാപനം പുറപ്പെടുവിച്ച് ദിവസങ്ങൾ പിന്നിട്ട ശേഷവും യോഗ്യതയിൽ ഭേദഗതി വരുത്തി പുനർവിജ്ഞാപനം പുറപ്പെടുവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവണത തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യതയെ ദോഷകരമായി ബാധിക്കുന്നതും സ്വജനപക്ഷപാതത്തിന് വഴിവയ്ക്കുന്നതുമാണ്.

ടി സാഹചര്യത്തിൽ വിവിധ തസ്തികകൾക്കുള്ള കരാർ നിയമന തെരഞ്ഞെടുപ്പിനായി യോഗ്യത നിർണ്ണയിക്കുന്നതിനുള്ള അധികാരം രജിസ്ട്രാറിൽ മാത്രം പരിമിതപ്പെടുത്താതെ രജിസ്ട്രാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധൻ, ബന്ധപ്പെട്ട വകുപ്പ് പ്രതിനിധി എന്നിവരടങ്ങിയ ഒരു സമിതിയിൽ നിക്ഷിപ്തമാക്കുന്നതാണ് ഉചിതം. കൂടാതെ ടി യോഗ്യതകൾ സംബന്ധിച്ച വിശദാംശങ്ങൾ സി-ഡിറ്റ് യഥാസമയം സർക്കാരിൽ സമർപ്പിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതാണ്.

**4.6. <u>അനധികൃതമായി CSIR/ICAR/UGC സ്കെയിൽ അനധികൃതമായി ശമ്പളം നൽകുന്നത് - സംബന്ധിച്ച്</u>**

16.06.2020 ലെ GO(Ms)No.15/2020/ITD നമ്പർ സർക്കാർ ഉത്തരവ് രജിസ്ട്രാറുമാർ ഗവേർണിംഗ് ബോഡിയെയും സർക്കാരിനെയും തെറ്റിദ്ധരിപ്പിച്ച് നേടിയതാണെന്ന് അന്വേഷണത്തിൽ കണ്ടെത്തി. CSIR/UGC സ്കെയിലിൽ ചില ജീവനക്കാർ ശമ്പളം കൈപ്പറ്റുന്നതിനോടൊപ്പം കേരള സംസ്ഥാന സർക്കാരിന്റെ സേവന വേതന വ്യവസ്ഥകൾക്ക് വിധേയമായി **ആർജ്ജിത അവധിയും സറണ്ടർ ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് സി-ഡിറ്റിലെ CSIR/UGC ശമ്പള സ്കെയിൽ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി** കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപറേഷന്റെ സ്പോൺസറിംഗിൽ സി-ഡിറ്റ് 15.12.1988-ൽ ആരംഭിക്കുമ്പോൾ 11.05.1990 തീയതിയിലെ GO(Ms)No.14/90/CAD ഉത്തരവ് പ്രകാരം 6 കോർ ഗ്രൂപ്പ് തസ്തികകൾ മാത്രമാണ് സൃഷ്ടിച്ചത് കോർ ഗ്രൂപ്പ് തസ്തികകളുടെ പ്രസ്തുത തസ്തികകളുടെ സേവന വേതന വ്യവസ്ഥകൾ ശാസ്ത്ര സാങ്കേതിക (എ) വകുപ്പിന്റെ **06.12.1987**-ലെ G.O(Ms)No.30/87/S&TD ഉത്തരവനുസരിച്ച് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകരിച്ച കോർ ഗ്രൂപ്പ് ഉദ്യോഗസ്ഥരെ സഹായിക്കുവാൻ സി-ഡിറ്റിൽ ദിവസവേതനക്കാരെയും താൽക്കാലിക ജീവനക്കാരെയും നിയമിച്ചിരുന്നു 1990 മുതൽ സർക്കാരിനും ചലച്ചിത്ര വികസന കോർപറേഷനും ആവശ്യമായ പ്രോഗ്രാമുകൾ തയ്യാറാക്കി നൽകുവാൻ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരെ ഡെപ്യൂട്ടേഷൻ വഴി നിയമിച്ചിരുന്നു.

അവരെ സഹായിക്കുവാൻ താത്കാലികമായി തിരഞ്ഞെടുക്കപ്പെട്ട കരാർ ജീവനക്കാർക്ക് കേന്ദ്ര സർക്കാരിലെ ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ വേതനത്തിന് അനുസൃതമായി കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (CSIR) നിരക്കിലുള്ള ദിവസ വേതനം തെറ്റായി നൽകിവരുന്നു സി-ഡിറ്റ് രജിസ്ട്രാറുടെ പലപ്പോഴായുള്ള ശിപാർശ പ്രകാരം ഒരു കീഴ്‌വഴക്കം പോലെ തുടർന്ന് വരുന്ന മറ്റ് താത്കാലിക നോൺ ടെക്നിക്കൽ സ്റ്റാഫുകൾക്കും CSIR/ICAR/UGC സ്കെയിലിലുള്ള ശമ്പളം നല്കിവന്നിരുന്നു ടി ഉത്തരവ് പ്രകാരം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കീഴിലുള്ളR&D സെന്ററുകളിലെ ശാസ്ത്ര-ശാസ്ത്രേതര ജീവനക്കാരുടെ സേവന വേതനങ്ങൾ ചുവടെ ചേർക്കും വിധമാണ്

*പാരാ 3(i) പ്രകാരം ശാസ്ത്രജ്ഞർക്ക് (or equivalent) കേന്ദ്ര സർക്കാരിന് കീഴിലുള്ള CSIR/ICAR/UGC സ്കെയിലുകളിലേതെങ്കിലും സ്കെയിലുള്ള ശമ്പളവും അലവൻസുകളും നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു കൂടാതെ* ***യാതൊരു കാരണവശാലും ഇത്തരം ജീവനക്കാർക്ക് CSIR/ICAR/UGC സ്കെയിലുകളിലുള്ള സേവന വേതനത്തെക്കാൾ കൂടുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുവാൻ പാടില്ലാത്തതുമാകുന്നു.***

*പാരാ 3(iii) പ്രകാരം ഇത്തരം സ്വയം ഭരണ സ്ഥാപനങ്ങളിലെ മറ്റ് ജീവനക്കാർക്ക് സംസ്ഥാന സർക്കാരിന് കീഴിലുള്ള ജീവനക്കാർക്കുള്ള ശമ്പളവും അലവൻസും നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. യാതൊരു കാരണവശാലും* ***സംസ്ഥാന ജീവനക്കാർക്കുള്ള സേവന വേതന വ്യവസ്ഥകളെക്കാൾ കൂടുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുവാൻ പാടില്ലാത്തതുമാകുന്നു.***

*പാരാ 3(iii) പ്രകാരം നിലവിൽ നോൺ സയന്റിഫിക് കേഡറിൽ CSIR/ICAR/UGC /Central Govt സ്കെയിൽ ഓഫ പേ വാങ്ങി വരുന്ന ജീവനക്കാരെ പ്രത്യേക കേസായി പരിഗണിച്ച് ശമ്പളവും അലവൻസുകളും നൽകേണ്ടതാണെന്നും* ***ഭാവിയിലുണ്ടാകുന്ന നിയമനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ അനുവാദത്തോടെ സേവനവേതന വ്യവസ്ഥകൾ നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നു".***

GO(Ms)No.14/90/CAD dated 11.05.1990, GO(Ms)No.30/87/S&TD dated 06.12.1987 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് സി-ഡിറ്റിൽ രജിസ്ട്രാർ ഉൾപ്പെടെയുള്ള 6 കോർ ഗ്രൂപ്പ് തസ്തികകൾക്കും ശാസ്ത്രജ്ഞർക്കും മാത്രമാണ് CSIR/ICAR/UGC/Central Government സ്കെയിൽ നൽകേണ്ടതുള്ളൂ. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന്റെ പ്രവർത്തനങ്ങളുടെ സഹായത്തിനായി അവരുടെ സ്പോൺസറിംഗിൽ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് തികച്ചും ഐ.ടി. അധിഷ്ഠിത സേവനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതിനാലും

സി-ഡിറ്റിൽ ഗവേഷണങ്ങൾ യാതൊന്നും നടക്കാത്തതിനാലും 6 കോർ ഗ്രൂപ്പ് തസ്തികകളിലുള്ള ജീവനക്കാർക്ക് മാത്രം CSIR/ICAR/UGC/Central Government/ പേ സ്കെയിൽ നൽകേണ്ടതുള്ളൂ.

സി-ഡിറ്റിൽ CSIR സ്കെയിലിലുള്ള തസ്തികകൾ ഉൾപ്പെടുന്ന സ്റ്റാഫ് പാറ്റേൺ 1990 മുതൽ നടപ്പിലാക്കുകയും 11.05.1990-ലെ GO(Ms) No.14/90/CAD നമ്പർ ഉത്തരവു പ്രകാരം സർക്കാർ ഇത് അംഗീകരിച്ചിട്ടുമുണ്ട് രജിസ്ട്രാർ തസ്തികയും കൂടാതെ 5 സ്ഥിരം തസ്തികകളും ഉൾപ്പെടുന്ന കോർ ഗ്രൂപ്പ് കേന്ദ്ര നിരക്കിൽ ഇങ്ങനെ അംഗീകരിച്ചതാണ് ആ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേന്ദ്ര നിരക്കിലുള്ള ശമ്പളത്തിൽ ജോലി നോക്കിയിരുന്നതിനാലാണ് CSIR നിരക്കിലുള്ള വേതനം നൽകിയത്. അന്ന് താത്കാലിക ജീവനക്കാരായിരുന്നവർക്കെല്ലാം CSIR നിരക്കിൽ ശമ്പളം നൽകിയത് 06.12.1987-ലെ **GO(Ms) No.30/87/ശാ.സാ.വ** എന്ന സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ചിട്ടാണ്. കേന്ദ്ര സർക്കാരിന്റെ പ്രോജക്ടിൽ ജോലി ചെയ്യുന്ന ശാസ്ത്ര സാങ്കേതിക വിഭാഗത്തിൽപ്പെടാത്ത എന്നാൽ Science and Development Communication രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കും (ഉദ: വീഡിയോ പ്രൊഡ്യൂസർ, എഡിറ്റർ, ക്യാമറാമാൻ തുടങ്ങിയവ) കേന്ദ്ര നിരക്കിൽ തന്നെയാണ് ശമ്പളം നിശ്ചയിച്ചിരുന്നത്. അന്ന് സയന്റിസ്റ്റ് വിഭാഗമല്ലാത്ത താത്കാലിക ജീവനക്കാരായിരുന്നവർക്കെല്ലാം CSIR നിരക്കിൽ ശമ്പളം നൽകിയത് ഗുരുതര പിഴവാണ്. ഈ പ്രോജക്ടുകൾ അവസാനിച്ചപ്പോൾ തുടർന്ന് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും പ്രോജക്ടുകൾ സി-ഡിറ്റ് ഏറ്റെടുക്കുകയും ഈ ജീവനക്കാർ തന്നെ CSIR നിരക്കിൽ ശമ്പളം വാങ്ങി കൊണ്ടു വിവിധ സേവനങ്ങൾ നൽകി വരുകയും ചെയ്തു.

1.10.2000 മുതൽ പ്രാബല്യത്തിൽ സർക്കാർ അംഗീകാരത്തോടെ സി-ഡിറ്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ ഇതിൽ CSIR സ്കെയിൽ ശമ്പളം വാങ്ങിച്ചു കൊണ്ടിരുന്ന 17 ജീവനക്കാരും ഉൾപ്പെട്ടിരുന്നു. അവർ താത്കാലിക തസ്തികകളിൽ വാങ്ങിച്ചിരുന്ന സി.എ.സ്.ഐ.ആർ സ്കെയിലുകൾ തന്നെ ഇവർക്ക് സ്ഥിരം തസ്തികകളിൽ അനുവദിച്ചു കൊടുത്തിരുന്നു. നിലവിൽ സി-ഡിറ്റിൽ CSIR/UGC സ്കെയിലിൽ ശമ്പളം കൈപ്പറ്റുന്ന 1 2 ജീവനക്കാരുണ്ട്.(06/12/87-ലെ സർക്കാർ ഉത്തരവ് പ്രകാരം)

1990 ൽ സി-ഡിറ്റിന് CSIR അംഗീകാരം ലഭിച്ചുവെങ്കിലും സി-ഡിറ്റിൽ യാതൊരു ഗവേഷണവും നടക്കുന്നില്ല. ഗവേഷണ സ്ഥാപനമെന്ന് അംഗീകാരം നേടുന്നത് Income Tax Act Section 35 പ്രകാരമുള്ള കസ്റ്റംസ് ഡ്യൂട്ടി ഇളവിനു വേണ്ടിയാണെന്ന മറുപടിയാണ് ഗവേഷണത്തെ സംബന്ധിച്ച് സി ഡിറ്റിൽ നിന്ന് ലഭിച്ചത്. സി-ഡിറ്റിൽ **Social Science വിഷയങ്ങളിലും പി.ജി. ബിരുദമുള്ളവർക്ക് സയന്റിസ്റ്റ് തുല്യ തസ്തികയും സ്കെയിലും അനുവദിച്ചിട്ടുണ്ട്** അക്കാദമിക് തസ്തികകൾ ക്ക് UGC മാനദണ്ഡപ്രകാരമുള്ള കേന്ദ്ര നിരക്ക് അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി ശ്രീ. ടി പി സുധാകരൻ, ഫീൽഡ് ഓഫീസർ എന്ന തസ്തികയിൽ നോൺ ടെക്നിക്കൽ സ്റ്റാഫായി ജോലിയിൽ പ്രവേശിക്കുകയും നിലവിൽ സയന്റിസ്റ്റ് ബി കേഡറിൽ ഫീൽഡ് ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു. ടിയാന് പ്രീ ഡിഗ്രി വിദ്യാഭ്യാസം മാത്രമേയുള്ളുവെന്ന് സർക്കാർ ഉത്തരവിൽ പറയുന്നു. സർവീസ് ബുക്ക് പരിശോധിച്ചപ്പോൾ പ്രീഡിഗ്രിയും വിദൂര വിദ്യാഭ്യാസം വഴിയുള്ള പി.ജി-യും സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ആരും പ്രസ്തുത പേജ് സാക്ഷ്യപ്പെടുത്തി അംഗീകാരം നൽകിയിട്ടില്ല. ടിയാന്റെ ഡിഗ്രി സംബന്ധിച്ചു സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല 2003 ലെ സി-ഡിറ്റ് രജിസ്ട്രാർ സർക്കാരിനെയും ഗവേർണിംഗ് ബോഡിയെയും തെറ്റിദ്ധരിപ്പിച്ചാണ് ടിയാനുൾപ്പെടുന്ന നോൺ ടെക്നിക്കൽ/ നോൺ സയന്റിസ്റ്റ് സ്റ്റാഫുകൾക്ക് GO(Ms) No.30/87/S&TD dated 06.12.1987 എന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി CSIR സ്കെയിൽ നൽകി ടിയാനെ സയന്റിസ്റ്റ് ബി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

**സി-ഡിറ്റിൽ CSIR/UGC സ്കെയിലിൽ ശമ്പളം കൈപ്പറ്റിയ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

| Sl.No. | Name of employees | Post | Present Designation | Qualification | Remuneration | REMARKS OF FINANCE DEPARTMENT |
|---|---|---|---|---|---|---|
| 1 | Ramesh.V | Editor | Editor<br><br>Scientist/Producer-C | B.Sc Chemistry<br><br>Diploma in Cinema from FTII, MA (Journalism & Mass communication (in 2000) | 15600-39100+GP 6600 | Not Qualified as per CSIR<br><br>norms |
| 2 | Manoj Krishnan | Programme Co-ordinator | Scientist-C | MA (English) $2^{nd}$ class PGDSDC | 15600-39100+GP6600 | Not Qualified as per CSIR norms and belongs to non<br><br>scientific category |
| 3 | Damodar Prasad on LWA from | Programme co-ordinator | Scientist-B | MA(Literature) $2^{nd}$ class, Diploma in Journalism &communication, PG Diploma in Science and Communication | 15600-39100+GP5400 | Not Qualified as per CSIR norms and belongs to non<br><br>scientific category |
| 4 | Renjith K.S | Programme co-ordinator | Scientist-C | B.Com, M.Com PG Diploma in Science and Communication | 15600-39100+GP 6600 resigned | Not Qualified as per CSIR norms and belongs to non<br><br>scientific category |
| 5 | Jacob George | Research Associate | Project Associate/Scientist | B.Sc Zoology($2^{nd}$ class)<br><br>M.Sc Zoology($1^{st}$ class) | 15600-39100+GP 6600 | Requirement of research activities l in CDIT in the field of Zoology ambiguous |

| | | | | | | |
|---|---|---|---|---|---|---|
| 6 | Binapaul Venu gopal | Senior Edit or | Senior Editor | BA Psychology<br><br>Diploma in Film making with editi ng (FTII Pune) | 15600-39100+GP 7 600 | Not Qualified as per CSIR<br><br>norms<br><br>Diploma in Film making is not a s bject in CSIR papers |
| 7 | K.G. Jayan | Sr. Camera man | Sr. Cameraman | MSW 2nd class B.Sc (Chemistry ) Diploma in cin ema (Motion pict ure photography ) (FTII Pune) | 15600-39100+GP 7 600 | Not Qualified as per CSIR<br><br>norms<br><br>Diploma in Cinema is not a subje t in CSIR papers |
| 8 | Mohan Kumar.K | Deputy Dire ctor | Deputy Director (Production)/Sci entist | Bsc(Physics)3rd class MA (Mass Communication) | 37400-67000+GP8 700 | Not Qualified as per CSIR<br><br>norms |
| 9 | T.P.Sudhakar an | Fioeld Offic er | Scientist-B | PDC (at the tim e of appointmen t) MA(Sociology ) acquired subs equently) | 15600-39100+GP 5 400 | Not Qualified as per CSIR<br><br>norms |
| 10 | M.R Mohanac handran | Scientific O fficer | Scientist (Civil)/ Scientist E1 | B.Tech in Civil E ngineering | 15600-39100+GP 7 600 | Requirement of research activitie in CDIT in the field of Civil engineering is<br><br>ambiguous |
| 11 | Saji Narayana n.G | Scientific O fficer | Engineer (Electri cal)/Scientist E1 | M.Sc, B.Tech (El ectrical) | 15600-39100+GP 7 600 | Requirement of research activitie in CDIT in the field of Electrical e gineering is<br><br>ambiguous |
| 12 | Biju.S.B | Scientist-B | Scientiist-C | B.Sc.(Chemistry ), MCA 1st clas s | 15600-39100+GP 6 600 | As reported by CDIT it has not arried out any scientific researcl related to<br><br>Computer engineering so far |

| | | | | | | |
|---|---|---|---|---|---|---|
| 13 | Deepa.N | Scientific Officer | Scientist-C | B.Sc, MCA 1st class with distinction | 15600-39100+GP 7600 | As reported by CDIT it has not arried out any scientific researcl related to Computer engineering so far |
| 14 | Jayaraj.N | Scientist-B | Scientist-C | B.Tech (Electronics & Communication) 1st class | 15600-39100+GP 6600 | As reported by CDIT it has not arried out any scientific researcl related to Computer engineering so far |
| 15 | Dr.Govindaru.V | Scientist-C | Scientist (Geo Informatics)/Scientist-E1 | B.A, M.A, Mphil, Ph.D | 15600-39100+GP 7600 | Requirement of research activiti in CDIT in the field of Geo Infori atics is ambiguous |
| 16 | K.M.Shajahan | Scientist | Scientist-C | Msc(Industrial Fisheries), M.Phil Applied Electronics | 15600-39100+GP 6600 | Requirement of research activiti in CDIT in the field of fisheries i unclear . Details regarding I qualification couldn't be verified as the files were not produced I fore the Finance inspection tear . It is informed that his personal e is with Vigilance department . |
| 17 | P.T. Ajith Kumar | Scientific Officer | Scientist-C Optical image Processing/Resigned in the post of Scientist | MSc (physics) 1st class Ph.d in Physics | 12000-16500 | Requirement of research activities in CDIT in the field of physics is ambiguous |
| 18 | Jayaraj.G | Deputy Director (Projects) | Registrar/Scientist E2 | B.Sc. Engineering | 37400-67000+GP8700 | Not Qualified as per CSIR norms |

| | | | | | | |
|---|---|---|---|---|---|---|
| 19 | P.V. Unnikrishnan | Maintenance Engineer | Joint Director/Scientist G | B.Tech 1st class, M.Tech 1st class with distinction, II rank | 37400-67000+GP 10000 | As reported by CDIT it has not arried out any scientific researcl related to Mechanical engineering so far |

**പട്ടിക : 7**

സി-ഡിറ്റിന്റെ പുതുക്കിയ സ്പെഷ്യൽ റൂൾസ് ഗവേണിംഗ് ബോഡി അംഗീകരിച്ച പ്രകാരം നിലവിൽCSIR/കേന്ദ്ര സ്കെയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ റിട്ടയർമെന്റ് മൂലം ഒഴിവു വരുമ്പോൾ അവയെല്ലാം സ്റ്റേറ്റ് സ്കെയിലിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നിർദ്ദേശമടങ്ങുന്ന സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ പരിഗണനയിലാണ് അർഹതപ്പെട്ട സ്റ്റേറ്റ് സ്കെയിലിനുപരിയായി അനധികൃതമായി CSIR/ICAR/UGCശമ്പളം കൈപ്പറ്റിയ ജീവനക്കാരിൽ നിന്ന് പ്രസ്തുത തുക തിരികെ പിടിക്കേണ്ടതാണ്. ആയതിലേക്കു വേണ്ട നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്

**4.7. <u>സി-ഡിറ്റിൽ ദിവസവേതന ജീവനക്കാർക്കു ആർജ്ജിത അവധി അനുവദിച്ചത്</u>**

സി-ഡിറ്റിൽ 14 ദിവസവേതന ജീവനക്കാരെ 25/03/2000 തീയതിയിലെ No.C-DIT/01/PRO/2000/1336 നടപടിക്രമ പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തിയിരുന്നു. ടി ജീവനക്കാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ സി-ഡിറ്റിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന കാലയളവിലെ ആർജ്ജിത അവധി തെറ്റായി അനുവദിച്ചു നൽകിയതായി കണ്ടെത്തി. ദിവസ വേതനക്കാർക്ക് ആർജ്ജിത അവധി അനുവദിച്ചതിന് സി-ഡിറ്റ് നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു.

സി-ഡിറ്റിന്റെ 44-ാം EC item No.44.3 തീരുമാനപ്രകാരം 54 കരാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും 14 ദിവസ വേതന ജീവനക്കാർക്ക് കൂടി കുടിശ്ശിക ഒഴിവാക്കി നൽകുവാൻ തീരുമാനിച്ചിരുന്നുവെന്നും ഇത്തരത്തിൽ സ്ഥിരപ്പെടുത്തുന്നതിനെതിരെ നൽകിയ ഹർജിയിന്മേൽ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് ബഹു.ഹൈക്കോടതി 27.10.1999 ലെ OP No.10861/93 പ്രകാരം സിംഗിൾ ജഡ്ജിന്റെ വിധിന്യായം വെക്കേറ്റ് ചെയ്തിട്ടുള്ളതാണെന്നും സി-ഡിറ്റ് അറിയിച്ചു .

ഈ വിഭാഗത്തിൽ 13 പേരിൽ 8 പേർ ആനുകൂല്യം കൈപ്പറ്റി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് ഇതു കൂടാതെ 06/06/2015-ലെ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരിൽ 17 പേർക്ക് കൂടി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന കാലയളവിലെ ആർജ്ജിത അവധി അനുവദിച്ചിരുന്നു.

സർവീസ് റൂളുകൾക്ക് വിരുദ്ധമായി ദിവസവേതനക്കാർക്ക് പ്രസ്തുത കാലയളവിൽ ആർജ്ജിത അവധി നൽകിയത് ക്രമവിരുദ്ധമായതിനാൽ അധികമായി ആർജ്ജിത അവധി ആനുകൂല്യം നേടി സർവീസിൽ തുടരുന്നവരിൽ നിന്ന് അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിയ്ക്കാനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. തുക കൈപ്പറ്റിയില്ലാത്ത ജീവനക്കാരുടെ ആർജ്ജിത അവധി അക്കൗണ്ടിൽ നിന്ന് ദിവസവേതന കാലത്തെ അധികമായി നേടിയ ആർജ്ജിത അവധി കുറവ് ചെയ്യുവാൻ വേണ്ട നടപടികൾ സിഡിറ്റ് രജിസ്ട്രാർ സ്വീകരിക്കേണ്ടതാണ്.

**4.8. <u>സി-ഡിറ്റിലെ ഗവേഷണ പ്രവർത്തനങ്ങൾ</u>**

ഇപ്പോൾ ഇലക്ട്രോണിക് രംഗത്തും ശാസ്ത്ര സാങ്കേതിക രംഗത്തും സിഡിറ്റ് ഗവേഷണ പ്രവർത്തനങ്ങൾ ചെയ്യുന്നില്ല- അതിനാലാണ് ശാസ്ത്ര സാങ്കേതിക വകുപ്പുകളിൽ നിന്നും ഗ്രാന്റിന് അപേക്ഷിക്കുകയോ അത് ലഭിക്കുകയോ ചെയ്യാത്തത 1997 മുതൽ സിഡിറ്റിന്റെ മുഖ്യ പ്രവർത്തന മേഖല ഇൻഫർമേഷൻ ടെക്നോളജിയിലാണ് കേന്ദ്ര ഇലക്ട്രോണിക്സ്- ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് (DeitY) ഫണ്ട് ചെയ്തിട്ടുള്ള IIT Hyderabad ന്റെ നേതൃത്വത്തിലുള്ള Tree Bank Project ന്റെ ഭാഗമായി Consortium Project Partner എന്ന നിലയ്ക്ക് മലയാളം കമ്പ്യൂട്ടിംഗ് രംഗത്തെ ഗവേഷണ വികസനത്തിന് സി-ഡിറ്റിന് 2014 മുതൽ 48.76 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ പതിനഞ്ചു വർഷത്തിനുള്ളിൽ ഇത്തരത്തിൽ R&D-ക്കു വേണ്ടി ഗ്രാന്റുകൾ ലഭിച്ചിട്ടില്ല. **സി-ഡിറ്റിൽ ഗവേഷണങ്ങളും ഭൗതിക സാഹചര്യങ്ങളും ഗവേഷകരും, ഗവേഷണ സഹായികളും ഇപ്പോൾ നിലവിൽ ഇല്ല.** UGC ICAR, CSIR എന്നീ സ്ഥാപനങ്ങൾ നാളിതുവരെ സി-ഡിറ്റിന് യാതൊരുവിധ ഗ്രാന്റുകളും നൽകിയിട്ടില്ല. സയന്റിസ്റ്റ്-ബി മുതൽ എഫ് വരെയുള്ള സി-ഡിറ്റിലെ ഉദ്യോഗസ്ഥർ നാളിതുവരെ ഗവേഷണ സംബന്ധിയായ ഒരു പ്രബന്ധമോ, ആർട്ടിക്കിളുകളോ അന്താരാഷ്ട്ര നിലവാരമുള്ള ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാലും ഗവേഷണങ്ങൾ നടത്തിയിട്ടില്ലാത്തതിനാലും സി-ഡിറ്റിൽ CSIR ശമ്പളം അനധികൃതമായി സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് നേടിയതാണെന്ന് തെളിഞ്ഞതിനാലും അർഹതപ്പെട്ട സ്റ്റേറ്റ് സ്കെയിലിനുപരി അനധികൃതമായി CSIR/ICAR/UGCശമ്പളം കൈപ്പറ്റിയ ജീവനക്കാരിൽ നിന്ന് പ്രസ്തുത തുക തിരികെ പിടിക്കേണ്ടതാണ്

നിലവിൽ സി ഡിറ്റ് ഐ ടി അനുബന്ധ പ്രവർത്തനങ്ങളിൽ നിന്ന് ലഭിക്കുന്ന തനത് വരുമാനത്തിൽ നിന്നാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. എന്നാൽ ആദായ നികുതി ഇളവ് സി ഡിറ്റിന് ലഭിക്കണമെങ്കിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനമായി / കമ്പനിയായി പ്രവർത്തിക്കേണ്ടതുണ്ട്. ആയതിലേക്ക് സി-ഡിറ്റിന്റെ ഘടന ചുവടെ കാണിച്ചിരിക്കുന്ന രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിനായി ശുപാർശ ചെയ്യുന്നു .

1 . <u>ഐ ടി / ഐ ടി അനുബന്ധ കമേഴ്സ്യൽ പ്രവർത്തനങ്ങൾക്കായി കമ്പനി ആക്ട് Section 25 പ്രകാരമുള്ള പുതിയ ഒരു കമ്പനി</u>

സി ഡിറ്റിൽ ഐ ടി / ഐ ടി അനുബന്ധ കമേഴ്സ്യൽ പ്രവർത്തനങ്ങൾക്കായി Non Profit company (under section 25 of Company Act 1956 ) പ്രകാരമുള്ള പുതിയ ഒരു കമ്പനി രൂപീകരിക്കുന്നത് അഭികാമ്യമാണ്. മത്സരാധിഷ്ഠിത ടെൻഡർ / ഓർഡറുകളിൽ പങ്കെടുക്കുന്നതിനും വാണിജ്യപരമായ ഐ ടി പദ്ധതികളിൽ കൺസൾട്ടൻസി കരാറുകൾ നേടുന്നതിനും ഇത്തരത്തിലുള്ള കമ്പനി സംവിധാനം സി ഡിറ്റിന് അത്യന്താപേക്ഷിതമാണ് .

2 . <u>ഐ ടി / ഐ ടി അനുബന്ധ ഗവേഷണ സ്ഥാപനം</u>

സൊസൈറ്റി ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട നിലവിലുള്ള സി ഡിറ്റിനെ ഗവേഷണ സ്ഥാപനമായി മാത്രം നില നിർത്താവുന്നതാണ്. ഇലക്ട്രോണിക്സ് / കമ്പ്യൂട്ടർ സയൻസ് / ആർട്ടിഫിഷ്യൽ ഇന്റലിജൻസ് /ക്ലൗഡ് കംപ്യൂട്ടിങ് , ബ്ലോക്ക് ചെയിൻ , ബിഗ് ഡേറ്റ അനാലിസിസ് തുടങ്ങിയ നൂതന ഡിജിറ്റൽ സാങ്കേതിക വിഭാഗത്തിൽ ഗവേഷണങ്ങൾ നടത്തുന്നതിനും ഗവേഷണ വിദ്യാർത്ഥികൾക്കുള്ള റിസർച്ച് സെന്റർ / ഫെസിലിറ്റേഷൻ സെന്റർ ആയും പ്രവർത്തിക്കുന്ന രീതിയിൽ നിലവിലെ സി ഡിറ്റിനെ പുനഃസംഘടിപ്പിക്കേണ്ടതാണ്.

## പ്രധാന കണ്ടെത്തലുകൾ

1) സി ഡിറ്റ് രൂപം കൊണ്ടപ്പോൾ 6 കോർ ഗ്രൂപ്പ് തസ്തികകൾ സൃഷ്ടിക്കുകയും പ്രസ്തുത ജീവനക്കാർക്ക് സി എസ് ഐ ആർ നിരക്കിൽ ശമ്പളം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ കോർ ഗ്രൂപ്പിലെ ജീവനക്കാരിൽ പലർക്കും സി എസ് ഐ ആർ മാനദണ്ഡമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത യില്ലാതെ തന്നെ സി എസ് ഐ ആർ സ്കെയിൽ നൽകിയിരുന്നു . പ്രസ്തുത സർക്കാർ നടപടിയുടെ ചുവട് പിടിച്ച് മറ്റ് തസ്തികകളിലും യോഗ്യതയില്ലാത്തവരും ഗവേഷകരല്ലാത്തവരും സി എസ് ഐ ആർ സ്കെയിലിലുള്ള ശമ്പളം തെറ്റായി വാങ്ങി വരുന്നു

2 ) സി-ഡിറ്റിന്റെ 14.01..2000 തീയതിയിൽ കൂടിയ 38-ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയിലെ അജണ്ട നം.38.2..1, 38.2.2 പ്രകാരമാണ് കരാർ ജീവനക്കാരുടെ സേവനം ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് ശമ്പള നിരക്ക് അനുവദിച്ചു നൽകിയിരുന്നു. ഡി.എ, ഹാഫ് പേ ലീവ്, ലീവ് സറണ്ടർ, ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾ മേൽ ജീവനക്കാർക്ക് അനുവദിച്ചിരുന്നു. എന്നാൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഈ തീരുമാനത്തിന് സർക്കാരിന്റെ ക്രമീകരണാനുമതി ലഭിച്ചത് 2008 ൽ ആയിരുന്നു. താല്ക്കാലികമായി തിരഞ്ഞെടുക്കപ്പെട്ട 5 5 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സി-ഡിറ്റ് രജിസ്ട്രാറിന്റെ 15.12.2007-ലെ 442/Admn07-08/C-DIT നമ്പർ ശിപാർശ കത്തിന്റെ അടിസ്ഥാനത്തിൽ 18.08.2008-ലെ സ.ഉ.(കൈ) നം.196/2008/ഐ&പി.ആർ.ഡി സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സി-ഡിറ്റിൽ 55 തസ്തികകൾ സൃഷ്ടിക്കുകയും അന്ന് നിലവിൽ താത്കാലികമായി സേവനം അനുഷ്ഠിച്ചിരുന്ന 55 ജീവനക്കാരെ പ്രസ്തുത തസ്തികകൾക്ക് അനുസൃതമായി ക്രമവൽക്കരിക്കുകയും ചെയ്തിരുന്നു. 55 ജീവനക്കാരുടെ സേവന ക്രമവത്കരണം സി-ഡിറ്റിൽ ഭാവിയിൽ മറ്റ് താത്കാലിക / കരാർ ജീവനക്കാരുടെ സ്ഥിരപ്പെടുത്തലിനു സാധൂകരിക്കുന്ന വാദഗതിയോ ന്യായീകരണമോ ആയിരിക്കുകയില്ലെന്ന് സർക്കാർ ഉത്തരവിന്റെ 2-ാം ഖണ്ഡികയിലെ മൂന്നാം ക്ലോസിൽ പ്രത്യേകം പരാമർശിച്ചിരുന്നു. ഈ ഉത്തരവ് അവഗണിച്ചുകൊണ്ട് 2000വരെ സി-ഡിറ്റ് സർവ്വീസിൽ ഉണ്ടായിരുന്ന 7കരാർ ജീവനക്കാരെ സി-ഡിറ്റ് രജിസ്ട്രാറിന്റെ 19.07.2010-ലെ A3.4322/2008/Admn/C-DIT നമ്പരായുള്ള ശിപാർശ കത്തിന്റെ അടിസ്ഥാനത്തിൽ 08.02.2011-ലെ സർക്കാർ ഉത്തരവ് G.O(Ms)No.2/2011/I&PRD പ്രകാരം 01.10.2000 മുതൽ മുൻകാല പ്രാബല്യത്തോടെ സേവനം ക്രമവത്കരിച്ചുകൊണ്ട് സ്ഥിരപ്പെടുത്തുകയുണ്ടായി. കൂടാതെ സി-ഡിറ്റ് രജിസ്ട്രാറിന്റെ 24.04.2015-ലെ 535/A2/Admn/C-DIT/2015-ലെ കത്ത് പ്രകാരം 31.12.2014-ൽ 10 വർഷം പൂർത്തിയാക്കിയ 54 ജീവനക്കാരുടെ സേവനം 06.06.2015-ലെ GO(Ms)No.9/2015/I&PRD സർക്കാർ ഉത്തരവ് പ്രകാരം 06.06.2015 മുതൽ ക്രമവൽക്കരിച്ചിരുന്നു. സി-ഡിറ്റിൽ ചുരുങ്ങിയ കാലത്തേയ്ക്ക് പ്രോജക്ടുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന താൽകാലിക ജീവനക്കാരും ദിവസവേതനക്കാരും പ്രോജക്ട് അവസാനിച്ചിട്ടും വർഷങ്ങളോളം തുടരുകയും 10 വർഷത്തിന് ശേഷം സർക്കാർ ഉത്തരവിലൂടെ റെഗുലർ ജീവനക്കാരായി മാറുകയും ചെയ്യുന്നുണ്ട്.

3) സി-ഡിറ്റിൽ വിവിധ പ്രോജക്ടുകളിലായി 84 ദിവസ വേതനക്കാരുൾപ്പെടെ 706 കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് 2016 കാലഘട്ടത്തെ അപേക്ഷിച്ച് പ്രോജക്ടുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും പല പ്രോജക്ടുകളിലും ജീവനക്കാരുടെ എണ്ണം കൂടുതലാണ്. ഉദാഹരണമായി 3 2 പ്രോഗ്രാമർ ജീവനക്കാർ ഇൻഫോമാറ്റിസ്, സോഫ്റ്റ്വെയർ ഡിസൈൻ & ഡെവലപ്മെൻറ് വിങ്ങുകളിലായും മറ്റ് അനുബന്ധ ഡിപ്പാർട്ടുമെന്റുകളിലായും ജോലി നോക്കി വരുന്നു എന്നാൽ കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് സി-ഡിറ്റിൽ സോഫ്റ്റ് വെയർ, ആപ്പ് ഡിസൈൻ & ഡെവലപ്മെൻറ് ജോലി ചെയ്തത് 6 പ്രോഗ്രാമർ മാത്രമാണ്. ബാക്കിയുള്ള ജീവനക്കാരെ പ്രോഗ്രാമർ എന്ന തസ്തികയിൽ താത്കാലിക നിയമനം നടത്തുകയും മറ്റ് പ്രോജക്ടുകളിൽ വിവിധ തസ്തികകളിലെ സേവനത്തിലേക്കായി പുനർവിന്യസിക്കുകയുമാണ് ചെയ്യുന്നത്. പ്രോജക്ട് കാലാവധി കഴിഞ്ഞാൽ/കരാർ കാലാവധി കഴിഞ്ഞാൽ തൽസ്ഥാനത്ത് പുതിയ ജീവനക്കാർ/ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകണം.

4 ) ആർക്കൈവ്സിലെയും മറ്റ് വിവിധ സർക്കാർ ഓഫിസുകളിലെയും പുരാവസ്തു രേഖകളും മറ്റ് സർക്കാർ ഓഫീസ് ഫയലുകളും ഡിജിറ്റൈസ് ചെയ്യുന്നതിലേക്കായി സി-ഡിറ്റിന് കരാർ ലഭിച്ചിട്ടുണ്ട്. ആ ജോലി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി 171 സ്കാനിങ്ങ് അസിസ്റ്റന്റ് / ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ സി-ഡിറ്റ് എംപാനൽ ചെയ്തിട്ടുണ്ട് സ്കാൻ ചെയ്യുന്ന പേജുകൾക്ക് പീസ് റേറ്റ് നിരക്കിലാണ് വേതനം എന്നാൽ ഭൂരിഭാഗം ജീവനക്കാരും ഈ ജോലി ചെയ്യുവാൻ ഓഫിസുകളിൽ പോകുകയോ ജോലികൾ സമയ ബന്ധിതമായി തീർക്കുകയോ ചെയ്യാറില്ല.

5. ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണത്തിൽ സി-ഡിറ്റിൽ ഡോക്കറ്റ് വ്യവസ്ഥയിൽ 27 ജീവനക്കാരെ നിയമിച്ചതായി കണ്ടെത്തി. ഇപ്രകാരം യാതൊരു പരീക്ഷയോ തെരഞ്ഞെടുപ്പ് ചട്ടങ്ങളോ കൂടാതെ കയറിക്കൂടുന്ന ഡോക്കറ്റ് ജീവനക്കാർ കുറച്ച് വർഷങ്ങൾ കഴിഞ്ഞു കരാർ ജീവനക്കാരായി മാറുകയും തുടർന്ന് റെഗുലർ/സ്ഥിരം ജീവനക്കാരായി ജോലിനേടുകയും ചെയ്യുന്നു.

6) 'ദ്രുപാൽ പി.എച്ച്.പി ഡവലപ്പർ' തസ്തികയുടെ തിരെഞ്ഞെടുപ്പിൽ PHP Programming ൽ പ്രവൃത്തി പരിചയം ഇല്ലാത്ത മിഥുൻരാജ് എന്ന ഉദ്യോഗാർത്ഥിക്കുവേണ്ടി യോഗ്യതയിലും പ്രവൃത്തി പരിചയത്തിലും ഇളവ് വരുത്തി തെരഞ്ഞടുത്തതായി സംശയിക്കേണ്ടിയിരിക്കുന്നു. മേൽ നിയമനത്തിന്റെ നിയമസാധുത ഭരണവകുപ്പ് പരിശോധിക്കേണ്ടതും നിയമനം ക്രമരഹിതമെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

7) 'കമ്പ്യൂട്ടേഷനൽ ലിങ്കിസ്റ്റ്' എന്ന തസ്തികയിലെ നിയമനത്തിനായി 2016-ൽ അപേക്ഷ ക്ഷണിച്ചപ്പോൾ ആയതിലേക്കുള്ള യോഗ്യത MA in Linguistic with one year experience in Computational Linguistics or Post Graduate Diploma in Computer Applications എന്നായിരുന്നു പ്രായപരിധി നിശ്ചയിച്ചിരുന്നത് 3 5 വയസ്സ് എന്നായിരുന്നു. എന്നാൽ പ്രസ്തുത തസ്തികയ്ക്ക് ശ്രീ. കൃഷ്ണകുമാർ.കെ എന്ന ഉദ്യോഗാർത്ഥിയെ പ്രായം 3 5 വയസ്സ് കഴിഞ്ഞിട്ടും പി.എച്ച്.ഡി Linguistic 8 വർഷത്തെ പ്രവർത്തി പരിചയം എന്നിവ ഉണ്ടെന്ന കാരണത്താൽ ഇന്റർവ്യൂവിന് ക്ഷണിക്കുകയുണ്ടായി. പത്രപരസ്യത്തിൽ പി.എച്ച്.ഡി ഉള്ളവർക്ക് പ്രായപരിധിയിൽ ഇളവോ തസ്തികയുടെ ശമ്പളമോ ഒന്നും തന്നെ വ്യക്തമായി പ്രസിദ്ധീകരിക്കാതെയാണ് ഇപ്രകാരം ടി ഉദ്യോഗാർത്ഥിയെ അഭിമുഖത്തിന് ക്ഷണിച്ചത്. പി.എച്ച്.ഡി യുടെയും പ്രവൃത്തിപരിചയത്തിന്റെ പേരിലും ഇന്റർവ്യൂവിന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ.കൃഷ്ണകുമാർ.കെ എന്ന ഉദ്യോഗാർത്ഥിക്ക് അഭിമുഖം നടത്തിയ വിദഗ്ദ്ധ സമിതി Linguistic-ൽ സാങ്കേതിക പരിജ്ഞാനം ഇല്ലായെന്നും കമ്പ്യൂട്ടേഷനൽ Linguistic തസ്തികയ്ക്ക് തീർത്തും യോഗ്യനല്ലായെന്നും ഇന്റർവ്യൂ ഷീറ്റിൽ അഭിപ്രായപ്പെടുത്തുകയുണ്ടായി. എങ്കിലും ടിയാനെ അതേ പത്രപരസ്യത്തിലുണ്ടായിരുന്ന അനോട്ടേറ്റർ എന്ന തസ്തികയുടെ നിയമനത്തിനായി പരിഗണിക്കുകയുണ്ടായി.

8)**പട്ടിക : 6** കാണിച്ചിരിക്കുന്ന റാങ്ക് ലിസ്റ്റിൽ 52.6 മാർക്ക് കരസ്ഥമാക്കി ഒന്നാം സ്ഥാനത്തെത്തിയ മാജിഫ്.പി എന്ന ഉദ്യോഗാർ ത്ഥിയെ 2-ാം റാങ്കുകാരനായി 5 0 . 6 മാർക്കു നേടി രണ്ടാം സ്ഥാനത്തെത്തിയ അജിത്.പി എന്ന ഉദ്യോഗാർത്ഥിയെ മൂന്നാം റാങ്കുകാരനായും 4 6 മാർക്കു നേടി മൂന്നാം സ്ഥാനത്തെത്തിയ അതീഷ്.കെ എന്ന ഉദ്യോഗാർത്ഥിയെ ഒന്നാം റാങ്കുകാരനായും ഇന്റർവ്യൂ ബോർഡ് ഉൾപ്പെടുത്തുകയും അപ്രകാരം തന്നെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. റാങ്ക് പട്ടികയിലുള്ള എല്ലാ റാങ്കുകാർക്കും ഒരു പോലെ സിഡിറ്റിന്റെ വിവിധ പ്രോജക്ടുകളിൽ അവസരം നൽകിയതിനാലാണ് തെറ്റായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് പിന്നീട് റദ്ദ് ചെയ്യാതിരുന്നത് എന്നാണ് വിശദികരണം നല്കിയിരിക്കുന്നത്.

9)സി-ഡിറ്റിൽ താൽകാലിക നിയമനങ്ങൾക്കായുള്ള തസ്തികകളുടെ വിജ്ഞാപനം പത്രത്തിലോ വെബ്സൈറ്റിലോ പ്രസിദ്ധീകരിക്കുമ്പോൾ പ്രസ്തുത തസ്തികകളുടെ ശമ്പള സ്കെയിലോ ശമ്പളമോ വിശദീകരിക്കാറില്ല. പകരം ഇന്റർവ്യൂ സ്കിൽ ടെസ്റ്റ് എന്നിവ നടത്തിയശേഷം രജിസ്ട്രാറോ ഡയറക്ടറോ ശമ്പളം നിശ്ചയിക്കുന്നതായിട്ടാണ് വ്യത്യസ്ത റിക്രൂട്ട്മെന്റുകളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്താനായിട്ടുള്ളത്. ഇപ്രകാരം ശമ്പളം നിശ്ചയിക്കുന്നത് തുടർന്നു വരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി നിയമനങ്ങളിൽ സാധൂകരണം നേടുന്നതായും കാണുന്നില്ല.

10) 1990 ൽ സി-ഡിറ്റിന് CSIR അംഗീകാരം ലഭിച്ചുവെങ്കിലും സി-ഡിറ്റിൽ യാതൊരു ഗവേഷണവും നടക്കുന്നില്ല. ഗവേഷണ സ്ഥാപനമെന്ന് അംഗീകാരം നേടുന്നത് Income Tax Act Section 35 പ്രകാരമുള്ള കസ്റ്റംസ് ഡ്യൂട്ടി ഇളവിനു വേണ്ടിയാണെന്ന മറുപടിയാണ് ഗവേഷണത്തെ സംബന്ധിച്ച് സി ഡിറ്റിൽ നിന്ന് ലഭിച്ചത്. സി-ഡിറ്റിൽ **Social Science വിഷയങ്ങളിലും പി.ജി. ബിരുദമുള്ളവർക്ക് സയന്റിസ്റ്റ് തുല്യ തസ്തികയും സ്കെയിലും അനുവദിച്ചിട്ടുണ്ട്** അക്കാദമിക് തസ്തികകൾ ക്ക് UGC മാനദണ്ഡപ്രകാരമുള്ള കേന്ദ്ര നിരക്ക് അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി ശ്രീ. ടി പി സുധാകരൻ, ഫീൽഡ് ഓഫീസർ എന്ന തസ്തികയിൽ നോൺ ടെക്നിക്കൽ സ്റ്റാഫായി ജോലിയിൽ പ്രവേശിക്കുകയും നിലവിൽ സയന്റിസ്റ്റ് ബി കേഡറിൽ ഫീൽഡ് ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു. ടിയാന് പ്രീ ഡിഗ്രി വിദ്യാഭ്യാസം മാത്രമേയുള്ളുവെന്ന് സർക്കാർ ഉത്തരവിൽ പറയുന്നു. സർവീസ് ബുക്ക് പരിശോധിച്ചപ്പോൾ പ്രീഡിഗ്രിയും വിദൂര വിദ്യാഭ്യാസം വഴിയുള്ള പി.ജി-യും സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ആരും പ്രസ്തുത പേജ് സാക്ഷ്യപ്പെടുത്തി അംഗീകാരം നൽകിയിട്ടില്ല. ടിയാന്റെ ഡിഗ്രി സംബന്ധിച്ച സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല 2003 ലെ സി-ഡിറ്റ് രജിസ്ട്രാർ സർക്കാരിനെയും ഗവേർണിംഗ് ബോഡിയെയും തെറ്റിദ്ധരിപ്പിച്ചാണ് ടിയാനുൾപ്പെടുന്ന നോൺ ടെക്നിക്കൽ/ നോൺ സയന്റിസ്റ്റ് സ്റ്റാഫുകൾക്ക് GO(Ms) No.30/87/S&TD dated 06.12.1987 എന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി CSIR സ്കെയിൽ നൽകി ടിയാനെ സയന്റിസ്റ്റ് ബി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

6. **<u>ശിപാർശകൾ:</u>**

**1** നിലവിൽ സി ഡിറ്റിൽ താത്കാലിക /കരാർ ജീവനക്കാരുടെ സേവനം വഴിയാണ് തൊണ്ണൂറ് ശതമാനം ജോലികളും പൂർത്തീകരിക്കുന്നതിനാൽ സർക്കാർ സൃഷ്ടിച്ച 5 5 തസ്തികൾ നിജപ്പെടുത്തികൊണ്ട് സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതാണെന്നും, ആയതിനാൽ 2020-ന് ശേഷം താത്കാലിക / ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നില്ലെന്ന് ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

**2** സ്റ്റേറ്റ് സ്കെയിലിനുപരിയായി അനധികൃതമായി CSIR/ICAR/UGCശമ്പളം സ്വീകരിച്ചുവരുന്ന / സ്വീകരിച്ച (പട്ടിക 7 ൽ പറയുന്ന )ജീവനക്കാരിൽ നിന്ന് അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നതിനു ആവശ്യമായ നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

**3** സർവീസ് റൂളുകൾക്ക് വിരുദ്ധമായി ദിവസവേതനക്കാർക്ക് ആർജ്ജിത അവധി നൽകിയത് ക്രമവിരുദ്ധമായതിനാൽ അധികമായി ആർജ്ജിത അവധി ആനുകൂല്യം നേടി സർവീസിൽ തുടരുന്നവരിൽ നിന്ന് അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുവാൻ ഭരണവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. തുക കൈപ്പറ്റിയിട്ടില്ലാത്ത ജീവനക്കാരുടെ ആർജ്ജിത അവധ

അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്യുവാൻ വേണ്ട നടപടികൾ സിഡിറ്റ് രജിസ്ട്രാർ സ്വീകരിക്കേണ്ടതാണ്.

4 വിവിധ തസ്തികകൾക്കുള്ള കരാർ നിയമന തെരഞ്ഞെടുപ്പിനായി യോഗ്യത നിർണ്ണയിക്കുന്നതിനുള്ള അധികാരം രജിസ്ട്രാറിൽ മാത്രം പരിമിതപ്പെടുത്താതെ രജിസ്ട്രാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധൻ, ബന്ധപ്പെട്ട വകുപ്പ് പ്രതിനിധി എന്നിവരടങ്ങിയ ഒരു സമിതിയിൽ നിക്ഷിപ്തമാക്കുന്നതാണ് ഉചിതം കൂടാതെ ടി യോഗ്യതകൾ സംബന്ധിച്ച വിശദാംശങ്ങൾ സി-ഡിറ്റ് യഥാസമയം സർക്കാരിൽ സമർപ്പിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതാണ്.

5 സി-ഡിറ്റിൽ തസ്തികകളുടെ വിജ്ഞാപനങ്ങളിൽ ശമ്പളവും യോഗ്യതയും രേഖപ്പെടുത്താതിരിക്കുന്നതിനാൽ ക്രമക്കേടിനും സ്വജനപക്ഷപാതത്തിനും ഇടയാക്കുമെന്നതിനാൽ സി-ഡിറ്റിൽ തുടർന്നു വരുന്ന നിയമനങ്ങൾക്കുള്ള വിജ്ഞാപനങ്ങളിൽ തസ്തികയുടെ യോഗ്യതയോടൊപ്പം ശമ്പളം, ശമ്പള സ്കെയിൽ എന്നിവ രേഖപ്പെടുത്തേണ്ടതും അപ്രകാരം നിശ്ചയിക്കപ്പെടുന്ന ശമ്പള വ്യവസ്ഥകൾ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണവകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6 07.09.2016-ലെ നം.C-DIT/Admin-HR/2016 നമ്പർ വിജ്ഞാപനമനുസരിച്ചുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്റർ റാങ്ക് ലിസ്റ്റിൽ ക്രമക്കേട് കണ്ടെത്തിയതിനാൽ അന്നത്തെ ഇന്റർവ്യൂ ബോർഡംഗങ്ങളായ ശ്രീ.ജി.ജയരാജ്, മുൻ രജിസ്ട്രാർ, സി-ഡിറ്റ് ശ്രീ.എൻ.ജയരാജ്, സയന്റിസ്റ്റ്- C, (KSITM-ൽ ഡെപ്യൂട്ടേഷനിൽ) , ശ്രീ. ലാൽ മോഹൻ.വി, HOD (TS&SA), സി-ഡിറ്റ് (Marketing Executive) ശ്രീ.അരുൺ, ടീം ലീഡർ, സെർവർ മാനേജ്മെന്റ് ടീം, വെബ് സർവ്വീസസ്, സി- ഡിറ്റ് (സിസ്റ്റം അഡ്മിനിസ്ട്രേറ്റർ) എന്നിവരെ സി-ഡിറ്റിലോ, മറ്റു സ്ഥാപനങ്ങളിലോ ഇന്റർവ്യൂ ബോർഡംഗങ്ങളായി നിയമിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തേണ്ടതും ഉചിതമായ നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതുമാണ്

7 . ഡോക്കറ്റ് നിയമനം വഴി സി ഡിറ്റിൽ കയറിക്കൂടിയവർ അവരുടെ കരാർ കാലാവധിയും പ്രോജക്റ്റ് കാലാവധിയും കഴിഞ്ഞതിനു ശേഷവും ഇപ്പോഴും സി ഡിറ്റിൽ തുടരുന്നുണ്ട് . ആയതിനാൽ ഭാവിയിൽ സി ഡിറ്റിൽ യാതൊരു ഡോക്കറ്റ് നിയമനങ്ങളും നടത്തുവാനോ ഡോക്കറ്റ് നിയമനം ലഭിച്ചവരെ കരാർ ജീവനക്കാരായി പുതുക്കിയ നിയമനങ്ങൾ നല്കുവാനോ പാടില്ലായെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിക്കുന്നു.

8 . സി-ഡിറ്റിൽ ചുരുങ്ങിയ കാലത്തേയ്ക്ക് പ്രോജക്ടുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന താൽകാലിക ജീവനക്കാരും ദിവസവേതനക്കാരും പ്രോജക്റ്റ് അവസാനിച്ചിട്ടും വർഷങ്ങളോളം സി-ഡിറ്റിൽ തുടരുകയും 10 വർഷത്തിന് ശേഷം സർക്കാർ ഉത്തരവിലൂടെ റെഗുലർ ജീവനക്കാരായി മാറുകയും ചെയ്യുന്നുണ്ട്. ദിവസവേതനക്കാരായും താൽകാലിക ജീവനക്കാരായും തെറ്റായ നിയമന പ്രക്രിയ വഴി സി-ഡിറ്റിൽ കയറികൂടുകയും വർഷങ്ങൾക്ക് ശേഷം സർക്കാരിന്റെ എല്ലാ വിധ ആനുകൂല്യങ്ങളും നേടുന്ന സ്ഥിര ജീവനക്കാരായി മാറുന്നത് സ്വാഭാവിക നീതിക്കെതിരായതിനാൽ സിഡിറ്റിൽ കരാർ ജോലിക്കാരെ സ്ഥിരപ്പെടുത്തുവാൻ പാടുള്ളതല്ല .

9 ഐ ടി വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പുതിയ കരാർ/താത്കാലിക നിയമനങ്ങൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴിയോ/പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മാത്രമേ നടത്തുവാൻ പാടുള്ളൂ .

ആയതിലേക്ക് വേണ്ട നിയമ ഭേദഗതികൾ പൊതുവായും സിഡിറ്റിലെ സർവീസ് റൂളുകളിലും വരുത്തുവാൻ വേണ്ട നടപടി ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ് . ഉയർന്ന തസ്തികകളും കോർ ഗ്രൂപ്പ് തസ്തികകളും പി എസ് സി വഴി നികത്തേണ്ടതും ഇതു സംബന്ധിച്ച സ്പെഷ്യൽ റൂളുകൾ രൂപീകരിക്കുവാൻ വേണ്ട നടപടി ഭരണവകുപ്പ് സ്വീകരിക്കേണ്ടതുമാണ്. .

10. സി-ഡിറ്റിൽ 01.07.2017-ലെ നോട്ടിഫിക്കേഷൻ നം.C-DIT/Admin-HRD 08/2017 നമ്പർ പ്രകാരം നടത്തിയ 'ദ്രുപാൽ പി.എച്ച്.പി ഡവലപ്പർ' മിഥുൻരാജ്, PHP Programmer ന്റെ നിയമനത്തിന്റെ നിയമസാധുത ഭരണവകുപ്പ് പരിശോധിക്കേണ്ടതും നിയമനം ക്രമരഹിതമെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

11. GO(Ms) No. 30/87/S&TD തീയതി 26/12/1987-ൽ പ്രതിപാദിക്കുന്ന വിധം സി-ഡിറ്റിലെ വിവിധ തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരിൽ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സി എസ് ഐ ആർ യോഗ്യതയുള്ള സയന്റിസ്റ്റ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് മാത്രമേ ടി സർക്കാർ ഉത്തരവനുസരിച്ചുള്ള സി എസ് ഐ ആർ സ്കെയിലിലുള്ള ശമ്പളവും അലവൻസുകളും നൽകുവാൻ പാടുള്ളൂവെന്ന് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

12 സൊസൈറ്റി ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട നിലവിലുള്ള സി ഡിറ്റിനെ. ഇലക്ട്രോണിക്സ് / കമ്പ്യൂട്ടർ സയൻസ് / ആർട്ടിഫിഷ്യൽ ഇന്റലിജൻസ് /ക്ലൗഡ് കംപ്യൂട്ടിങ് , ബ്ലോക്ക് ചെയിൻ , ബിഗ് ഡേറ്റ അനാലിസിസ് തുടങ്ങിയ സാങ്കേതിക വിഭാഗങ്ങളിൽ ഗവേഷണങ്ങൾ നടത്തുന്നതിനും ഗവേഷണ വിദ്യാർത്ഥികൾക്കുള്ള റിസർച്ച് സെന്റർ / ഫെസിലിറ്റേഷൻ സെന്റർ ആയും പ്രവർത്തിക്കുന്ന രീതിയിൽ ഗവേഷണ സ്ഥാപനമായി നില നിർത്താവുന്നതാണ് . കൂടാതെ സി ഡിറ്റിൽ ഐ ടി / ഐ ടി അനുബന്ധ കമേഴ്സ്യൽ പ്രവർത്തനങ്ങൾക്കായി Non Profit company (under section 25 of Company Act 1956 ) പ്രകാരമുള്ള പുതിയ ഒരു പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂട്ട് / കമ്പനി രൂപീകരിക്കുന്നത് അഭികാമ്യമാണ്.

#ApprovedBy Name#

Additional Secretary

## <u>ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ICFOSS)-ൽ ധനകാര്യ പരിശോധനാ എൻ.റ്റി-എ വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ട്</u>

ഐ.ടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന KSITIL ഉൾപ്പടെയുള്ള സ്ഥാപനങ്ങളിൽ 2011-12 സാമ്പത്തികവർഷം മുതൽ നടത്തിയ നിയമനങ്ങൾ ചട്ടപ്രകാരവും സുതാര്യവും ആയിരുന്നുവോ എന്ന് പരിശോധിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി-എ വിഭാഗം 2020 ആഗസ്റ്റ് മാസം മുതൽ 2021 ഫെബ്രുവരി മാസം വരെയുള്ള കാലയളവിൽ ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ(ICFOSS)-ൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

### <u>ആമുഖം</u>

കേരള സംസ്ഥാനത്തെ Free and Open Source Software സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം 2009 ൽ രൂപീകൃതമായ ഒരു സ്വയം ഭരണ സ്ഥാപനമാണ് **ICFOSS.** വിവരസാങ്കേതിക വിദ്യ (എ) വകുപ്പിന്റെ 23-07-2008 ലെ ജി.ഓ (ആർ.റ്റി) നം. 150/2008/ഐ.റ്റി.ഡി ഉത്തരവ് *(Exhibit-1)* പ്രകാരമാണ് **ICFOSS** ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളത്. **ICFOSS** ന്റെ കരട് Memorandum of Association (MoA) പ്രകാരം ഭരണപരമായ കാര്യനിർവ്വഹണത്തിന് വേണ്ടി ഒരു ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മറ്റിയും നിലവിലുണ്ട്. എന്നാൽ പ്രസ്തുത MoA യ്ക്ക് ഇതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ഗവേണിംഗ് ബോഡിയിലെയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും അംഗങ്ങളുടെ വിവരങ്ങൾ <u>**അനുബന്ധം - 1**</u> ൽ കാണാവുന്നതാണ്.

### <u>കണ്ടെത്തലുകൾ:-</u>

### <u>1.0.തസ്തികകളുടെ വിവരങ്ങൾ സംബന്ധിച്ച്:-</u>

(1.1) വിവര സാങ്കേതികവിദ്യ വകുപ്പിന്റെ 24-01-2020 ലെ ജി.ഒ (എം.എസ്) നമ്പർ 5/2020/ഐ.റ്റി.ഡി ഉത്തരവ് *(Exhibit-2)* പ്രകാരം **ICFOSS** ന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി 15 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളിലേക്കുള്ള നിയമനം നാളിതുവരെ നടത്തിയിട്ടില്ല. 2009 ൽ രൂപീകൃതമായ ICFOSS-ൽ 24-01-2020 ൽ മാത്രമാണ് തസ്തിക അനുവദിച്ച് ഉത്തരവായത്. ICFOSS-ൽ 2009 മുതൽ സർക്കാർ അംഗീകരിക്കാത്ത നിരവധി തസ്തികകളിലേക്ക് നിയമനം നടത്തുകയുണ്ടായി. **ICFOSS** ലെ റിക്രൂട്ട്മെന്റ് സംബന്ധിച്ച സ്പെഷ്യൽറൂൾ നാളിതുവരെയും അംഗീകരിച്ചിട്ടില്ല. കൺസൾട്ടൻസി കമ്പനികൾ മുഖേനയുള്ള നിയമനം ലഭിച്ചവരും, കരാർ ജീവനക്കാരും ഉൾപ്പെടെ നിലവിൽ ICFOSS-ൽ ജോലി ചെയ്തുവരുന്ന 5 3 ജീവനക്കാരുടെ

വിവരങ്ങൾ **<u>അനുബന്ധം-2</u>** ആയി ചേർത്തിട്ടുണ്ട്.

**<u>2.0. ശ്രീ. അരുൺ.എം, പ്രോഗ്രാം ഹെഡ് (റിസർച്ച് & അക്കാഡമിക്സ്)- നിയമനം സംബന്ധിച്ച്:-</u>**

(2.1) ICFOSS – ൽ പ്രോഗ്രാം ഹെഡ് (റിസർച്ച് & അക്കാഡമിക്സ്) തസ്തികയിലേക്ക് 29/03/2017 ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിയമനം നടത്തുന്നതിന് 29/03/2017 തീയതിയിൽ പത്രപരസ്യം നൽകി*(Exhibit-3)*. ടി തസ്തികയിലെ നിയമനത്തിനായി 22.04.2017 ലെ 23/Admin/2011/ICFOSS നമ്പർ ഉത്തരവ് പ്രകാരം ഇന്റർവ്യൂ ബോർഡ് രൂപീകരിക്കുകയും(Exhibit-3A) 4/5/2017 ന് ടി തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ നടത്തുകയും ചെയ്തു. ടി തസ്തികയിലേയ്ക്ക് ICFOSS ന്റെ ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും അംഗമായ ശ്രീ. അരുൺ.എം അപേക്ഷ സമർപ്പിക്കുകയും ഇന്റർവ്യൂവിൽ പങ്കെടുക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അരുൺ.എം-നെ പ്രോഗ്രാം ഹെഡ്(റിസർച്ച് & അക്കാഡമിക്) തസ്തികയിലേക്കുള്ള നിയമനത്തിന് ശുപാർശ നൽകി*(Exhibit-4)* .

(2.2) ഇന്റർവ്യൂ ബോർഡിൽ ഉൾപ്പെട്ടിരുന്ന വ്യക്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എം.ശിവശങ്കർ.ഐ.എ.എസ്, സെക്രട്ടറി, ഐ.ടി വകുപ്പ്(ചെയർമാൻ)
2. ശ്രീ. ശശി .പി.എം , അസോ. ഡയറക്ടർ, C-DAC (മെമ്പർ)
3. ഡോ. സജി. ഗോപിനാഥ് , ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ട്- അപ് മിഷൻ (മെമ്പർ)
4. ഡോ. ജയശങ്കർ പ്രസാദ് , ഡയറക്ടർ, ICFOSS (മെമ്പർ)

ഇന്റർവ്യൂ ബോർഡിലെ എല്ലാ അംഗങ്ങളും ഇന്റർവ്യൂ ചെയ്യപ്പെടേണ്ട ഉദ്യോഗാർത്ഥിയായ ശ്രീ.എം. അരുണും ഇന്റർവ്യൂ നടക്കുന്ന കാലയളവിൽ ICFOSS ലെ GB/EC അംഗങ്ങളായിരുന്നുവെന്നത് ശ്രദ്ധേയമാണ്**.** ICFOSS ന്റെ ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും അംഗമായ ശ്രീ. അരുൺ.എം-നെ ബോർഡിലെ മറ്റൊരംഗം ഇന്റർവ്യൂ ചെയ്യുമ്പോൾ പ്രസ്തുത ഉദ്യോഗാർത്ഥിയ്ക്ക് മറ്റുള്ളവരെക്കാളും ഇന്റർവ്യൂന് അനർഹമായ മേൽക്കൈ/ Undue advantage ലഭിക്കുമെന്ന ആരോപണം ഉയർന്നുവരാവുന്നതാണ്. പ്രസ്തുത മേൽക്കൈ/Undue advantage ഇന്റർവ്യൂന് മാർക്ക് നൽകുന്നതിൽ പ്രതിഫലിക്കുവാൻ സാധ്യതയുണ്ട്. ശ്രീ. അരുൺ എം-ന് ഇന്റർവ്യൂവിന് ആകെയുള്ള 10 മാർക്കിൽ 8 മാർക്ക് ലഭിച്ചിട്ടുണ്ട്*(Exhibit-5)*. ശ്രീ.അരുണിനെക്കാളും അക്കാദമിക് യോഗ്യതയും ഡോക്ടറേറ്റുമുണ്ടായിരുന്ന ശ്രീ.രാജീവ്.R.R-നെക്കാളും 6 മാർക്ക് അധികമായി ലഭിച്ചിട്ടുണ്ട്. ICFOSS ന്റെ ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും അംഗമായിരിക്കെ ശ്രീ. അരുൺ.എം-ന് കരാർ വ്യവസ്ഥയിൽ നൽകിയ നിയമനം ക്രമപ്രകാരമല്ല എന്ന് കാണാവുന്നതാണ്.

(2.3) ICFOSS ന്റെ ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും അംഗമായ ശ്രീ. അരുൺ.എം ടി സ്ഥാപനത്തിലെ തന്നെ തസ്തികയിലേക്കുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിച്ച നടപടി സ്വാഭാവിക നീതിക്കു യോജിക്കുന്നതല്ല. നിയമനത്തിനായി രൂപീകരിച്ചിട്ടുള്ള ഇന്റർവ്യൂ ബോർഡ് അംഗങ്ങളെ സ്വാധീനിക്കുവാനുള്ള സാഹചര്യം പ്രസ്തുത നടപടിയിലൂടെ ഉണ്ടായിരിക്കാനുള്ള സാഹചര്യമുണ്ട്. ശ്രീ. അരുൺ.എം ന് പ്രോഗ്രാം ഹെഡ്(റിസർച്ച് & അക്കാഡമിക്സ്) തസ്തികയിലേക്ക് അപേക്ഷ നൽകുന്നതിന് GB/EC പ്രത്യേക അനുമതി നൽകിയിട്ടില്ല എന്നും ടിയാൻ GB/EC യിൽ Free Software Community യുടെ പ്രതിനിധി എന്ന നിലയിൽ അനൗദ്യോഗിക അംഗമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും അത്തരം അനൗദ്യോഗിക അംഗത്തിന് തസ്തികയിലേക്ക് അപേക്ഷ നൽകുന്നതിനും ഇന്റർവ്യവിന് ഹാജരാകുന്നതിനും നിയമ തടസ്സമില്ലായെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് (Exh-6). GB/EC യിൽ അംഗമായ വ്യക്തി ടി സ്ഥാപത്തിലെ തന്നെ നിയമനത്തിനായി അപേക്ഷ നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ഇന്റർവ്യൂ ബോർഡിൽ ICFOSS ഡയറക്ടർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നിയമനത്തിൽ സുതാര്യത ഇല്ല എന്ന് വ്യക്തമാകുന്നു.

(2.4). ICFOSS-ൽ 9-5-2017 മുതൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരവെ ICFOSS ഡയറക്ടറുടെ 15-5-2019 ലെ ICFOSS/65/19/Secy(DR) നടപടിക്രമം പ്രകാരം ശ്രീ.അരുൺ.എം-നെ 15-5-2019 മുതൽ KSITM-ലെ KSID പ്രോജക്ടിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെടുകയും ടിയാൻ 15-5-2019 മുതൽ നാളിതുവരെയും KSITM-ലെ പ്രോജക്ടിൽ പ്രവൃത്തിയെടുത്തുവരികയുമാണ്. ICFOSS-ലെ പ്രോഗ്രാം ഹെഡ്(R&A) എന്ന തസ്തിക 24-01-2020 ലെ ജി.ഒ (എം.എസ്) നമ്പർ 5/2020/ഐ.റ്റി.ഡി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി തസ്തിക ICFOSS-ൽ അത്യന്താപേക്ഷിതമല്ലെന്ന് വ്യക്തമാണ്. ശ്രീ.അരുൺ.എം-ന്റെ നിയമനം ക്രമവിരുദ്ധമായതിനാലും ICFOSS-ൽ നിന്നും KSITM-ലേയ്ക്ക് നിയമിച്ചത് ശരിയായ പ്രവണതയല്ലാത്തതിനാലും പ്രോഗ്രാം ഹെഡ്(R&A) എന്ന തസ്തിക അത്യന്താപേക്ഷിതമല്ലാത്തതിനാലും ടിയാന്റെ ICFOSS-ലെ സേവനം അവസാനിപ്പിക്കുന്നതിനുള്ളതിനുള്ള സത്വരനടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**<u>3.0.നോട്ടിഫിക്കേഷൻ ക്ഷണിക്കാത്ത തസ്തികയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച്:-</u>**

(3.1) 29/03/2017 ലെ നോട്ടിഫിക്കേഷൻ (പത്രപരസ്യം) പ്രകാരം താഴെ പറയുന്ന 3 തസ്തികകളിലേക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയുണ്ടായി.(Exh-3)

1. Programme Head (e-Governance and Development)
2. Programme Head (Research and Academics)
3. Technical Co-ordinator((e-Governance and Development)

പ്രസ്തുത നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ 4/5/2017 ന് നടത്തിയ അഭിമുഖത്തിൽ മേൽ പറഞ്ഞ 3 തസ്തികകളിലേക്കുള്ള നിയമനം നടത്തിയതിനോടൊപ്പം ICFOSS ഡയറക്ടറുടെ 09/05/2017 ലെ ഉത്തരവ നം. 23/Adm/2011/ ICFOSS പ്രകാരം (Exh-7) ടെക്നിക്കൽ കൺസൾട്ടന്റ് എന്ന തസ്തികയിലേക്ക് പ്രതിമാസം 60000-70000 രൂപാ ശമ്പള നിരക്കിൽ നാലാമതായി ഒരു നിയമനം കൂടി (ശ്രീ. ആർ.സമ്പത്ത് കുമാറിനെ) നടത്തുകയുണ്ടായി.

പ്രോഗ്രാം ഹെഡ് (e-Governance and Development) എന്ന തസ്തികയിലേയ്ക്കാണ് ശ്രീ.

ആർ.സമ്പത്ത്കുമാർ അപേക്ഷ സമർപ്പിച്ചിരുന്നതും ഇന്റർവ്യൂവിന് പങ്കെടുത്തതും. എന്നാൽ പ്രസ്തുത ഇന്റർവ്യൂവിന് ശേഷം 29/03/2017 ലെ നോട്ടിഫിക്കേഷൻ (പത്രപരസ്യം) പ്രകാരം അപേക്ഷ ക്ഷണിക്കാത്ത ടെക്നിക്കൽ കണ്ടസൾട്ടന്റ് തസ്തികയിലേക്ക് ശ്രീ. സമ്പത്ത്കുമാറിനെ നിയമിക്കുവാനും 60000-70000 രൂപ വരെ ശമ്പളം നൽകുവാനും അന്നത്തെ ഐ.ടി.സെക്രട്ടറിയും എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനുമായ ശ്രീ. എം.ശിവശങ്കർ ഐ.എ.എസ് ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡ് ശിപാർശ നൽകി(Exh-4). ആയതിന്റെ അടിസ്ഥാനത്തിൽ അവർക്ക് നിയമനവും നൽകി.

(3.3)ഗവേണിംഗ് ബോഡി നിയമനം നടത്തുവാൻ തീരുമാനിക്കാത്തതും നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ ക്ഷണിക്കാത്തതുമായ ടെക്നിക്കൽ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് ശ്രീ. ആർ.സമ്പത്ത് കുമാറിനെ നിയമിക്കുവാൻ ശിപാർശ നൽകിയ ശ്രീ.എം.ശിവശങ്കർ.ഐ.എ.എസ് ചെയർമാനും ICFOSS ഡയറക്ടർ ശ്രീ.ജയശങ്കർ പ്രസാദ് അംഗവുമായ ഇന്റർവ്യൂ ബോർഡിന്റെ തീരുമാനം/അഭിപ്രായം ക്രമവിരുദ്ധവും അധികാരദുർവിനിയോഗവും ആണ്. ICFOSS-ലെ ടെക്നിക്കൽ കൺസൾട്ടന്റ് എന്ന തസ്തിക 24-01-2020 ലെ ജി.ഒ (എം.എസ്) നമ്പർ 5/2020/ഐ.റ്റി.ഡി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തിതിനാൽ ടി തസ്തിക ICFOSS-ൽ അത്യന്താപേക്ഷിതമല്ലായെന്ന് വ്യക്തമാണ്. നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ ക്ഷണിക്കാത്ത ടെക്നിക്കൽ കൺസൾട്ടന്റ് തസ്തികയിലെ നിയമനം ക്രമവിരുദ്ധമായതിനാൽ ശ്രീ. ആർ.സമ്പത്ത്കുമാറിന്റെ സേവനം അവസാനിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**<u>4.0. ശ്രീ. ശബരീഷ്.കെ-യെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ICFOSS ന്റെ ഡയറക്ടറായി നിയമിച്ചത് സംബന്ധിച്ച്:-</u>**

(4.1) കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് & ടെക്നോളജി എൻവയോൺമെന്റിലെ (KSCSTE) സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും ഇൻഫർമേഷൻ സിസ്റ്റംസ് ഡിവിഷൻ ഹെഡും ആയ ഡോ.ശബരീഷ്.കെ യെ കേരള സ്റ്റേറ്റ് IT മിഷനിലെ ഹെഡ് ഇ-ഗവേർണൻസ് തസ്തികയിൽ 21.06.2017 ലെ ജി.ഒ(ആർ.ടി) നം.143/17/ITD നമ്പർ ഉത്തരവ് പ്രകാരം (Exh-8) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു. തുടർന്ന് 3 വർഷം കൂടി ടിയാന്റെ ഡെപ്യൂട്ടേഷൻ കാലാവധി (01.07.2020 വരെ) ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടേഷനിൽ IT മിഷനിൽ ജോലി ചെയ്ത് വരവെ 29.05.2020 ലെ ജി.ഒ(ആർ.റ്റി) നം.58/20/ITD ഉത്തരവ് പ്രകാരം (Exh-9) ശ്രീ. ശബരീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ICFOSS ന്റെ ഡയറക്ടറായി നിയമിക്കുകയുണ്ടായി.

(4.2) ICFOSS ൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24.01.2020 ലെ ജി.ഒ(എം.എസ്) നം.5/20/ITD നമ്പർ ഉത്തരവിൽ (Exh-2) ഡയറക്ടർ തസ്തികയുടെ യോഗ്യത ചുവടെ ചേർക്കുന്നു.

1. Post Graduation in any discipline.
2. PhD
3. A minimum of 10 years post PhD experience in Academic institutions mandatory or Govt.

ടിയാന്റെ സർവ്വീസ് ബുക്ക് പരിശോധിച്ചതിൻ പ്രകാരം MCA ഡിഗ്രി മാത്രമാണ് യോഗ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്(Exh -10). എന്നാൽ ടിയാന്റെ Curriculum vitae(C.V) പരിശോധിച്ചപ്പോൾ നൂറുൾ ഇസ്ലാം സെന്റർ ഫോർ ഹയർ എഡ്യൂക്കേഷനിൽ നിന്നും 2017 ൽ ടിയാൻ കമ്പ്യൂട്ടർ ആപ്പിക്കേഷനിൽ PhD നേടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്(Exh -11).

(4.3) ശ്രീ. ശബരീഷിന്റെ നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെയും PhD റിസൾട്ടുമായി ബന്ധപ്പെട്ട NOC നൽകിയ ഫയലിന്റെയും വിശദാംശങ്ങൾ ടിയാന്റെ മാതൃ വകുപ്പായ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി& എൻവയോൺമെന്റിൽ(KSCSTE) നിന്നും ധനകാര്യ പരിശോധനാ വിഭാഗം ആവശ്യപ്പെടുകയുണ്ടായി. ടിയാന്റെ നിയമന ഫയൽ കൗൺസിലിൽ ലഭ്യമല്ലായെന്നും ടിയാൻ PhD റിസൾട്ടുമായി ബന്ധപ്പെട്ട NOC കൗൺസിലിൽ നിന്നും നൽകിയിട്ടില്ലായെന്നും കൗൺസിൽ ആസ്ഥാനത്തേക്ക് നിയമിതനായശേഷം ശ്രീ. ശബരീഷിന്റെ ഉപരിപഠനവുമായി ബന്ധപ്പെട്ട ഫയലുകൾ ഒന്നുംതന്നെ ഇല്ലായെന്നുമാണ് KSCSTE കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചിട്ടുള്ളത്(Exh-12). ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശബരീഷിന് PhD ഡിഗ്രി അനുവദിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അറിയിക്കുന്നതിന് നൂറുൾ ഇസ്ലാം സെന്റർ ഫോർ ഹയർ എഡ്യൂക്കേഷൻ രജിസ്ട്രാർക്ക് കത്ത് നൽകുകയുണ്ടായി. ആയതിന് രജിസ്ട്രാർ നൽകിയ വിശദാംശങ്ങൾ പരിശോധിച്ചതിൽ ശ്രീ. ശബരീഷ് 2012-17 കാലയളവിൽ കംപ്യൂട്ടർ ആപ്ലിക്കേഷനിൽ പാർട്ട് ടൈം ആയി PhD പ്രോഗ്രാം പൂർ ത്തിയാക്കിയിട്ടുണ്ടെന്നും 17.03.2017 ൽ ടിയാന് PhD ഡിഗ്രി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാകുന്നു. കൂടാതെ PhD പ്രോഗ്രാമിനായി നൽകിയ NOC യുടെ പകർപ്പും ടി കാലയളവിലെ ഹാജർ വിശദാംശങ്ങളും രജിസ്ട്രാർ അയച്ചുതന്നിട്ടുണ്ട്(Exh-13).

(4.4) പ്രസ്തുത രേഖകൾ പ്രകാരം PhD കോഴ്സിനായി ശ്രീ. ശബരീഷ് നൂറുൾ ഇസ്ലാം സെന്റർ ഫോർ ഹയർ എഡ്യൂക്കേഷനിൽ സമർപ്പിച്ച NOC കേരള സ്റ്റേറ്റ് IT മിഷൻ ഡയറക്ടറാണ് നൽകിയിട്ടുള്ളതെന്ന് കാണുന്നു. ശ്രീ. ശബരീഷ് മാതൃവകുപ്പായ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റിൽ നിന്നുള്ള NOC ഹാജരാക്കിയിട്ടില്ല എന്നുമാത്രമല്ല ടി വിവരം വകുപ്പിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 2017 ൽ അനുവദിച്ച PhD ഡിഗ്രിയുടെ വിശദാംശങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. KSCSTE യിലെ കത്തിടപാടുകളിൽ ശ്രീ. ശബരീഷ് എന്നും സർക്കാരിൽ നിന്നുള്ള കത്തിടപാടുകളിൽ ഡോ. ശബരീഷ് എന്നുമാണ് അഭിസംബോധന ചെയ്യുന്നത്. മാതൃ സ്ഥാപനത്തെ യഥാവിധി അറിയിക്കാതെ PhD കരസ്ഥമാക്കുന്നതും, അന്യത്ര വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരൻ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിന് അത്യന്താപേക്ഷിതമല്ലാത്ത Degree കരസ്ഥമാക്കുന്നതിന് വേണ്ടി 2012-17 വർഷ കാലയളവിൽ പഠനം നടത്തി PhD നേടിയ കാര്യവും ജീവനക്കാരന്റെ മാതൃ സ്ഥാപനത്തെ അറിയിക്കാതെ മന:പൂർവ്വം മറച്ച് വച്ചതും ശരിയായ കീഴ്വഴക്കമല്ല.

ശ്രീ. ശബരീഷ്. കെ. 2017 മാർച്ച് മാസത്തിലാണ് PhD നേടിയിട്ടുള്ളത്. PhD നേടിയ ശേഷം 10 വർഷത്തെ അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷനുകളിലുള്ള പരിചയമാണ് ICFOSS ഡയറക്ടർക്കുള്ള യോഗ്യതയായി ജി.ഒ(ആർ.ടി) നം.146/20/ITD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ശ്രീ. ശബരീഷ് ഡയറക്ടറായി നിയമിതനായ കാലയളവിൽ 3 വർഷത്തെ പോസ്റ്റ് PhD പരിചയമാണ് ഉണ്ടായിരുന്നത്. 27.11.2020 ലെ GO(Rt) No.146/20/ITD നമ്പർ ഉത്തരവ് പ്രകാരം ഡയറക്ടർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയായ സർക്കാർ/അക്കാദമിക് സ്ഥാപനങ്ങളിലെ കുറഞ്ഞത് 10 വർഷത്തെ Post PhD Experience ഡോ. ശബരീഷ് നേടിയിട്ടില്ല. ആയതിനാൽ ടിയാൻ യോഗ്യതയില്ലാതെയാണ് ICFOSS ഡയറക്ടറായി സേവനമനുഷ്ഠിച്ചുവെന്നത് ശ്രദ്ധേയമാണ്. നിലവിൽ 27-11-2020 ലെ ജി.ഒ.(ആർ.റ്റി)നം.146/20/ഐ.റ്റി.ഡി പ്രകാരം ഡോ. ശബരീഷിനെ ICFOSS ന്റെ ഡയറക്ടർ ചുമതലയിൽ നിന്നും വിടുതൽ ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്(Exh-14).

5.0. **<u>കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച്:-</u>**

(5.1) ജോബ് കൺസൾട്ടൻസി ഏജൻസിയായ Avon Facility Management Services മുഖേന താഴെ പറയുന്ന ജീവനക്കാരെ സപ്പോർട്ട് സ്റ്റാഫായി ICFOSS ൽ നിയമിക്കുകയുണ്ടായി(Exh-15).

| ക്രമ നം | പേര് | തസ്തിക | സപ്പോർട്ട് സ്റ്റാഫായി നിയമനം നൽകിയ തീയതി |
|---|---|---|---|
| 1 | ഉമാമഹേഷ്. ആർ | അക്കൗണ്ട്സ് എക്സിക്യൂട്ടീവ് | 11.04.2011 |
| 2 | ഹസിയ. യു.എൻ | എക്സിക്യൂട്ടീവ് സെക്രട്ടറി ടു ഡയറക്ടർ | 13.04.2012 |
| 3 | അഞ്ജലി . ജി | പ്രോഗ്രാം ഓഫീസർ (ടെക്നിക്കൽ) | 15.11.2011 |
| 4 | അഭിലാഷ്.സി | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 17.08.2011 |
| 5 | റീത്ത.എൽ | ടെക്നിക്കൽ റൈറ്റർ | 13.02.2012 |
| 6 | ബിന്ദുകുമാരി.ആർ.എസ് | ഹൗസ് കീപ്പിംഗ് | 1.03. 2011 |
| 7 | പ്രദീപ് ഫ്രഡി | ഓഫീസ് അസിസ്റ്റന്റ് | 5.2.2014 |

20.01.2016 ലെ 6-ാമത് ഗവേണിംഗ് ബോഡി തീരുമാന പ്രകാരം ഹൗസ് കീപ്പിംഗ് സ്റ്റാഫ്, ഓഫീസ് അസിസ്റ്റന്റ് എന്നിവ ഒഴികെയുള്ള സപ്പോർട്ട് സ്റ്റാഫുകളെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് തീരുമാനിച്ചു(Exh-16). 22.11.2016 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി കരാർ ജീവനക്കാരുടെ സേവന കാലാവധിയും വേതന വർദ്ധനവിനും പ്രൊപ്പോസൽ വേജ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു(Exh-17).

(5.2) 06.03.2017 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി കരാർ ജീവനക്കാരുടെ സേവനകാലാവധി 3 വർഷം ദീർഘിപ്പിക്കുന്നതിനും ടി ജീവനക്കാരുടെ വേജസ് സബ് കമ്മറ്റി റിപ്പോർട്ട് പ്രകാരം വർദ്ധിപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി(Exh-18). ഹൗസ് കീപ്പിംഗ് സ്റ്റാഫ്, ഓഫീസ് അസിസ്റ്റന്റ് തസ്തികകളിൽ കൺസൾട്ടൻസി മുഖേന ജോലി നോക്കി വന്നിരുന്ന ശ്രീമതി. ബിന്ദുകുമാരി.ആർ.എസ്, ശ്രീ. പ്രദീപ് ഫ്രഡി എന്നിവരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനും ടി കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ച തസ്തികകളിലേക്ക് പത്രപരസ്യം നൽകാതെയും ഇന്റർവ്യൂ നടത്താതെയും കൺസൾട്ടൻസി കമ്പനി മുഖേനയാണ് ടി ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ടി ജീവനക്കാർക്ക് ICFOSS ൽ കരാർ വ്യവസ്ഥയിൽ നിയമനം നൽകുകയും അവരുടെ കരാർ കാലാവധി പുതുക്കുകയും ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. **<u>കൺസൾട്ടൻസി സ്ഥാപനം മുഖേന സപ്പോർട്ടിംഗ് സ്റ്റാഫായി നിയമിച്ച ജീവനക്കാരെ ICFOSS ൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകുകയും അവർക്ക് വേതന വർദ്ധനവ് അനുവദിക്കുകയും ചെയ്ത നടപടി ക്രമവിരുദ്ധവും അവസര സമത്വ നിഷേധവുമാണ്.</u>** ജോബ് കൺസൾട്ടൻസികൾ വഴിയുള്ള നിയമനങ്ങൾ നടത്തുക വഴി നിയമനത്തിലുള്ള തുല്യനീതി തത്വം അട്ടിമറിക്കപ്പെടുന്നു. ആയതിനാൽ ജോബ് കൺസൾട്ടൻസികൾ മുഖേനെ നടത്തിയിട്ടുള്ളതും നിലവിൽ ICFOSS ൽ കരാറടിസ്ഥാനത്തിൽ ജോലിനോക്കിവരുന്നവരുമായ മേൽപട്ടികയിൽ പറഞ്ഞിരിക്കുന്ന 7 ജീവനക്കാരുടെ നിയമനങ്ങൾ അവസാനിപ്പിച്ച് ആയവ അത്യാവശ്യമെങ്കിൽ G.O.(Ms) No. 19/2020/ITD dated 24.09.2020 പ്രകാരം രൂപീകരിച്ച കമ്മറ്റിയുടെ അംഗീകാരത്തോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

<u>6. ICFOSS പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉയർന്ന നിരക്കിലുള്ള വാടക സംബന്ധിച്ച്:-</u>

(6.1) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ കൊമേഴ്സ്യൽ ഏരിയയിലാണ് ICFOSS ന്റെ ഓഫീസ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഓഫീസ് പ്രവർത്തനത്തിനായി സ്റ്റേഡിയത്തിന്റെ നിർമ്മാണ കരാറുകാരായ Karyavattam Sports Facilities Ltd( KSFL) മായി ICFOSS വാടക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം ഓഫീസിന്റെ വാടകയിനത്തിൽ പ്രതിമാസം 11,11,061/- രൂപ (പതിനൊന്നു ലക്ഷത്തി പതിനൊന്നായിരത്തി അറുപത്തി ഒന്ന് രൂപ) KSFL ന് നൽകിവരുന്നു. ഇതിൽ 1,58,723/- രൂപ കോമൺ അമിനിറ്റി ചാർജ്ജ് എന്നയിനത്തിലാണ് നൽകുന്നത്(Exh-19). ICFOSS ന്റെ പ്രവർത്തനത്തിനായി വാടകയ്ക്കെടുത്ത കെട്ടിടത്തിലെ ആകെയുള്ള 26900 സ്ക്വയർ ഫീറ്റ് ഏരിയയിൽ 10000 സ്ക്വയർ ഫീറ്റ് ഏരിയ ഇൻകുബേഷന് വേണ്ടി നൽകിയിട്ടുള്ളതാണ്. വാടക ഇനത്തിൽ ചെലവാകുന്ന തുക ബഡ്ജറ്റ് വിഹിതത്തിൽ ഭരണപരമായ ചെലവിനത്തിൽ നിന്നുമാണ് നൽകി വരുന്നതെന്ന് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. 22.12.2018 മുതലാണ് വാടക കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും 31.10.2020 വരെ വാടകയിനത്തിൽ ആകെ 2,22,10,980/- രൂപ (രണ്ട് കോടി ഇരുപത്തി രണ്ട് ലക്ഷത്തി പതിനായിരത്തി തൊള്ളായിരത്തി എൺപത് രൂപ) ചെലവായിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്( Exh-19).

(6.2) ICFOSS-ന് കീഴിൽ പ്രവർത്തിക്കുന്ന ഇൻകുബേഷൻ കമ്പനികളുടെ പേരും അവർക്ക് അനുവദിച്ചിട്ടുള്ള സീറ്റും പ്രസ്തുത കമ്പനികളിൽ നിന്നും ഈടാക്കുന്ന ലൈസൻസ് ഫീയുടെയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു (Exh-20).

| Sl.No | Name | Seats | Monthly Licensing Fee |
|---|---|---|---|
| 1 | Altare Insight Technologys Pvt Ltd | 10 | 20,000 |
| 2 | Statlogic India Pvt. Ltd | 1 | 2,000 |
| 3 | Elvicto Technologies | 2 | 4,000 |
| 4 | Troncart solutions Pvt. Ltd | 2 | 4,000 |
| 5 | Mondo Fusion Ltd | 6 | 12,000 |
| 6 | Computing Freedom Collective Pvt. Ltd | 2 | 4,000 |
| 7 | Iorbit Digital Technologies Pvt. Ltd | 8 | 16,000 |
| 8 | IHIVE Technologies | 10 | 20,000 |
| | Total | **41** | **82,000** |

മേൽ പട്ടികയനുസരിച്ച് 82,000/- രൂപയാണ് പ്രതിമാസം ലൈസൻസ് ഫീസായി കമ്പനികളിൽ നിന്നും ലഭിക്കുന്നത്. 31.10.2020 വരെ ആകെ 5,86,837/- രൂപ മാത്രമാണ് ലൈസൻസ് ഫീസായി ലഭിച്ചിട്ടുള്ളത്.

(6.3) ICFOSS ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഇൻകുബേഷൻ കമ്പനികളിൽ നിന്നുള്ള വരുമാനവും കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് മെച്ചപ്പെട്ട സൗകര്യമുള്ള വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. എന്നാൽ **<u>പ്രതീക്ഷിച്ച വരുമാനം കമ്പനികളിൽ നിന്ന് നാളിതുവരെയും ലഭിച്ചിട്ടില്ലായെന്നു മാത്രമല്ല ഭാരിച്ച തുക വാടകയിനത്തിൽ ICFOSS -ന് നൽകേണ്ടിയും വന്നു.</u>** കോവിഡ് -19 മഹാമാരിയുടെ സാഹചര്യത്തിൽ സ്വകാര്യ IT സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് "Work from Home" രീതി നടപ്പിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ **<u>ICFOSS ന്റെ പ്രവർത്തനത്തിനായി</u>**

**<u>ഐ.ടി വകുപ്പിന് കീഴിലുള്ള ടെക്നോപാർക്ക് പോലെയുള്ള സ്ഥാപനങ്ങളിൽ ലഭ്യമായ സ്ഥലസൗകര്യം ഉപയോഗപ്പെടുത്തുകയാണെങ്കിൽ പ്രതിമാസം വാടകയിനത്തിൽ KSFL ന് നൽകിവരുന്ന 11,11,061/- രൂപ ലാഭിക്കാൻ കഴിയുന്നതാണ് എന്ന വസ്തുത കണക്കിലെടുത്ത് ആയതിനുള്ള നടപടികൾ എത്രയും വേഗം ഭരണവകുപ്പ് കൈക്കൊള്ളേണ്ടതാണ്</u>**. കൂടാതെ ICFOSS ന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ കൂടി ഭരണ വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

**<u>7. ICFOSS-നെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയോട് കൂട്ടിയോജിപ്പിക്കുന്നതിനുള്ള സാധ്യത-സംബന്ധിച്ച്:-</u>**

(7.1) . ദി യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ,ഇന്നവേഷൻസ് ആന്റ് ടെക്നോളജി എന്ന ഡിജിറ്റൽ സർവ്വകലാശാലയുടെ ഓർഡിനൻസിന്റെ ചാപ്റ്റർ( I I ) ഖണ്ഡിക5 ( e ) പ്രകാരം യൂണിവേഴ്സിറ്റിയുടെ നിയമാവലിക്കകത്തു നിന്നുകൊണ്ട് സർക്കാരിന്റെ അനുമതിയോടെ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള റിസർച്ച് ഓർഗനൈസേഷൻസ്, ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവ സംയോജിപ്പിച്ച് യൂണിവേഴ്സ്റ്റിയ്ക്കകത്ത് സ്വതന്ത്രമായി പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങളായും പരിശീലന കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതായിരിക്കും എന്ന് അനുശാസിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ പോസ്റ്റ് ഗ്രാജ്യൂവേറ്റ് പഠനം, ട്രെയിനിംഗ്, കൺസൾട്ടൻസി ജോലികൾ എന്നിവ പരിപോഷിപ്പിക്കുന്നതും സൗകര്യം ഒരുക്കുന്നതും പ്രസ്തുത ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെടുന്നു. സംസ്ഥാനത്തെ Free and Open Source Software സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 2009 ൽ രൂപീകൃതമായ സ്ഥാപനമാണ് ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ **(ICFOSS)**. ICFOSS-ന്റെ പ്രവർത്തനം ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രവർത്തനമേഖലയായതിനാൽ ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ICFOSS)-നെ പ്രസ്തുത ഡിജിറ്റൽ യൂണിവേഴ്സിറ്റിയോട് കൂട്ടിയോജിപ്പിക്കുന്നതിനുള്ള സാധ്യത ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

**<u>സംഗ്രഹം:-</u>**

ICFOSS ലെ നിയമനങ്ങൾ സംബന്ധിച്ച് പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ക്രമക്കേടുകളും ചുവടെ ചേർക്കുന്നു.

1. ICFOSS ലെ നിയമനങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റൂൾ തയ്യാറാക്കുകയോ സർക്കാരിൽനിന്നുള്ള അനുമതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2. ICFOSS ലെ Memorandum of Association(MoA) യ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം നേടിയിട്ടില്ല.

3. ICFOSS ന്റെ ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും അംഗമായ ശ്രീ. അരുൺ.എം-നെ ടി സ്ഥാപനത്തിലെ തന്നെ പ്രോഗ്രാം ഹെഡ് (റിസർച്ച് & അക്കാഡമിക്സ്) തസ്തികയിലേക്ക് ക്രമവിരുദ്ധമായി നിയമിച്ചു. കൂടാതെ ICFOSS-ൽ ജോലി ചെയ്തു വരവെ സർക്കാർ ഉത്തരവില്ലാതെ ഡയറക്ടറുടെ മാത്രം നടപടിക്രമം പ്രകാരം ടിയാനെ KSITM-ലെ

KSID പ്രോജക്ടിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചു.

4. ഗവേണിംഗ് ബോഡി നിയമനം നടത്തുവാൻ തീരുമാനിക്കാത്തതും നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ ക്ഷണിക്കാത്തതുമായ ടെക്നിക്കൽ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് ശ്രീ. ആർ. സമ്പത്ത് കുമാറിനെ 60000-70000 രൂപ നിരക്കിൽ നിയമിക്കുന്നതിന് ഇന്റർവ്യൂ ബോർഡ് അധികാരദുർവിനിയോഗം നടത്തിക്കൊണ്ട് ശിപാർശ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു . ഇന്റർവ്യൂ ബോർഡിന്റെ പ്രസ്തുത തീരുമാനം/അഭിപ്രായം ക്രമവിരുദ്ധവും സ്വജനപക്ഷപാതപരവുമാണ്.

5. ജോബ് കൺസൾട്ടൻസി കമ്പനിയിൽ നിന്നും (AVON Facility Management Services) സപ്പോർട്ട് സ്റ്റാഫായി നിയമിച്ചവരെ ക്രമ വിരുദ്ധമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും അവർക്ക് വേതന വർദ്ധനവ് അനുവദിക്കുകയും ചെയ്തു.

6. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയില്ലാത്ത വ്യക്തിയെ ഡയറക്ടറായി നിയമിച്ചു.

7. കെട്ടിടത്തിന്റെ വാടക ഇനത്തിൽ പ്രതിമാസം 11,11,061/- രൂപ തുക നൽകുക വഴി 22.12.2018 മുതൽ 31.10.2020 വരെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 2,22,10,980/-രൂപ ചെലവഴിച്ചു. ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇൻകുബേഷൻ കമ്പനികളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭ്യമായിട്ടില്ല.

**ശിപാർശകൾ:-**

1. ICFOSS ന്റെ റിക്രൂട്ട്മെന്റ് സംബന്ധിച്ച് സ്പെഷ്യൽ റൂൾ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ ഭരണവകുപ്പ് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. ICFOSS ന്റെ Memorandum of Association (MoA)-ന് സർക്കാരിൽ നിന്നുള്ള അനുമതി വാങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

3. ICFOSS-ലെ പ്രോഗ്രാം ഹെഡ് (R&A) എന്ന തസ്തിക 24-01-2020 ലെ ജി.ഒ (എം.എസ്) നമ്പർ 5/2020/ഐ.റ്റി.ഡി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ശ്രീ.അരുൺ.എം-ന്റെ നിയമനം ക്രമവിരുദ്ധമായതിനാലും ICFOSS-ൽ നിന്നും KSITM-ലേയ്ക്ക് സർക്കാർ ഉത്തരവില്ലാതെ നിയമിച്ച നടപടി ശരിയായ പ്രവണതയല്ലാത്തതിനാലും ടിയാന്റെ ICFOSS-ലെ സേവനം അവസാനിപ്പിക്കുന്നതിനുള്ളതിനുള്ള സത്വരനടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

4. നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ ക്ഷണിക്കാത്ത ടെക്നിക്കൽ കൺസൾട്ടന്റ് തസ്തികയിലേയ്ക്കുള്ള ശ്രീ.ആർ.സമ്പത്ത്കുമാറിന്റെ നിയമനം ക്രമവിരുദ്ധമായതിനാലും 24-01-2020 ലെ ജി.ഒ (എം.എസ്) നമ്പർ 5/2020/ഐ.റ്റി.ഡി ഉത്തരവിൽ ടി തസ്തിക ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ICFOSS-ൽ നിലവിലില്ലാത്ത തസ്തികയിൽ തുടരുന്ന ടിയാന്റെ സേവനം അവസാനിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

5. ഐ.ടി വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുന്നതിനായി G.O.(Ms) No. 19/2020/ITD dated 24.09.2020*(Exh -21 )* പ്രകാരം രൂപീകരിച്ച കമ്മറ്റിയിൽ ധനകാര്യ വകുപ്പിൽ നിന്നുള്ള അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെക്കൂടെ ഉൾപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ വിപുലീകരിച്ച കമ്മറ്റി മുഖേന വിവര സാങ്കേതികവിദ്യ വകുപ്പിന്റെ 24.01.2020 ലെ ജി.ഒ (എം.എസ്) നമ്പർ 5/2020/ഐ.റ്റി.ഡി ഉത്തരവ് പ്രകാരം ICFOSS ൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള 15

തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനു വേണ്ട നടപടികൾ ഭരണ വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

6. കൺസൾട്ടൻസി സ്ഥാപനം മുഖേന സപ്പോർട്ടിംഗ് സ്റ്റാഫായി നിയമിച്ച ജീവനക്കാരെ ICFOSS ൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകുകയും അവർക്ക് വേതന വർദ്ധനവ് അനുവദിക്കുകയും ചെയ്ത നടപടി അവസര സമത്വ നിഷേധവും ക്രമരഹിതവുമാണ്. ജോബ് കൺസൾട്ടൻസികൾ വഴിയുള്ള നിയമനങ്ങൾ നടത്തുക വഴി നിയമനത്തിലുള്ള തുല്യനീതി തത്വം അട്ടിമറിക്കപ്പെടുകയും ചെയ്യുന്നു.

ആയതിനാൽ ജോബ് കൺസൾട്ടൻസികൾ മുഖേനെ നടത്തിയിട്ടുള്ളതും നിലവിൽ ICFOSS ൽ കരാറടിസ്ഥാനത്തിൽ ജോലിനോക്കിവരുന്നവരുമായ താഴെ പറയുന്ന 7 ജീവനക്കാരുടെ നിയമനങ്ങൾ അവസാനിപ്പിച്ച് പ്രസ്തുത ഒഴിവുകളിൽ അത്യാവശ്യമെങ്കിൽ G.O.(Ms) No. 19/2020/ITD dated 24.09.2020 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ അംഗീകാരത്തോടെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | ഉമാമഹേഷ്. ആർ | അക്കൗണ്ട്സ് എക്സിക്യൂട്ടീവ് |
| 2 | ഹസിയ. യു.എൻ | എക്സിക്യൂട്ടീവ് സെക്രട്ടറി ടു ഡയറക്ടർ |
| 3 | അഞ്ജലി . ജി | പ്രോഗ്രാം ഓഫീസർ (ടെക്നിക്കൽ) |
| 4 | അഭിലാഷ്.സി | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ |
| 5 | റീത്ത.എൽ | ടെക്നിക്കൽ റൈറ്റർ |
| 6 | ബിന്ദുകുമാരി.ആർ.എസ് | ഹൗസ് കീപ്പിംഗ് |
| 7 | പ്രദീപ് ഫ്രഡി | ഓഫീസ് അസിസ്റ്റന്റ് |

7. ICFOSS ന്റെ പ്രവർത്തനത്തിനായി ഐ.ടി വകുപ്പിന് കീഴിലുള്ള ടെക്നോപാർക്ക് പോലെയുള്ള സ്ഥാപനങ്ങളിൽ ലഭ്യമായ സ്ഥലസൗകര്യം ഉപയോഗപ്പെടുത്തുകയാണെങ്കിൽ പ്രതിമാസം വാടകയിനത്തിൽ Karyavattam Sports Facilities Ltd-ന് നൽകിവരുന്ന 11,11,061/- രൂപ ലാഭിക്കാൻ കഴിയുമെന്നതിനാൽ ആയതിനുള്ള സാധ്യത ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്.

8. പ്രോജക്ടുകളുടെ പുരോഗതി സംബന്ധിച്ച് വിഷയ പ്രാഗത്ഭ്യമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി സബ് കമ്മറ്റികൾ രൂപീകരിച്ച് എല്ലാ പ്രോജക്ടുകളുടെയും നടത്തിപ്പിലെ പുരോഗതി മാസംതോറും എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തേണ്ടതാണ്.

9. യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ,ഇന്നവേഷൻസ് ആന്റ് ടെക്നോളജി എന്ന ഡിജിറ്റൽ സർവ്വകലാശാലയുടെ ഓർഡിനൻസിന്റെ ചാപ്റ്റർ(II) ഖണ്ഡിക 5(e) പ്രകാരം യൂണിവേഴ്സിറ്റിയുടെ നിയമാവലിക്കകത്തു നിന്നുകൊണ്ട് സർക്കാരിന്റെ അനുമതിയോടെ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള റിസർച്ച് ഓർഗനൈസേഷൻസ്, ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവ സംയോജിപ്പിച്ച് യൂണിവേഴ്സിറ്റിയ്ക്കകത്ത് സ്വതന്ത്രമായി പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങളായും പരിശീലന കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതായിരിക്കും എന്ന് അനുശാസിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്

വെയർ (ICFOSS)-നെ പ്രസ്തുത ഡിജിറ്റൽ യൂണിവേഴ്സിറ്റിയോട് കൂട്ടിയോജിപ്പിക്കുന്നതിനുള്ള സാധ്യത ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

**ANIL KUMAR.S, AS(IW,FIN), O/o AS Finance IW**

**ADDITIONAL SECRETARY**

**07/04/2021**

**<u>ധനകാര്യ (പരിശോധന - ഡി ) വിഭാഗം ഐ.സി.ടി അക്കാഡമി കേരളയിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്</u>**

തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഐ.സി.ടി അക്കാഡമി കേരളയിലെ നിയമനങ്ങൾ ചട്ട പ്രകാരവും സുതാര്യവുമായ രീതിയിലാണോ എന്ന് അന്വേഷണം നടത്തുന്നതിനായി സ.ഉ.(സാധാ) നം.4407/2020/ധന ഉത്തരവ് പ്രകാരം ധനകാര്യ (പരിശോധനാ-ഡി) വിഭാഗം 2020 നവംബർ മാസത്തിൽ ഐ.സി.ടി അക്കാഡമി ഓഫ് കേരള സന്ദർശിച്ച് പരിശോധന നടത്തുകയുണ്ടായി. വളർന്നു വരുന്ന സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി സർക്കാർ നൽകുന്ന ധനസഹായം ശരിയായ രീതിയിൽ ഉപയോഗപ്രദമാക്കുന്നുണ്ടോ, ജീവനക്കാരുടെ നിയമനം എന്നിവയുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ നിന്നും ലഭ്യമായ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു

**<u>ആമുഖം</u>**

കേരളത്തിലെ കോളേജുകളിൽനിന്നും പഠിച്ചിറങ്ങുന്ന ബിരുദധാരികളായ വിദ്യാർത്ഥികൾക്ക് ജോലി സാധ്യത ഉറപ്പുവരുത്തുന്നതിലേക്ക് സംസ്ഥാന ഐ റ്റി വകുപ്പും കേന്ദ്ര ഐ റ്റി വകുപ്പും സംയുക്തമായി സഹകരിച്ചാണ് ഐ.സി.ടി അക്കാഡമി കേരള രൂപീകരിച്ചിട്ടുള്ളത്. ICTAK യുടെ മെമ്മോറണ്ടം ഓഫ് അസോസിയേഷൻ പ്രകാരം അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരമാണ്.

<u>The main objects to be perused by the Company on its incorporation are -</u>

1. To develop state of the art facility for developing faculty for training in IT

2. To provide specialized training to faculties for engineering, arts and science colleges, ITI's and Polytechnics across Kerala and to provide training to facilities and students in other emerging areas in information communication technology

3. To carryout research and consultancy support for industry for capacity building and courses in IT

4. To develop and maintain a world class carriculam related to Information Technology

industry and to function as a resources centre for carriculam and faculty development.

കേന്ദ്ര ഐ. റ്റി. വകുപ്പ് Circular No. 13(13)/2008-HRD Vol.II) dated 05.11.2008 from the Deputy Director , Minstry of Communication and Information Technology, Dept. Of IT Govt. Of India പ്രകാരം 14 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൽനിന്നും 6 കോടി രൂപ ക്യാപിറ്റൽ എക്സ്പെൻഡിച്ചറായി ഗ്രാൻഡ് ഇൻ എയ്ഡ് ശീർഷകത്തിൽ അനുവദിക്കുകയും അതിൽനിന്നും 2.5 കോടി രൂപ ആദ്യ ഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഐ.സി.ടി അക്കാഡമി കേരള കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനിയാണ്. G.O.(MS) No. 42/2008/ITD, dated 19.12.2008 പ്രകാരം, 26 % ഇക്വിറ്റി ഷെയർ സംസ്ഥാന സർക്കാറിനും ബാക്കിയുള്ള 76 % മറ്റു ഐ റ്റി ഇൻഡസ്ട്രിസ് കമ്പനികളിൽനിന്നും ഇക്വിറ്റി ഷെയർ ആയി സ്വീകരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രമുഖ ഐ ടി കമ്പനികളായ TCS, IBS, UST, Sowparnika Education Solutions and Quest.എന്നി കമ്പനികളുമായി സഹകരിച്ചാണ് ഐ.സി.ടി അക്കാഡമി കേരള പ്രവർത്തിക്കുന്നത്.

**<u>ഭരണനിർവഹണ സംവിധാനം</u>**

മേൽ നോട്ടത്തിനും ഭരണപരമായ കാര്യനിർവ്വഹണത്തിനുമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയാണ് ജീവനക്കാരെ നിയമിക്കുന്നത്. അവരുടെ ശമ്പളം അവരുടെ പെർഫോമൻസിന്റെ അടിസ്ഥാനത്തിലാണ് കലാകാലങ്ങളിൽ നിശ്ചയിക്കുന്നത്. സാലറി ഐ.സി.ടി അക്കാഡമി കേരളയുടെ തനതു ഫണ്ടിൽനിന്നുമാണ് നൽകുന്നത്. CEOഉൾപ്പെടെ 25 ഓളം പേരാണ് ഐ.സി.ടി അക്കാഡമി കേരളയിൽ പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ വിവരങ്ങൾ EXHIBIT 1 ആയി ചേർത്തിട്ടുണ്ട്.

**<u>നിരീക്ഷണങ്ങളും കണ്ടെത്തലുകളും;</u>**

1956 ലെ കമ്പനീസ് ആക്ട് സെക്ഷൻ 25 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനിയാണ് തിരുവനന്തപുരം ടെക്നോപാർക് കാമ്പസിൽ സ്ഥിതിചെയ്യുന്ന ഇൻഫർമേഷൻ കമ്യൂണിക്കേഷൻ അന്റ് ടെക്നോളജി അക്കഡമി ഓഫ് കേരള **(ICTAK).** CEOഉൾ പ്പെടെ 2 5 ഓളം പേരാണ് ഐ.സി.ടി അക്കാഡമി കേരളയിൽ പ്രവർത്തിക്കുന്നത്. G.O.(MS) No. 42/2008/ITD, dated 19.12.2008 പ്രകാരംം, ഗവൺമെൻറ് ഇക്വിറ്റി ഷെയർ 26% (2,08,00,000)വും ഐ . റ്റി കമ്പനികളിൽ നിന്നുള്ള ഇക്വിറ്റി ഷെയർ 74% (5.92 Cr)വും ആണ്. മൊത്തത്തിൽ 8 കോടി രൂപയാണ് ഇക്വിറ്റി ഷെയർ ആയി സ്വരൂപിക്കേണ്ടത്.

ഈ സാഹചര്യത്തിൽ ഗവണ്മെന്റിന്റെ ഇക്വിറ്റി ഷെയർ ആയി 2,07,99,700/-രൂപ (Rounded to 2,08,00,000= 26%) ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ഐ . റ്റി കമ്പനികളിൽ നിന്നും സ്വരൂപിക്കേണ്ട 74% (5.92 Cr) ഇക്വിറ്റി ഷെയറിൽ 4,92,00,300/- (83%) രൂപയാണ് സ്വരൂപിക്കപ്പെട്ടത്. **ഇത്തരത്തിൽ ആകെ 7 കോടി രൂപയ്ക്കാണ് നിലവിൽ ഇക്വിറ്റി ഷെയർ ഉള്ളത്. ആയതിൻ പ്രകാരം നിലവിൽ 29.72% ഷെയർ സംസ്ഥാനസർക്കാറിനും 70.28% പ്രമുഖ ഐ ടി കമ്പനികളായ TCS, IBS, UST, Sowparnika Education Solutions and Questതുടങ്ങിയവയ്ക്കുമാണ്.**

1956 ലെ കമ്പനീസ് ആക്ട് പ്രകാരം 51% ഷെയർ എങ്കിലും സർക്കാരിന് ഉണ്ടെങ്കിൽ മാത്രമേ പ്രസ്തുത സ്ഥാപനത്തെ ഒരു സർക്കാർ കമ്പനിയായി പരിഗണിക്കുകയുള്ളൂ. **നിലവിൽ 29.72% ഷെയർ സംസ്ഥാനസർക്കാറിനും 70.28% പ്രമുഖ ഐ ടി കമ്പനികളായ TCS, IBS, UST, Sowparnika Education Solutions and Questതുടങ്ങിയവയ്ക്കുമാണ്. കമ്പനീസ് ആക്ട് പ്രകാരം സ്ഥാപിക്കപ്പെട്ട ടി സ്ഥാപനത്തിന്റെM o A അടിസ്ഥാനത്തിലാണ് ഭരണപരമായ കാര്യങ്ങൾ നടത്തപ്പെടുന്നത്.** കൂടാതെ സർക്കാരിൽ നിന്നും യാതൊരുവിധത്തിലുള്ള പ്ലാൻ ഫണ്ടുകളും ഐസിടി അക്കാഡമി കേരളക്ക് നൽകിയിട്ടില്ല. ഐ.സി.ടി അക്കാഡമി കേരള അവരുടെ സാമ്പത്തികം കണ്ടെത്തുന്നത് അവരുടെ അംഗങ്ങളായ കമ്പനികൾക്കുവേണ്ടി ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചുകൊണ്ടാണ്. ഇതുവരെ 3 5 0 0 0 വിദ്യാർത്ഥികൾക്കും, 5000ഫാക്കൽറ്റികൾക്കും ട്രെയിനിംഗ് നൽകപ്പെട്ടതായി അറിയിച്ചിട്ടുണ്ട് നിലവിൽ കുറഞ്ഞ ചെലവിലാണ് ട്രെയിനിംഗ് നൽകപ്പെടുന്നത്. കമ്പനി ചട്ടപ്രകാരമുള്ള സ്ഥാപനമായതുകൊണ്ടും കേവലം 2 9 . 7 2 % ഇക്വിറ്റി ഷെയർ മാത്രമേ ഉള്ളതുകൊണ്ടും നിയമനങ്ങളിലും കരാറുകളിലും സർക്കാർ ചട്ടങ്ങളും ഉത്തരവുകളും ബാധകമാകുന്നില്ല എന്നാണ് ലഭ്യമായ വിവരം. ആയതുകൊണ്ട് ടി സ്ഥാപനത്തിലെ കരാർ നിയമനങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടിട്ടില്ല

**<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സർവകലാശാലയുടെ ഉത്ഭവം.</u>**

ബഹു. കേരള ഗവർണ്ണറുടെ 2020 ലെ ഓർഡിനൻസ് നം. 55 പ്രകാരം സ്ഥാപിക്കപ്പെട്ട THE KERALA UNIVERSITY OF DIGITAL SCIENCES, INNOVATION AND TECHNOLOGY എന്ന ഡിജിറ്റൽ സർവ്വകലാശാല സംസ്ഥാനത്ത് ഒരു അഫിലിയേറ്റ് ചെയ്യാത്ത ഗവേഷണ-അദ്ധ്യാപന സർവകലാശാല സ്ഥാപിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും, പഠനങ്ങൾ, ഗവേഷണം, ഇൻകുബേഷൻ, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ സാങ്കേതികവിദ്യകളിലും അനുബന്ധ മേഖലകളിലും നേട്ടം കൈവരിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ട സർവ്വകലാശാലയാണ് (EXHIBIT 2 ൽ കാണാവുന്നതാണ്).

**ശുപാർശകൾ:**

ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസെസ്, ഇന്നവേഷൻസ് ആന്റ് ടെക്നോളജി എന്ന ഡിജിറ്റൽ സർവ്വകലാശാലയുടെ ഓർഡിനൻസിന്റെ ചാപ്റ്റർ (II) ഖണ്ഡിക 5 (e) പ്രകാരം യൂണിവേഴ്സിറ്റിയുടെ നിയമാവലിക്കകത്ത് നിന്നുകൊണ്ട് സർക്കാറിന്റെ അനുമതിയോടെ സർക്കാറിന്റെ നിയന്ത്രണത്തിലുള്ള റിസർച്ച് ഓർഗനൈസേഷൻസ്, ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവ സംയോജിപ്പിച്ച് യൂണിവേഴ്സിറ്റിക്കകത്ത് സ്വതന്ത്രമായി പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങളായും പരിശീലന സഹായ കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതായിരിക്കും എന്ന് അനുശാസിക്കുന്നു. ഈ സാഹചര്യത്തിൽ ഉദ്ദേശലക്ഷ്യത്തിന്റെ കാര്യത്തിൽ സമാന സ്വഭാവമാകയാൽ, ഇൻഫർമേഷൻ കമ്യൂണിക്കേഷൻ അന്റ് ടെക്നോളജി അക്കാഡമി ഓഫ് കേരള (ICTAK) യെ പ്രസ്തുത ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഭാഗമാക്കാവുന്നതാണോയെന്ന് ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

ANIL KUMAR. S
ADDITIONAL SECRETARY

EXHIBIT 1

| Name of the Employee | Designation | Mode of appointment | Appointment Order Number and date | Qualification | Experience | Monthly Salary /Net pay | Tenure |
|---|---|---|---|---|---|---|---|
| SANTHOSH KURUP | CHIEF EXECUTIVE OFFICER | Appointed by the Board/Nomination & Remuneration Committee | Board Meeting dated 27th March 2014 | B TECH (EEE) | 25 Years | 132507 | On-role, cessation with 3 months notice |
| PRIYA A | ACCOUNTANT | " | ICTAK/HR/001 Dated 19th November 2013 | BA | 7 Years | 16803 | On-role, cessation With 1 months notice |

| | | | | | | | |
|---|---|---|---|---|---|---|---|
| NIDHIN DAS D | COMPANY SECRETARY | " | ICTAK/HR/002 Dated 5th May 2014 | FCS | 12 Years | 52814 | On-role, cessation with 3 months notice |
| SAJAN M | SENIOR MANAGER | " | ICTAK/HR/003 Dated 8th May 2014 | MBA | 13 Years | 53416 | On-role, cessation With 1 months notice |
| PRASANTH K N | SENIOR MANAGER | " | ICTAK/HR/004 Dated 8th May 2014 | MBA | 11 Years | 50886 | On-role, cessation with 3 months notice |
| SREERAJ A | IT LEAD | " | ICTAK/HR/009 Dated 14th May 2014 | B TECH | 11 Years | 30474 | On-role, cessation with 1 months notice |
| MANOJ A S | HEAD-CORPORATE OPERATING UNIT | " | ICTAK/HR/007 Dated 12th May 2014 | Doctorate In Management | 18 Years | 82427 | On-role, cessation With 3 months notice |
| R GOPINATHAN NAIR | HEAD-FINANCE & ADMIN | " | ICTAK/HR/005 Dated 8th May 2014 | FICWA | 26 Years | 86017 | On-role, cessation With 1 months notice |
| RIJI N DAS | HEAD-KNOWLEDGE OFFICE | " | ICTAK/HR/023 Dated 13th June 2014 | M Tech | 20 Years | 52919 | On-role, cessation with 3 months notice |
| SREEKANTH D | SENIOR KNOWLEDGE OFFICER | " | ICTAK/HR/019 Dated 27th May 2014 | Doctorate In Computer Science | 17 Years | 34823 | On-role, cessation With 1 months notice |
| PRADEEP S | HEAD-RETAIL OPERATING UNIT | " | ICTAK/HR/018 Dated 24th May 2014 | Doctorate In Management | 17 Years | 60965 | On-role, cessation With 3 months notice |
| SREEKUMAR K V | HEAD-ACADEMIC RELATIONS OPERATING UNIT | " | ICTAK/HR/025 Dated 7th July 2014 | MCA | 16 Years | 49769 | On-role, cessation With 1 months notice |
| SINJITH S | ASSOCIATE MANAGER | " | ICTAK/HR/027 Dated 18th July 2014 | B Tech, MBA | 9 Years | 28892 | On-role, cessation With 3 months notice |
| THOMAS J | ASSOCIATE MANAGER | " | ICTAK/HR/024 Dated 7th July 2014 | B Tech | 11 Years | 22979 | On-role, cessation With 1 months notice |
| ABILASH R | HEAD-GOVERNMENT OPERATING UNIT | " | ICTAK/HR/043 Dated 23rd October 2014 | MHRM | 19 Years | 38387 | On-role, cessation With 3 months notice |
| VINOD R | ADMIN ASSISTANT | " | ICTAK/HR/026 Dated 17th July 2014 | BA | 7 Years | 13401 | On-role, cessation With 1 months notice |

| | | | | | | | |
|---|---|---|---|---|---|---|---|
| NITHA ANILKUMAR | KNOWLEDGE OFFICER | " | ICTAK/HR/475 dated 4th May 2019 | M Tech | 5 Years | 30000 | 3 Years contract subject to performance review after the completion of Every year |
| MEERA MATHEW | KNOWLEDGE OFFICER | " | ICTAK/HR/509 Dated 1st July 2019 | M Tech | 4 Years | 30000 | 3 Years cotract subject to performace review after The completion of every year |
| REMYA U L | KNOWLEDGE OFFICER | " | ICTAK/HR/510 Dated 1st July 2019 | M Tech | 8 Years | 35000 | 3 Years cotract subject to performace review after the completion of every year |
| GAURI BALACHANDRAN | JUNIOR KNOWLEDGE OFFICER | " | ICTAK/HR/557 Dated 10th January 2020 | B Tech | 3 Years | 21500 | 1 year contract |
| JOHN J PADAMADAN | JUNIOR KNOWLEDGE OFFICER | " | ICTAK/HR/558 Dated 10th January 2020 | M Sc | 3 Years | 21500 | 1 year contract |
| KAILAS K | ASSISTANT MANAGER | " | ICTAK/HR/471 Dated 24th May 2019 | MBA | 3 Years | 22000 | 1 Year Contract |
| SARITHA B S | RECEPTIONIST | " | ICTAK/HR/388 Dated 15th December 2018 | BCA | 3 Years | 9720 | 1 year contract |
| NIDHIN P S | IT ASSISTANT | " | ICTAK/HR/598 Dated 1st August 2020 | B Tech | 1 year | 10000 | 6 Months contract |
| GOKUL G NAIR | JUNIOR KNOWLEDGE OFFICER | " | ICTAK/HR/512 Dated 17th October 2019 | B Tech | 1 year | 15000 | 1 year contract |

**EXHIBIT 2**

(e) to amalgamate existing research organizations, training entities under the Government to work as extension centers, Independent Centres of Excellence, Training and Outreach Centres within the University in compliance with the Statutes with explicit permission of the Government;

**<u>കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷനിൽ ധനകാര്യ(പരിശോധന എൻ.റ്റി.എഫ്) വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്</u>**

സംസ്ഥാനത്തെ ഐ.ടി വകുപ്പിന് കീഴിലുള്ള ഏജൻസികൾ/സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ/പ്രോജക്ടുകൾ എന്നിവിടങ്ങളിലെ 2011-12 സാമ്പത്തിക വർഷം മുതലുള്ള നിയമനങ്ങൾ ചട്ടപ്രകാരവും സുതാര്യവുമായ രീതിയിലാണോ നടത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് 17/07/2020-ലെ ജി.ഒ.(ആർ.റ്റി) നം. 4226/20/ധന, 30.07.2020-ലെ ജി.ഒ.(ആർ.റ്റി) നം.4407/20/ധന എന്നിവ പ്രകാരം ഉത്തരവായിരുന്നു ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐ.ടി മിഷനിലും അനുബന്ധ സ്ഥാപനമായ അക്ഷയ സ്റ്റേറ്റ് മിഷൻ ഓഫീസിലും ധനകാര്യ(പരിശോധന എൻ.റ്റി.എഫ്) വകുപ്പ് പരിശോധന നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**<u>കേരള സംസ്ഥാന ഐ.ടി മിഷൻ</u>**

1999-ലാണ് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ സ്ഥാപിതമാകുന്നത്. ഈ സ്ഥാപനം 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് മുഖേന രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സൊസൈറ്റിയാണ്. ഇതിന്റെ ഭരണനിർവ്വഹണത്തിനായുള്ള 'ഗവേണിംഗ് ബോഡി'യുടെ അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട സംസ്ഥാന ഐ.റ്റി വകുപ്പ് മന്ത്രിയും 'എക്സിക്യൂട്ടീവ് കമ്മിറ്റി'യുടെ അദ്ധ്യക്ഷൻ ഐ.റ്റി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമാണ് കൂടാതെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനായി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയും നിലവിലുണ്ട്.ആർട്ടിക്കിൾസ് ആന്റ് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം ഗവേണിംഗ് ബോഡി വർഷത്തിൽ രണ്ട് തവണയും എക്സിക്യൂട്ടീവ് കമ്മിറ്റി മൂന്നുമാസത്തിൽ ഒരിക്കലും ഒത്ത് ചേരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാന വിവര സാങ്കേതിക വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയിൽ താഴെപറയുന്ന അംഗങ്ങൾ കൂടി ഉൾപ്പെടുന്നു

1. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്- കേരള ഡയറക്ടർ
2. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
3. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
4. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
5. ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി
6. വിവര സാങ്കേതിക വകുപ്പ് സെക്രട്ടറി
7. വിവര സാങ്കേതിക മേഖലയിൽ നിന്നും സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് പ്രതിനിധികൾ
8. കേരള ഐ.റ്റി മിഷൻ ഡയറക്ടർ/സെക്രട്ടറി

വിവര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ താഴെപറയുന്ന അംഗങ്ങൾകൂടി ഉൾപ്പെടുന്നു.

1. പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി (ധനകാര്യം)
2. പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി (വ്യവസായം)
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്
4. ഡയറക്ടർ, സി.ഡാക്ക്
5. ഡയറക്ടർ, IIITMK (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള)
6. വിവര സാങ്കേതികം/ഇലക്ട്രോണിക്സ്/പ്രൊഫഷണൽ ബോഡികളിൽ നിന്നും സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരു പ്രതിനിധി
7. ഡയറക്ടർ കം മെമ്പർ സെക്രട്ടറി, കേരള ഐ.റ്റി മിഷൻ

**കേരള സ്റ്റേറ്റ് ഐ ടി മിഷനിലും അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലും ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ ഭരണപരമായ രേഖകൾ എന്നിവ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്**

പരിശോധനാ വേളയിൽ ജീവനക്കാരെ സംബന്ധിച്ച സേവനവേതന വിവരങ്ങൾ അടങ്ങുന്ന രേഖകൾ ക്രമമായി രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നില്ല എന്ന് ബോധ്യമായി. പല പ്രോജക്ടുകൾക്കും തസ്തികകൾക്കും പൊതുവായ നോട്ടിഫിക്കേഷനുകൾ നൽകി കരാർ അടിസ്ഥാനത്തിൽ ഒരുമിച്ച് നിയമിയ്ക്കുന്നതു മൂലം ഇത്തരം ജീവനക്കാരുടെ നിയമന വിവരങ്ങളെല്ലാം ഒരുമിച്ച് സോഫ്റ്റ് കോപ്പിയായിട്ടാണ് കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നത്.പരിശോധന വിഭാഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറിൽ നിന്നും ലഭ്യമായ ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച രേഖകൾ (വിജ്ഞാപനം, സർക്കാർ ഉത്തരവുകൾ, യോഗ്യത, സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ നിയമന രീതി [എഴുത്തുപരീക്ഷ/അഭിമുഖം] , കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, ഓഫർ ലെറ്റർ, ജോയിനിംഗ് ഓർഡർ, കരാറുകളുടെ പകർപ്പ് ജോയിനിംഗ് റിപ്പോർട്ട് യഥാസമയങ്ങളിൽ കാലാവധി ദീർഘിപ്പിച്ച നൽകിയ GB/EC തീരുമാനങ്ങൾ എന്നിവ) പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരെ സംബന്ധിച്ച നിയമനങ്ങളിലെ പല രേഖകളുടേയും പകർപ്പുകൾ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ജീവനക്കാരുടെ പക്കൽ നിന്നും ടി രേഖകൾ അനൗദ്യോഗികമായി ശേഖരിച്ചാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്.

2015-16 മുതൽ 2020-21 വരെ കാലയളവിൽ കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലും അനുബന്ധ സ്ഥാപനങ്ങളിലും വിവിധ പ്രോജക്ടുകൾക്കായി ആകെ 58,964/- ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട് ആയതിന്റെ വിശദാംശം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. (ലക്ഷത്തിൽ)

| ക്രമ നം | സാമ്പത്തിക വർഷം | ബഡ്ജറ്റ് പ്രൊവിഷൻ<br>3451-00-101-87-01-35-0 Plan Voted | ബഡ്ജറ്റ് പ്രൊവിഷൻ<br>3451-00-101-87-01-35-0 Plan Voted | ആകെ |
|---|---|---|---|---|
| 1 | 2016-17 | 600 | 8859 | 9459 |
| 2 | 2017-18 | 1250 | 8693 | 9943 |
| 3 | 2018-19 | 3694 | 10000 | 13, 694 |
| 4 | 2019-20 | 750 | 13, 134 | 13, 884 |
| 5 | 2020-21 | 700 | 11, 284 | 11, 984 |
| | | | **Grand Total** | **58, 964** |

ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വലിയ തുക ചെലവഴിയ്ക്കുന്നതിനും മേൽ നോട്ടത്തിനുമായി പൊതുഭരണ വകുപ്പിൽ നിന്നും

ധനകാര്യ വകുപ്പിൽ നിന്നും ആകെ 5 പേർ മാത്രമാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്ഥികയിൽ സേവനമനുഷ്ഠിക്കുന്നത്. മേൽ പ്രതിപാദിക്കുംവിധം സാമ്പത്തിക വിഹിതമുള്ള പ്രോജക്ടുകളുടെ നടത്തിപ്പ് കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന താൽകാലിക ജീവനക്കാരാണ് കൈകാര്യം ചെയ്തുവരുന്നത്. ഇത്രയും ഭീമമായ തുക കൈകാര്യം ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം തുലോം കുറവാണ്. മാത്രവുമല്ല കരാർ ജീവനക്കാരുടെ മേലുള്ള സർക്കാർ നിയന്ത്രണം പരിമിതമായതിനാൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടാൽപോലും അവർക്കെതിരെ അച്ചടക്ക നടപടികൾ കൈകൊള്ളാൻ നിലവിലെ നിയമങ്ങൾ അപര്യാപ്തമാണ്. ഐ.റ്റി മിഷന്റെ ഭരണ സാമ്പത്തിക കാര്യങ്ങൾ കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി നിറവേറ്റുന്നതിന് സ്ഥിര സംവിധാനമെന്നനിലയിൽ ഒരു കോർ ടീം ഈ സ്ഥാപനത്തിൽ ആവശ്യമാണ്. ആയതിനാൽ എത്ര സ്ഥിരം തസ്തികകൾ ആവശ്യമാണെന്നത് ഭരണവകുപ്പ് കണക്കാക്കേണ്ടതും ആയതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം വാങ്ങിയതിനുശേഷം സ്പെഷ്യൽ റൂൾസ് ഉണ്ടാക്കേണ്ടതും കൂടാതെ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമനപ്രക്രിയകൾ അവലംബിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതുമാണ്.

## <u>എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡി എന്നിവ നിയമാനുസൃതം കൂടാത്തതിന്റേയും കരാർ നിയമനങ്ങളുടെയും കാലാവധി ദീർഘിപ്പിക്കാത്തതിന്റെയും കാരണം സംബന്ധിച്ച്</u>

കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിൽ വിവിധ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് അനുവദിച്ചതിൽ പല തസ്തികകളുടേയും നിയമനം എൻ.ഐ.സി വഴി ആയിരുന്നു എന്നും എൻ.ഐ.സി യിൽ നിന്നും ആവശ്യമായ സേവനം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന അവസ്ഥ സംജാതമായപ്പോൾ അത് പ്രോജക്ടുകളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനു വേണ്ടി മുൻപ് എൻ.ഐ.സി വഴി നിയമനം നടത്തിയിരുന്ന ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തുടങ്ങിയ ജീവനക്കാരെ ഐ.റ്റി മിഷന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ നിയമനം നടത്തുകയായിരുന്നു എന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പ്രോജക്ട് അസിസ്റ്റന്റ് (നോൺ ടെക്നിക്കൽ), അസിസ്റ്റന്റ് പ്രോജക്ട് കോ ഓഡിനേറ്റർ എന്നീ തസ്തികകൾ ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം സൃഷ്ടിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായി രണ്ട് ഓഫീസ് അറ്റൻഡന്റിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതായും **ഇതിന് സർക്കാർ സാധൂകരണം തേടിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട് മേൽ നിയമനങ്ങളിൽ സർക്കാരിന്റെ സാധൂകരണം നേടുന്നതിനുള്ള നടപടികൾ ഡയറക്ടർ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.**

കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ ആർട്ടിക്കിൾസ് & മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരമുള്ള ഇടവേളകളിൽ ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ ചേരുന്നതിന് പലപ്പോഴും സാധിച്ചിട്ടില്ല എന്നും ഐറ്റി മിഷൻ ഡയറക്ടർ നിലവിൽ ആറോളം വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ ചാർജ്ജ് വഹിക്കുന്നുണ്ടെന്നും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട അടിയന്തിര ചുമതലകൾ നിർവ്വഹിക്കാനുള്ളതിനാലാണ് മേൽ സമിതികൾ സമയാസമയങ്ങളിൽ ഒത്ത്ചേരാൻ കഴിയാത്തതെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2016 ഫെബ്രുവരി മാസത്തിലാണ് അവസാനമായി ഗവേണിംഗ് ബോഡി കൂടിയത് അതിനുശേഷം നാളിതുവരെ ഗവേണിംഗ് ബോഡി കൂടിയിട്ടില്ല . എക്സിക്യൂട്ടീവ് കമ്മിറ്റിയും ചട്ടപ്രകാരമുള്ള കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല ഇത് ആർട്ടിക്കിൾസ് & മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. മേൽ കാലതാമസങ്ങൾ മൂലം ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കൽ മുതലായ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് ഗവേണിംഗ് ബോഡിയുടെ അംഗീകാരം ലഭിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന് കാരണമാകുന്നു. മേൽ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഐ.റ്റി മിഷനിലെ നിയമനങ്ങളുടേയും പ്രാമുഖ്യം സമിതി അംഗങ്ങളെ യഥാസമയം ബോധ്യപ്പെടുത്തി നിശ്ചിത ഇടവേളകളിൽ ടി കമ്മിറ്റികൾ കൂടുന്നതിനുള്ള നടപടികൾ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

## <u>ഐ.റ്റി മിഷനിലെ നിയമനങ്ങൾ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചത് സംബന്ധിച്ച്</u>

കേരള സംസ്ഥാന ഐ.റ്റി മിഷനിൽ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി റിക്രൂട്ട്മെന്റ് പോളിസിയോ സ്പെഷ്യൽ റൂൾസോ നിലവിലില്ല. കരാർ/ദിവസവേതനാടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. കാലാകാലങ്ങളിൽ ആരംഭിക്കുന്ന പ്രോജക്ടുകൾക്കാവശ്യമായ താൽകാലിക തസ്തികകൾ സർക്കാർ അനുവദിക്കുകയാണ് ചെയ്തു വരുന്നതെന്നും തസ്തികകളുടെ കാലാവധി പ്രസ്തുത പ്രോജക്ട് കാലാവധിയായി കണക്കാക്കുന്നു എന്നും വിവിധ പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നതിന് വ്യത്യസ്തമായ യോഗ്യതയും വിവിധ മേഖലകളിൽ പ്രവർത്തിപരിചയവും ആവശ്യമാണ് എന്നും വിവര സാങ്കേതിക വിദ്യ നിരന്തരം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന മേഖലയായതുകൊണ്ട്തന്നെ പ്രസ്തുത മേഖലയിലെ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളിൽ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് ആവശ്യമായി വരുന്നു എന്നും ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഭരണ പരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ക്ലാർക്ക്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിക്കേണ്ടതാണ്. സ്ഥിരം ജീവനക്കാരുടെ അഭാവം ഐ.റ്റി മിഷനിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നരീതിയിൽ പ്രകടമാണ്. മാന്വലിൽ പ്രതിപാദിക്കുന്ന മാനദണ്ഡപ്രകാരം ഫയലുകളും രജിസ്റ്ററുകളും പരിപാലിക്കാത്തത് മിഷന്റെ ഭരണപരമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. നിലവിൽ വിവിധ തസ്തികകളിലായി ജോലിചെയ്യുന്ന കരാർ ജീവനക്കാർക്ക് ആർക്കുംതന്നെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.

**KSITM-ലെ തസ്തികകളേയും ജീവനക്കാരെയും സംബന്ധിച്ച വിവരങ്ങൾ**

കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിൽ 239-ജീവനക്കാർ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നു അതിൽ 8 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും (ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, മിഷൻ കോ ഓഡിനേറ്റർ തുടങ്ങിയവർ) 227 പേർ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിലും, 4 പേർ ദിവസവേതനാടിസ്ഥാനത്തിലും ( 3 ഓഫീസ് അറ്റൻഡന്റ്, 1 -ഡ്രൈവർ) ജോലി നോക്കി വരുന്നു വിശദാംശങ്ങൾ അനുബന്ധമായി പട്ടിക 1-ൽ ചേർക്കുന്നു. കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് ഐ.റ്റി വകുപ്പിന് കീഴിൽ ഒരു പ്രത്യേക മിഷനായാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂളുകൾ നിലവിലില്ലാത്തതിനാൽ സർക്കാരിൽ നിന്നും നാളിതുവരെയായി സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടില്ല.

2010 മുതൽ നാളിതുവരെ ഐ.റ്റി മിഷനിൽ വിവിധ പ്രോജക്ടുകളിലെ തസ്തികകളിൽ കൺസൾട്ടൻസി വഴി നിയമനം നടത്തിയിട്ടില്ല എന്നും ഏതെങ്കിലും കൺസൾട്ടൻസികളിൽ സേവനമനുഷ്ഠിച്ച ജീവനക്കാരെ ഐ.റ്റി മിഷനിലോ അനുബന്ധ സ്ഥാപനങ്ങളിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളിലോ നിയമിച്ചിട്ടില്ലായെന്നും ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. KSITM-ലെ തസ്തികകളേയും ജീവനക്കാരെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഡിസ്ട്രിക്ട് പ്രോജക്ട് മാനേജർ**

ഇന്ത്യാ ഗവൺമെന്റിന്റെ 25.08.2015 ലെ ഡി.ഒ.നം 2 (1) 2013-സി.എസ്.സി (Vol.1) എന്ന കത്ത് പ്രകാരമാണ് ഡിസ്ട്രിക്ട് പ്രോജക്ട് മാനേജർമാരുടെ തസ്തിക സൃഷ്ടിച്ചിരിക്കുന്നത്.അതിൻപ്രകാരം അഭിമുഖം നടത്തി 2016-ൽ 14 ഡിസ്ട്രിക്റ്റ് പ്രോജക്ട് മാനേജർമാരെ രണ്ട് വർഷ കാലാവധിയിൽ നിയമിച്ചിരുന്നത്. 14.03.2016-ൽ പ്രവേശനം ലഭിച്ച 14 ഡിസ്ട്രിക്റ്റ് പ്രോജക്ട് മാനേജർമാരെ കാലാവധി കഴിഞ്ഞ് പിരിച്ചുവിടുകയുണ്ടായി.

പ്രസ്തുത ജീവനക്കാർക്ക് അസിസ്റ്റന്റ് ഡിസ്ട്രിക്ട് കോ-ഓഡിനേറ്റർ തസ്തികയിലാണ് ആദ്യമായി നിയമനം നൽകിയത്. ഐ.റ്റി മിഷനിൽ നിന്നും അക്ഷയ പ്രോജക്ടിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കുകയായിരുന്നു. വീണ്ടും പുതിയ ചുമതലകൾ കൂടി ഏല്പിച്ച് അസിസ്റ്റന്റ് ഡിസ്ട്രിക്ട് കോ-ഓഡിനേറ്റർ എന്ന തസ്തിക, ഡിസ്ട്രിക്റ്റ് പ്രോജക്ട് മാനേജർ എന്ന് പുനർ നാമകരണം

ചെയ്യുകയുണ്ടായി.

കേരള സ്റ്റേറ്റ് ഐ ടി മിഷൻ ഡയറക്ടറുടെ 09.08.2018-ലെ ഭരണം GBEC/2/2018/KSITM നമ്പർ നടപടിക്രമപ്രകാരം ഒരു ജില്ലയിൽ ഒരാൾ എന്ന ക്രമത്തിൽ 1 4 ജില്ലകളിൽ ഡിസ്ട്രിക്ട് പ്രോജക്ട് മാനേജർമാരെ രണ്ട് വർഷ കാലയളവിലേയ്ക്ക് നിയമിയ്ക്കുന്നതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിയ്ക്കുകയും 04.01.2019 – ലെ ഇ-ഗവേൺ/120/2015/കെ.എസ്.എ.എം പ്രകാരം ഡിസ്ട്രിക്ട് പ്രോജക്ട് മാനേജർമാരെ തെരഞ്ഞെടുക്കുന്നതിനായി ഇന്റർവ്യൂ ബോർഡ് രൂപീകരിയ്ക്കുകയുമുണ്ടായി. അതിൽ ഡയറക്ടർ കെ.എസ്.ഐ.റ്റി.എം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ-കേരള സ്റ്റാർട്ടപ്പ് മിഷൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടെക്നോപാർക്ക് എന്നിവർ ഉൾപ്പെടുന്നു. 04.01.2019-ൽ 38 ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും 14 പേരെ ജില്ലകളിലും 2 പേരെ ഐ ടി മിഷനിലും 01.03.2019 മുതൽ 40,000/- രൂപ കൺസോളിഡേറ്റഡ് പേയിൽ 2 വർഷത്തേയ്ക്കാണ് നിയമനം നൽകിയിട്ടുള്ളത്.

**2. മാനേജർ (മാർക്കറ്റിംഗ് & കമ്മ്യൂണിക്കേഷൻ)**

മാനേജർ (മാർ ക്കറ്റിംഗ് & കമ്മ്യൂണിക്കേഷൻ) എന്ന തസ്തിക 16.10.2001-ലെ ജി.ഒ (എം.എസ്) നം. 22/2001/ഐ.റ്റി.ഡി സർക്കാർ ഉത്തരവ് പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. ഇതിലേയ്ക്കുള്ള നിയമനത്തിനായി 05.11.2012-ൽ കെ.എസ്.ഐ.റ്റി.എം/1234/2012 പ്രകാരം ഇന്റർവ്യൂ ബോർഡിനെ നിയമിക്കുകയും 14.11.2012-ൽ ഇന്റർവ്യൂ നടത്തുകയും ചെയ്തു. 15 അപേക്ഷകൾ ലഭിച്ചതിനാൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ 3 ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് ക്ഷണിക്കുകയും ഒരു ഉദ്യോഗാർത്ഥി പങ്കെടുക്കുകയും റാങ്ക് ലിസ്റ്റിൽ വരികയും ഡയറക്ടറുടെ 15.01.2013-ലെ കെ.എസ്.ഐ.റ്റി.എം/എ/172/2013/99 നമ്പർ നടപടിക്രമപ്രകാരം നോട്ടിഫിക്കേഷനിലെ യോഗ്യതയുള്ള ശ്രീ. അഭിലാഷ്.സി.എസ്-നെ ഒരു വർഷ കാലാവധിക്ക് നിയമിക്കുകയും നിലവിൽ പ്രസ്തുത തസ്തികയിൽ 45,000/-രൂപ കൺസോളിഡേറ്റഡ് പേയിൽ തുടരുന്നതുമാണ്. 2013 ൽ ഒരുവർഷ കാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയ ശ്രീ.അഭിലാഷിന്റെ കരാർ കാലയളവ് നിലവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല. കരാർ കാലയളവ് ദീർഘിപ്പിച്ച് നൽകാതെ പ്രസ്തുത തസ്തികയിൽ തുടരുന്നത് ക്രമവിരുദ്ധമാണ്. ഭരണവകുപ്പ് മേൽ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

**3. അസിസ്റ്റന്റ് മിഷൻ കോ-ഓഡിനേറ്റർ**

23.03.1999 ലെ ജി.ഒ.(എം.എസ്) നം. 43/99/ഐ.റ്റി പ്രകാരം നാല് അസിസ്റ്റന്റ് മിഷൻ കോ-ഓഡിനേറ്റർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. 11.11.2012-ൽ 2 2 പേർ പങ്കെടുത്ത എഴുത്തുപരീക്ഷയുടേയും 03.01.2013-ലെ ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ 11.03.2013-ൽ ശ്രീ സുബിൽ ബി.എസ് അസിസ്റ്റന്റ് മിഷൻ കോ-ഓഡിനേറ്ററായി നിയമിതനായി. 09.11.2014-ൽ 146 പേർ പങ്കെടുത്ത എഴുത്തു പരീക്ഷയുടേയും 14.01.2015-ലെ ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ 22,500/- രൂപ കൺസോളിഡേറ്റഡ് പേയിൽ ഡയറക്ടറുടെ 12.02.2015-ലെ ഭരണം/ആർ.പി.ആർ/4/2015-കെ.എസ്.ഐ.റ്റി.എം/275 നമ്പർ നടപടിക്രമപ്രകാരം ഒന്നും രണ്ടും റാങ്കുകാരായ സീതു.എസ്, ഹനീഫ് മുഹമ്മദ് എന്നിവർക്ക് നിയമനം നൽകി.

**4. മിഷൻ കോ-ഓഡിനേറ്റർ**

കെ.എസ്.ഐ.റ്റി.എം-ൽ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ ശ്രീ. സന്തോഷ് കുമാർ.കെ, മനോജ്.ബി എന്നിവർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു. എസ്.എം.വി ഗവ. മോഡൽ ഹൈസ്കൂളിലെ എച്ച്.എസ്.എസ്.റ്റി ആയ ശ്രീ. സന്തോഷ് കുമാർ 11.04.2017-ലെ ജി.ഒ.(ആർ.റ്റി) നം. 93/2017/ഐ.റ്റി.ഡി പ്രകാരം 26.04.2017ലാണ് ഐ.റ്റി മിഷനിൽ നിയമിതനായത്. 28.06.2017-ലെ ഉത്തരവ് നമ്പർ എ.ഡി.പി6/77660/എച്ച്.എസ്.ഇ/ 1 പ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയറായ ടിയാളെ എച്ച്.എസ്.എസ്.റ്റി ആയി 39,500 - 83,000/- രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റം വഴി നിയമിക്കുകയും ഡെപ്യൂട്ടേഷൻ തുടരാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 25.04.2020 മുതൽ കാലാവധി ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല.

മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ. മനോജ് 11.04.2017-ലെ ജി.ഒ (ആർ.റ്റി) നം. 93/2017/ഐ.റ്റി.ഡി പ്രകാരം 12/05/2017 ലാണ് UGC സ്കെയിലിൽ ഐ.റ്റി മിഷനിൽ നിയമിതനായത്. 12.05.2020 മുതൽ കാലാവധി ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല ഡെപ്യൂട്ടേഷൻ കാലയളവ് അവസാനിച്ചതിനുശേഷം പ്രസ്തുത തസ്തികയിൽ തുടരുന്നത് നിയമ സാധുതയില്ലാത്തതാണ്.ആയതിനാൽ പ്രസ്തുത ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് മാതൃവകുപ്പിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടി ഭരണവകുപ്പ് സ്വീകരിയ്ക്കേണ്ടതാണ്.

**5. ഹെൽപ്പ് ഡസ്ക് ഓപ്പറേറ്റർ (KSWAN) Kerala State wide area network**

പ്രസ്തുത തസ്തിക 08.05.2018-ലെ ജി.ഒ(ആർ.റ്റി) നം. 123/2018/ഐ ടി ഡി സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട് 05.03.2019-ൽ 1 9 പേർ പങ്കെടുത്ത ഇന്റർവ്യൂവിൽ ഒന്നാം റാങ്ക്കാരിയായ സംഗീത. എസ്.എച്ച് 17.07.2019-ലും,രണ്ടാം റാങ്ക്കാരി ജോലി വേണ്ട എന്ന് അറിയിച്ചതിനാൽ മൂന്നാം റാങ്ക് കാരിയായ ഷാനിമോൾ. കെ.എച്ച് 06.08.2019-ലും 18,000/- രൂപ കൺസോളിഡേറ്റഡ് പേയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചു പ്രസ്തുത ജീവനക്കാർ ഇപ്പോഴും കരാർ കാലാവധി ദീർഘിപ്പിച്ചുള്ള അനുമതി ലഭ്യമാകാതെ ടി തസ്തികയിൽ തുടരുന്നു.

**6. പ്രോജക്ട് മാനോജർ - ഇ – ഓഫീസ്**

14.10-2014 – ലെ ജി.ഒ (എം.എസ്) നം. 27/2014/ഐ.റ്റി.ഡി പ്രകാരം മേൽ തസ്തിക അനുവദിച്ചു ഡയറക്ടറുടെ 25.03.2017-ലെ H&L/42017- KSITM ഉത്തരവ് പ്രകാരം അപേക്ഷ ക്ഷണിയ്ക്കുകയും എഴുത്തുപരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ ഒന്നാം റാങ്ക്കാരനായ ശ്രീ. കൃഷ്ണപിള്ള പ്രോജക്ട് മാനേജർ- ഇ-ഓഫീസ് തസ്തികയിലേയ്ക്ക് 50,000/- രൂപ കൺസോളിഡേറ്റഡ് പേയിൽ ഒരു വർഷത്തേയ്ക്ക് 15.11.2017-ൽ പ്രവേശിച്ചു ടിയാൾ നിലവിൽ പ്രസ്തുത തസ്തികയിൽ തുടർന്നുവരുന്നു. കരാർ കാലയളവ് ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല.

**7. പ്രോജക്ട് അസിസ്റ്റന്റ്**

കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ 06.05.2003 ൽ ചേർന്ന മൂന്നാമത് ഗവേണിംഗ് ബോഡിയാണ് 5 പ്രോജക്ട് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചത്. എന്നാൽ 21-ാംമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 പ്രോജക്ട് അസിസ്റ്റന്റ് തസ്തികകൾ കൂടി സൃഷ്ടിച്ചു. 3 അധിക താൽകാലിക തസ്തികകൾ സൃഷ്ടിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന് ഗവേണിംഗ് ബോഡിയുടേയോ സർക്കാരിന്റെയോ സാധൂകരണം ലഭിച്ചിട്ടില്ല. ടി തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി (പട്ടിക-2 -ൽ) ചേർക്കുന്നു.

മേൽ പട്ടികയിലെ ജീവനക്കാരിൽ 2006 മുതൽ തൽസ്ഥാനത്ത് തുടർന്ന് വരുന്നവരുമുണ്ട് എന്നാൽ ടി ജീവനക്കാരുടെ കരാർ കാലാവധി 2012-ൽ ഒരിക്കൽ മാത്രമാണ് 1 വർഷത്തേയ്ക്ക് നീട്ടി നൽകിയത്. കരാർ കാലയളവ് ദീർഘിപ്പിച്ച് നൽകാതെ പ്രസ്തുത തസ്തികയിൽ തുടരുന്നത് ചട്ടവിരുദ്ധമാണെന്ന് ധനകാര്യ പരിശോധന വിഭാഗം വിലയിരുത്തുന്നു.

**8. ഇ-ഓഫീസ് സപ്പോർട്ട് സ്റ്റാഫ്**

സെക്രട്ടറിയേറ്റിൽ 2014-ൽ ഫയൽ പരിശോധനയ്ക്കായി എൻഐ.സി മുഖേന ഇ-ഓഫീസ് സോഫ്റ്റ് വെയർ നടപ്പിലാക്കുകയുണ്ടായി. ഇ-ഓഫീസിന്റെ പ്രവർത്തനത്തിൽ സഹായത്തിനായി വിവര സാങ്കേതിക മേഖലയിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികളെ എൻ.ഐ.സി എസ്.ഐ മുഖേന താൽകാലികമായി നിയമിക്കുകയും ചെയ്തു ടി ജീവനക്കാരുടെ ശമ്പളം ഐ.റ്റി മിഷൻ ഡയറക്ടർ മുൻകൂറായാണ് എൻ.ഐ.സി എസ്.ഐ -യ്ക്ക് നൽകിയിരുന്നത്. എന്നാൽ ടി ജീവനക്കാർക്ക് ശമ്പളം നൽകുന്നതിൽ എൻഐ.സി എസ്.ഐ -യിൽ നിന്നും 3-4 മാസം വരെ കാലതാമസം നേരിടുകയും 20-30% വരെ ശമ്പളത്തിൽ കുറവ് വരുകയും ചെയ്തിരുന്നു ഇതേ തുടർന്ന് 28.02.2020-ൽ ജി.ഒ.(ആർ.റ്റി) നം. 29/2020/ഐ.റ്റിഡി പ്രകാരം ഡേറ്റ ബേസ് അഡ്മിനിസ്ട്രേറ്റർ (1), സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ

( 3 6 ) എന്നീ തസ്തികകളിലായി 3 7 താൽകാലിക തസ്തികകൾ കെ.എസ്.ഐ.റ്റി.എം-ൽ സൃഷ്ടിക്കുകയുണ്ടായി. സെക്രട്ടറിയേറ്റിൽ ഇ-ഓഫീസ് മാനേജ്മെന്റ് സപ്പോർട്ടിൽ താൽകാലികമായി ജോലി ചെയ്തിരുന്ന 36 പേരെ ഐ.റ്റി മിഷൻ ഡയറക്ടറുടെ 09.06.2020-ലെ അഡ്മിൻ/10/2020-കെ.എസ്.ഐ.റ്റി.എം./534 നമ്പർ നടപടിക്രമത്തിലൂടെ ഐ.റ്റി മിഷനിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് താൽകാലിമായി നിയമിയ്ക്കുകയുണ്ടായി. ടി ജീവനക്കാരുടെ വിവരം അനുബന്ധമായി (പട്ടിക-3-ൽ) ചേർക്കുന്നു.

ടി ജീവനക്കരുടെ ലഭ്യമായ രേഖകൾ ധനകാര്യ പരിശോധന വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി ജി.ഒ.(ആർ.റ്റി) നം.29/2020/ ഐ.റ്റി.ഡി നമ്പർ ഉത്തരവ് പ്രകാരം ഒരു ഡേറ്റ ബേസ് അഡ്മിനിസ്ട്രേറ്റർ തസ്തികയും3 6 സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ തസ്തികയും അനുവദിച്ചിട്ടുണ്ടെങ്കിലും ടി തസ്തികകളിലേക്കുള്ള യോഗ്യതയോ പ്രവർത്തി പരിചയമോ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല എന്നിരുന്നാലും ടി ജീവനക്കാരുടെ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ എല്ലാവരും തന്നെ എഞ്ചിനീയറിംഗ് ബിരുദധാരികളോ കമ്പ്യൂട്ടർ സയൻസിൽ ബിരുദധാരികളോ ആണെന്ന് ബോദ്ധ്യപ്പെട്ടു.

എൻ.ഐ.സി എസ്.ഐ മുഖേന വന്ന ജീവനക്കാരെ ഒരു സർക്കാർ ഉത്തരവിലൂടെ ഐറ്റി മിഷനിലേയ്ക്ക് എടുത്തതിനാൽ തന്നെ ടി ജീവനക്കാരെ തിരഞ്ഞെടുക്കുന്നതിനായി പരീഷ, ഇന്റർവ്യൂ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ എന്നിവ നടത്തിയതായി കാണുന്നില്ല. ഐ.റ്റി വകുപ്പിന്റെ ജി.ഒ.(ആർ.റ്റി) നം. 29/2020/ഐ.റ്റി.ഡി നമ്പർ ഉത്തരവിലും ഐ.റ്റി മിഷൻ ഡയറക്ടറുടെ ഭരണം/10/2020/കെ.എസ്.ഐ.റ്റി.എം./534 നമ്പർ നടപടിക്രമത്തിലും ടി ജീവനക്കാർ നിയമനം നേടി 3-ാം മാസം പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് വിലയിരുത്തിയ ശേഷം മാത്രമേ തുടരാൻ അനുവദിക്കാവു എന്നും ടി ജീവനക്കാരുമായി കരാറിൽ ഏർപ്പെടണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പരിശോധനയിൽ ടി ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട്, എഗ്രിമെന്റ് തുടങ്ങിയവ തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല.

**<u>9. ഇന്റേണൽ ആഡിറ്റ് ഓഫീസർ</u>**

കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ 38-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഐറ്റി മിഷൻ ഇന്റേണൽ ആഡിറ്റ് ഓഫീസറിന്റെ താൽകാലിക തസ്തിക സൃഷ്ടിച്ചത്. 26.07.2017-ൽ ടി തസ്തിക ഉൾപ്പെടെ 7 തസ്തികകളിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. 40-അപേക്ഷകളാണ് ഇന്റേണൽ ആഡിറ്റ് ഓഫീസർ തസ്തികയിലേയ്ക്ക് ലഭിച്ചത്. 40 അപേക്ഷകർക്കായി ഓൺലൈൻ ടെസ്റ്റ് നടത്തുകയും അതിൽ നിന്നും 1 6 പേരെ ഇന്റർവ്യൂവിനായി തെരഞ്ഞെടുക്കുകയും ചെയ്തു. 20.10.2017-ൽ നടന്ന അഭിമുഖത്തിൽ ശ്രീ മുകേഷ്. പി.യെ ടി തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. ടിയാൻ 15.11.2017-ൽ ഇന്റേണൽ ആഡിറ്റ് ഓഫീസറുടെ ചുമതലയേൽക്കുകയും ഒരു വർഷക്കാലത്തേയ്ക്ക് ഐ.റ്റി മിഷനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു ശ്രീ. മുകേഷിന്റെ ഐ.റ്റി മിഷൻ ലഭ്യമാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ ടിയാനെ ഇന്റേണൽ ആഡിറ്റ് ഓഫീസർ തസ്തികയിലേയ്ക്ക് തിരഞ്ഞെടുത്ത ഇന്റർവ്യൂ-വിന്റെ മാർക്ക് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ടി നിയമനത്തിന്റെ സാധുത ഭരണവകുപ്പ് പരിശോധിയ്ക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. കൂടാതെ 14.11.2018-ൽ ടിയാന്റെ ഐറ്റി മിഷനുമായുള്ള കരാർ കാലാവധി അവസാനിച്ചു എങ്കിലും ശ്രീ. മുകേഷ്. പി നിലവിൽ ഐ.റ്റി മിഷനിൽ തുടർന്ന് വരുന്നുണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റി-യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താൽകാലിക തസ്തിക സൃഷ്ടിച്ചുവെങ്കിലും നാളിതുവരെ ടി നടപടിയ്ക്ക് സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടില്ല.

**<u>10. ടെക്നോളജി എക്സ്പെർട്ട് (എസ്.എൽ.എ മോണിറ്ററിംഗ്)</u>**

23.10.2009-ലെ ജി.ഒ(ആർ.റ്റി) നം. 31/2009/ഐ.റ്റി.ഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് (e-GP ) നടപ്പിലാക്കുന്നതിലേയ്ക്കായി ടെക്നോളജി എക്സ്പെർട്ട് (എസ്.എൽ.എ മോണിറ്ററിംഗ്) എന്ന താൽകാലിക തസ്തിക സൃഷ്ടിച്ചത്. 22.04.2013-ലാണ് ശ്രീമതി. ദേവി തങ്കപ്പൻ ടി തസ്തികയിൽ ഒരു വർഷത്തെ കരാറിൽ ജോലിയിൽ പ്രവേശിച്ചത് 2012-ലെ വിജ്ഞാപനത്തിന്റെയും പത്ര പരസ്യത്തിന്റെയും അടിസ്ഥാനത്തിൽ 2 3 അപേക്ഷകൾ ലഭിക്കുകയും അതിൽ നിന്നും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയിലൂടെയാണ് ശ്രീമതി ദേവി തങ്കപ്പനെ ടെക്നോളജി എക്സ്പെർട്ട്

(എസ്.എൽ.എ മോണിറ്ററിംഗ്) തസ്തികയിലേയ്ക്ക് തെരഞ്ഞെടുത്തത്. 21.04.2013-ൽ ജീവനക്കാരിയുടെ കരാർ അവസാനിച്ചു എങ്കിലും നാളിതുവരെ മേൽ തസ്തികയിൽ തുടരാനുള്ള അനുമതി നൽകുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.

**11. ഹാൻഡ്ഹോൾഡ് സപ്പോർട്ട് എഞ്ചിനീയേഴ്സ് വിവിധ ജില്ലകളുടെ ഇ-ഓഫീസ് പ്രോജക്ട്**

16.07.2015-ലെ ജി.ഒ.(എം.എസ്) നം. 22/2015/ഐ.റ്റി.ഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1 4 കളക്ടേറ്റുകളിലും 21 സബ്-കളക്ടേറ്റുകളിലും 7 5 താലൂക്കുകളിലും ലാന്റ് റവന്യൂ കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 1 4 ജില്ലകളിലും ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർ-മാരെ താൽകാലികമായി നിയമിക്കുന്നതിന് വേണ്ടി ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റി ജില്ലാ ഐ.റ്റി മിഷൻ സെൽ(റവന്യൂ) എന്നിവ മുഖാന്തിരം എഴുത്ത് പരീക്ഷ ഇന്റർവ്യൂ എന്നിവ നടത്തിയാണ് തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരായി ജോലി നോക്കി വരുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി (പട്ടിക-4 -ൽ) ചേർക്കുന്നു.

മേൽ ജീവനക്കാരുടെ വ്യക്തിഗത ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

**a. മുഹമ്മദ് ഫാസിൽ & ആനന്ദ് നാരായൺ. പി (പാലക്കാട്)**

പാലക്കാട് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് ജില്ലയിലെ ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർ-മാരെ കണ്ടെത്താനുള്ള പരീക്ഷയും ഇന്റർവ്യൂവും സംഘടിപ്പിച്ചത്. ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ചെയർപേഴ്സൺ ആയ ജില്ലാ കളക്ടർ 20.04.2016-ലെ ഡി.ഇ.ജി.എസ്-2016-64980/09 നമ്പർ കത്തിലൂടെ ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർ തസ്തികയിലേയ്ക്ക് തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് ഐ.റ്റി മിഷൻ ഡയറക്ടർക്ക് അയക്കുകയുണ്ടായി. ശ്രീ.സന്ദീപ്.എസ്, മുഹമ്മദ് ഫാസിൽ, ആനന്ദ് നാരായൺ. പി എന്നിവരാണ് റാങ്ക് ലിസ്റ്റിൽ യഥാക്രമം. 1, 2, 3 സ്ഥാനങ്ങളിൽ എത്തിയത്. എന്നാൽ ഐ.റ്റി മിഷൻ ഡയറക്ടറുടെ 29.01.2017-ലെ ഇ-ഓഫീസ്/09/2016-കെ.എസ്.ഐ.റ്റി.എം./ 8 നമ്പർ നടപടിക്രമത്തിലെ റാങ്ക് ലിസ്റ്റിൽ ശ്രീ സന്ദീപ്.എസ്-നെ ഒഴിവാക്കിയാണ് പുറപ്പെടുവിച്ചിരിക്കുന്നത്. ടിയാളെ ഒഴിവാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ നിർദ്ദേശിച്ചിരുന്നു എങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ടി നിയമനം ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

**b. ജിഷാ കെ.പി. & റിജിൽ. കെ (കണ്ണൂർ)**

കണ്ണൂർ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ 19.12.2015-ലെ കേരള ഐ.റ്റി മിഷൻ ഡയറക്ടർക്കുള്ള ഡി.ഇ.ജി.എസ്-13/15-എജി നമ്പർ കത്ത് പ്രകാരം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള തൽകാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റിൽ മുനീബ്. കെ, ജിഷാ. കെ.പി എന്നിവരാണ് യഥാക്രമം 1, 2 സ്ഥാനത്തുള്ളത്. എന്നാൽ. ഐ.റ്റി മിഷൻ ഡയറക്ടറുടെ 01.02.2016-ലെ ഇ.ഓഫീസ്/09/2016/കെ.എസ്.ഐ.റ്റി.എം നമ്പർ നടപടി ക്രമ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ മുനീബ്. കെ.പി.യെ ഒഴിവാക്കി ഡിസ്ട്രിക്ട് e-ഗവേണൻസ് സൊസൈറ്റി (ഡി.ഇ.ജി.എസ്) ചെയർപേഴ്സൻ നൽകിയ റാങ്ക് ലിസ്റ്റിലെ വെയിറ്റിംഗ് ലിസ്റ്റിൽ ഒന്നാംസ്ഥാനത്തായിരുന്ന ശ്രീ.റിജിൻ.കെ.-യെ റാങ്ക് ലിസ്റ്റിൽ രണ്ടാമതാക്കി നിയമനം നൽകിയതായും പരിശോധനയിൽ കണ്ടെത്തി ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ടി വിഷയം ഭരണവകുപ്പ് പരിശോധിയ്ക്കേണ്ടതും ഉചിതമായ നടപടി കൈക്കൊള്ളേണ്ടതുമാണ്.

പാലക്കാട്, കണ്ണൂർ ജില്ലകളിൽ നിന്നും ഡി.ഇ.ജി. എസ് നൽകിയ ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒഴിവാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനെ സാധൂകരിക്കുന്ന ഒന്നും തന്നെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. കൂടാതെ എല്ലാ ജില്ലയിലേയും ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർ തസ്തികയിലെ ജീവനക്കാരുടെ കരാർ അവസാനിച്ചിട്ടും നാളിതുവരെയായി കരാർ പുതുക്കാതെയാണ് ടി ജീവനക്കാർ ജോലി ചെയ്ത് വരുന്നത്. ടി ജിവനക്കാരുടെ പെർഫോമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കുന്നതിനും എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുമുള്ള നടപടി ഐ.റ്റി മിഷൻ

ഡയറക്ടറുടെ ഭാഗത്ത് നിന്നും എത്രയും വേഗം ആരംഭിക്കേണ്ടതാണ്.

**12. മാനേജർ - ഐ.റ്റി**

**ബിജോയ് കെ. കോര**

20.04.2002 -ലെ ജി.ഒ. (എം.എസ്) നം. 05/2002/ഐ.റ്റി.ഡി ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഐ.റ്റി മിഷനിൽ ഒരു മാനേജർ – മാർക്കറ്റിംഗ് & കമ്മ്യൂണിക്കേഷൻ എന്ന താൽകാലിക തസ്തിക സൃഷ്ടിക്കുകയുണ്ടായി 04.01.2010-ൽ ചേർന്ന 11-ാമത് ഗവേർണിംഗ് ബോഡി, മാനേജർ-മാർ ക്കറ്റിംഗ് & കമ്മ്യൂണിക്കേഷൻ തസ്തികയെ മാനേജർ-ഐ.റ്റി എന്ന് പുനർനാമകരണം ചെയ്തു.

2012-ലെ വിജ്ഞാപനത്തിന്റെയും പത്ര പരസ്യങ്ങളുടേയും അടിസ്ഥാനത്തിലാണ് ടി തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിച്ചത്. ഓൺ ലൈൻ പരീക്ഷയുടേയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ.ബിജോയ്. കെ കോര മാനേജർ - മാർ ക്കറ്റിംഗ് & കമ്മൂണിക്കേഷൻ തസ്തികയിൽ 31.12.2012-ൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചു. കരാർ കാലാവധി 30.12.2013-ൽ അവസാനിച്ച ടിയാന് ജോലിയിൽ തുടരാൻ നാളിതുവരെയായി കരാർ ദീർഘിപ്പിച്ചു നൽകിയിട്ടില്ല എന്നിരുന്നാലും ടിയാൻ മാനേജർ ഐ.റ്റി തസ്തിയിൽ തുടർന്ന് വരുന്നു ടിയാളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുമുള്ള നടപടി എത്രയും വേഗം ഐ.ററി മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ജി.ഒ (എം.എസ്) നം. 5/2002/ഐ.റ്റി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച തസ്തികയെ 2010-ൽ ഗവേണിംഗ് ബോഡി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുനർനാമകരണം ചെയ്തതിന് സർക്കാരിന്റെ സാധൂകരണം നേടിയതായി കാണുന്നില്ല. ടി സാഹചര്യത്തിൽ തസ്തിക പുനർനാമകരണം ചെയ്ത് നടപടിക്ക് സർക്കാർ സാധൂകരണം നേടുന്നതിനുള്ള നടപടി ഐ.റ്റി മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**13. ഇംപ്ലിമെന്റേഷൻ മാനേജർ (UIDAI)**

ശ്രീ രഞ്ജിത്ത് വാപ്പാല 15.04.2013-ലാണ് ഇംപ്ലിമെന്റേഷൻ മാനേജർ (UIDAI) ആയി കേരള സംസ്ഥാന ഐ.റ്റി മിഷനിൽ കരാർ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുന്നത്. 03.06.2011-ലെ ജി.ഒ.(എം.എസ്) നം. 16/11/ഐ.റ്റി.ഡി സർക്കാർ ഉത്തരവ് പ്രകാരമാണ് ഐ.റ്റി മിഷനിൽ ഇംപ്ലിമെന്റേഷൻ മാനേജർ (UIDAI) തസ്തിക താൽകാലികമായി സൃഷ്ടിച്ചത്. 11.03.2013-ലെ ജി.ഒ.(എം.എസ്) നം. 14/12/ഐ.റ്റി.ഡി, 01.04.2014-ലെ ജി.ഒ.(എം.എസ്) നം. 18/2014/ഐ.റ്റി.ഡി, 03.02.2016-ലെ ജി.ഒ.(എം.എസ്) നം. 04/2016ഐ.റ്റി.ഡി സർക്കാർ ഉത്തരവുകൾ പ്രകാരം ഇംപ്ലിമെന്റേഷൻ മാനേജർ (UIDAI) തസ്തികയുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് ശ്രീ. രഞ്ജിത്ത് വാപ്പാലയെ ഇംപ്ലിമെന്റേഷൻ മാനേജർ (UIDAI) ആയി തിരഞ്ഞെടുത്തത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല ടിയാളുകളുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും ഐ.റ്റി മിഷനിൽ ലഭ്യമല്ലായിരുന്നു. ഇംപ്ലിമെന്റേഷൻ മാനേജർ തസ്തികയിൽ തുടരുന്ന ശ്രീ.രഞ്ജിത്ത് വാപ്പാലയെ പ്രസ്തുത തസ്തികയിലേയ്ക്ക് തെരഞ്ഞെടുത്ത നടപടിക്രമങ്ങളും യോഗ്യതയും ഭരണ വകുപ്പ് വിശദമായി പരിശോധിയ്ക്കേണ്ടതും, യോഗ്യതയില്ലാത്ത പക്ഷം ടിയാളെ പ്രസ്തുത ജോലിയിൽ നിന്നും നീക്കംചെയ്യേണ്ടതും യോഗ്യതയുള്ളയാളെ ടി തസ്തികയിൽ നിയമിയ്ക്കേണ്ടതുമാണ്.

**14. ലിനക്സ് സിസ്റ്റം അഡ്മിൻ (SSDG)**

**<u>പ്രേംകുമാർ. ജെ</u>**

17.05.2008- ലെ 41-ാാംമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ലിനക്സ് സിസ്റ്റം അഡ്മിൻ(SSDG) എന്ന താൽകാലിക തസ്തിക സൃഷ്ടിക്കപ്പെട്ടത്. 2018-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പത്ര പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ചതിൽ 14 അപേക്ഷകളാണ് ടി തസ്തികയിലേയ്ക്ക് ലഭിച്ചത്. അപേക്ഷകരിൽ നിന്നും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ നടത്തിയാണ് ശ്രീ. പ്രേംകുമാർ. ജെ യെ ലിനക്സ് സിസ്റ്റം അഡ്മിൻ(SSDG) തസ്തികയിലേയ്ക്ക് 09.04.2019 ൽ ഒരു വർഷത്തെ കരാറിൽ തിരഞ്ഞെടുത്തത്. കരാർ കാലയളവ് ദീർഘിപ്പിച്ച് അനുമതി നൽകാതെ ടി ജീവനക്കാരൻ പ്രസ്തുത തസ്തികയിൽ തുടരുന്നു.

**<u>15. ജാവ ജെ2ഇഇ ഡവലപ്പർ SSDG</u>**

17.05.2018-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റിയാണ് ജാവ ജെ2ഇഇ ഡവലപ്പർ SSDG എന്ന തൽകാലിക തസ്തിക സൃഷ്ടിച്ചത്. ടി തസ്തികയിലേയ്ക്ക് 17 അപേക്ഷകൾ ലഭിച്ച അതിൽ നിന്നും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയിലൂടെ നടത്തിയ തിരഞ്ഞെടുപ്പിൽ ഗായത്രി രാജൻ, അശ്വിനി. എൽ എന്നിവർ യഥാക്രമം 1, 2 സ്ഥാനത്തെത്തി. ഗായത്രി രാജൻ ജോലി വാഗ്ദാനം നിരസിച്ചതിനാൽ ശ്രീമതി. അശ്വിനി.എൽ. 12.04.2019-ൽ ജോലിയിൽ പ്രവേശിച്ച പ്രസ്തുത തസ്തികയിൽ തുടരുന്ന ടിയാളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടില്ല.

**<u>16. അസിസ്റ്റന്റ് പ്രോജക്ട് കോ-ഓഡിനേറ്റർ</u>**

06.05.2003 -ൽ ചേർന്ന ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം 6 അസിസ്റ്റന്റ് പ്രോജക്ട് കോ-ഓഡിനേറ്റർ - മാരുടെ താൽകാലിക തസ്തിക കേരള ഐ.റ്റി മിഷനിൽ സൃഷ്ടിച്ച 6 മാസ കാലയളവിലേയ്ക്ക് ടി തസ്തികയിൽ ജീവനക്കാരെ നിയമിക്കാനാണ് ഗവേണിംഗ് ബോഡി ഡയറക്ടറെ ചുമതലപ്പെടുത്തിയത്.

| ക്രമനം | ജീവനക്കാരന്റെ പേര് | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | ബിജു. എം.എ | കോൺട്രാക്റ്റ് | 2nd & 3rd GB &6th 21st EC | എം.ബി.എ/ എം.സിഎ | 29,700 | 27.03.2006മുതൽ |
| 2 | നിഷ ഗോപാലകൃഷ്ണൻ | കോൺട്രാക്റ്റ് | 2nd & 3rd GB &6th 21st EC | എം.ബി.എ/ എം.സിഎ | 29,700 | 12.03.2009 മുതൽ |
| 3 | സ്മിത. ഡി.ആർ | കോൺട്രാക്റ്റ് | 2nd & 3rd GB &6th 21st EC | എം.ബി.എ/ എം.സിഎ | 29,700 | 21/04/06 മുതൽ |

മേൽ ജീവനക്കാരുടെ വ്യക്തിഗത ഫയലുകൾ പരിശോധിച്ചതിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു

**<u>a. ബിജു.എം.എ</u>**

27.03.2006-ലാണ് ശ്രീ.ബിജു.എം.എ അസിസ്റ്റന്റ് പ്രോജക്ട് കോ-ഓഡിനേറ്ററായി ചുമതലയേറ്റത്. വിജ്ഞാപന പ്രകാരം ടി തസ്തികയിലേയ്ക്ക് MBA/MCA യോഗ്യതയുള്ളവരെ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ശ്രീ.ബിജു ജോലിയിൽ പ്രവേശിക്കുമ്പോൾ ഉള്ള യോഗ്യത ബിരുദവും, പിജിഡിസിഎ-യുമാണ്. അന്വേഷണക്കുറിപ്പിന് മറുപടിയായി നൽകിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പുകൾ പരിശോധിച്ചതിൽ ശ്രീ.ബിജുവിന്റെ MBA കോഴ്സിന്റെ ഒന്നാം സെമസ്റ്ററിൽ ഒരു പേപ്പറും, രണ്ടാം സെമസ്റ്ററിൽ ഒരു പേപ്പറും മിനിമം മാർക്ക് നേടിയതായി കാണുന്നില്ല. മതിയായ യോഗ്യത ഇല്ലാത്ത ഉദ്യോഗാർത്ഥിയെ നിയമിച്ചത് ഐ.റ്റി മിഷൻ ഡയറക്ടറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. 2012 വരെ ടിയാൾക്ക് തുടർച്ചയായി കരാർ പുതുക്കി നൽകിയിരുന്നു. വിജ്ഞാപനപ്രകാരമുള്ള യോഗ്യത ഇല്ലാത്ത ടിയാളെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്ത് മതിയായ യോഗ്യത ഉള്ള ഉദ്യോഗാർത്ഥിയെ നിയമിക്കുവാനുള്ള നടപടി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. കൂടാതെ ശ്രീ.

ബിജു ഉൾപ്പെട്ട തസ്തികയുടെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയ കമ്മിറ്റിയുടെ നിരുത്തരവാദപരമായ പ്രവർത്തിക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

**b. സ്മിത.ഡി.ആർ**

21.04.2006-ൽ ആണ് ശ്രീമതി സ്മിത.ഡി.ആർ അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്ററായി കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിൽ ജോലിയിൽ പ്രവേശിക്കുന്നത് . ടി തസ്തികയിലേയ്ക്കുള്ള മിനിമം യോഗ്യത MBA/MCA ആണെന്ന് വിജ്ഞാപനത്തിൽ പറയുന്നു. പരിശോധനാ വേളയിൽ ശ്രീമതി സ്മിതയുടെ യോഗ്യത സംബന്ധിച്ച യാതൊരു സർട്ടിഫിക്കറ്റുകളും പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നില്ല. അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ശ്രീമതി.സ്മിത.ഡി.ആർ 2009-ൽ മാത്രമാണ് ബിരുദം നേടിയിട്ടുള്ളതെന്നും, 2016-ലാണ് ടിയാരി MCA യോഗ്യത നേടിയെടുത്തിട്ടുള്ളത് എന്നും കണ്ടെത്തുകയുണ്ടായി. വിജ്ഞാപനം പ്രകാരമുള്ള യോഗ്യത ഇല്ലാത്ത ഉദ്യോഗാർത്ഥിക്ക് ജോലി നൽകിയത് ക്രമവിരുദ്ധമാണ്.

അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ തസ്തികയിൽ നിലവിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരിൽ നിഷ ഗോപാലകൃഷ്ണന്റെ അഭിമുഖത്തിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്. ബിജു.എം.എ , സ്മിത.ഡി.ആർ എന്നിവരെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. മേൽ നിയമനങ്ങളുടെ നടപടിക്രമം ഭരണവകുപ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

**17. എഞ്ചിനീയർ (ഇൻസിഡന്റ്&വൾണറബിലിറ്റി ഹാൻഡിലിംഗ്(CERT-K)**

G.O(Ms) No.11/2011/ITD dated 01.03.2011 സർക്കാർ ഉത്തരവ് പ്രകാരമാണ് Engineer (Incident & Vulnerability Handling - CERT-K) എന്ന താൽക്കാലിക തസ്തിക സൃഷ്ടിച്ചത്. നിലവിൽ ടി തസ്തികയിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര് | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | അശ്വതി. എസ് | കോൺട്രാക്റ്റ് | ജി.ഒ(എം.എസ്) നം 11/2011/ഐ.റ്റി.ഡി തീയതി 01.03.2011 | ബി.ടെക് കമ്പ്യൂട്ടർ സയൻസ് | 25,000/- | 03.10.2015 മുതൽ |
| 2 | സുനിത. റ്റി | കോൺട്രാക്റ്റ് | ജി.ഒ(എം.എസ്) നം 11/2011/ഐ.റ്റി.ഡി തീയതി 01.03.2011 | ബി.ടെക് കമ്പ്യൂട്ടർ സയൻസ് | 25,000/- | 117.10.2012 മുതൽ |

മേൽ ജീവനക്കാരുടെ വ്യക്തിഗത ഫയലുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**a. അശ്വതി.എസ്**

ശ്രീമതി. അശ്വതി.എസ് 2011 ജനുവരി മാസമാണ് CERT-K-യിൽ അപ്രന്റീസ് ആയി പ്രവേശിച്ചത്. അപ്രന്റീസ്ഷിപ്പ് അവസാനിച്ച ശേഷം 2012 ഡിസംബറിൽ ടിയാരിയെ CERT-Kയിൽ ടീം മെമ്പർ ആയി ജോലിയിൽ പ്രവേശിപ്പിയ്ക്കണമെന്ന് ശ്രീമതി. അശ്വതി അപേക്ഷിക്കുകയും ടി അപേക്ഷ ഡയറക്ടർ, CERT-K- ഐ.റ്റി. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് അയക്കുകയും ചെയ്തിരുന്നു. കേരള സംസ്ഥാന ഐ.റ്റി മിഷന്റെ 30-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി CERT-K-യുടെ പ്രവർത്തനം

ഐ.റ്റിT മിഷനിൽ ലയിപ്പിക്കുകയും CERT-Kയിലെ എൻജിനീയർ തസ്തികകൾ നിലനിർത്തുകയും ചെയ്തു. 30.06.2012-ൽ ശ്രീമതി. അശ്വതി .എസ്-നെ CERT-Kയിൽ എൻജിനീയർ (IT Support) തസ്തികയിലേയ്ക്ക് 6 മാസ കരാറിൽ ജോലിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. 16.10.2012-ൽ ടിയാരി എൻജിനീയർ (IT Support) തസ്തികയിൽ നിന്നും വിടുതൽ ചെയ്യുകയും എൻ ജിനീയർ (IT Support & consistency) എന്ന തസ്തികയിൽ പ്രവേശിക്കുകയും ചെയ്തു 03.10.2015-ലാണ് ടിയാരി എഞ്ചിനീയർ (Incident & Vulnerability Handling -CERT-K) എന്ന തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചത്. ഇന്റർവ്യൂ മുഖാന്തിരമാണ് ടി തസ്തികയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നത് ടിയാരിയെ എൻജിനീയർ (IT Support) തസ്തികയിലേയ്ക്ക് തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

**b. സുനിത. റ്റി.**

ബി.ടെക് ബിരുദധാരിയായ ശ്രീമതി. സുനിത.റ്റി 11.01.2011 മുതൽ സി.ഇ.ആർ.റ്റി-കെ യിൽ ടീം മാനേജർ തസ്തികയിൽ കരാർ ജീവനക്കാരിയായി ജോലി ചെയ്ത് വരുന്നുണ്ട്. 15.10.2012ലാണ് നിലവിൽ ജോലി ചെയ്യുന്ന എഞ്ചിനീയർ (Incident & vulnerability Handling- CERT-K) എന്ന താൽകാലിക തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത് ടിയാരിയെ നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ പ്രവേശിപ്പിച്ചത് സംബന്ധിച്ച തിരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. മേൽ നിയമനങ്ങളുടെ നടപടിക്രമം ഭരണവകുപ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

**18. എഞ്ചിനീയർ-(നെറ്റ് വർക്ക് ഓപ്പറേഷൻസ് ഇൻ എസ്ഡി.സി പ്രോജക്ട്)**

ജി.ഒ.(എം.എസ്) നം. 40/2009/ഐ.റ്റി.ഡി തീയതി 31.12.2009 പ്രകാരമാണ് എഞ്ചിനീയർ - (നെറ്റവർക്ക് ഓപ്പറേഷൻസ് ഇൻ എസ്.ഡി.സി പ്രോജക്ട്) എന്ന തസ്തിക ഐ.റ്റി മിഷനിൽ സൃഷ്ടിച്ചിട്ടുള്ളത്. ശ്രീമതി ഷമീന. എ കരീം 14.01.2015-ലാണ് ടി തസ്തികയിൽ കരാർ ജീവനക്കാരിയായി ജോലിയിൽ പ്രവേശിച്ചത്. 2014-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ നടത്തിയാണ് ടി തസ്തികയിലേയ്ക്കുള്ള കരാർ ജീവനക്കാരുടെ തിരഞ്ഞെടുപ്പ് നടന്നത്. അഭിമുഖത്തിൽ അനീഷ്. സി ഫിലിപ്പ്, അസ്കർ അലി എന്നിവർ യഥാക്രമം 1, 2 സ്ഥാനത്തെത്തിയെങ്കിലും മൂന്നാമത് എത്തിയ ഷമീന. എ കരീമിനാണ് കരാർ നൽകിയത്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ ഫയൽ പരിശോധനയിൽ ലഭ്യമാക്കിയിരുന്നില്ല. നിയമനങ്ങളുടെ നിയമ സാധുത ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

**19. എഞ്ചിനീയർ(ഐ.റ്റി സപ്പോർട്ട് ആന്റ് കൺസിസ്റ്റൻസി, സി.ഇ.ആർ.റ്റി -കെ)**

ജി.ഒ.(എം.എസ്) നം. 11/2011ഐ.റ്റി.ഡി തീയതി 01.08.2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എഞ്ചിനീയർ (ഐ.റ്റി സപ്പോർട്ട് ആന്റ് കൺസിസ്റ്റൻസി) എന്ന താൽകാലിക തസ്തിക സൃഷ്ടിച്ചത്. ടി തസ്തികയിൽ നിലവിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര് | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | ഐശ്വര്യ. ആർ.സി | കോൺട്രാക്റ്റ് | ജി.ഒ(എം.എസ്) നം 11/2011/ഐ.റ്റി.ഡി തീയതി 01.03.2011 | ബി.ടെക് കമ്പ്യൂട്ടർ സയൻസ് | 25,000/- | 09.02.2017മുതൽ |
| 2 | സുജ. ജി.ജെ | കോൺട്രാക്റ്റ് | ജി.ഒ(എം.എസ്) നം 11/2011/ഐ.റ്റി.ഡി തീയതി 01.03.2011 | ബി.ടെക് കമ്പ്യൂട്ടർ സയൻസ് | 25,000/- | 24.02.2016മുതൽ |

മേൽ ജീവനക്കാരെ ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയിലൂടെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ശ്രീമതി ഐശ്വര്യ ആർ.സി 2017 ലും, ശ്രീമതി സുജ. എസ്.ജെ 2016 ലും ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച കരാർ കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടില്ല.

**20.സോഫ്റ്റ് വെയർ ഡവലപ്പർ, യു.ഐ.ഡി.എ.ഐ/കേരള ഇന്നവേഷൻ വെയർഹൗസ് പ്രോജക്ട്**

09.08.2017-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് സോഫ്റ്റ് വെയർ ഡവലപ്പർ യു.ഐ.ഡി.എ.ഐ എന്ന താൽകാലിക തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. നിലവിൽ ടി തസ്തികയിൽ ജോലി ചെയ്ത് വരുന്ന കരാർ ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | ജീവനക്കാരന്റെ പേര് | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | ചഞ്ചൽ | കോൺട്രാക്ട് | $40^{th}$ എക്സിക്യൂട്ടീവ് കമ്മിറ്റി 09.08.2017 തീയതി മുതൽ | ബി.ടെക് | 35,000/- | 14.06.2018മുതൽ |
| 2 | വൈഗ. വി.ആർ | കോൺട്രാക്ട് | $40^{th}$ എക്സിക്യൂട്ടീവ് കമ്മിറ്റി 09.08.2017 തീയതി മുതൽ | ബി.ടെക് | 35,000/- | 16.04.2018മുതൽ |
| 3 | ദേവി. എസ് | കോൺട്രാക്ട് | $40^{th}$ എക്സിക്യൂട്ടീവ് കമ്മിറ്റി 09.08.2017 തീയതി മുതൽ | ബി.ടെക് | 35,000/- | 01/08/18മുതൽ |

മേൽ ജീവനക്കാരുടെ വ്യക്തിഗത ഫയലുകൾ പരിശോധിച്ച ഐ.ഐ.ഐ.റ്റി.എം.കെ നടത്തിയ ഓൺലൈൻ പരീക്ഷയുടേയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് ടി ജീവനക്കാരെ തിരഞ്ഞെടുത്തിട്ടുള്ളത്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിക്കുമ്പോൾ ഐ.റ്റി മിഷൻ ഡയറക്ടറുമായി ഒരു വർഷത്തെ എഗ്രിമെന്റിൽ ഒപ്പിട്ടിട്ടുണ്ട്. കരാർ കാലാവധി ദീർഘിപ്പിച്ചുള്ള അനുമതിയില്ലാതെ പ്രസ്തുത തസ്തികയിൽ ഇപ്പോഴും തുടരുന്നു.

**21. ടെക്നോളജി എക്സ്പേർട്ട് (ഇ-ഓഫീസ്)**

ജി.ഒ(ആർ.റ്റി) നം 89/2017/ഐ.റ്റി.ഡി തീയതി 04.04.2017 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടെക്നോളജി എക്സ്പേർട്ട് (ഇ-ഓഫീസ്) എന്ന തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. ശ്രീ ശരത് തിക്കലിന്റെ ഫയൽ പരിശോധിച്ചതിൽ ടിയാനെ തിരഞ്ഞെടുത്തിട്ടുള്ളത് പരീക്ഷ, അഭിമുഖം എന്നിവ മുഖാന്തിരമാണെന്ന് കണ്ടെത്തിയിട്ടുണ്ട് എന്നാൽ പരിശോധനക്കായി ടിയാന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല.“ശ്രീ ശരത്ത് തിക്കലിന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഭരണ വകുപ്പ് തലത്തിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**22. നെറ്റ് വർക്ക് എഞ്ചിനീയർ (SECWAN)**

കേരള സംസ്ഥാന ഐ.റ്റി മിഷനിൽ നെറ്റ് വർക്ക് എഞ്ചിനീയർ (SEC- WAN) തസ്തികയിൽ നിലവിൽ 2 പേരാണ് ജോലി ചെയ്ത് വരുന്നത്. സ.ഉ(പി) നം. 28/2016/ധന തീയതി 26.02.2016, സ.ഉ (പി) നം. 89/2017/ഐ.റ്റി.ഡി തീയതി 04.04.2017എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ടി തസ്തികയിലേയ്ക്ക് താൽകാലിക ജീവനക്കാരെ നിയമിച്ചത്. ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയിലൂടെയാണ് ടി തസ്തികയിലേക്കുള്ള ജീവനക്കാരെ തിരഞ്ഞെടുത്തിട്ടുള്ളത്. ടി ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ജീവനക്കാരന്റെ പേര് | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | അഭിലാഷ്. ആർ | കോൺട്രാക്റ്റ് | ജി.ഒ.(പി) നം.28/2016/ധന തീയതി 26.02.2016 | ബി.ടെക്, കമ്പ്യൂട്ടർ സയൻസ് | 35,000/- | 15.03.2019 മുതൽ |
| 2 | അഹമ്മദ് ആരിഫ്. എ.കെ | കോൺട്രാക്റ്റ് | ജി.ഒ.(പി) നം.89/2017/ഐ.റ്റി.ഡി തീയതി 04.04.2017 | ബി.ടെക്, കമ്പ്യൂട്ടർ സയൻസ് | 35,000/- | 07.03.2019 മുതൽ |

**23. സോഫ്റ്റ് വെയർ എഞ്ചിനീയർ ( SECWAN)**

04.04.2017-ലെ ജി.ഒ.(ആർ.റ്റി) നം 89/2017/ഐ.റ്റി.ഡി വിവര സാങ്കേതിക വകുപ്പിന്റെ 29.05.2017-ലെ ഐ.റ്റി സെൽ-02/68/2017/ഐ.റ്റി.ഡി നമ്പർ കത്ത് എന്നിവ പ്രകാരമാണ് SECWAN പ്രോജക്ടിൽ സോഫ്റ്റ് വെയർ എഞ്ചിനീയർ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ടി തസ്തികയിൽ ജോലി നോക്കുന്ന കരാർ ജീവനക്കരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ജീവനക്കാരന്റെ പേര് | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | അശ്വതി ആർ നായർ | കോൺട്രാക്റ്റ് | ജി.ഒ.(ആർ.റ്റി) നം. 89/2017/ഐ.റ്റി.ഡി തീയതി 04.04.2017 & ഐ.റ്റി സെൽ - 2-68/2017-ഐ.റ്റി.ഡി തീയതി 29.05.2017 | ബി.ടെക്, കമ്പ്യൂട്ടർ സയൻസ് | 35,000/- | 20.11.2017 മുതൽ |
| 2 | രാഖി ആർ. പിള്ള | കോൺട്രാക്റ്റ് | 04.04.2017 & ഐ.റ്റി സെൽ - 2-68/2017-ഐ.റ്റി.ഡി തീയതി 29.05.2017 | ബി.ടെക്, കമ്പ്യൂട്ടർ സയൻസ് | 35,000/- | 15.12.2017 മുതൽ |

**24. കേരള സ്പാഷ്യൽ ഡേറ്റ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്**

31.10.2015-ലെ ജി.ഒ.(എം.എസ്) നം. 53/2015/ഐ.റ്റി.ഡി പ്രകാരമാണ് കേരള സ്പാഷ്യൽ ഡേറ്റ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് ആരംഭിച്ചിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 താൽകാലിക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. കേരള സ്പാഷ്യൽ ഡേറ്റ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്-ൽ നിലവിൽ ജോലി നോക്കുന്ന കരാർ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|---|
| 1 | അനു മുരളി | സ്പാഷ്യൽ ഡേറ്റ ഓഫീസർ | കോൺട്രാക്റ്റ് | ജി.ഒ.(എം.എസ്) 53/2015/ഐ.റ്റി.ഡി തീയതി 31.10.2015 | എം. ടെക് | 40,000/- | 25.02.2016 മുതൽ |
| 2 | കലാരാജ് | ടെക്നിക്കൽ ഓഫീസർ | കോൺട്രാക്റ്റ് | ജി.ഒ.(എം.എസ്) 53/2015/ഐ.റ്റി.ഡി തീയതി 31.10.2015 | ബി.ടെക് | 30,000 | 18.02.2016 മുതൽ |
| 3 | തനിഷ് സി ബ്രൗൺ | ടെക്നിക്കൽ ഓഫീസർ | കോൺട്രാക്റ്റ് | ജി.ഒ.(എം.എസ്) 53/2015/ഐ.റ്റി.ഡി തീയതി 31.10.2015 | എം.സി. എ, കമ്പ്യൂട്ടർ സയൻസ് | 30,000 | 25.02.2016 മുതൽ |
| 4 | സരിത. കെ.എസ് | വെബ് ജി.ഐ.എസ് ഡവലപ്പർ | കോൺട്രാക്റ്റ് | ജി.ഒ.(എം.എസ്) 53/2015/ഐ.റ്റി.ഡി തീയതി 31.10.2015 & 40th EC held on 09.08.2017 | എം.സി. എ, കമ്പ്യൂട്ടർ സയൻസ് **അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്** | 32,000 | 29/03/19 മുതൽ |
| 5 | വിജി.ആർ.വി | വെബ് ജി.ഐ.എസ് ഡവലപ്പർ | കോൺട്രാക്റ്റ് | ജി.ഒ.(എം.എസ്) 53/2015/ഐ.റ്റി.ഡി തീയതി 31.10.2015 & 40th EC held on 09.08.2017 | എം.സി.എ, കമ്പ്യൂട്ടർ സയൻസ് | 32, 000 | 07/03/19 മുതൽ |

**25. ഡോമൈൻ എക്സ്പർട്ട് ഇ-പ്രൊക്വർമെന്റ് പ്രോജക്ട്**

2002-2008 കാലയളവിൽ ശ്രീ.കൃഷ്ണൻ.ബി നായർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും കേരള ഐ.റ്റി മിഷനിൽ മാനേജർ ബിസിനസ് ഡെവലപ്പ്മെന്റ് തസ്തികയിൽ ജോലി ചെയ്തിരുന്നു. 2017-ലാണ് ടിയാൻ ഡോമൈൻ എക്സ്പർട്ട് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുന്നത്. ജി.ഒ(എം.എസ്) നം. 31/2009/ഐ.റ്റി.ഡി തീയതി 23.10.2009 നമ്പർ ഉത്തരവ് പ്രകാരമാണ് ഇ-പ്രോക്വർമെന്റ് പ്രോജക്ടിൽ ഡോമൈൻ എക്സ്പർട്ട് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്

**26. ചെയ്ഞ്ച് മാനേജ്മെന്റ് എക്സ്പർട്ട്, ഇ-പ്രോക്വർമെന്റ്**

ജി.ഒ.(എം.എസ്) നം. 31/2009/ഐ.റ്റി.ഡി തീയതി 23.10.2009 പ്രകാരമാണ് ഇ-പ്രോക്വർമെന്റ് പ്രോജക്ടിൽ ചെയ്ഞ്ച് മാനേജ്മെന്റ് എക്സ്പർട്ട് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. "Naukri.com എന്ന വെബ് സൈറ്റ് മുഖേനയാണ് ടി തസ്തികയിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചത്" . അഭിമുഖം മുഖേനയാണ് ശ്രീ. ശ്രീകുമാർ. എം.എസ്-നെ ടി തസ്തികയിൽ 25.02.2013 ൽ നിയമിച്ചത്. വിജ്ഞാപന പ്രകാരം ടി തസ്തികയ്ക്ക് വേണ്ട യോഗ്യത എംബി.എ (എച്ച്.ആർ) യും 6 വർഷത്തെ പ്രവർത്തി പരിചയവും ചെയ്ഞ്ച് മാനേജ്മെന്റ് എക്സ്പർട്ട്-ൽ 4 വർഷത്തെ പ്രവർത്തി പരിചയവും ഇ-ഗവേണൻസ്-ൽ 3 വർഷത്തെ പ്രവർത്തി പരിചയവും ആവശ്യമായിരുന്നു. എന്നാൽ ടിയാന് ബി.ബി.എ-യും മാസ്റ്റർ ഡിപ്ലോമ ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ-നും പി.ജി ഡിപ്ലോമ ഇൻ ഇ ഗവേണൻസ് മാത്രമാണുള്ളത്.

പത്ര പരസ്യം നൽകാതെ "Naukri.com എന്ന ഓൺ ലൈൻ സൈറ്റിൽ വിജ്ഞാപനം നൽകിയത് ക്രമവിരുദ്ധമാണ് 2012-ൽ മാത്രമാണ് ടിയാൻ പി.ജി ഡിപ്ലോമ ഇൻ ഇ ഗവേണൻസ് പൂർത്തീയാക്കിയിട്ടുള്ളത്. ഇ-ഗവേണൻസിൽ-3 വർഷത്തെ പ്രവർത്തി പരിചയമാണ് തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുള്ളത്. വിജ്ഞാപന പ്രകാരമുള്ള യോഗ്യതയും പ്രവർത്തി പരിചയവുമില്ലാത്ത ഉദ്യോഗാർത്ഥിയെ ടി തസ്തികയിലേയ്ക്ക് തിരഞ്ഞെടുത്തത് തൽസമയത്തെ ഡയറക്ടറുടെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയാണ്. ശ്രീ. ശ്രീകുമാർ. എം.എസിന് വിജ്ഞാപന പ്രകാരമുള്ള യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. **പ്രസ്തുത വിഷയം ഭരണ വകുപ്പ് വിശദമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്. 25.02.2013 ൽ പ്രസ്തുത തസ്തികയിൽ പ്രവേശിച്ച ടിയാൻ കരാർ കാലയളവ് ദീർഘിപ്പിച്ച് അനുമതി ലഭിയ്ക്കാതെ തുടരുന്നത് നിയമവിരുദ്ധമാണ്.**

**ഇ-ഡിസ്ട്രിക്റ്റ് പ്രോജക്റ്റ്-ഹാൻഡ്ഹോൾഡ് സപ്പോർട്ടിംഗ് എഞ്ചിനീയർ - കാൾ സെന്റർ പ്രോജക്റ്റ് എക്സിക്യൂട്ടീവ്**

കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിൽ 70ഹാൻഡ് ഹോൾഡ് സപ്പോർട്ടിംഗ് എഞ്ചിനീയേഴ്സും (ഇ-ഡിസ്ട്രിക്റ്റ് പ്രോജക്റ്റ്) 17-കാൾ സെന്റർ എക്സിക്യൂട്ടീവുകളും നിലവിൽ ജോലി നോക്കിവരുന്നുണ്ട്. ടി ജീവനക്കാരുടെ നിയമന നടപടികളെ സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ആയത് സംബന്ധിച്ച് ഐ.റ്റി മിഷൻ ഡയറക്ടറുടെ മറുപടി ചുവടെ ചേർക്കും പ്രകാരമാണ്. ഐ ടി മിഷന്റെ കീഴിലുള്ള കാൾ സെന്റർ പ്രോജക്ടിൽ കുടുംബശ്രീ മുഖേനയുള്ള പുറം കരാർ പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ 2012-ൽ നടന്ന 13 ഉം 14ഉം ഗവേണിംഗ് ബോഡി തീരുമാനപ്രകാരം കാൾ സെന്റർ പ്രോജക്റ്റിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയാണുണ്ടായത്. ഇതിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ല.

Meity -(Ministry of Electronics & Information Technology)യുടെ അഡ്മിനിസ്ട്രേറ്റീവ് അംഗീകാരം നമ്പർ 3(17) 2011 EG-11 തീയതി 19.09.2011 & 31.01.2012 കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ശേഷിക്കുന്ന 12 ജില്ലകളിലെ ഇ-ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് ആരംഭിക്കുന്നതിന് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് ഗവൺമെന്റ് അഡ്മിനിസ്ട്രേറ്റീവ് അനുമതി നൽകി. പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് ഓരോ ജില്ലയിലും ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനിയർ മാരെ (എച്ച്.എസ്.ഇ) നിയമിക്കേണ്ടത് അനിവാര്യമായി വന്നതിനാൽ, ഐ.ടി മിഷന്റെ 31-മത് എക്സിക്യൂട്ടീവ കമ്മിറ്റിയുടെ അംഗീകാര പ്രകാരം ഓരോ ജില്ലയിലും 5 എണ്ണം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയേർസ്-നെ പോസ്റ്റുചെയ്യാനുള്ള നടപടികൾ തുടങ്ങി. ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരുടെ യോഗ്യത ബിടെക് (സിഎസിഇ, ഐ.റ്റി) അല്ലെങ്കിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്ഹാർഡ് വയർ എഞ്ചിനീയറിംഗ്/കമ്പ്യൂട്ടർ ടെക്നോളജി/ഐ.റ്റി ആയിരുന്നു.

30.10.2012 തീയതിയിലെ എ1/608/12-ലെ കത്ത് അനുസരിച്ച് കളമശ്ശേരി സൂപ്പർ വൈസറി ഡെവലപ്മെന്റ് സെന്റർ മുഖേന 2012 നവംബർ 17 ന് തിരുവനന്തപുരം കൈമനം വനിതാ പോളിടെക്നിക് കോളേജിൽ ഡിഗ്രി ലെവൽ ടെക്നിഷ്യൻ അപ്രന്റീസിനെ തിരഞ്ഞെടുക്കുന്നതിന് കേന്ദ്രീകൃത വാക്ക് ഇൻ അഭിമുഖം സംഘടിപ്പിച്ചു. 2012 ഡിസംബർ 7 ന് വടക്കൻ പ്രദേശത്തിനായി ഒരു വാക്ക് ഇൻ അഭിമുഖം സംഘടിപ്പിച്ചു. ഐ ടി മിഷന്റെ ആവശ്യകതകളെ അടിസ്ഥാനമാക്കി ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാർക്കായി ഒരു അഭിമുഖം നടത്തി. ഈ അഭിമുഖങ്ങളിൽ നിന്ന് അവരവരുടെ ജില്ലയെയും

മാർക്കിന്റെ ശതമാനത്തെയും അടിസ്ഥാനമാക്കി തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തു. 2013 മുതൽ അതാത് ജില്ലാ ഇ-ഗവേർൺസ് സൊസൈറ്റികളാണ് നിയമനം നടത്തുന്നത്. ഇ-ഗവേണൻസ് സൊസൈറ്റി അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് ഐ.റ്റി മിഷന് കൈമാറുകയാണ് ചെയ്യുന്നത്.

**ഡയറക്ടറുടെ മറുപടി തൃപ്തികരമല്ല ഐറ്റി മിഷനിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടേയും വ്യക്തിഗത ഫയലുകൾ സൂക്ഷിക്കേണ്ടത് മിഷൻ ഡയറക്ടറുടെ ഉത്തരവാദിത്തമാണ്. ഇത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശം ഭരണവകുപ്പ് ഐ.ടി മിഷൻ ഡയറക്ടർക്ക് നൽകേണ്ടതാണ്.**

## <u>അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്</u>

കേരള സ്റ്റേറ്റ് ഐ.ടി മിഷനുകീഴിൽ അക്ഷയ ഒരു പൈലറ്റ് പ്രോജക്ട് ആയി Bridging the Digital Divide എന്ന പേരിൽ 21.11.2002-ലെ ജി.ഒ (എം.എസ്) നം. 22/2002/ഐ.റ്റി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലാണ് പ്രവർത്തനം ആരംഭിച്ചത്. 04.01.2003-ലെ ജി.ഒ (എം.എസ്) നം. 2/2003/ഐ.റ്റി.ഡി നമ്പർ പ്രകാരം അക്ഷയയ്ക്ക് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 30.04.2005-ലെ ജി.ഒ(എം.എസ്) നം. 19/2005/ഐ.റ്റി.ഡി നമ്പർ പ്രകാരം അക്ഷയ 7 ജില്ലകളിലായി 1321 ലൊക്കേഷനുകൾ അനുവദിച്ച് ഉത്തരവായി. 09.08.2007-ലെ ജി.ഒ.(എം.എസ്) നം.18/2007/ഐ.റ്റി.ഡി നമ്പർ പ്രകാരം അക്ഷയ 6 ജില്ലകളിലായി 1173 സേവന കേന്ദ്രങ്ങൾ കൂടി ആരംഭിക്കുകയുണ്ടായി. അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലെ നിലവിലെ ജീവനക്കാരുടെ വിശദവിവരം അനുബന്ധമായി (പട്ടിക-5 -ൽ) ചേർക്കുന്നു.

അക്ഷയ പ്രോജക്ടിലെ മാനേജർമാരുടെ നിയമനം കേരള സ്റ്റേറ്റ് ഐറ്റി മിഷനിൽ നിന്നാണ് നടത്തിയതെന്നും, ഐ.റ്റി മിഷൻ ഡയറക്ടർ/അക്ഷയ ഡയറക്ടർ, ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റിയുടെ പ്രോജക്ട് മാനേജർ/അക്ഷയ ജില്ലാ കോർഡിനേറ്റർ എന്നിവർ ഒന്നായതിനാലാണ് പ്രസ്തുത നിയമനം നടത്തിയതെന്നും ഐ.റ്റി മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അക്ഷയ ഐ.റ്റി മിഷന്റെ പ്രോജക്ട് ആയതിനാൽ അക്ഷയയുടെ പ്രവർത്തനങ്ങൾ ഐ.റ്റി മിഷന്റെ നിയന്ത്രണത്തിൽ ആയിരിക്കണമെന്ന് 21.04.2015-ൽ നടന്ന ഐ.റ്റി മിഷന്റെ 15ാമത് ഗവേർണിംഗ് ബോഡി നിർദ്ദേശിച്ചിട്ടുണ്ടെന്നും ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്ഷയയുടെ പ്രപ്പോസലുകൾ ഐ.റ്റി മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡികളിൽ വച്ച് അനുമതിതേടാറുണ്ടെന്നും വ്യക്തമാക്കി യിട്ടുണ്ട് പ്രോജക്ടിനു കീഴിലെ തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി (പട്ടിക-6 -ൽ) ചേർക്കുന്നു.

### <u>തസ്തികകൾക്ക് സർക്കാർ അനുമതി നേടാത്തത് സംബന്ധിച്ച്</u>

അക്ഷയ പ്രോജക്ടിലെ തസ്തികകൾ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡി തീരുമാന പ്രകാരം രൂപീകരിച്ചവയാണ്. ഈ തസ്തികകൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല. അക്ഷയ പ്രോജക്ട് പൊതു ജനങ്ങൾക്ക് സേവനം നൽകുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി സ്ഥാപിതമായതിനാൽ ജീവനക്കാരെ നിയമിയ്ക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കാണ് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് എന്നാണ് ഡയറക്ടർ അന്വേഷണ കുറിപ്പിന് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ടി കരാർ കാലാവധിയ്ക്ക് ശേഷവും പ്രസ്തുത തസ്തികകളുടെ സർക്കാർ അനുമതിയ്ക്കായി ടി ഓഫീസിൽ നിന്നും യാതൊരു നടപടികളും സ്വീകരിച്ചതായി ഫയൽ പരിശോധനയിൽ കാണാൻ സാധിച്ചിട്ടില്ല.

### <u>കരാർ ജീവനക്കാരുമായി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യാത്തത് സംബന്ധിച്ച്</u>

കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലെയും അക്ഷയ് പ്രോജക്ടിലേയും കരാർ ജീവനക്കാരെ ഒരു വർഷത്തേയ്ക്ക് താല്ക്കാലികമായി നിയമിയ്ക്കപ്പെടുകയും കാലാവധി തീരുന്ന മുറയ്ക്ക് അതേ തസ്തികയിൽ തുടരാൻ അനുവദിയ്ക്കുകയോ പുതിയ പ്രോജക്ടുകൾ രൂപീകൃതമാകുമ്പോൾ പ്രസ്തുത പ്രോജക്ടുകളിലെ തസ്തികകളിലേയ്ക്ക് പുനർനിയമനം നൽകുകയോ ആണ് നടന്നുവരുന്നത്.

ഇപ്രകാരം നിയമനം/പുനർനിയമനം നൽകുമ്പോഴോ കാലാവധി ദീർഘിപ്പിക്കുമ്പോഴോ എല്ലാ ജീവനക്കാരുമായി സ്ഥാപനം എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തതായി കാണുന്നില്ല. അവർക്ക് നൽകുന്ന നിയമന ഉത്തരവിൽ നിയമന കാലാവധി വേതനം തുടങ്ങിയവ പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. ഇപ്രകാരം ചട്ടപ്രകാരം എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യാതിരിക്കുന്നത് കരാർ നിയമനങ്ങളുടെ ലംഘനവും ഭാവിയിൽ ടി ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും. ആയതിനാൽ കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലും അനുബന്ധ സ്ഥാപനങ്ങളിലും കരാർ നിയമനങ്ങൾ നടത്തുമ്പോൾ ഉദ്യോഗാർത്ഥിയുമായി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുവാൻ നിയമന അധികാരി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**<u>28.04.2017-ലെ സ.ഉ(അച്ചടി) നം. 56/2017/ധന ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച്</u>**

രണ്ട് വർഷത്തിൽ അധികമായി തുടരുന്ന ജീവനക്കാരുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 28.04.2017-ലെ സ.ഉ(അച്ചടി) നം. 56/2017/ധന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു അത് പ്രകാരം ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് സഹിതം വ്യക്തമായ ശുപാർശകളോടുകൂടി പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കേണ്ടതായിട്ടുണ്ട്.

28.12.2012 ലെ 740/2012/എ.കെ.എസ്/ 770 നമ്പർ കത്ത് പ്രകാരം കോഴിക്കോട് അക്ഷയ ജില്ല പ്രോജക്ട് ഓഫീസിലെ ജീവനക്കാർക്ക് തുടർച്ചാനുമതി നൽകാൻ എസ്.റ്റി.ഇ.ഡി-യുടെ ഡയറക്ടർക്ക് അക്ഷയ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. 31.12.2012-ലെ 78/2008/AK-AL / 772 നമ്പർ കത്ത് പ്രകാരം 31.12.2012-ൽ നിയമന കാലാവധി തീരുന്ന ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് സർക്കാരിൽ നിന്നും മറ്റൊരു ഉത്തരവ് വരുന്നത് വരെ തുടർച്ചാനുമതി നൽകുവാൻ എല്ലാ ജില്ലാ ഓഫീസുകൾക്കും അക്ഷയ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. 29.12.2016-ലെ 39-ാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ അക്ഷയയുടെ എല്ലാ കരാർ ജീവനക്കാരുടെയും കരാർ കാലാവധി 31.03.2017 വരെ ദീർഘിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കരാർ ജീവനക്കാർക്ക് തുടർ**<u>അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്</u>**ച്ചാനുമതി നൽകുന്നതിനു ഒരു പെർഫോമൻസ് അപ്രൈസൽ സിസ്റ്റം തയ്യാറാക്കുവാനും ആയത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (കോഴിക്കോട്) ശിൽപ്പശാല നടത്തി സമർപ്പിക്കുകയുണ്ടായി തുടർന്ന് സർക്കാരിന്റെ പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പ് വർക്ക് സ്റ്റഡി നടത്തുകയും റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു എന്നും അന്വേഷണക്കുറിപ്പിന് ഡയറക്ടർ മറുപടി നൽകിയിരിക്കുന്നു.

**<u>അക്ഷയ പ്രോജക്ടിലെ തസ്തികകളേയും ജീവനക്കാരെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>.**

**<u>ഓണററി കൺസൾട്ടന്റ്</u>**

അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ ഓണററി കൺസൾട്ടന്റ് തസ്തികയിൽ ശ്രീമതി ശ്രീലത എസിനെ 30.08.2017-ലെ Admin/115/2017/KSITM/1087 നമ്പർ നടപടിക്രമ പ്രകാരം കേരള സ്റ്റേറ്റ് ഐറ്റി മിഷൻ നിയമനം നൽകിയിരിക്കുന്നു. 09.08.2017-ലെ 40-ാം എക്സിക്യൂട്ടീവ് മീറ്റിംഗിലാണ് ശ്രീമതി ശ്രീലതയെ പരിചയ സമ്പന്നതയുടെ അടിസ്ഥാനത്തിൽ 25,000/- രൂപ പ്രതിമാസ ഓണറേറിയത്തിൽ ഓണററി കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനമെടുത്തത്.

**<u>ബിസിനസ് ഡവലപ്മെന്റ് മാനേജർ</u>**

ബിസിനസ് ഡവലപ്മെന്റ് മാനേജർ എന്ന തസ്തിക 20.04.2002-ലെ ജി.ഒ(എം.എസ്) നം. 05/2002/ഐ.റ്റി.ഡി സർക്കാർ ഉത്തരവ് പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. ഇതിലേയ്ക്കുള്ള നിയമനത്തിനായി 13.01.2016-ൽ ഒരു ഇന്റർവ്യൂ ബോർഡിനെ നിയമിയ്ക്കുകയും 20.01.2016-ൽ ഇന്റർവ്യൂ നടത്തുകയും 10 പേർ അടങ്ങുന്ന റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും അതിൽ 3-ാം റാങ്ക്കാരനായ ശ്രീ. ബിജു. വി.എസ് കുമാറിനെ 28.12.2016-ലെ അക്ഷയ/50/2016-കെ.എസ്.ഐ.റ്റി.എം./2075 എന്ന ഉത്തരവ് പ്രകാരം 04.01.2017-ൽ ജോലിയിൽ പ്രവേശിപ്പിയ്ക്കുകയും ചെയ്തു 51,800/- രൂപ കൺസോളിഡേറ്റഡ് ശമ്പളത്തിൽ ഒരു വർഷത്തേയ്ക്കാണ് നിയമനം നൽകിയിരിയ്ക്കുന്നത്. ഇപ്പോഴും പ്രസ്തുത തസ്തികയിൽ തുടരുന്ന ശ്രീ ബിജു. വി.എസ് കുമാറിന്റെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. ആയത് ഭരണ വകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

**<u>സർവ്വീസ് ഡെലിവറി മാനേജർ & കണ്ടന്റ് ഡവലപ്മെന്റ് മാനേജർ</u>**

അസിസ്റ്റന്റ് ജില്ലാ കോഡിനേറ്റർ തസ്തികയിലേയ്ക്ക് 2007 ജൂലൈ 28ന് കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ വച്ചുനടന്ന ഇന്റർവ്യൂവിൽ ഒന്നാം റാങ്കുകാരനായ ശ്രീ. റെജു ടോം ലാൽനെ കൊല്ലത്തും രണ്ടാം റാങ്കുകാരനായ ശ്രീബിജു സി മാത്യുവിനെ കോട്ടയത്തും ഒരുവർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 15,000/- രൂപ കൺസോളിഡേറ്റഡ് പേയിൽ യഥാക്രമം 06/12/2007 ലും 01/01/2008 ലും നിയമിച്ചു. 16/02/2016 ലെ 16 -ാംമത് ഗവേണിം ബോഡി മീറ്റിംഗ് തീരുമാനപ്രകാരം തിരുവനന്തപുരം അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് കോ ഓഡിനേറ്റർ ആയിരുന്ന ശ്രീ.റെജു ടോം ലാൽനെ സർവ്വീസ് ഡെലിവറി മാനേജർ , കോട്ടയം അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് കോ ഓഡിനേറ്റർ ആയിരുന്ന ശ്രീബിജു സി മാത്യുവിനെ കണ്ടന്റ് ഡെവലപ്മെന്റ് മാനേജർ എന്നീ തസ്തികകളിൽ അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ നിയമിച്ചു. പ്രസ്തുത തസ്തികകളിൽ കരാർ പുതുക്കുകയോ കാലാവധി ദീർഘിപ്പിയ്ക്കുകയോ ചെയ്തിട്ടില്ല. ടി നിയമനങ്ങളുടെ ആധികാരികത ഭരണവകുപ്പ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

**<u>അനിൽകുമാർ. എം (അസിസ്റ്റന്റ് പ്രോജക്ട് കോർഡിനേറ്റർ)</u>**

03.10.2009-ലാണ് ശ്രീ അനിൽകുമാർ. എം. പ്രോജക്ട് അസിസ്റ്റന്റ് (എം.ഐ.എസ്) എന്ന തസ്തികയിൽ അക്ഷയ പ്രോജക്ടിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുന്നത്. അക്ഷയ പ്രോജക്ട് ഡയറക്ടറുടെ 27.05.2015-ലെ 254/2010/എ.കെ.എസ്/1999 നമ്പർ നടപടി ക്രമ പ്രകാരം പ്രോജക്ട് അസിസ്റ്റന്റ് (എം.ഐ.എസ്) എന്ന തസ്തിക പുനർനാമകരണം ചെയ്ത് അസിസ്റ്റന്റ് പ്രോജക്ട് കോർഡിനേറ്റർ എന്നാക്കുകയുണ്ടായി. ശ്രീ. അനിൽകുമാർ-നെ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേക്ക് തിരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ടിയാളുടെ നിയമനം സംബന്ധിച്ച രേഖകൾ ഭരണ വകുപ്പ് പരിശോധിക്കേണ്ടതും ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**<u>പ്രോജക്ട് അസിസ്റ്റന്റ്</u>**

പ്രോജക്ട് അസിസ്റ്റന്റ് എന്ന 5 തസ്തിക 2004 ഏപ്രിൽ 24 - ന് കൂടിയ അക്ഷയയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ് അടിസ്ഥാന യോഗ്യത. 2020 ജനുവരി 9-നാണ് ഇന്റർവ്യൂ നടത്തിയത്. പ്രസ്തുത ഇന്റർവ്യൂ 1 മുതൽ 3 വരെയുള്ള റാങ്ക് കാരായ അവിനാശ് രജേന്ദ്രൻ, ജസ്റ്റിൻ മേരി ജോസഫ്, ആതിര. എസ്.എസ് എന്നിവരെ 34,300/- രൂപ കൺസോളിഡേറ്റഡ് പേയിൽ നിയമിച്ചു. അവിനാശ് രാജേന്ദ്രൻ, ജസ്റ്റിൻ മേരി ജോസ് എന്നിവരെ 03.02.2020ലും ആതിര. എസ്.എസ് നെ 01.02.2020-ലും ജോലിയിൽ പ്രവേശിപ്പിച്ചു. പ്രസ്തുത നിയമനം ചട്ടപ്രകാരമാണ് നടത്തിയിട്ടുള്ളത്. പരിശോധനാ

കാലയളവിൽ ടി ഉദ്യോഗസ്ഥരുടെ കാലാവധി കഴിഞ്ഞിട്ടില്ല. എന്നാൽ അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ്, ഇടുക്കിയിൽ 2012 ജനുവരി 11-ന് പ്രോജക്ട് അസിസ്റ്റന്റ് ആയി നിയമിതയായ ശ്രീമതി ധന്യ പി 2016-ൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലേയ്ക്ക് വരികയും ഇപ്പോൾ നിലവിലെ തസ്തികയിൽ തുടരുകയുമാണ്. ടിയാളുടെ നിയമന വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഭരണ വകുപ്പ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

**അക്ഷയ പ്രോജക്ടിലെ ജില്ലാതലത്തിലെ ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ ശരിയായ രീതിയിൽ സൂക്ഷിക്കാത്തത് സംബന്ധിച്ച്.**

അക്ഷയ പ്രോജക്ടിന്റെ ജില്ലാ ഓഫീസുകളിലായി വിവിധ തസ്തികകളിൽ ജോലി നോക്കുന്ന കരാർ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ നിലവിൽ സ്റ്റേറ്റ് ഓഫീസിൽ സൂക്ഷിക്കുന്നില്ല. ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി വഴിയാണ് ജില്ലാ തലത്തിൽ ജീവനക്കാരെ തിരഞ്ഞെടുക്കുന്നതെങ്കിലും നിയമനം നൽകുന്നത് അക്ഷയ പ്രോജക്ട് ഡയറക്ടറായതിനാൽ ടി ജീവനക്കാരെ തിരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള രേഖകൾ സ്റ്റേറ്റ് ഓഫീസിലും സൂക്ഷിക്കേണ്ടതും, അവ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

**ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955**

07.07.2008 ലെ ജി.ഒ.ആർ.റ്റി നം. 141/ 08/ഐ.റ്റി.ഡി പ്രകാരം അംഗീകാരം ലഭിച്ച അക്ഷയ സ്റ്റേറ്റ് പ്രോജക്ടിന്റെ MoA-യിൽ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റേർഡ് സൊസൈറ്റിയാണെന്ന് കാണുന്നു. എന്നാൽ 824/13/AKS ഫയൽ പരിശോധിച്ചതിൽ സൊസൈറ്റീസ് ആക്ട് പ്രകാരമോ കമ്പനീസ് ആക്ട് പ്രകാരമോ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

അക്ഷയ സ്റ്റേറ്റ് പ്രോജക്ട് കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ പ്രോജക്ടായി നിലനിൽക്കുന്നതിനാൽ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ല എന്നും കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ 30-ാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ചുവടെ പറയുന്ന തീരുമാനമെടുത്തതായും ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഐ.ടി മിഷൻ 30-ാം എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ അജണ്ട ഐറ്റം നമ്പർ 7 ന്റെ തീരുമാനം ചുവടെ പറയുന്ന പ്രകാരമാണ്.

"Formation of exclusive Executive Committee for Akshaya, EC declined the request and opined that Akshaya is not a separate entity and it is only a project of KSITM hence the matters pertaining to Akshaya shall be taken up in the EC of KSITM"

മേൽ സാഹചര്യത്തിൽ അക്ഷയ, കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ പ്രോജക്ടായി നിലനിൽക്കുന്നതിനാൽ Akshaya State Project Travancore-Cochin literary Science & Charitable Societies Registration Act 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ല ഈ തീരുമാനം സർക്കാർ തലത്തിൽ അംഗീകരിച്ചതായി കാണുന്നില്ല എന്നാൽ ഐറ്റം നമ്പർ 14-ൽ മേൽ തീരുമാനത്തിനു പുറമേ അക്ഷയ 26% വിഹിതം സംസ്ഥാന സർക്കാരിന്റേയും ബാക്കി വ്യവസായ സംഘാടകരിൽ നിന്നും സ്വീകരിച്ച് ഒരു കമ്പനി രൂപീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ **ഇത് പ്രകാരം കരട് മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗും ആർട്ടിക്കിൽസ് ഓഫ് അസോസിയേഷനും തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുവാനും നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.**

**പ്രധാന കണ്ടെത്തലുകൾ**

1 . കാലാകാലങ്ങളിൽ കരാർ വ്യവസ്ഥയിൽ നിശ്ചിത കാലത്തേയ്ക്ക് നിയമിക്കപ്പെടുന്ന ജീവനക്കാരാണ് വിവിധ

പ്രോജക്ടുകളുമായി ബന്ധപ്പെട്ട തസ്തികകളിലെ ജീവനക്കാരുടെ നിയമനവും സ്ഥാപനത്തിന്റെ ഭരണപരവും ദൈനംദിനവുമായ പ്രവർത്തനങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നത്. ഇവരുടെ കരാർ കാലാവധി അവസാനിക്കുമ്പോൾ പുതുതായി നിയമിക്കപ്പെടുന്ന കരാർ ജീവനക്കാർക്ക് മുൻ കാലങ്ങളിലെ ജീവനക്കാരുടെ ഭരണപരമായ കാര്യങ്ങൾ മറ്റ് വിഷയങ്ങൾ എന്നിവയുടെ തുടർച്ച ലഭിക്കാതിരിക്കുകയും ബന്ധപ്പെട്ട രേഖകൾ കണ്ടെത്താൻ കഴിയാതെ വരികയും ചെയ്യുന്നു. സ്ഥിരം ജീവനക്കാരുടെ അഭാവം ഐ.റ്റി മിഷനിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നരീതിയിൽ പ്രകടമാണ് ഫയലുകളും രജിസ്റ്ററുകളും സർക്കാർ അനുശാസിക്കുന്ന മാനദണ്ഡപ്രകാരം പരിപാലിക്കാത്തത് മിഷന്റെ ഭരണപരമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

2. 2016 ഫെബ്രുവരി മാസത്തിലാണ് അവസാനമായി ഗവേണിംഗ് ബോഡി കൂടിയത് അതിനുശേഷം നാളിതുവരെ ഗവേണിംഗ് ബോഡി കൂടിയിട്ടില്ല . എക്സിക്യൂട്ടീവ് കമ്മിറ്റിയും ചട്ടപ്രകാരമുള്ള കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല ഇവ യഥാസമയം ഒത്ത് ചേരാത്തതിനാൽ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകൽ, തീരുമാനങ്ങളിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കൽ എന്നിവയ്ക്ക് കാലതാമസം നേരിടുന്നു. ഇത് ആർട്ടിക്കിൾസ് & മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

3 . കരാർ ജീവനക്കാരെ ഒരു വർഷത്തേയ്ക്ക് താല്ക്കാലികമായി നിയമിക്കപ്പെടുകയും കാലാവധി തീരുന്ന മുറയ്ക്ക് അതേ തസ്തികയിൽ തുടരാൻ അനുവദിക്കുകയോ പുതിയ പ്രോജക്ടുകൾ രൂപീകൃതമാകുമ്പോൾ പ്രസ്തുത പ്രോജക്ടുകളിലെ തസ്തികകളിലേക്ക് പുനർനിയമനം നൽകുകയോ ആണ് നടന്നുവരുന്നത്. ഇപ്രകാരം നിയമനം/പുനർനിയമനം നൽകുമ്പോഴോ കാലാവധി ദീർഘിപ്പിക്കുമ്പോഴോ എല്ലാ ജീവനക്കാരുമായി സ്ഥാപനം എഗ്രിമെന്റ് എക്സിക്യൂട്ടീവ് ചെയ്തതായി കാണുന്നില്ല. അവർക്ക് നൽകുന്ന നിയമന ഉത്തരവിൽ നിയമന കാലാവധി വേതനം തുടങ്ങിയവ പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. ഇപ്രകാരം ചട്ടപ്രകാരം എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യാതിരിക്കുന്നത് കരാർ നിയമനങ്ങളുടെ ലംഘനവും ഭാവിയിൽ ടി ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും.

4 . ഐ.റ്റി വകുപ്പിന്റെ ജി.ഒ.(ആർ.റ്റി) നം. 29/2020/ഐ.റ്റി.ഡി നമ്പർ ഉത്തരവിലും ഐ.റ്റി മിഷൻ ഡയറക്ടറുടെ ഭരണം/10/2020/കെ.എസ്.ഐ.റ്റി.എം./ 5 3 4 നമ്പർ നടപടിക്രമത്തിലും ജീവനക്കാർ നിയമനം നേടി 3-ാം മാസം കഴിയുമ്പോൾ തയ്യാറാക്കുന്ന പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് വിലയിരുത്തിയ ശേഷം മാത്രമേ അവരെ പ്രോജക്ടിൽ തുടരാൻ അനുവദിക്കാവൂ എന്നും ടി ജീവനക്കാരുമായി കരാറിൽ ഏർപ്പെടണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പരിശോധനയിൽ ടി ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് എഗ്രിമെന്റ് തുടങ്ങിയവ തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല.

5 . ജി.ഒ (എം.എസ്) നം. 5/2002/ഐ.റ്റി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച മാനേജർമാർ ക്കറ്റിംഗ് & കമ്മ്യൂണിക്കേഷൻ എന്ന തസ്തികയെ 2010-ൽ ഗവേണിംഗ് ബോഡി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ ഐ ടി എന്ന് പുനർനാമകരണം ചെയ്തതിന് സർക്കാരിന്റെ സാധൂകരണം നേടിയതായി കാണുന്നില്ല.

6 . വിവിധ തസ്തികകൾക്കായി ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളിൽ പലതും കേരള സംസ്ഥാനത്തിനു പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നും ചുരുക്കം ചിലത് വിദേശങ്ങളിൽ നിന്നുള്ളവയുമാണ്. ഇവ കേരളത്തിലെ അംഗീകൃത യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾക്ക് തുല്യതയുള്ളവയാണെന്നുള്ള ഇക്വലൻസി സർട്ടിഫിക്കറ്റുകളോ ആയത് സംബന്ധിച്ച രേഖകളോ നിയമന സമയത്ത് പരിശോധന നടത്തി ഉറപ്പുവരുത്തുന്നില്ല.

7 . വിജ്ഞാപന പ്രകാരമുള്ള യോഗ്യതയും പ്രവർത്തി പരിചയവുമില്ലാത്ത ഉദ്യോഗാർത്ഥിയെ ചെയ്ഞ്ച് മാനേജ്മെന്റ് എക്സ്പെർട്ട് തസ്തികയിലേയ്ക്ക് തിരഞ്ഞെടുത്തത് നിയമനാധികാരിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്

8 . കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലും അനുബന്ധ സ്ഥാപനമായ അക്ഷയ സ്റ്റേറ്റ് പ്രോജക്ടിലും വിവിധ തസ്തികകളിൽ വ്യത്യസ്ഥ യോഗ്യതയും പരിചയവുമുള്ള ജീവനക്കാരെ നിയമിക്കപ്പെടുന്നുവെങ്കിലും ഇത് സംബന്ധിച്ച് പ്രത്യേക റിക്രൂട്ട്മെന്റ് ചട്ടങ്ങൾ നിലവിലില്ല.

**<u>ശുപാർശകൾ</u>**

1. കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലും അനുബന്ധ സ്ഥാപനങ്ങളിലും ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം തസ്തിക സൃഷ്ടിയ്ക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും ചെയ്തിരിക്കുന്ന കരാർ ജീവനക്കാരുടെ പ്രസ്തുത നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ലയെന്നു കാണുന്നു. മേൽ നിയമനങ്ങളിൽ സർക്കാരിന്റെ അംഗീകാരം/സാധൂകരണം നേടുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

2. ഐ.റ്റി മിഷനിലെ ഫയൽ മാനേജ്മെന്റ് സിസ്റ്റം നിലവിൽ തൃപ്തികരമല്ല ആയതിനാൽ ഭരണ സാമ്പത്തിക കാര്യങ്ങൾ കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി നിറവേറ്റുന്നതിന് സ്ഥിരസംവിധാനമെന്നനിലയിൽ ഒരു കോർ ടീം ഈ സ്ഥാപനത്തിൽ ആവശ്യമാണ്. എത്ര സ്ഥിരം തസ്തികകൾ ആവശ്യമാണെന്നത് ഭരണവകുപ്പ് കണക്കാക്കേണ്ടതും ആയതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം വാങ്ങിയതിനുശേഷം സ്പെഷ്യൽ റൂൾസ് ഉണ്ടാക്കേണ്ടതും കൂടാതെ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമനപ്രക്രിയകൾ അവലംബിയ്ക്കേണ്ടതിന്റെ ആവശ്യകത പരിശോധിയ്ക്കേണ്ടതുമാണ്.

3. ഐ.റ്റി മിഷന്റെ 30-ാം എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിന്റെ അജണ്ട ഐറ്റം നമ്പർ 7, 14 എന്നീ തീരുമാനങ്ങൾ പ്രകാരം അക്ഷയ പ്രോജക്ടിനെ പ്രത്യേക സൊസൈറ്റിയായി രജിസ്റ്റർ ചെയ്യേണ്ടതില്ലെന്നും കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ ഒരു പ്രോജക്ടായി നിലനിർത്തുവാനും ഇത്തരത്തിൽ ആർട്ടിക്കിൾ & മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഭേദഗതി ചെയ്യുവാനും തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ ടി തീരുമാനത്തിന് സർക്കാരിന്റ അംഗീകാരം ലഭിച്ചിട്ടില്ല. ആയത് നേടിയെടുക്കുന്നതിനും ഭേദഗതി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിനുമുള്ള നടപടികൾ ഐ.റ്റി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4. ഇംപ്ലിമെന്റേഷൻ മാനേജർ (UIDAI) തസ്തികയിൽ തുടരുന്ന ശ്രീ. രഞ്ജിത് വാപ്പാലയെ പ്രസ്തുത തസ്തികയിലേയ്ക്ക് തെരഞ്ഞെടുത്ത നടപടി ക്രമങ്ങളും യോഗ്യതയും ഭരണ വകുപ്പ് വിശദമായി പരിശോധിയ്ക്കേണ്ടതും, യോഗ്യതയില്ലാത്തപക്ഷം ടിയാളെ പ്രസ്തുത ജോലിയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്

5. ഐ.റ്റി മിഷന്റെയും അക്ഷയ പ്രോജക്ടിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഭരണപരമായ തീരുമാനങ്ങൾ ഗവേണിംഗ് ബോഡി അംഗീകരിച്ചതായോ, സർക്കാർ സാധൂകരണം ലഭിച്ച് ഉത്തരവ് പുറപ്പെടുവിച്ചതായോ രേഖകളിൽ കാണുന്നില്ല. ആയതിനാൽ അടിയന്തര പ്രാധാന്യമുള്ളവയ്ക്ക് പ്രത്യേക പ്രാമുഖ്യം നൽകി ഗവേണിംഗ് ബോഡിയുടെ അംഗീകാരവും സർക്കാർ സാധൂകരണവും നേടുന്നതിന് ഡയറക്ടർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. അസിസ്റ്റന്റ് പ്രോജക്ട് കോ ഓഡിനേറ്റർ തസ്തികയിൽ തുടരുന്ന ബിജു എം.എ, സ്മിത. ഡി.ആർ എന്നിവരെ പ്രസ്തുത തസ്തികയിൽ തെരഞ്ഞെടുത്ത നടപടിക്രമങ്ങളും യോഗ്യതയും ഭരണ വകുപ്പ് വിശദമായി പരിശോധിയ്ക്കേണ്ടതും നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരെ പ്രസ്തുത ജോലിയിൽ നിന്നും നീക്കം ചെയ്യേണ്ടതും, മതിയായ യോഗ്യതകളില്ലാതെ പ്രസ്തുത വ്യക്തികൾക്ക് നിയമനം ലഭിയ്ക്കുവാനുണ്ടായ സാഹചര്യം സൃഷ്ടിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

7. ശ്രീ.ശ്രീകുമാർ. എം.എസിന് (ചെയ്ഞ്ച് മാനേജ്മെന്റ് എക്സ്പെർട്ട് - ഇ-പ്രൊക്യുയർമെന്റ്) വിജ്ഞാപന പ്രകാരമുള്ള യോഗ്യതയും പ്രവർത്തി പരിചയവും ഉള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. പ്രസ്തുത വിഷയം ഭരണ വകുപ്പ് വിശദമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

8. രണ്ട് വർഷത്തിൽ അധികമായി തുടരുന്ന കരാർ/ദിവസവേതന ജീവനക്കാരുടെ കാലാവധി ദീർഘിപിക്കുന്നത്

സംബന്ധിച്ച് 28/04/2017-ലെ സ.ഉ(അച്ചടി) നം.56/2017/ധന ഉത്തരവ് പ്രകാരം ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് സഹിതം വ്യക്തമായ ശുപാർശകളോടുകൂടി പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്

9. ഐ.റ്റി മിഷനിലെ വിവിധ പ്രോജക്ടുകളിലെ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കൽ പുതിയ തസ്തികകളിലെ നിയമനം എന്നിവയ്ക്ക് സർക്കാർ സാധൂകരണം നേടുന്നതിനുള്ള നടപടി സമയബന്ധിതമായി ഡയറക്ടർ പൂർത്തിയാക്കേണ്ടതും വിവിധ സമിതികളുടെ മീറ്റിംഗുകൾ ആർട്ടിക്കിൾ & മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ വ്യവസ്ഥപ്രകാരം കൂടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

10. കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലും അനുബന്ധ സ്ഥാപനങ്ങളിലും കരാർ നിയമനങ്ങൾ നടത്തുമ്പോൾ ഉദ്യോഗാർത്ഥിയുമായി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുവാൻ നിയമനാധികാരി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

11. കേരള സ്റ്റേറ്റ് ഐ.റ്റി മിഷനിലും അനുബന്ധ സ്ഥാപനങ്ങളിലും ജീവനക്കാരെ നിയമിക്കപ്പെടുമ്പോൾ ടി ജീവനക്കാരുടെ സേവന വേതന അവധി വിവരങ്ങൾ വ്യക്തിഗത ഫയലുകളാക്കിയോ ഫോൾഡറുകളാക്കിയോ സൂക്ഷിക്കേണ്ടതാണ്. ജീവനക്കാർ വിവിധ അവധികൾ, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ നിയമനാധികാരി ടി ആനുകൂല്യങ്ങളുടെ അർഹത മേൽ പ്രകാരം സൂക്ഷിച്ചിരിക്കുന്ന ഫയൽ/ഫോൾഡറുകളിലെ രേഖകളുമായി ഒത്തുനോക്കി ശുപാർശ ചെയ്യേണ്ടതാണ്/തീരുമാനമെടുക്കേണ്ടതാണ്.

<u>**അനുബന്ധം**</u>

<u>പട്ടിക -1</u>

| ക്രമനമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | മാനേജർ (മാർക്കറ്റിംഗ് & കമ്മ്യൂണിക്കേഷൻ | 1 |
| 2 | മാനേജർ (ഐ.റ്റി) | 1 |
| 3 | അസിസ്റ്റന്റ് മിഷൻ കോ-ഓഡിനേറ്റർ | 4 |
| 4 | ഇന്റേണൽ ആഡിറ്റ് ഓഫീസർ | 1 |
| 5 | അസിസ്റ്റന്റ് പ്രോജക്ട് കോ-ഓഡിനേറ്റർ | 4 |
| 6 | പ്രോജക്ട് അസിസ്റ്റന്റ് (അഡ്മിൻ) | 4 |
| 7 | പ്രോജക്ട് അസിസ്റ്റന്റ് (ഫിനാൻസ്) | 3 |
| 8 | ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്/പി.എ | 1 |
| 9 | പ്രോജക്ട് അസിസ്റ്റന്റ് (ടെക്നിക്കൽ) | 1 |
| 10 | എഞ്ചിനീയർ (നെറ്റ്വർക്ക് ഓപ്പറേഷൻസ്) | 1 |
| 11 | പ്രോക്യൂർമെന്റ് ഡോമെൻ എക്സ്പേർട്ട്- (ഇ-പ്രോക്യൂർമെന്റ്) | 1 |
| 12 | ചെയ്ഞ്ച് മാനേജ്മെന്റ് എക്സ്പേർട്ട്, (ഇ-പ്രോക്യൂർമെന്റ്) | 1 |
| 13 | ടെക്നോളജി എക്സ്പേർട്ട് -എസ്.എൽ.എ മോണിറ്ററിംഗ് | 1 |
| 14 | സോഫ്റ്റ് വെയർ എഞ്ചിനീയർ (SECWAN) | 2 |
| 15 | സ്പാഷ്യൽ ഡേറ്റ ഓഫീസർ | 1 |
| 16 | ടെക്നിക്കൽ ഓഫീസർ (സ്പാഷ്യൽ ഡേറ്റ) | 2 |
| 17 | സോഫ്റ്റ് വെയർ ഡവലപ്പർ | 3 |
| 18 | എഞ്ചിനീയർ ഐ.റ്റി സപ്പോർട്ട് | 2 |
| 19 | പ്രോജക്ട് മാനേജർ (ഇ-ഓഫീസ്) | 1 |
| 20 | ടെക്നോളജി എക്സ്പേർട്ട് (ഇ-ഓഫീസ്) | 1 |
| 21 | പ്രോജക്ട് അസിസ്റ്റന്റ് (UIDAI) | 1 |
| 22 | ഇംപ്ലിമെന്റേഷൻ മാനേജർ (UIDAI) | 1 |
| 23 | JAVA J2 EE ഡവലപ്പർ | 2 |
| 24 | ലിനക്സ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 |
| 25 | ഹെൽപ്പ് ഡെസ്ക് ഓപ്പറേറ്റർ | 2 |

| | | |
|---|---|---|
| 26 | നെറ്റ് വർക്ക് എഞ്ചിനീയർ (SECWAN) | 2 |
| 27 | ഡേറ്റാബേസ് അഡ്മിനിസ്ട്രേറ്റർ e-Office | 1 |
| 28 | പ്രോജക്ട് അസിസ്റ്റന്റ് (ഇ-ഓഫീസ്) | 2 |
| 29 | മിഷൻ കോ-ഓഡിനേറ്റർ | 2 |
| 30 | എഞ്ചിനീയർ (ഇൻസിഡന്റ് & വൾണറബിലിറ്റി ഹാൻഡിലിംഗ്) | 2 |
| 31 | സോഫ്റ്റ് വെയർ ഡവലപ്പർ (UIDAI) | 3 |
| 32 | കാൾ സെന്റർ എക്സിക്യൂട്ടീവ് | 17 |
| 33 | ഡി.പി.എം | 15 |
| 34 | ഡേറ്റ എൻട്രി ഓപ്പറേറ്റർ | 7 |
| 35 | എച്ച്.എസ്.ഇ- ഇ ഓഫീസ് | 29 |
| 36 | എച്ച്.എസ്.ഇ – ഇ -ഡിസ്ട്രിക്റ്റ് | 69 |
| 37 | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയേഴ്സ് | 35 |
| 38 | ഓഫീസ് അറ്റൻഡന്റ് | 3 |
| 39 | ഡ്രൈവർ | 1 |
| 40 | Web GIS Developer(സോഫ്റ്റ്വെയർ പ്രോഗ്രാമർ) | 2 |
| 41 | സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 |
| 42 | ഫിനാൻസ് ഓഫീസർ (IT Mission) | 1 |
| 43 | A.O (IT Mission) | 1 |
| 44 | ഫിനാൻസ് ഓഫീസർ (Akshaya) | 1 |
| 45 | A.O (Akshaya) | 1 |
| 46 | ഡയറക്ടർ | 1 |
| | ആകെ | 239 |

പട്ടിക -2 (പ്രോജക്ട് അസിസ്റ്റന്റ് )

| ക്രമനം | ജീവനക്കാരന്റെ പേര് | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|
| 1 | ബീന. എസ് | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 18.08.2009 മുതൽ തുടരുന്നു. |
| 2 | ഗോപിക. ആർ.കെ | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 01.11.2006 മുതൽ തുടരുന്നു. |
| 3 | ലതകമാരി. എൽ | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 05.06.2007മുതൽ തുടരുന്നു. |
| 4 | ശ്രീജിത്ത്. എ | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 25.10.2011 മുതൽ തുടരുന്നു. |
| 5 | ശ്രീജ. വി.ജെ | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 01.11.2006 മുതൽ തുടരുന്നു. |
| 6 | പ്രീത് സന്ധ്യ ജോസ് | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 12.01.2015മുതൽ തുടരുന്നു. |
| 7 | അശ്വതി. എസ്.ആർ | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 16.02.2015മുതൽ തുടരുന്നു. |
| 8 | സാന്ദ്ര. എസ് | കോൺട്രാക്റ്റ് | 2nd and 3rd and 6th and 21st EC | പോളിടെക്നിക്, ബി.കോം, ബി.ബി.എ, കമ്പ്യൂട്ടർ സയൻസ് | 24,300 | 29.05.2017മുതൽ തുടരുന്നു. |

<u>പട്ടിക -3</u> (ഇ-ഓഫീസ് സപ്പോർട്ട് സ്റ്റാഫ് )

| ക്രമ നം | പേര് | ഇപ്പോൾ ജോലി ചെയ്യുന്നത് | തസ്തിക | ഫിക്സഡ് കൺസോ ളിഡേറ്റഡ്പേ (മാസം) |
|---|---|---|---|---|
| 1 | നികേഷ്. പി | KSITM | ഡേറ്റ ബേസ് അഡ്മിനിസ്റ്റേറ്റർ | 36290 |
| 2 | ആർഫ. എം | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 3 | അപർണ്ണ ശങ്കർ | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 4 | അരുണിമ. എസ്.എസ് | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 5 | ആര്യ. ആർ.യു | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 6 | അശ്വൻ ബാലൻ | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 7 | ആതിര നായർ. ജെ. എസ് | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 8 | ധന്യ പീറ്റർ | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 9 | ലക്ഷ്മി മോഹൻ. എ | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 10 | നീന രമേശ് | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 11 | നിഷ. യു | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 23,992 |
| 12 | റിയ രാജ്. പി.റ്റി | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 13 | സൈമ. എസ് | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 14 | സ്നേഹ വർഗ്ഗീസ് | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 15 | സ്വറ്റമി. എൻ.എസ് | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 16 | വിദ്യ ലത വിദ്യാധരൻ | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 23,992 |
| 17 | വിനീത. വി.എസ് | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 23,992 |
| 18 | അഭിജിത്ത്. എൽ.ആർ | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 19 | സഹേല ഹമീദ് | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 20 | ഗോവിന്ദൻ കുട്ടി. ആർ.വി | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 22,215 |
| 21 | അരുൺ ഗോകുൽ. വി. എസ് | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 22 | സോനു. ജെ.എൽ. | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 23 | ശരണ്യ. കെ.ജി | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 24 | അപർണ്ണ. വി.എസ് | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 25 | നയന ദേവി സോമൻ | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |

| | | | | |
|---|---|---|---|---|
| 26 | രഞ്ജിത്ത്. എൻ | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 24,200 |
| 27 | അനീഷ്. പി | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 24,200 |
| 28 | അശ്വതി പി. നായർ | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 29 | വൈദേഹി. എം. ആർ | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 24,200 |
| 30 | ക്ലിഫിൻ ക്ലീറ്റസ് | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 31 | അഭിജിത്ത്. എച്ച്.എ | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 32 | മറീന കെ | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 33 | അരുൺ സാം | KSITM | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |
| 34 | മഞ്ജു ലക്ഷ്മി | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 24,200 |
| 35 | വരദ | സെക്രട്ടറിയേറ്റ് | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 24,500 |
| 36 | സാം രാജ് | സെക്രട്ടറിയേറ്റ് (സി.എസ്.ഒ) | സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് എഞ്ചിനീയർ | 20,569 |

<u>പട്ടിക – 4</u> (ഹാൻഡ്ഹോൾഡ് സപ്പോർട്ട് എഞ്ചിനീയേഴ്സ്)

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | നിയമന രീതി | നിയമന ഉത്തരവ് നമ്പരും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|---|---|---|
| 1 | പ്രജീഷ്. കെ | എച്ച്.എസ്.ഇ ഇ-ഓഫീസ്, വയനാട് | കോൺട്രാക്റ്റ് | സ.ഉ(എം.എസ്) നം. 22/15/ ഐ.റ്റി.ടി തീയതി 16.07.2015 & 37th EC of KSITM | ബി-ടെക് (ഐ.റ്റി, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് & കമ്യൂണി ക്കേഷൻ), എം.സി.എ | 21,000 | 08.02.2016 till date |
| 2 | റിൻസ് ഡോമനിക് | എച്ച്.എസ് .ഇ, ഇ-ഓഫീസ്, വയനാട് | കോൺട്രാക്റ്റ് | " | " | " | 08.02.2016 till date |
| 3 | ജിഷ. കെ.പി | എച്ച്.എസ്.ഇ ഇ-ഓഫീസ്, കണ്ണൂർ | കോൺട്രാക്റ്റ് | " | " | " | 15.05.2013 till date |
| 4 | റിജിൽ. കെ | എച്ച്.എസ്.ഇ ഇ-ഓഫീസ്, കണ്ണൂർ | കോൺട്രാക്റ്റ് | " | " | " | 01.02.2016 till date |
| 5 | അഖിൽ ബി ചന്ദ്രൻ | എച്ച്.എസ്.ഇ ഇ-ഓഫീസ്, എറണാകുളം | കോൺട്രാക്റ്റ് | " | " | " | 04.03.2016 till date |
| 6 | അരുൺ. എ | എച്ച്.എസ്.ഇ ഇ-ഓഫീസ്, എറണാകുളം | കോൺട്രാക്റ്റ് | " | " | " | 04.07.2016 till date |
| 7 | സനീഷ് കെ മൊയ്തീൻ | എച്ച്.എസ്.ഇ ഇ-ഓഫീസ്, കോട്ടയം | കോൺട്രാക്റ്റ് | " | " | " | 01.03.2017 till date |
| 8 | ആൽഫി ജോസ് | എച്ച്.എസ്.ഇ ഇ-ഓഫീസ്, കോട്ടയം | കോൺട്രാക്റ്റ് | " | " | " | 01.06.2019 till date |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | സ്വരൂപ്. കെ.വി | എച്ച്.എസ്.ഇ ഇ-ഓഫീസ്, മലപ്പുറം | കോൺട്രാക്റ്റ് | " | " | " | 04.03.2016 till date |
| 10 | മുഹമ്മദ് ഷാഫി. സി.പി | എച്ച്.എസ്.ഇ ഇ-ഓഫീസ്, മലപ്പുറം | കോൺട്രാക്റ്റ് | " | " | " | 16.03.2016 till date |
| 11 | സഫീന മോൾ | എച്ച്.എസ്.ഇ ഇ-ഓഫീസ്, പത്തനംതിട്ട | കോൺട്രാക്റ്റ് | " | " | " | 04.03.2016 till date |
| 12 | ലിഷ. പി.എൽ | എച്ച്.എസ്.ഇ ഇ-ഓഫീസ്, പത്തനംതിട്ട | കോൺട്രാക്റ്റ് | " | " | " | 04.03.2016 till date |
| 13 | ധൻവന്ദ്. എം.പി | എച്ച്.എസ്.ഇ ഇ-ഓഫീസ്, കോഴിക്കോട് | കോൺട്രാക്റ്റ് | " | " | " | 07.07.2016 till date |
| 14 | അഖിൽ. എൽ.ബി | എച്ച്.എസ്.ഇ ഇ-ഓഫീസ്, കോഴിക്കോട് | കോൺട്രാക്റ്റ് | " | " | " | 07.07.2016 till date |
| 15 | ആശ ബി ബേബി | എച്ച്.എസ്.ഇ ഇ-ഓഫീസ്, തൃശ്ശൂർ | കോൺട്രാക്റ്റ് | " | " | " | 04.10.2019 till date |
| 16 | എബിൻ ജോസഫ് | എച്ച്.എസ്.ഇ ഇ-ഓഫീസ്, ഇടുക്കി | കോൺട്രാക്റ്റ് | " | " | " | 28.12.2016 till date |
| 17 | നീതു. ബി | എച്ച്.എസ്.ഇ ഇ-ഓഫീസ്, ഇടുക്കി | കോൺട്രാക്റ്റ് | " | " | " | 21.01.2017 till date |
| 18 | വിദ്യശ്രീ. എ.എൻ | എച്ച്.എസ്.ഇ ഇ-ഓഫീസ്, കാസർഗോഡ് | കോൺട്രാക്റ്റ് | " | " | " | 04.01.2017 till date |
| 19 | ശ്രുതി. റ്റി | എച്ച്.എസ്.ഇ ഇ-ഓഫീസ്, കാസർഗോഡ് | കോൺട്രാക്റ്റ് | " | " | " | 23.01.2017 till date |
| 20 | മുഹമ്മദ് ഫാസിൽ. എം.ഐ | എച്ച്.എസ്.ഇ ഇ-ഓഫീസ്, പാലക്കാട് | കോൺട്രാക്റ്റ് | " | " | " | 17.02.2017 till date |
| 21 | ആനന്ദ് നാരായൺ. എൻപി | എച്ച്.എസ്.ഇ ഇ-ഓഫീസ്, പാലക്കാട് | കോൺട്രാക്റ്റ് | " | " | " | 17.02.2017 till date |
| 22 | റഷീദ് മോൻ. എ | എച്ച്.എസ്.ഇ ഇ-ഓഫീസ്, കൊല്ലം | കോൺട്രാക്റ്റ് | " | " | " | 07.07.2017 till date |
| 23 | രഞ്ജിത്ത്. എൻ | എച്ച്.എസ്.ഇ ഇ-ഓഫീസ്, കൊല്ലം | കോൺട്രാക്റ്റ് | " | " | " | 07.07.2017 till date |
| 24 | ചിത്ര. എൽ. എ | എച്ച്.എസ്.ഇ ഇ-ഓഫീസ്, തിരുവനന്തപുരം | കോൺട്രാക്റ്റ് | " | " | " | 30.03.2017 till date |
| 25 | ജസീം. എം | എച്ച്.എസ്.ഇ ഇ-ഓഫീസ്, തിരുവനന്തപുരം | കോൺട്രാക്റ്റ് | " | " | " | 06.07.2017 till date |
| 26 | ജോതിഷ്. പി.എം | എച്ച്.എസ്.ഇ ഇ-ഓഫീസ്, തൃശ്ശൂർ | കോൺട്രാക്റ്റ് | " | " | " | " |
| 27 | ആഗ്ര എസ് മഹൽ | എച്ച്.എസ്.ഇ ഇ-ഓഫീസ്, ആലപ്പുഴ | കോൺട്രാക്റ്റ് | " | " | " | " |
| 28 | ഹസ്ന അഫ്സൽ | എച്ച്.എസ്.ഇ ഇ-ഓഫീസ്, ആലപ്പുഴ | കോൺട്രാക്റ്റ് | " | " | " | " |

പട്ടിക – 5 (അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് )

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | നിമയന രീതി | ജോലി നോക്കിയിരുന്ന കാലയളവ് |
|---|---|---|---|---|
| 1 | Deepa Rani.A | Administrative Officer | on Deputation | 09.06.2020 മുതൽ തുടർന്ന് വരുന്നു. |
| | B.Santhosh Kumar | Finance Officer | on Deputation | 2017 മുതൽ തുടർന്ന് വരുന്നു. |
| 3 | Sreelatha.S | Honorary Consultant | Honorarium based appointment on 40th EC decision of KSITM | From 13.09.2017 onwards - continuing |
| 4 | Biju C Mathew | Content Development Manager | Contract | As per Govt.letter no. 126/A1/2006/IT Dated on 14-11-2007Government have accorded sanction to appoint Sri. Biju C.Matthew as Assistant District Co-ordinator in Kottayam on contract basis.Joined on 1/1/2008. Subsequently retained as Manager Content Development in ASPO from 1st April 2016 and continuing. Content Development Manager as per 16 th GB decision dated 16/02/2016.(Copy of proceedings no 2008/87/13 dated 05/06/2010 is enclosed) |
| 5 | Biju V.S Kumar | Business Development Manager | Contract | In Akshaya 04-01-2017 onwards. GB directed to (15 th) abolish the post of Zonal Coordinators of Akshaya and to recruit two Managers BusinessDevelopment instead of Zonal Coordinators. |
| 6 | Reju Tom Lal | Service Delivery Manager | Contract | As per Govt.letter no. 126/A1/2006/IT Datedon 14-11-2007Government have accorded sanction to appoint Sri. Reju Tom Lal as Assistant District Co ordinator in Kollam on contract basis and joined as ADC on 6th Dec.2007. till 2016 March and subsequently retained as Manager Service Delivery, ASPO from 1 st April 2016 and continuing. Service Delivery Manager as per 16th GB decision dated 16.02.2016. |
| 7 | Anil Kumar. M | Assistant Project Co-ordinator | Contract | As per Letter No. 2009/219/10/590 dtd.03.10.2009 Sri. Anilkumar M posted as Project Assistant(MIS). As per proceedings No.254/2010/AKS/199 dtd.27.05.2015 redesignated as Assistant Project Coordinator with prevailing terms and conditions. |
| 8 | Dhanya. P | Project Assistant | Contract | As per Order No.A/C C STED/KKD/AKS/2011/87 dtd 11-01-2012 appointed as Project Assistant at Akshaya District Office, Idukki on 21.01.2012. As per Proceedings No.1315/2015/AKS/281 dtd.08.08.2016 Smt. Dhanya P was transferred and posted in Akshaya State Project Office as Project Assistant. |
| 9 | Athira. S.S | Project Assistant | Contract | 8 Months |
| 10 | Avinash Rajendran | Project Assistant | Contract | 8 Months |
| 11 | Justin Mary Joseph | Project Assistant | Contract | 8 Months |
| 12 | Sumesh B.S | Office Boy | Daily Wages | 11 Years & 8 Months |

പട്ടിക – 6 (അക്ഷയ സ്റ്റേറ്റ് പ്രോജക്ടിന കീഴിലെ തസ്തികകൾ )

| ക്രമ നം | തസ്തിക | തസ്തികകളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡയറക്ടർ | 1 | സ്റ്റേറ്റ് ലെവൽ കോ- ഓഡിനേറ്റർ തസ്തിക ഡയറക്ടർ അക്ഷയ തസ്തികയായി 22.08.2006-ലെ 7-ാം മത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിലെ തീരുമാന പ്രകാരം പുനർനിർണ്ണയിച്ചു . മിനിറ്റ്സിന്റെ പകർപ്പ് ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു. |
| 2 | ഫിനാൻസ് ഓഫീസർ | 1 | അണ്ടർ സെക്രട്ടറി - ഡെപ്യൂട്ടേഷൻ |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | അണ്ടർ സെക്രട്ടറി - ഡെപ്യൂട്ടേഷൻ |
| 4 | മാനേജർ (നൈറ്റ് വർക്കിംഗ്) | 1 | ഒഴിഞ്ഞു കിടക്കുന്നു |
| 5 | ക്യാമ്പെയ്ൻ മാനേജർ | | ഒഴിഞ്ഞു കിടക്കുന്നു |
| 6 | സോണൽ കോ- ഓർഡിനേറ്റർ | 3 | നിർത്തലാക്കി |
| 7 | ബിസിനസ്സ് ഡവലപ്മെന്റ് മാനേജർ | 1 | സോണൽ കോ- ഓർഡിനേറ്റർ തസ്തിക നിർത്തലാക്കി ബിസിനസ്സ് ഡവലപ്മെന്റ് മാനേജർ തസ്തിക സൃഷ്ടിക്കുവാൻ 21.04.2015- ലെ 15-ാം ഗവേർണിംഗ് ബോഡി തീരുമാനിച്ചു . |
| 8 | സർവ്വീസ് ഡെലിവറി മാനേജർ | 1 | അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് കോ- ഓർഡിനേറ്റർ തസ്തികയിൽ നിന്നും സർവ്വീസ് ഡെലിവറി മാനേജർ തസ്തികയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. (Contract) |
| 9 | കണ്ടന്റ് ഡവലപ്മെന്റ് മാനേജർ | 1 | അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് കോ- ഓർഡിനേറ്റർ തസ്തികയിൽ നിന്നും കണ്ടന്റ് ഡവലപ്മെന്റ് മാനേജർ തസ്തികയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. (Contract) |
| 10 | മാനേജർ/കോ ഓർഡിനേറ്റർ ഇ ഗവേണൻസ് സർവ്വീസ് | 1 | ഒഴിഞ്ഞു കിടക്കുന്നു. |
| 11 | പ്രോജക്റ്റ് അസിസ്റ്റന്റ് | 5 | 4 പ്രോജക്റ്റ് അസിസ്റ്റന്റുകൾ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്നു . 1. തസ്തിക 27.05.2015 – ലെ 254/2010/AKS/199 നമ്പർ നടപടി ക്രമ പ്രകാരം അസിസ്റ്റന്റ് പ്രോജക്റ്റ് കോ -ഓർഡിനേറ്റർ തസ്തികയായി മാറ്റി. |
| 12 | പ്രോജക്റ്റ് കൺസൾട്ടന്റ് | 1 | ഓണറേറിയം |

ANIL KUMAR . S
ADDITIONAL SECRETARY

**ധനകാര്യ (പരിശോധന – എൻ.റ്റി - ബി) വിഭാഗം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K)-യിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്**

I . സംസ്ഥാന ഐ.റ്റി വകുപ്പിനു കീഴിലുള്ള വിവിധ ഏജൻസികൾ/സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ/പ്രോജക്ടുകൾ എന്നിവയിൽ 2011-12 സാമ്പത്തിക വർഷം മുതലുള്ള നിയമനങ്ങൾ ചട്ടപ്രകാരവും സുതാര്യവുമായ രീതിയിലാണോ നടന്നിട്ടുള്ളത് എന്ന് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തണമെന്ന് 30.07.2020ലെ സ.ഉ(സാധാ)നം. 4407/2020/ധന പ്രകാരം ഉത്തരവായിരുന്നു. തുടർ ന്ന് 03.08.2020-ലെ 19/ഐ.ഡബ്ല്യൂ-എ1/2020/ധന നമ്പർ കുറിപ്പിലെ നിർദ്ദേശപ്രകാരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K)-യിൽ പരിശോധന നടത്താൻ ധനകാര്യ (പരിശോധന - എൻ.റ്റി-ബി) വകുപ്പിനെ ചുമതലപ്പെടുത്തുകയും അയതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K)- യുടെ തിരുവനന്തപുരം ടെക്നോപാർക്ക് ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഓഫീസിൽ 2020 ആഗസ്റ്റ് മാസം 4 മുതൽ 2 6 വരെയുള്ള വിവിധ തീയതികളിൽ പരിശോധന നടത്തുകയുമുണ്ടായി. പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**I I . ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് - കേരള (IIITM-K)യുടെ പ്രവർത്തനം സംബന്ധിച്ച്:**

കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തിയ സാധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29.05.1999 ലെ സ.ഉ (കൈ) നം.84/99/ഐ.റ്റി.ഡി പ്രകാരം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാന്റെ ചെയർമാൻഷിപ്പിൽ 'സ്കൂൾ ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്' (SITMA) എന്ന പേരിലാണ് 1956-ലെ ഇൻഡ്യൻ കമ്പനി ആക്ട് സെക്ഷൻ 25 പ്രകാരം ഈ സ്ഥാപനം ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ടത്. ഈ സ്കൂളിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചിരുന്നത് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ്. ചെയർമാനെ കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രൻസിപ്പൽ സെക്രട്ടറി, ധനകാര്യ, ഉന്നത വിദ്യഭ്യാസ വകുപ്പുകളുടെ പ്രിൻപ്പൽ സെക്രട്ടറിമാർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഡയറക്ടർ, ടെക്നോപാർ ക്ക് CEO എന്നിവർ അംഗങ്ങളായിട്ടുള്ളതും വിവര സങ്കേതിക വകുപ്പ് സെക്രട്ടറി കൺവീനർ ആയിട്ടുള്ളതുമായ ഒരു എംപവേർഡ് കമ്മിറ്റി സ്ഥാപനത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്നു. ഈ കമ്മിറ്റിയുടെ 21.01.2000 ലെ മീറ്റിംഗിൽ "സ്കൂൾ ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (SITMA)"

എന്ന പേര് മാറ്റി "ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K)" എന്നാക്കി മാറ്റുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്തു. തുടർന്ന് 5-9-2000 മുതൽ ഈ സ്ഥാപനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K ) എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നു. ഈ സ്ഥാപനത്തിന്റെ Memorandum of Assosiation (MoA), Articles of Assosiation (AoA) എന്നിവ 19-06-2000 ലേ സ.ഉ (എം.എസ്) നം.11/2000/ഐ.റ്റി.ഡി എന്ന ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യാഭാസ രംഗത്ത് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുക, വിവര സാങ്കേതിക രംഗവുമായി ബന്ധപ്പെട്ട വിവധ കോഴ്സുകൾ (ബിരുദ, ബിരുദാനന്തര, ഫെല്ലോഷിപ്പ്) നടത്തുക, വിവര സാങ്കേതിക രംഗത്ത് കേരള സംസ്ഥാനത്തെ അന്താരാഷ്ട്ര നിലവാരമുള്ള നൈപുണ്യ കേന്ദ്രമാക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആണ് IIITM-Kപ്രവർത്തിച്ചു വരുന്നത്. കേന്ദ്ര സർക്കാരിന്റെ മുൻ ഇലക്ട്രോണിക്സ് സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.പി.നമ്പ്യാരുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരായ 8 ഡയറക്ടർമാർ ഉൾപ്പെട്ടതായിരുന്നു ആദ്യത്തെ ഡയറക്ടർ ബോർഡ്. നിശ്ചിത കാലാവധികളിൽ M o A യിലെ വ്യവസ്ഥകൾ പ്രകാരം പുതിയ അംഗങ്ങളെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തുന്നു. നിലവിലുള്ള ഡയറക്ടർ ബോർഡ് അംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡോ. മാധവൻ നമ്പ്യാർ. ഐ.എ.എസ് (റിട്ടയേർഡ്)
2. ശ്രീ. മഹാലിംഗം. എസ്, മുൻ സെക്രട്ടറി, (സിവിൽ ഏവിയേഷൻ)
3. പ്രൊഫസർ എൻ. ബാലകൃഷ്ണൻ,(അസോസിയേറ്റ് ഡയറക്ടർ (റിട്ട) , ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ
4. ശ്രീ. എം. ശിവശങ്കർ ഐ.എ.എസ് (16.07.2020 മുതൽ സസ്പെൻഷനിൽ)(പകരമായി പുതിയ IT സെക്രട്ടറി ശ്രീ. മുഹമ്മദ് വൈ സഫീറുള്ള ഐ.എ.എസ് ചാർജ്ജെടുത്തിട്ടുണ്ട്.)
5. ശ്രീ. അജയകുമാർ. ഐ.എ.എസ്, (സെക്രട്ടറി, പ്രതിരോധ മന്ത്രാലയം)
6. ഡോ.ഉഷാ റ്റൈറ്റസ് ഐ.എ.എസ്, (പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്)
7. ഡോ. രാജശ്രീ. എം.എസ് (വൈസ് ചാൻസിലർ, എ.പി.ജെ.അബ്ദുൾ കലാം സാങ്കോതിക സർവ്വകലാശാല, തിരുവനന്തപുരം)
8. ശ്രീ. ഷിബു. എ (അഡീഷണൽ സെക്രട്ടറി, ധനകാര്യം)
9. ഡോ. ബൈജുബായ്. റ്റി.പി (ഡയറക്ടർ ഇൻ ചാർജ്ജ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം)

10. ഡോ. സജി ഗോപിനാഥ് (നിലവിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ ആയി 06.07.2020 ലെ വിജ്ഞാപനം നം.GS3-1835/2020 പ്രകാരം നിയമിക്കപ്പെടുകയും ശ്രീമതി. എലിസബത്ത് ഷെർളിയെ പൂർണ്ണ അധിക ചുമതലയുള്ള ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്)

നിലവിൽ ശ്രീ. മാധവൻ നമ്പ്യാർ ഐ.എ.എസ് (റിട്ട) ചെയർമാനായും പ്രൊഫസർ ഡോ. എലിസബത്ത് ഷെർളി മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയും വഹിച്ചു വരുന്നു. 18-01-2020 ലെ 1118/Leg I-2/2020/Lawനമ്പർ വിജ്ഞാപന പ്രകാരം IIITM-K എന്ന സ്ഥാപനത്തിനെ കേരളാ യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി എന്ന പേരിൽ ഒരു സർവ്വകലാശാലയാക്കി ഉയർത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മംഗലാപുരത്തുള്ള ടെക്നോസിറ്റിയിൽ ആണ് ഈ സ്ഥാപനത്തിന്റെ ആസ്ഥാനം. പ്രസ്തുത യൂണിവേഴ്സിറിറ്റിയുടെ ആദ്യ വി.സി ആയി IIITM-K-ൽ ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന ഡോ.സജി ഗോപിനാഥിനെ 06-07-2020 ലെ ജി.എസ്.3-1835/2020 നമ്പർ വിജ്ഞാപന പ്രകാരം നിയമിക്കുകയും ടിയാൻ IIITM-K ൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നവേഷൻ ആന്റ് ടെക്നോളജി ആരംഭിച്ചിട്ടുള്ള സ്ഥിതിയ്ക്ക് IIITM-K യെ ഇനിയും നിലനിർത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**<u>III. IIITM-K ലെ നിയമനങ്ങളുമായി ബന്ധപ്പെട്ട പരിശോധന:</u>**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K) - യുടെ ആസ്ഥാന ഓഫീസിലും അതിന് കീഴിലുള്ള വിവിധ പ്രോജക്ടുകളിലുമായി ജോലിനോക്കിവരുന്ന വിവിധ വിഭാഗം ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുകയുണ്ടായി. നിലവിലുള്ള എല്ലാ ജീവനക്കാരുടെയും പേഴ്സണൽ ഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി. ഈ സ്ഥാപനം നിലവിൽ വന്നതുമുതൽ ചുവടെ പറയുന്ന മൂന്ന് നിയമന രീതികളിലൂടെയാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളതായി കാണുന്നത്.

i. റഗുലർ പെർമനെന്റ് രീതിയിലുള്ള നിയമനങ്ങൾ

ii. റഗുലർ കോൺട്രാക്ട് രീതിയിലുള്ള നിയമനങ്ങൾ

iii. പൂർണ്ണമായും കോൺട്രാക്ട് രീതിയിലുള്ള നിയമനങ്ങൾ

**<u>i. റഗുലർ പെർമനെന്റ് രീതിയിലുള്ള നിയമനങ്ങൾ സംബന്ധിച്ച്:</u>**

മാനേജിംഗ് ഡയറക്ടറുടേയും അദ്ധ്യാപക – സങ്കേതിക - ഭരണ വിഭാഗങ്ങളിലെ ഉയർന്ന തസ്തികകളിലെയും നിയമനങ്ങളാണ് റഗലർ പെർമനെന്റ് രീതിയിലുള്ള നിയമനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. നിലവിൽ റഗലർ പെർമനനെന്റ് എന്ന രീതിയിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെയുള്ള പട്ടികയിൽ ചേർക്കുന്നു:

**<u>പട്ടിക - 1</u>**

| ക്രമ നം | പേര് | പ്രവേശന തസ്തിക | നിയമന രീതി | ഉത്തരവ്/നടപടിക്രമം | കാലയളവ് | നിലവിലെ തസ്തിക |
|---|---|---|---|---|---|---|
| 1 | ഡോ സജി ഗോപിനാഥ് | മാനേജിംഗ് ഡയറക്ടർ (അധിക ചുമതല) | സർക്കാർ നിയമനം | 15.05.2017 ലെ സ ഉ (സാധാ) 113/2017/വി സ വ | 17.05.2017 മുതൽ | മാനേജിംഗ് ഡയറക്ടർ (അധിക ചുമതല)കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് അന്നവേഷൻ ആന്റ് ടെക്നോളജിയിലെ വി.സി ആയി നിയമിതനായതിനി നെത്തുടർന്ന് 16.09.2020 തീയതിയിൽ IIITMK-യിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട് |
| 2 | ഡോ എലിസബത്ത് ഷെർളി | അസോസിയേറ്റ് പ്രൊഫസ്സർ | പത്ര പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച്, അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ | 27.03.2003 ലെ IIITMK/DIR/676/03 | 01.04.2003 മുതൽ | പ്രൊഫസ്സർ 16.09.2020 തീയതി മുതൽ മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്നു) |
| 3 | ഡോ റ്റി കെ മനോജ് കുമാർ | അസിസ്റ്റന്റ് പ്രൊഫസ്സർ | " | 24.01.2006 ലെ IITMK/81/1821/06 | 07.10.2005 മുതൽ | പ്രൊഫസ്സർ |
| 4 | ഡോ ആർ ജയശങ്കർ | അസിസ്റ്റന്റ് പ്രൊഫസ്സർ | " | 06.12.2006 ലെ IITMK/3542/62/06 | 07.12.2006 മുതൽ | പ്രൊഫസ്സർ |
| 5 | ഡോ ജോസഫ് പോൾ | അസോസിയേറ്റ് പ്രൊഫസ്സർ | " | 24.03.2011 ലെ IIITMK/2085/476/11 | 01.06.2011 മുതൽ | പ്രൊഫസ്സർ |
| 6 | ഡോ സാബു എം തമ്പി | അസോസിയേറ്റ് പ്രൊഫസ്സർ | " | 24.03.2011 ലെ IIITMK/2086/476/11 | 13.05.2011 മുതൽ | പ്രൊഫസ്സർ |
| 7 | ഡോ ടോണി തോമസ് | അസിസ്റ്റന്റ് പ്രൊഫസ്സർ | " | 24.03.2011 ലെ IIITMK/2089/476/11 | 02.05.2011 മുതൽ | അസോസിയേറ്റ് പ്രൊഫസ്സർ |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഡോ അഷറഫ് എസ് | അസിസ്റ്റന്റ് പ്രൊഫസ്സർ | " | 31.07.2012 ലെ IITMK/4326/550/12 | 29.11.2012 മുതൽ | പ്രൊഫസ്സർ |
| 9 | ശ്രീ രാധാകൃഷ്ണൻ റ്റി | ചീഫ് ടെക്നിക്കൽ ആഫീസർ | " | 24.01.2006ലെ IIITMK/1818/83/06 | 01.02.2006 മുതൽ | അസിസ്റ്റന്റ് പ്രൊഫസ്സർ |
| 10 | ശ്രീ അജിത് കമാർ ആർ | ഇൻഫർമേഷൻ അനലിസ്റ്റ് | " | Offer letter dated 01.10.2001 | 21.01.2002 | അസിസ്റ്റന്റ് പ്രൊഫസ്സർ |
| 11 | ശ്രീ കെ പ്രദീപ് കമാർ | ഡിസൈൻ എഞ്ചിനീയർ (SG) | " | 27.03.2003 ലെ IIITMK/DIR/679/03 | 01.04.2003 | അസിസ്റ്റന്റ് പ്രൊഫസ്സർ |
| 12 | ശ്രീ മുഹമ്മദ് മെറാജുദ്ദീൻ | ഡിസൈൻ എഞ്ചിനീയർ | " | 31.05.2005 ലെ IIITMK/DIR/1069/05 | 01.04.2005 | അസിസ്റ്റന്റ് പ്രൊഫസ്സർ |
| 13 | ശ്രീ ഡേവിഡ് മാത്യൂസ് | ഡിസൈൻ എഞ്ചിനീയർ | " | 27.03.2003 ലെ IIITMK/DIR/03 | 01.04.2003 | ഡിസൈൻ എഞ്ചിനീയർ |
| 14 | ശ്രീ ജയചന്ദ്രൻ എം ബി | ഡിസൈൻ എഞ്ചിനീയർ (SG) | " | 24.01.2006 ലെ IIITMK/18/1820/06 | 01.02.2006 | ചീഫ് ടെക്നിക്കൽ ഓഫീസർ |
| 15 | ശ്രീ മുരളി ആർ | ഓഫീസ് സെക്രട്ടറി | " | Offer letter dated 31.05.2001 | 01.11.2001 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 16 | ശ്രീ വി വിഷ്ണു | ഫിനാൻസ് ഓഫീസർ | " | 20.07.2011 ലെ IIITMK/2540/82/11 | 21.07.2011 | ഫിനാൻസ് ഓഫീസർ |
| 17 | ശ്രീ അനീഷ് | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | " | 22.11.2011 ലെ IIITMK/3106/528/2011 | 14.12.2011 | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ |

ഒരു നിശ്ചിത ശമ്പളസ്കെയിലിൽ നടത്തിയിട്ടുള്ള സ്ഥിര നിയമനങ്ങളാണ് മേൽ സൂചിപ്പിച്ച റഗുലർ പെർമനെന്റ് നിയമനങ്ങൾ. ഈ സ്ഥിര നിയമനങ്ങൾ നടത്തിയത് പത്രമാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് ഉൾന്നുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്.

19.06.2000-ലെ സ.ഉ (കൈ) നം. 11/2000/ഐ.റ്റി ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ (AoA)-യിലെ ചട്ടം 49 (i) ലെ വ്യവസ്ഥകൾ പ്രകാരമാണ് ഇത്തരത്തിലുള്ള സ്ഥിര നിയമനങ്ങൾ നടത്തിയിട്ടുള്ളത്. അതു പ്രകാരം അക്കാദമിക - സാങ്കേതിക - ഭരണപരമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും കാലാകാലങ്ങളിൽ അവയിൽ നിയമനം നടത്തുന്നതിനുമുള്ള അധികാരം ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ നിക്ഷിപ്തമായിരിക്കുന്നു.

എന്നാൽ മുകളിൽ സൂചിപ്പിച്ച പട്ടികയിലെ 5 പേർ തസ്തികമാറ്റം വഴി നിലവിലെ ഉയർന്ന തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ടവരാണ്. ഇന്റേണൽ അസസ്മെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന നിയമനങ്ങൾക്ക് അടുത്തുനടക്കുന്ന ഡയറക്ടർ ബോർഡ് മീറ്റിംഗിൽ ഉൾപ്പെടുത്തി അംഗീകാരം നൽകി സ്ഥിരപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചുപോരുന്നത്. എന്നാൽ ചുവടെ പട്ടിക 2-ൽ പരാമർശിക്കുന്നതും ഇതര തസ്തികകളിൽ ജോലി നോക്കി വന്നിരുന്നതുമായ 5 ഉദ്യോഗസ്ഥരെ അസസ്മെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ഉയർന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി നിയമിച്ചെങ്കിലും ടി ജീവനക്കാർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള നിശ്ചിത യോഗ്യത ഇല്ലാതിരുന്നതിനാൽ, സ്ഥാനക്കയറ്റം ലഭിച്ച തീയതി മുതൽ 2 വർഷത്തിനകം നിശ്ചിത യോഗ്യത കൈവരിക്കണമെന്ന വ്യവസ്ഥ പ്രകാരമാണ് പ്രസ്തുത നിയമനം നൽകിയിട്ടുള്ളത്. എന്നാൽ പരിശോധനയിൽ പ്രസ്തുത അഞ്ച്പേരും നിശ്ചിത യോഗ്യതയായ പി.എച്ച്.ഡി ഇതുവരേയും നേടിയിട്ടില്ല എന്നു ബോധ്യപ്പെട്ടു. ആയതിനാൽ ടി ഉദ്യോഗസ്ഥരെ പ്രൊമോഷൻ ലഭിക്കുന്നതിനു മുൻപുള്ള തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കേണ്ടതും നിശ്ചിത യോഗ്യത ആർജ്ജിക്കുന്ന മുറയ്ക്ക്സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കേണ്ടതുമാണ്. ഇവർക്ക് ഉയർന്ന തസ്തികയിൽ ഇതിനകം നൽകിയിട്ടുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>പട്ടിക - 2</u>**

| ക്രമ നം | പേര് | പ്രവേശന തസ്തിക | നിയമന രീതി | ഉത്തരവ്/നടപടിക്രമം | കാലയളവ് | നിലവിലെ തസ്തിക |
|---|---|---|---|---|---|---|
| 1 | ഡോ അഷറഫ് എസ് | അസിസ്റ്റന്റ് പ്രൊഫസ്സർ | " | 31.07.2012 ലെ IITMK/4326/550/12 | 29.11.2012 മുതൽ | പ്രൊഫസ്സർ |
| 2 | ശ്രീ രാധാകൃഷ്ണൻ റ്റി | ചീഫ് ടെക്നിക്കൽ ആഫീസർ | " | 24.01.2006ലെ IIITMK/1818/83/06 | 01.02.2006 മുതൽ | അസിസ്റ്റന്റ് പ്രൊഫസ്സർ |
| 3 | ശ്രീ അജിത് കുമാർ ആർ | ഇൻഫർമേഷൻ അനലിസ്റ്റ് | " | Offer letter dated 01.10.2001 | 21.01.2002 മുതൽ | അസിസ്റ്റന്റ് പ്രൊഫസ്സർ |
| 4 | ശ്രീ കെ പ്രദീപ് കുമാർ | ഡിസൈൻ എഞ്ചിനീയർ (SG) | " | 27.03.2003 ലെ IIITMK/DIR/679/03 | 01.04.2003 മുതൽ | അസിസ്റ്റന്റ് പ്രൊഫസ്സർ |
| 5 | ശ്രീ മുഹമ്മദ് മെറാജുദ്ദീൻ | ഡിസൈൻ എഞ്ചിനീയർ | " | 31.05.2005 ലെ IIITMK/DIR/1069/05 | 01.04.2005 മുതൽ | അസിസ്റ്റന്റ് പ്രൊഫസ്സർ |

IIITMK-ൽ 19-06-2000-ലെ സ.ഉ (സാധാ) 11/2000/ഐ.റ്റി.ഡി പ്രകാരം അംഗീകരിക്കപ്പെട്ട ആർട്ടിക്കിൾ ഓഫ് അസോസിയേഷനിലെ (A o A) ലെ ചട്ടം 49 (i) പ്രകാരം ബോർഡ് ഓഫ് ഡയറക്ടേഴ്സിന് നിയമനങ്ങൾ നടത്തുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത് ഇപ്രകരമാണ്. " to create academic, technical, managerial, administrative, ministerial and other posts and fill in the vacancies thus arising in accordance with the rules, regulations and procedure established and followed by the Institute from time to time". പ്രസ്തുത A o A അനുശാസിക്കുന്ന പ്രകാരം റഗുലർ നിയമനങ്ങൾ നടത്തുന്നതിന് ഡയറക്ടർ ബോർഡിന് അധികാരം ഉണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട വ്യക്തമായ നിബന്ധനകളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി, ആയതിന് സർക്കാർ അനുമതി വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. പകരം സർക്കാർ അംഗീകാരമില്ലാത്തതും സ്ഥാപനം തയ്യാറാക്കിയിട്ടുള്ളതുമായ ഒരു മാർഗ്ഗ നിർദേശം മാത്രമാണ് 2003 ഏപ്രിൽ മുതൽ ഈ സ്ഥാപനത്തിൽ തുടർന്നുവരുന്നതായി കാണുന്നത്. നിലവിൽ സ്ക്രീനിംഗ് കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച്, തുടർന്ന് സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുപ്പ് നടത്തി പ്രസ്തുത നിയമനങ്ങൾ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയാണ് ചെയ്തുവരുന്നത്. ഇത്തരത്തിൽ 2003 മുതൽ IIITM-K- ൽ നടത്തിയിട്ടുള്ള റഗുലർ സ്ഥിര നിയമനങ്ങൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതും പുതുതായി നിയമനങ്ങൾ നടത്തുന്നതിനുമുൻപ് നിയമന രീതി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ആയതിന് സർക്കാർ തലത്തിൽ അംഗീകാരം വാങ്ങേണ്ടതുമാണ്. അതിനുപരി മേൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് എന്ത് മാനദണ്ഡപ്രകാരമാണ് ശമ്പളസ്കെയിൽ അനുവദിച്ച് നൽകിയതെന്ന് വ്യക്തമല്ല. യു.ജി.സി. ഗ്രാന്റോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാതെ ഈ വിഭാഗത്തിലുള്ള ജീവനക്കാർക്ക് യു.ജി.സി സ്കെയിൽ അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. ഈ വിഭാഗം ജീവനക്കാരുടെ വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഭരണ വകുപ്പ് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ഈ വിഭാഗത്തിലെ നിയമനങ്ങൾ പരിശോധിച്ചതിൽ 30.11.2010 തീയതിയിലെ പത്രപ്പരസ്യത്തെ തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനായി ഡോ. ജോസഫ് പോൾ അപേക്ഷിച്ചിരുന്നു. എന്നാൽ 24.03.2011-ലെ IIITM-K/2025/476/2011 നിയമന ഉത്തരവ് പ്രകാരം ടിയാനെ അസോസിയേറ്റ് പ്രൊഫസറായി നിയമിച്ചു. ഇതിൻമേൽ അന്വേഷണകുറിപ്പിലൂടെ വിശദീകരണം ആരാഞ്ഞപ്പോൾ ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു. "അസിസ്റ്റന്റ് പ്രൊഫസർ തസ്തികയ്ക്കായി ഡോ. ജോസഫ് പോൾ അപേക്ഷ സമർപ്പിക്കുമ്പോൾ അദ്ദേഹത്തിന് അസോസിയേറ്റ് പ്രൊഫസർ തസ്തികയ്ക്കുള്ള എല്ലാ യോഗ്യതകളും ഉള്ളതായി കണ്ടതിനാൽ ഇന്റർവ്യൂ കമ്മിറ്റി അദ്ദേഹത്തെ അസോസിയേറ്റ് പ്രൊഫസറായി നിയമിക്കുന്നതിന് ശുപാർശ ചെയ്തു" . എന്നാൽ സർക്കാർ

അംഗീകാരമില്ലാത്തതും സ്ഥാപനത്തിൽ തുടർന്നുവരുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 7.5.2 -ൽ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത് "A candidate with higher educational qualifications/experience than the minimum prescribed should be considered only for the post for which he/she has applied and not for any other higher post. Similarly a candidate who has applied for a specific post should not be considered for a lower post on the grounds that he possesses only lower qualifications/experience". ഈ നിബന്ധനയുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ലഭ്യമാക്കിയിട്ടുള്ള വിശദീകരണം അംഗീകരിക്കാവുന്നതല്ല.

**ii. റഗുലർ കോൺട്രാക്ട് രീതിയിലുള്ള നിയമനങ്ങൾ സംബന്ധിച്ച്:**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K) യിലും അനുബന്ധ സ്ഥാപനങ്ങളിലുമായി ഏതാണ്ട് അഞ്ച് വർഷക്കാലാവധിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വിഭാഗമാണ് റെഗുലർ കോൺട്രാക്ട് രീതിയിലുള്ള നിയമനങ്ങൾ. ഈ വിഭാഗത്തിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും അവരുടെ നിയമന രീതിയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക -3**

| ക്രമ നം | പേര് | തസ്തിക | നിയമന രീതി | ഉത്തരവ്/നടപടിക്രമം | കാലയളവ് |
|---|---|---|---|---|---|
| 1 | ഡോ അലക്സ് ജയിംസ് | അസോസിയേറ്റ് പ്രൊഫസ്സർ | പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ സെലക്ഷൻ കമ്മിറ്റിയുടെ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ | 19.08.2019 ലെ IIITMK/2154/2019 | 14.10.2019 മുതൽ |
| 2 | ഡോ നാരായണൻ ഡി | അസിസ്റ്റന്റ് ലൈബ്രേറിയൻ | " | 05.07.2018 ലെ IIITMK/0888/2018 | 16.08.2019 മുതൽ |
| 3 | ശ്രീ സുരേഷ് ബാബു പി | രജിസ്ട്രാർ | " | 19.12.2017 ലെ IITMK/0271/2017 | 01.01.2018 മുതൽ |
| 4 | ശ്രീ സനിൽ പി നായർ | അസിസ്റ്റന്റ് പ്രൊഫസ്സർ (പ്രാക്ടീസ്) | " | 24.07.2019 ലെ IITMK/2076/2019 | 15.10.2019 മുതൽ |
| 5 | ഡോ ജോൺ എറിക് സ്റ്റീഫൻ | അസിസ്റ്റന്റ് പ്രൊഫസ്സർ | " | 16.01.2020 ലെ IIITMK/2686/2020 | 21.01.2020 മുതൽ |
| 6 | ഡോ സിന്ധു സൂസൻ തോമസ് | അസിസ്റ്റന്റ് പ്രൊഫസ്സർ | " | 22.07.2019 ലെ IIITMK/2069/2019 | 04.02.2020 മുതൽ |

അഞ്ച് വർഷത്തെ നിശ്ചിത കാലയളവിലേയ്ക്ക് രൂപീകരിക്കപ്പെടുന്ന ഒരു ഇന്റേണൽ അസസ്മെന്റ് കമ്മിറ്റിയാണ് ഈ വിഭാഗം ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്. പത്ര പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് ഇൻന്റേണൽ അസ്സസ്മെന്റ് കമ്മിറ്റി ഇന്റർവ്യൂവിലൂടെ തെരഞ്ഞെടുക്കുന്ന ഈ വിഭാഗത്തിലുള്ള ജീവനക്കാരെ സ്ഥാപനത്തിൽ നിയമിക്കുകയും തടർന്ന് ഡയറക്ടർ ബോർഡ് അംഗീകാരം നല്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സർക്കാർ അനുമതി നേടിയിട്ടില്ലാത്തതും എന്നാൽ സ്ഥാപനത്തിൽ തുടർന്നുവരുന്നതായി അവകാശപ്പെടുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങളിൽ ഈ വിഭാഗത്തിലുള്ള നിയമന രീതിയെ കുറിച്ച് പ്രതിപാദിക്കുന്നില്ല. നേരത്തെ പ്രതിപാദിച്ച റഗുലർ സ്ഥിര രീതിയിലുള്ള തസ്തികകൾ തന്നെയാണ് റഗുലർ കൊൺട്രാക്ട് രീതിയിലുള്ള തസ്തികകളിലും ഉൾപ്പെട്ടിട്ടുള്ളത്. ഒരേ ജോലി സ്വഭാവത്തിലുള്ള തസ്തികൾക്ക് രണ്ട് നിയമന രീതി തുടരേണ്ടതില്ല. ആയതിനാൽ ഈ രണ്ട് വിഭാഗങ്ങൾക്കും പൊതുവായ ഒരു നിയമന രീതി സ്വീകരിക്കാവുന്നതും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാർ തലത്തിൽ അംഗീകാരം വാങ്ങേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച വിഭാഗത്തിലുള്ള ജീവനക്കാരുടെ പേഴ്സണൽ ഫയലുകൾ പരിശോധിച്ചതിൽ 30.11.2010തീയതിയലെ പത്രപരസ്യം പ്രകാരം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുകയും 2 7 പേർ അപേക്ഷക്കുകയും ചെയ്തിരുന്നു. ഇവരിൽ 5 പേരെ അഭിമുഖത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിരുന്നു. അഭിമുഖത്തിൽ പങ്കെടുത്തവരുടെ റാങ്ക് ലിസ്റ്റ് പക്ഷെ തയ്യാറാക്കാതെയാണ് നിയമനം നടത്തിയിരിക്കുന്നത്. ഇത്തരം നിയമനങ്ങൾക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കാറില്ലെന്നും ഇന്റർവ്യൂ കമ്മിറ്റി അപേക്ഷകർ ടി തസ്തികകൾക്ക് അനുയോജ്യരാണോ എന്ന് മാത്രമേ പരിഗണിക്കുകയുള്ളുവെന്നുള്ള വിചിത്രമായ വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ വിശദീകരണം പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കാൻ നിർവ്വാഹമില്ല.

**<u>iii. കോൺട്രാക്ട് നിയമനങ്ങൾ സംബന്ധിച്ച്:</u>**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K) ഏറ്റെടുത്ത് നടപ്പാക്കുന്ന വിവിധ ഹ്രസ്വകാല പ്രോജക്ടുകളിൽ ഒരു വർഷമോ അതിനു താഴേയോ ഉള്ള കാലയളവുകളിൽ നടത്തപ്പെടുന്ന നിയമനങ്ങളാണ് കോൺട്രാക്ട് നിയമനങ്ങൾ. പത്ര പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് ഇത്തരം നിയമനങ്ങൾ നടത്തിവരുന്നത്. പ്ലാൻ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇത്തരം പ്രോജക്ടുകളുടെ കാലാവധി നീട്ടിനൽകുന്നതായും തുടർന്ന് നിയമന കാലാവധി നീട്ടി നല്കുന്നതായും കാണുന്നു. IIITM-K യും അനുബന്ധ വിഭാഗങ്ങളും നടത്തിവരുന്ന വിവിധ പ്രോജക്ടുകളിൽ കരാർ/

താൽക്കാലികാടിസ്ഥാനത്തിൽ നിലവിൽ 116 പേർ ജോലി നോക്കി വരുന്നു. അവരുടെ വിശാദംശങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.

ഈ വിഭാഗത്തിലുള്ള കരാർ നിയമനങ്ങൾ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിനുള്ള സാധ്യത ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

**IV.വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ പേഴ്സണൽ ഫയലുകളുടെ പരിശോധന:**

മുകളിൽ സൂചിപ്പിച്ച 3 വിവിധ വിഭാഗങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും എല്ലാ ജീവനക്കാരുടേയും പേഴ്സണൽ ഫയലുകളും പരിശോധിച്ചു. പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

1). IIITM-Kയിൽ നിന്നും മാനേജർ തസ്തികയിൽ 31.08.2017-ൽ വിരമിച്ച ശ്രീ. പി.സി.ഡേവിസിനെ ടെക്നോസിറ്റിയിൽ പ്രവർത്തനം ആരംഭിക്കുന്ന സർവ്വകലാശാല സമുച്ചയതിന്റെ സ്പെഷ്യൽ ഓഫീസറായി 23.11.2017 തീയതിയിൽ 30,000/-രൂപ ശമ്പളത്തിൽ വ്യക്തമായ തീരുമാനങ്ങളോ മറ്റ് നടപടി ക്രമങ്ങളോ ഇല്ലാതെ നിയമിച്ചതായി കാണുന്നു. പരിചയ സമ്പത്ത് എന്ന മാനദണ്ഡം മാത്രമാണിവിടെ പരിഗണിച്ചിട്ടുള്ളതെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. ഈ നിയമനം റദ്ദ് ചെയ്യേണ്ടതും സുതാര്യമായ നടപടിക്രമങ്ങളിലൂടെ സ്പെഷ്യൽ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടതുമാണ്.

2). 26.09.2019-ലെ IIITM-K/0037/19 നമ്പർ പരസ്യ പ്രകാരം റിസർച്ച് ആന്റ് ഡെവലപ്മെന്റ് എഞ്ചിനീയറുടെ കരാർ തസ്തികയിലേയ്ക്ക് 5 പേർ അപേക്ഷിച്ചിരുന്നു. ഇതിൽ 4 പേർ ഇന്റർവ്യൂവിനായി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടു. 15.11.2019-ൽ നടന്ന അഭിമുഖത്തിൽ 3 പേർ പങ്കെടുത്തു. എന്നാൽ പ്രസ്തുത അഭിമുഖത്തിൽ പങ്കെടുക്കാത്ത ശ്രീ ആനന്ദ്. കെ എന്ന വ്യക്തിയെ സെലക്ട് ലിസ്റ്റിൽ രണ്ടാം പേരുകാരനായി ഉൾപ്പെടുത്തി. ഇതു സംബന്ധിച്ച വിശദീകരണം അന്വേഷണക്കുറിപ്പിലൂടെ ആവശ്യപ്പെട്ടപ്പോൾ ശ്രീ. ആനന്ദ്. കെ റിസർച്ച് സയന്റിസ്റ്റ് എന്ന ഉയർന്ന തസ്തികയ്ക്ക് അപേക്ഷിച്ചിരുന്നതായും അതു പ്രകാരം ടിയാനെ അഭിമുഖത്തിന് ക്ഷണിച്ചപ്പോൾ റിസർച്ച് ആന്റ് ഡവലപ്മെന്റ് എഞ്ചിനീയർ എന്ന തസ്തികയ്ക്കാണ് കൂടുതൽ അനുയോജ്യൻ എന്ന് കണ്ടത്തിയതിനെത്തുടർന്ന് ആ പോസ്റ്റിൽ നിയമിക്കപ്പെടാൻ സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്യുവെന്നുമാണ് രേഖാമൂലം ലഭിച്ച മറുപടി. സർക്കാർ അംഗീകാരമില്ലാത്തതും എന്നാൽ സ്ഥാപനത്തിൽ തുടർന്നുവരുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 7.5.2 -ൽ ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത് "A candidate with higher educational qualifications/experience than the minimum

prescribed should be considered only for the post for which he/she has applied and not for any other higher post. Similarly a candidate who has applied for a specific post should not be considered for a lower post on the grounds that he possesses only lower qualifications/experience". ഈ സ്ഥിതിയ്ക്ക് ലഭ്യമാക്കിയിട്ടുള്ള വിശദീകരണം അംഗീകരിക്കാൻ കഴിയുന്നതല്ല. ഏതായാലും ഈ നിയമനത്തിന് ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റെയും സാധൂകരണം വാങ്ങേണ്ടതാണ്.

3). KBA (കേരള ബ്ലോക്ക് ചെയ്ൻ അക്കാദമി) - യിൽ റിസർച്ച് സയന്റിസ്റ്റ്/അസോസിയേറ്റ് എന്ന തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ച ശ്രീ. പ്രവീൺ. എസ്-നെ റിസർച്ച് ആന്റ് ഡവലപ്മെന്റ് എഞ്ചിനീയർ ആയി അഭിമുഖമോ മറ്റ് നടപടികളോ പാലിക്കാതെ നിയമിച്ചു. പ്രസ്തുത തസ്തികയിലേയ്ക്ക് കൂടുതൽ അനുയോജ്യനായി കണ്ടതുകൊണ്ടാണ് അങ്ങനെ നിയമിച്ചത് എന്ന വിശദീകരണം അംഗീകരിക്കാനാവില്ല. ഈ നിയമനത്തിനും ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റെയും സാധൂകരണം നേടേണ്ടതാണ്.

4 ) . ഡയറക്ടർ (ഓപ്പറേഷൻസ്) എന്ന തസ്തിതയിലേയ്ക്ക് കരാർ നിയമനം നടത്തിയിട്ടുള്ളതിനും പത്രപരസ്യം നൽകുകയോ അപേക്ഷ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. ശ്രീ റോഹൻ കലാനി എന്ന വ്യക്തിയെ നേരിട്ട് നിയമിച്ചതായി കാണുന്നു. 31.12.2015 ലെ നടപടിക്രമം നം. IIITM-K/8697/2015 പ്രകാരം നിയമനം നല്കുകയും തുടർന്ന് 25.05.2017-ൽ രണ്ട് മാസത്തേയ്ക്ക് കൂടി നിയമന കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. 25.07.2017 -ലെ IIITMK/9889/3631/17 നടപടി ഉത്തരവ് പ്രകാരം ടിയാനെ തന്നെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ തസ്തികയിൽ ഉയർന്ന ശമ്പളം നൽകി നിയമിച്ചു. ശ്രീ. റോഹൻകലാനിയുടെ നിയമനം ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമെഷൻ ടെക്നോളജി അംഗീകരിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണെന്നും ആയതിനാൽ ടി നിയമനത്തിനായ പത്രപരസ്യം നൽകിയില്ലായെന്നുമാണ് വിശദീകരണം ലഭ്യമാക്കിയത്. പ്രസ്തുത നിയനത്തിന് ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെയും/സർക്കാരിന്റെയും സാധൂകരണം വാങ്ങേണ്ടതാണ്.

<u>**V.നിയമനങ്ങൾ സംബന്ധിച്ച പൊതുവായ വിലയിരുത്തൽ:**</u>

IIITM-K- ലും അനുബന്ധ സ്ഥാപനങ്ങളിലും തസ്തികകൾ സൃഷ്ടിക്കുന്നതിലും നിയമനങ്ങൾ നടത്തുന്നതിലും ചട്ടങ്ങൾ പാലിക്കുന്നതായോ സുതാര്യത ഉറപ്പവരുത്തുന്നതായോ കാണുന്നില്ല. സർക്കാർ അംഗീകാരമുള്ള നടപടിക്രമങ്ങളിലൂടെ അല്ലാതെ തസ്തികകൾ സൃഷ്ടിച്ച് ഉയർന്ന ശമ്പളത്തിൽ നിയമനം നടത്തിയ ശേഷം ഡയറക്ടർ ബോർഡിന്റെ അംഗീകാരം ലഭ്യമാക്കുന്ന രീതിയാണ് ഈ സ്ഥാപനത്തിൽ നിലവിലുള്ളത്.

IIITMK-ൽ 19-06-2020-ലെ സ.ഉ (സാധാ) 11/2000/ഐ.റ്റി.ഡി പ്രകാരം അംഗീകരിക്കപ്പെട്ട AoA-ലെ ചട്ടം 49 (i) പ്രകാരം ഡയറക്ടർ ബോർഡിനുള്ള അധികാരം ചുവടെ പറയും പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്.

*" to create academic, technical, managerial, administrative, ministerial and other posts and fill in the vacancies thus arising in <u>accordance with the rules, regulations and procedure established and followed by the Institute from time to time".</u>*

A o A അനുശാസിക്കുന്ന പ്രകാരമാണ് റഗുലർ നിയമനങ്ങൾ നടത്തുന്നത് എന്നാണ് ഡയറക്ടർ ബോർഡ് അവകാശപ്പെടുന്നത്. പരിശോധനയിൽ നിയമനങ്ങൾക്കായി നിലവിൽ സ്വീകരിച്ച് വരുന്ന ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള നിബന്ധനങ്ങളും ചട്ടങ്ങളും നിയമങ്ങളും സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് സർക്കാർ അനുമതി വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. മേൽ സാഹചര്യങ്ങളിൽ ഈ സ്ഥാപനത്തിൽ നടത്തിയിട്ടുള്ള റഗുലർ/റഗുലർ കോൺട്രാക്ട് നിയമനങ്ങൾ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതാണെന്ന് വ്യക്തമാണ്. ആയതിനാൽ നിലവിൽ നടത്തിയിട്ടുള്ള സ്ഥിര നിയമനങ്ങൾക്കും കരാർ നിയമനങ്ങൾക്കും സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതും പുതുതായി നിയമനങ്ങൾ നടത്തുന്നതിന് മുൻപ് നിയമനങ്ങൾക്കുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ആയതിന് സർക്കാർ അനുമതി വാങ്ങേണ്ടതുമാണ്. കരാർ നിയമനങ്ങൾ ഹ്രസ്വകാല പ്രോജക്ടുകൾക്കായി മാത്രം പരിമിതപ്പെടുത്തേണ്ടതും ആയത് സർക്കാരിന്റെ വ്യവസ്ഥാപിതമായ സംവിധാനങ്ങളിലൂടെ സുതാര്യമായ രീതിയിൽ നടപ്പിലാക്കുന്നുവെന്ന് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

<u>**VI. ഡിജിററൽ സയൻസ് യൂണിവേഴ്സിററിയുടെ രൂപീകരണം:**</u>

18.01.2020-ലെ 1118/leg.12/2020/Law നമ്പർ ഉത്തരവ് പ്രകാരം കേരളാ യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആന്റ് ടെക്നോളജി രൂപീകൃതമായിട്ടുണ്ട്. 06.07.2020 - ലെ ജി.എസ്.3-1835/2020 നമ്പർ വിജ്ഞാപന പ്രകാരം IIITM-K യിലെ ഡയറക്ടർ ആയിരുന്ന ഡോ.സജി ഗോപിനാഥിനെ പുതിയ സർവ്വകലാശാലയുടെ വൈസ് ചാൻസിലറായി നിയമിച്ചിട്ടുണ്ട്. IIITM-K-യെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്തി ടെക്നോസിറ്റിയിൽ സമുച്ചയം അനുവദിക്കുന്നതിനുള്ള അനുമതി ലഭിച്ചതിനാൽ ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന IIITM-K എന്ന സ്ഥാപനത്തെ പൂർണ്ണമായി യൂണിവേഴ്സിറ്റി സമുച്ചയത്തിലേയ്ക്ക് അടിയന്തിരമായി മാറ്റി സ്ഥാപിക്കേണ്ടതും പുതിയ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിതമായ സ്ഥിതിയ്ക്ക് IIIT-MK- എന്ന സ്ഥാപനം തുടർന്നും നില നിർത്തേണ്ടതുണ്ടോ എന്ന കാര്യത്തിൽ ഭരണ വകുപ്പ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

**VII.സർക്കാർ ധനസഹായം സംബന്ധിച്ച്:**

IIITM-K യ്ക്ക് 2014-2015 മുതൽ 2020 – 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ടെക്നോസിറ്റിയിൽ പൂർണ്ണ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റി സമുച്ചയം നിർമ്മിക്കുന്നതിനും, ലൈബ്രറി സേവനങ്ങൾക്കും, മറ്റ് വിവിധ റിസർച്ച് പ്രോജക്ടുകളുടെ തുടർ പ്രവർത്തനങ്ങൾക്കുമായി 4859-02-190-93 (P) (V), 3451-00-101-86 (P) (V) എന്നീ ശീർഷകങ്ങളിൽ തുക വകയിരുത്തിയിരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി സമുച്ചയം നിർമ്മിക്കുന്നതിനായി 4859-02-190-93 (P) (V) എന്ന ശീർഷകത്തിൽ 2014-2015 മുതൽ 2020-2021 വരെയുള്ള കാലയളവുകളിൽ വകയിരുത്തിയിരുന്ന തുകകളായ 2.2. കോടി, 14.9 കോടി, 16.5 കോടി, 46.5 കോടി, 1.98 കോടി, 10 കോടി, 10 കോടി എന്നീ തുകകളിൽ നിന്നും ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷങ്ങളിൽ 2.2 കോടി, 14.9 കോടി, 16.5 കോടി, 46.5 കോടി, 1.98 കോടി, 6.375 കോടി, 5 കോടി രൂപ എന്നീ തുകകൾ അനുവദിച്ച് നൽകിയിരുന്നു. മേൽ അനുവദിച്ച തുകയ്ക്ക് പുറമെ ലൈബ്രറി സേവനങ്ങൾക്കും, മറ്റ് വിവിധ റിസർച്ച് പ്രോജക്ടുകളുടെ തുടർ പ്രവർത്തനങ്ങൾക്കുമായി 3451-00-101-86 (P) (V) എന്ന ശീർ ഷകത്തിൽ 2014-2015 മുതൽ 2020-2021 വരെയുള്ള കാലയളവുകളിൽ വകയിരുത്തിയിരുന്ന തുകകളായ 1 കോടി, 3.5 കോടി, 4 കോടി, 5.5 കോടി, 5.5 കോടി, 5.5 കോടി, 0.7 കോടി എന്നീ തുകകളിൽ നിന്നും ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷങ്ങളിൽ 1 കോടി, 3.5 കോടി, 4 കോടി, 2 കോടി, 4.99 കോടി, 1.37 കോടി, 3.48 കോടി രൂപയും യഥാക്രമം അനുവദിച്ച് നൽകിയിരുന്നു. മേൽ സൂചിപ്പിച്ച തുകകൾക്ക് പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡിജിറ്റൽ യൂണിവേഴ്സിറ്റിക്കായി 2020-2021 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ ധനസഹായമായി 5 0 കോടി രൂപ കൂടി 4859-02-190-90(D)(V)എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. IIITM-K യ്ക്ക് 20104-2015 മുതൽ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽനിന്നും അനുവദിച്ച് നൽകുകയും ചെയ്ത തുകകളുടേയും അതിൽ നിന്നും ചിലവാക്കുകയും ചെയ്തിട്ടുള്ള തുകകളുടേയും വിശദാംശങ്ങൾ ചുവടെ പട്ടിക- 4 ആയി ചേർത്തിരിക്കുന്നു.

**പട്ടിക – 4**

| ക്രമ നം. | സാമ്പത്തിക വർഷം | ബജറ്റ് വിഹിതം (കോടിയിൽ) | ഉദ്ദേശം | ശീർഷകം | ലഭിച്ച തുക (കോടിയിൽ) | ചെലവ് (കോടിയിൽ) |
|---|---|---|---|---|---|---|
| 1 | | 2.20 | ടെക്നോസിറ്റിയിലെ ക്യാമ്പസ് നിർമ്മാണം | 4859-02-190-93 (P) | 220.00 | 220.00 |

| | | | | | | |
|---|---|---|---|---|---|---|
| 2 | | 1 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 100.00 | 100.00 |
| 3 | 2014-15 | 14.90 | ടെക്നോസിറ്റിയിലെ ക്യാമ്പസ് നിർമ്മാണം | 4859-02-190-93 (P) | 1,490.00 | 1,490.00 |
| 4 | 2015-16 | 3.50 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 350.00 | 350.00 |
| 5 | | 16.50 | ടെക്നോസിറ്റിയിലെ ക്യാമ്പസ് നിർമ്മാണം | 4859-02-190-93 (P) | 1,650.00 | 1,650.00 |
| 6 | 2016-17 | 4 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 400.00 | 400.00 |
| 7 | | 46.50 | ടെക്നോസിറ്റിയിലെ ക്യാമ്പസ് നിർമ്മാണം | 4859-02-190-93 (P) | 4,650.00 | 4,451.66 |
| 8 | 2017-18 | 5.50 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 200.00 | 200.00 |
| 9 | | 10 | ടെക്നോസിറ്റിയിലെ ക്യാമ്പസ് നിർമ്മാണം | 4859-02-190-93 (P) | 198.33 | 198.33 |
| 10 | 2018-19 | 5.50 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 499.53 | 499.53 |
| 11 | | 10 | ടെക്നോസിറ്റിയിലെ ക്യാമ്പസ് നിർമ്മാണം | 4859-02-190-93 (P) | 637.50 | 637.50 |
| 12 | 2019-20 | 5.50 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 137.50 | 137.50 |
| 13 | | 10 | ടെക്നോസിറ്റിയിലെ ക്യാമ്പസ് നിർമ്മാണം | 4859-02-190-93 (P) | 500.00 | 500.00 |
| 14 | | 3.4886 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 348.86 | 301.29 |
| 15 | 2020-21 | 0.70 | ലൈബ്രറി, ഇൻഫർമേഷൻ സർവ്വീസ് & റിസർച്ച് പ്രോജക്ട്സ് | 3451-00-101-86 (P) | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 16 | | 0.5 | ഡിജിറ്റൽ സർവകലാശാലയുടെ നിർമ്മാണം | 4859-02-190-90 (P) | 0 | 0 |

**VIII.ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച്:**

IIITMK-യിൽ നിലനിർത്തിപ്പോരുന്ന വിവിധ ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച രേഖകൾ പരിശോധിക്കുകയുണ്ടായി. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(i) ട്രഷറി അക്കൗണ്ടുകൾ**

പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ചുവടെ കാണിച്ചിട്ടുള്ള രണ്ട് ട്രഷറി അക്കൗണ്ടുകളാണ് ഈ ഓഫീസിൽ നിലവിലുള്ളത്.

| ക്രമ നം | ട്രഷറിയുടെ പേര് | അക്കൗണ്ട് നം | 26.09.2020-ലെ ബാലൻസ് | അക്കൗണ്ടിന്റെ ഉദ്ദേശം |
|---|---|---|---|---|
| 1 | ജില്ലാ ട്രഷറി, തിരുവനന്തപുരം | PSTSB 799012700000168 | 0 | സർക്കാരിൽ നിന്നുള്ള ഗ്രാന്റ് നിക്ഷേപിക്കുന്നതിന് |
| 2 | ജില്ലാ ട്രഷറി, തിരുവനന്തപുരം | SDTSB 799012900001301 | 7084613.00 | മാറ്റി വയ്ക്കപ്പെട്ട ശമ്പള ഇനത്തിലുള്ള തുക നിക്ഷേപിക്കുന്നതിന് |

മുകളിൽ ക്രമ നമ്പർ - 1 ആയി കാണിച്ചിട്ടുള്ള സർക്കാർ ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള അക്കൗണ്ടിൽ ബാലൻസ് ഇല്ലായെന്നും എന്നാൽ ഈ ഇനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ തുകയും ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ചിട്ടുള്ളതായും കണ്ടെത്തി.

**(ii) ബാങ്ക് അക്കൗണ്ടുകൾ**

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച ട്രഷറി അക്കൗണ്ടുകൾക്ക് പുറമേ 1 8 ബാങ്ക് അക്കൗണ്ടുകളും ഈ സ്ഥാപനത്തിൽ നിലനിർത്തി പോരുന്നതായി കണ്ടെത്തി. അവയുടെ വിശദാംശങ്ങൾ ചുവടെയുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം | 26.09.2020-ലെ ബാലൻസ് | അക്കൗണ്ടിന്റെ ഉദ്ദേശം |
|---|---|---|---|---|
| 1 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101011523 | 1673003.78രൂപ | BIRAC ഇമ്മ്യൂണോ ചെയിൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി |
| 2 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101011481 | 18975495.88രൂപ | NIDHI-PRAYAS എന്ന കേന്ദ്രാവിഷ്കൃത പദ്ധതി |
| 3 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101012154 | 930674.00രൂപ | SPARSH എന്ന കേന്ദ്രാവിഷ്കൃത പദ്ധതി |
| 4 | ആക്സിസ് ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 919010084681704 | 2242245.06രൂപ | KBA പദ്ധതിയുടെ കോഴ്സ് ഫീ നിക്ഷേപിക്കുന്നതിന് |
| 5 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101011128 | 15882.00രൂപ | ESDM – മേക്കർ വില്ലേജ് പദ്ധതി (ഇംപ്രസ്റ്റ് അക്കൗണ്ട്) |
| 6 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101003488 | 3642729.20രൂപ | IIITM-K-യുടെ കോഴ്സ് ഫീ ഓപ്പറേഷണൽ അക്കൗണ്ട് |
| 7 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101012092 | 2506704.00രൂപ | TIDE -2 എന്ന കേന്ദ്രാവിഷ്കൃത പദ്ധതി |
| 8 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101011539 | 183444.00രൂപ | Inspire scolership അക്കൗണ്ട് |
| 9 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101011974 | 310705.00രൂപ | NIDHI-PRAYAS ഫീ കളക്ഷൻ |
| 10 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101010175 | 316445.53രൂപ | ESDM എന്ന കേന്ദ്രാവിഷ്കൃത പദ്ധതി |
| 11 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101011968 | 390348.00രൂപ | റിസർച്ച് ഫെലോഷിപ്പ് അക്കൗണ്ട് |
| 12 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762201000303 | 693201.15രൂപ | ഓപ്പറേഷണൽ അക്കൗണ്ട് |
| 13 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101012672 | 362390.00രൂപ | SERB എന്ന കേന്ദ്രാവിഷ്കൃത പദ്ധതി |
| 14 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തേജസ്വിനി, ബ്രാഞ്ച് | 67347987460 | 86635.30രൂപ | ഇ-ടെണ്ടറിംഗിനുള്ള അക്കൗണ്ട് |
| 15 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ,ടെക്നോപാർക്ക് ബ്രാഞ്ച് | 10043095749 | 1493643.37രൂപ | ഓപ്പറേഷണൽ അക്കൗണ്ട് |
| 16 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762105000001 | 12752132.35രൂപ | ടെക്നോസിറ്റി ക്യാമ്പസ് നിർമ്മാണം |
| 17 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762214000004 | 14227065.31രൂപ | K B A അക്കാഡമിക്ക് വേണ്ടിയുള്ള ഫണ്ട് |
| 18 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 2762101010841 | 10870388.22രൂപ | ESMD ഫണ്ട് സ്റ്റേറ്റ് ഫണ്ട് |

മേൽ പട്ടികയിലെ ക്രമ നം. 1 മുതൽ 15 വരെയുള്ള ബാങ്ക് അക്കൗണ്ടുകൾ വിവിധ കേന്ദ്രാവിഷ്കൃത

പദ്ധതികളുമായി ബന്ധപ്പെട്ടുള്ളതാണെന്നും പ്രസ്തുത തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിന് അനുവദനീയമാണെന്നും രേഖകളുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ക്രമ നമ്പർ 1 2 ക്രമ നം. 15 എന്നിവ പ്രകാരമുള്ള അക്കൗണ്ടുകൾ ഒരേ കാര്യത്തിനായി ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടുകളാണ്. ഒരേ പദ്ധതി നിർവ്വഹണത്തിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് ഒഴിവാക്കേണ്ടതും ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം പരമാവധി പരിമിതപ്പെടുത്തേണ്ടതുമാണ്.

മേൽ പട്ടികയിലെ ക്രമനം. 16,17, 18 എന്നീ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളത് ഗ്രാന്റ് ഉൾപ്പെടെ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടാണ്. അവ അടിയന്തിരമായി നിലവിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. തുക അനുവദിച്ച ആവശ്യത്തിനായി വിനിയോഗിച്ചശേഷവും ബാക്കി തുക സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

<u>**(iii) സ്ഥിര നിക്ഷേപങ്ങൾ**</u>

മുകളിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾക്ക് പുറമേ 4 ഹ്രസ്വകാല സ്ഥിര നിക്ഷേപങ്ങളും നിലവിലുള്ളതായി പരിശോധനയിൽ കണ്ടെത്തി. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്കിന്റെ പേര് | 26.09.2020-ലെ ബാലൻസ് | ഫണ്ടിന്റെ സ്രോതസ് |
|---|---|---|---|
| 1 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 34334049.00 രൂപ | കോൺട്രാക്ടർമാരിൽ നിന്നും സ്വീകരിച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് (പ്രവൃത്തി പൂർത്തയാക്കി കഴിഞ്ഞാൽ മടക്കി നൽകാനുള്ളത്) |
| 2 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 7605944.00രൂപ | കോൺട്രാക്ടർമാരിൽ നിന്നും തടഞ്ഞുവച്ചിട്ടുള്ള ലിക്വഡേറ്റഡ് ഡാമേജ് തുക ( നിലവിലുള്ള കേസിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കാനുള്ളത്) |
| 3 | കാനറ ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് & സിൻഡിക്കേറ്റ് ബാങ്ക് കഴക്കൂട്ടം ബ്രാഞ്ച് | 58633189.29രൂപ | IIITM-K യുടെ സ്വന്തമായ സാമ്പത്തിക സ്രോതസ് |
| 4 | ആക്സിസ് ബാങ്ക്, കഴക്കൂട്ടം ബ്രാഞ്ച് | 5237367.00രൂപ | കേരള ബ്ലോക്ക് ചെയ്ൻ പദ്ധതിയിൽ നിന്ന് കോഴ്സ് ഫീയായി ലഭിച്ച സ്വന്തം വരുമാനം |

പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിക്കുന്ന ഫണ്ടിന്റെ ഒരു ഭാഗവും സ്ഥിര

നിക്ഷേപങ്ങളായി മാറ്റുന്നില്ല എന്ന് അധികൃതർ ഉറപ്പ് വരുത്തേണ്ടതുമാണ്.

**IX.നിർദ്ദേശങ്ങൾ**

1. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K) യിലെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന് തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനുമുള്ള അധികാരം നൽകുന്ന 19.06.2000 ലെ സ.ഉ.(സാധാ) 11/2000/ഐ.റ്റി.ഡി നമ്പർ അടിയന്തിരമായി പുന:പരിശോധിക്കേണ്ടതും തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

2. IIITM-K യെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്തി ടെക്നോസിറ്റിയിൽ കെട്ടിട സമുച്ചയം അനുവദിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന IIITM-K എന്ന സ്ഥാപനത്തെ പൂർണ്ണമായി യൂണിവേഴ്സിറ്റി സമുച്ചയത്തിലേയ്ക്ക് മാറ്റുന്ന വിഷയത്തിൽ ഭരണവകുപ്പ് അടിയന്തിരമായി തീരുമാനം കൈക്കൊള്ളേണ്ടതാണ്.
3. ഡിജിററൽ യൂണിവേഴ്സിററി യാദാർത്ഥ്യമായ സാഹചര്യത്തിൽ IIITM-K എന്ന സ്ഥാപനം തുടർന്നും നിലനിർത്തേണ്ടതുണ്ടോ എന്ന കാര്യത്തിൽ ഭരണവകുപ്പ് അടിയന്തിരമായി തീരുമാനമെടുക്കേണ്ടതാണ്.

4. നിലവിൽ IIITM-K-ൽ സർക്കാർ അനുമതിയില്ലാതെ നടത്തിയിട്ടുള്ള റഗുലർ പെർമനന്റ് രീതിയിലുള്ള നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതുമാണ്.

5. റഗുലർ പെർമനെന്റ്, റഗുലർ കോൺട്രാക്ട് എന്നീ രീതിയിലുള്ള നിയമനങ്ങൾ, ഒരേ സ്വാഭാവത്തിലുള്ള തസ്തികകളിലേയ്ക്കായതിനാൽ ഈ വിഭാഗങ്ങൾക്ക് പൊതുവായ ഒരു നിയമന രീതി സ്വീകരിക്കാവുന്നതും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാർ തലത്തിൽ അംഗീകാരം വാങ്ങേണ്ടതുമാണ്.

6. IIITM-Kയിൽ നിന്നും മാനേജർ തസ്തികയിൽ 31.08.2017-ൽ വിരമിച്ച ശ്രീ. പി.സി.ഡേവിസിനെ ടെക്നോസിറ്റിയിൽ പ്രവർത്തനം ആരംഭിക്കുന്ന സർവ്വകലാശാല സമുച്ചയതിന്റെ സ്പെഷ്യൽ ഓഫീസറായി 23.11.2017 തീയതിയിൽ 30,000/-രൂപ ശമ്പളത്തിൽ വ്യകതമായ തീരുമാനങ്ങളോ മറ്റ് നടപടി ക്രമങ്ങളോ ഇല്ലാതെ നിയമിച്ച നടപടി റദ്ദ് ചെയ്യേണ്ടതും സുതാര്യമായ നടപടിക്രമങ്ങളിലൂടെ സ്പെഷ്യൽ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടതുമാണ്.

7. ആനന്ദ് കെ. (റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് എഞ്ചിനീയർ), ശ്രീ. പ്രവീൺ. എസ് (റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് എഞ്ചിനീയർ), ശ്രീ. റോഹൻ കലാനി ( ഡയറക്ടർ ഓപ്പറേഷൻസ്) എന്നിവരുടെ നിയമനങ്ങൾക്ക് ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റെയും സാധൂകരണം നേടേണ്ടതാണ്.

8. ഭാവിയിൽ കോൺട്രാക്ട് നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് വഴി മാത്രമേ നടത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. നിശ്ചിത യോഗ്യത ആർജ്ജിക്കാതെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഉദ്യോഗസ്ഥരെ അവരുടെ മുൻ തസ്തികയിലേയ്ക്ക് തിരിച്ച് നിയമിക്കേണ്ടതും നിശ്ചിത യോഗ്യത ആർജ്ജിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കേണ്ടതുമാണ്. ഇവർക്ക് ഉയർന്ന തസ്തികയിൽ ഇതിനകം നൽകിയിട്ടുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

10. യു.ജി.സി.ഗ്രാന്റോ മറ്റ് ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിക്കാത്ത സ്ഥാപനത്തിലെ ജീവനക്കാർക്ക് യു.ജി.സി ശമ്പള സ്കെയിൽ അനുവദിച്ച് നൽകിയിട്ടുള്ളത് സർക്കാർ തലത്തിൽ അംഗീകരിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല.ഇക്കാര്യം പുനപ്പരിശോധിച്ച് ഇത് സംബന്ധിച്ച് ഭരണ വകുപ്പ് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

11. ഗ്രാന്റ് ഉൾപ്പെടെ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടുകൾ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതും അവ അടിയന്തിരമായി നിലവിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതുമാണ്.

12. 2020-21 സാമ്പത്തിക വർഷം അവസാനിക്കുന്ന മുറക്ക് സർക്കാർ അനുവദിച്ച പ്ലാൻ ഫണ്ടിൻെറ ചിലവഴിക്കാത്ത ഭാഗം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

13. ഒരേ കാര്യത്തിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകലൾ നിലനിർത്തുന്നത് കർശനമായി ഒഴിവാക്കേണ്ടതും ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം പരമാവധി പരിമിതപ്പെടുത്തേണ്ടതുമാണ്.

**അനുബന്ധം - 1**

**<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K)- യിൽ നിലവിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ വിവരം</u>**

| ക്രമ നം | പേര് | തസ്തിക | നിയമന രീതി | നിയമന ഉത്തരവും തീയതിയും | യോഗ്യത | മാസ വേതനം | ജോലി നോക്കിയിരുന്ന കാലയളവ് | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| 1 | അർഷാദ്. എസ് | റിസർച്ച് സയിന്റിസ്റ്റ്/അസോസിയേറ്റ് | കോൺടാക്റ്റ് | 1453/1251/19 തീയതി 22.01.2019 | എം.ടെക്, പി.എച്ച്.ഡി തുടരുന്നു | 73500 | 25.01..2019 മുതൽ | |
| 2 | ആദിത്യ. എസ് | ഡേറ്റാ സയിന്റിസ്റ്റ് | കോൺടാക്റ്റ് | 2416/1305/19 തീയതി 13.11.2019 | എം.എസ്.സി. സി.എസ് | 45000 | 14.11.2019 മുതൽ | |
| 3 | ഐശ്വര്യ ലക്ഷ്മി. കെ.ജി | ഡേറ്റാ സയിന്റിസ്റ്റ് | കോൺടാക്റ്റ് | 2414/1305/19 തീയതി 13.11.2019 | എം.എസ്.സി. കമ്പ്യൂട്ടേഷണൽ സയൻസ് | 55000 | 14.11.2019 മുതൽ | |
| 4 | ആരുല്യ ജവഹർ ചൗദരി | റിസർച്ച് & ഡവലപ്മെന്റ് എഞ്ചിനീയർ | കോൺടാക്റ്റ് | 2754/1341/20 തീയതി 13.02.2020 | ബി.ടെക് | 33000 | 08.06.2020 മുതൽ | |
| 5 | അമീനുൽ ഹസീബ്. യു.കെ | സോഫ്റ്റ് വെയർ ഡവലപ്പർ | കോൺടാക്റ്റ് | 2413/1304/19 തീയതി 13.11.2019 | ബി.ടെക്, സി.എസ് | 43000 | 22.11.2019 മുതൽ | |
| 6 | ആനന്ദ്. കെ | റിസർച്ച് & ഡവലപ്മെന്റ് എഞ്ചിനീയർ | കോൺടാക്റ്റ് | 24408 1308/19 തീയതി 20.11.2019 | ബി.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയർ | 35000 | 16.12.2019 മുതൽ | |
| 7 | ആനന്ദൻ. ആർ | റിസർച്ച് എഞ്ചിനീയർ | കോൺടാക്റ്റ് | 0851.1200/18 തീയതി 03.07.2018 | എം.എസ്.സി, കമ്പ്യൂട്ടർ സയൻസ് | 36750 | 04.07.2018 മുതൽ | |
| 8 | അനീഷ് കുമാർ | സീനിയർ ജിയോ സയന്റിസ്റ്റ് | കോൺടാക്റ്റ് | 2710/1330/20 തീയതി 24.01.2020 | എം.എസ്.സി, ജിയോ ഇൻഫോമാറ്റിക്സ് | 35000 | 03.02.2020 മുതൽ | |
| 9 | അംഗീല മാത്യൂ | ഡേറ്റാ സയിന്റിസ്റ്റ് | കോൺടാക്റ്റ് | 2417/1305/19 തീയതി 13.11.2019 | എം.ടെക് സി.എസ് | 35000 | 18.11.2019 മുതൽ | |
| 10 | അഞ്ചു. എ.പി | ടെക്നിക്കൽ കണ്ടന്റ് റൈറ്റർ | കോൺടാക്റ്റ് | 2641/1326/20 തീയതി 02.01.2020 | എം.എ | 35000 | 10.02.2020 മുതൽ | |
| 11 | അഞ്ചു. എസ് | സീനിയർ ജിയോ സയന്റിസ്റ്റ് | കോൺടാക്റ്റ് | 2709/1330/20 തീയതി 24.01.2020 | ബി.ടെക്, എം.എസ്.സി | 35000 | 03.02.2020മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | അനൂപ്. എൽ.ആർ | അസ്റ്റന്റ് മാനേജർ (ബിസിനസ് ഡവലപ്മെന്റ്) | കോൺട്രാക്റ്റ് | 2644/1327/20 തീയതി 02.01.2020 | എം.ബി.എ | 40000 | 03.02.2020 മുതൽ | |
| 13 | അനൂപ് രാജ്. ആർ.വി | സോഫ്റ്റ് വെയർ എഞ്ചിനീയർ ( പ്ലാൻ സ്പെസ്) പ്രോജക്ട്) | കോൺട്രാക്റ്റ് | 9117/1022/16 തീയതി 05.10.2016 | ബി.എസ്.സി, എം.സി.എ | 40530 | 07.10.2016 മുതൽ | |
| 14 | അനൂപ്. വി. എസ് | സീനിയർ സയിന്റിസ്റ്റ്/ ട്രെയിനിംഗ് ഹെഡ് | കോൺട്രാക്റ്റ് | 0335/1151/2018 തീയതി 12.01.2018 | എം.സി.എ, എം.ഫിൽ, പി.എച്ച്.ഡി തുടരുന്നു | 94500 | 05.07.2018 മുതൽ | |
| 15 | അനുപമ. എസ് | റിസപ്ഷനിസ്റ്റ് കം അഡ്മിൻ അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 0028/1118/17 തീയതി 20.09.2020 | എം.ബി.എ | 22050 | 22.09.2017 മുതൽ | |
| 16 | അരുൺ. ആർ.എസ് | റിസർച്ച് ഫെലോ | കോൺട്രാക്റ്റ് | 2962/1348/20 തീയതി 27.05.2020 | ബി.ടെക് ( EEE) | 20000 | 08.06.2020 മുതൽ | |
| 17 | അരുൺ. ജി | സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | കോൺട്രാക്റ്റ് | 1017/1221/18 തീയതി 20.08.2018 | എം.സി.എ | 42000 | 21.08.2018 മുതൽ | |
| 18 | അശ്വനി. എ. ആർ | മെഷീൻ ലേണിംഗ് എഞ്ചിനീയർ (ഇന്റേൺ) | കോൺട്രാക്റ്റ് | 3068/20 തീയതി 01.07.2020 | എം.ടെക് | 10000 | 17.07.2020 മുതൽ | |
| 19 | അതുൽ രമേശ്. കെ | റിസർച്ച് എഞ്ചിനിയർ | കോൺട്രാക്റ്റ് | 0857/1200/18 തീയതി 03.07.2018 | എം.എസ്.സി കമ്പ്യൂട്ടർ സയൻസ് | 31500 | 12.07.20185 മുതൽ | |
| 20 | ഭാരത് എസ്. നായർ | സോഫ്റ്റ് വെയർ എഞ്ചിനീയർ ട്രയിനി | കോൺട്രാക്റ്റ് | 1839/1267/19 തീയതി 24.05.2019 | ബി.ടെക് | 18000 | 24.05.2019 മുതൽ | |
| 21 | ബിജീഷ്. എസ് | ലൈബ്രറി അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 9662/1060/17തീയതി 28.04.2017 | എം.എൽ.ഐ.എസ്.സി | 19850 | 11.05.2017 മുതൽ | |
| 22 | ദീപിക. വി | പ്രോജക്ട് അസോസിയേറ്റ് | കോൺട്രാക്റ്റ് | 8614/898/15 തീയതി 29.12.2015 | എം.സി.എ, പിജിഡിസിഎ | 20000 | 06.01.2016 മുതൽ | |
| 23 | ദീപു ഷാജി | റിസർച്ച് & ഡവലപ്മെന്റ് എഞ്ചിനിയർ | കോൺട്രാക്റ്റ് | 1450/1252/19തീയതി 22.01.2019 | ബി.ടെക്(ഇലക്ട്രിക് & അലക്ട്രോണിക്സ് എഞ്ചിനിയർ) | 42000 | 25.02.2019 മുതൽ | |
| 24 | ദേവിക ബി കുമാർ | പ്രോജക്ട് ഇന്റേൺ | കോൺട്രാക്റ്റ് | 2423/1305/19തീയതി 13.11.2019 | എം.എസ്.സി, സി .എസ് | 20000 | 21.11.2019 മുതൽ | |
| 25 | ദിവ്യാ സജു | പ്രോജക്ട് ഇന്റേൺ | കോൺട്രാക്റ്റ് | 2419/1305/19തീയതി 13.11.2019 | എം.എസ്.സി, സി .എസ് | 20000 | 18.11.2019 മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 26 | ഡോ. അജിത നായർ | എക്സിക്യൂട്ടീവ് (അക്കാഡമിക് & അഡ്മിനിസ്ട്രേഷൻ) | കോൺട്രാക്റ്റ് | 8974/1002/16തീയതി 07.28.2016 | എം.എസ്.സി , എം.എഡ്, പി.എച്ച്.ഡി | 46300 | 03.08.2016 മുതൽ | |
| 27 | ഡോ. ഷെറിൻ. ഡി.ആർ | റിസർച്ച് അസോസിയേറ്റ് | കോൺട്രാക്റ്റ് | 0312/1150/2018 തീയതി 04.01.2018 | പി.എച്ച്.ഡി, പി.ഡി.എഫ് | 38640 | 05.01.2018 മുതൽ | |
| 28 | ഫെബി. എ. കെ | റിസർച്ച് അസോസിയേറ്റ് | കോൺട്രാക്റ്റ് | 1025/1225/18തീയതി 21.08.2018 | എം.ടെക്, എം.ഫിൽ തുടരുന്നു | 21000 | 30.08.2018 മുതൽ | |
| 29 | ഫ്രാങ്കിളിൻ ജോൺ | റിസർച്ച് സയിന്റിസ്റ്റ്/അസോസിയേറ്റ് | കോൺട്രാക്റ്റ് | 2446/1309/19തീയതി 20.11.2019 | എം.എസ്.സി, എം.ഫിൽ | 60000 | 21.11.2019 മുതൽ | |
| 30 | ഗായത്രി ആർ. നായർ | റിസർച്ച് അസോസിയേറ്റ് ഇൻ ബയോ മെട്രിക് | കോൺട്രാക്റ്റ് | 0226/1137/17തീയതി 22.11.2017 | എം.ടെക് (സിഗ്നൽ പ്രോസസിംഗ് | 22050 | 01.12.2017 മുതൽ | |
| 31 | ഗായത്രി മേനോൻ. ബി | സീനിയർ റിസർച്ച് ഫെലോ | കോൺട്രാക്റ്റ് | 1129/1240/2018 തീയതി 04.10.2018 | ബി.ടെക്, എം.എസ്.സി ഐ.റ്റി, എം.ഫിൽ | 31500 | 10.10.2018 മുതൽ | |
| 32 | ഗീതിക. ജെ. എസ് | പ്രോജക്ട് അസോസിയേറ്റ് | കോൺട്രാക്റ്റ് | 8988/1001/15 തീയതി 03.08.2016 | ബി.ടെക്, പി.ജി.ഡി.ഇ.ജി | 20000 | 11.08.2016 മുതൽ | |
| 33 | ഇന്ദുകല. ജി. ഐ | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | കോൺട്രാക്റ്റ് | 0503/420/09തീയതി 25.05.2009 | എം.കോം | 20000 | 01.06.2009 മുതൽ | |
| 34 | ജെറിൻ മജീദ് | സോഫ്റ്റ് വെയർ എഞ്ചിനിയർ ട്രയിനി | കോൺട്രാക്റ്റ് | 1839/1267/19തീയതി 24.05.2019 | എം.സി.എ | 18000 | 24.05.2019 മുതൽ | |
| 35 | ജെസ്സി സ്കറിയ | ഡീപ്പ് ലേണിംഗ് (ഇന്റേൺ) | കോൺട്രാക്റ്റ് | 3068/20 തീയതി 01.07.2020 | എം.ടെക് | 10000 | 17.07.2020 മുതൽ | |
| 36 | ജിജിഷ് തോമസ് | ജൂനിയർ പ്രോജക്ട് അസോസിയേറ്റ് | കോൺട്രാക്റ്റ് | 1837/1267/19തീയതി 24.05.2019 | ബി.ടെക് | 24000 | 24.05.2019 മുതൽ | |
| 37 | ജിമ്സി ജോൺസൺ | ജൂനിയർ റിസർച്ച് ഫെലോ | കോൺട്രാക്റ്റ് | 1128/1239/2018 തീയതി 04.10.2018 | എം.ഫിൽ സി.എസ് | 26250 | 08.10.2018 മുതൽ | |
| 38 | ജിനു ജോർജ്ജ് | പ്രോജക്ട് അസോസിയേറ്റ് | കോൺട്രാക്റ്റ് | 8448/898/15തീയതി 29.10.2015 | എം.സി.എ, പി.ജി.ഡി.സി.എ | 20000 | 09.11.2015 മുതൽ | |
| 39 | ജിതീഷ്. വി. എസ് | സീനിയർ ലിംഗ്വിസ്റ്റ് | കോൺട്രാക്റ്റ് | 9903/1103/17തീയതി 01.08.2017 | എം.എ (ഹിന്ദി) പി.ജി.ഡി.എൽ.റ്റി, പി.ജി ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ | 27620 | 02.08.2017 മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 40 | ജോതി. ജി.ജൊ | പ്രോജക്ട് അസോസിയേറ്റ് | കോൺട്രാക്റ്റ് | 1500/1254/19തീയതി 04.02.2019 | എം.എസ്.സി (സോഫ്റ്റ് വെയർ എഞ്ചിനിയർ) | 21000 | 25.02.2019 മുതൽ | |
| 41 | കാർത്തിക. പി.ജെ | റിസർച്ച് എഞ്ചിനിയർ | കോൺട്രാക്റ്റ് | 0855/1200/18തീയതി 03.07.2018 | എം.എസ്.സി കമ്പ്യൂട്ടർ സയൻസ് | 31500 | 11.07.2018 മുതൽ | |
| 42 | കിരൺ കിഷ്ണ. എച്ച്.ഡി | അസിസ്റ്റന്റ് മാനേജർ (മാർക്കറ്റിംഗ്) | കോൺട്രാക്റ്റ് | 1040/1227/18തീയതി 30.08.2018 | ബി.ടെക് (EEE) | 38500 | 03.09.2018 മുതൽ | |
| 43 | കിരൺ സാബു | സെക്രട്ടറി | കോൺട്രാക്റ്റ് | 0102/1126/17 തീയതി 16.10.2017 | ബി.ടെക് ഐ.റ്റി | 26460 | 17.10.2017 മുതൽ | |
| 44 | കൃഷ്ണശ്രീ. കെ | സിനിയർ സോഫ്റ്റ് വെയർ (ടീം ലീഡ്) | കോൺട്രാക്റ്റ് | 0982/1213/18 തീയതി 07.08.2018 | എം.സി.എ | 66360 | 1010.2018 മുതൽ | |
| 45 | ലക്ഷ്മി. ആർ ദേവി | റിസർച്ച് & ഡവലപ്മെന്റ് എഞ്ചിനിയർ | കോൺട്രാക്റ്റ് | 2757/1341/20തീയതി 13.02.2020 | ബി.ടെക് | 30000 | 17.02.2020 മുതൽ | |
| 46 | ലാൽ പ്രകാശ്. പി.എൽ | സീനിയർ സോഫ്റ്റ് വെയർ എഞ്ചിനിയർ | കോൺട്രാക്റ്റ് | 3003/1354/20തീയതി 16.06.2020 | ബി.ടെത് | 42000 | 18.06.2020 മുതൽ | |
| 47 | ലക്ഷ്മി. എം. ബി | റിസർച്ച് എഞ്ചിനിയർ | കോൺട്രാക്റ്റ് | 0852/1200/18തീയതി 03.07.2018 | ബി.ടെക് | 31500 | 11.07.2018 മുതൽ | |
| 48 | ലതിക. വി | പ്രോജക്ട് അസോസിയേറ്റ് | കോൺട്രാക്റ്റ് | 8613/898/15 തീയതി 29.12.2015 | ബി.കോം, പി.ജി.ഡി.സി.എ | 20000 | 04.01.2016 മുതൽ | |
| 49 | ലിജി. എൽ | സോഫ്റ്റ്വെയർ എഞ്ചിനിയർ ട്രയിനി | കോൺട്രാക്റ്റ് | 1841/1267/19 തീയതി 24.05.2019 | ബി.ടെക് | 18000 | 24.05.2019 മുതൽ | |
| 50 | ലിജിമോൾ ഡൊമിനിക് | സീനിയർ റിസർച്ച് ഫെലോ | കോൺട്രാക്റ്റ് | 1006/1211/18 തീയതി 13.08.2018 | എം.എസ്.സി സ്റ്റാറ്റിറ്റിക്സ് | 26250 | 27.08.2018 മുതൽ | |
| 51 | മഹേഷ്. കെ.കെ | പ്രോജക്ട് അസോസിയേറ്റ് | കോൺട്രാക്റ്റ് | 8452/898/15തീയതി 29.10.2015 | ബിരുദം പി.ജി.ഡി.സി.എ | 20000 | 09.11.2015 മുതൽ | |
| 52 | ഡോ. മാല്യ. ജി | പോസ്റ്റ് ഡോക്ടറൽ ഫെലോ | കോൺട്രാക്റ്റ് | 1130/1241/18 തീയതി 04.10.2018 | എം.സി.എ, പി.എച്ച്.ഡി | 52500 | മുതൽ | |
| 53 | മേഘാ മോഹൻ | മൾട്ടി ടാസ്കിംഗ് സ്റ്റാഫ് | കോൺട്രാക്റ്റ് | 1196/121318/ തീയതി 22.10.2018 | എം.കോം | 15000 | മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 54 | മെൽവിൻ സണ്ണി | റിസർച്ച് & ഡവലപ്മെന്റ് എഞ്ചിനീയർ | കോൺട്രാക്റ്റ് | 2756/1341/20തീയതി 13.02.2020 | സി.എസ്.സി | 3000 | മുതൽ | |
| 55 | മിമ മാന്യവൽ | അക്കാഡമിക് അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 2819/1342/20തീയതി 26.02.2020 | എം.ടെക് | 25000 | മുതൽ | |
| 56 | മൃദുൻ നന്ദൻ | അക്കൗൺസ് അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 1007/1217/18 തീയതി 13.08.2018 | സി.എ ഇന്റർ | 24150 | മുതൽ | |
| 57 | മുഹമ്മദ് സിയാദ്. എസ് | അഡ്മിൻ അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 1197/1230/18 തീയതി 22.10.2018 | എം.ബി.എ എച്ച്.എ & മാർക്കറ്റിംഗ് | 27560 | മുതൽ | |
| 58 | മോനിഷാ മോഹൻ | പ്രോജക്ട് അസോസിയോറ്റ് | കോൺട്രാക്റ്റ് | 8451/898/15 തീയതി 29.10.2015 | എം.സി.എ , പി.ജി.ഡി.സി.എ | 20000 | | |
| 59 | മുഹ്സിൻ. വി.എസ് | റിസർച്ച് & ഡവലപ്മെന്റ് എഞ്ചിനീയർ | കോൺട്രാക്റ്റ് | 2441/1308/19തീയതി 20.11.2019 | ബി.ടെക് | 30000 | | |
| 60 | നിജാസ് കബീർ | സോഷ്യൽ മീഡിയ കണ്ടന്റ് ഡിസൈനർ | കോൺട്രാക്റ്റ് | 1150/1242/18 തീയതി 11.10.2018 | ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് | 25200 | | |
| 61 | നിഖിൽ. പി | ജൂനിയർ റിസർച്ച് ഫെലോ (scared Grova project) | കോൺട്രാക്റ്റ് | 1888/1271/19 തീയതി 10.06.2019 | എം.ടെക് (ജിയോ ഇൻഫോമാറ്റിക്സ്) | 25000+16% എച്ച്.ആർ.എ | | |
| 62 | നിഖിൽ വി ചന്ദ്രൻ | ഫോലോ | കോൺട്രാക്റ്റ് | 1467/1253/19 തീയതി 29.01.2019 | എം.ടെക്, പി.എച്ച്.ഡി തുടരുന്നു | 15750 | 01.02.2019 മുതൽ | |
| 63 | നിതിൻ. പി അജയൻ | ടെക്നിക്കൽ ഓഫീസർ | കോൺട്രാക്റ്റ് | 1038/1226/18 തീയതി 30.08.2018 | എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ് | 33400 | 03.09.2018 മുതൽ | |
| 64 | നിവേദിത.എ.കെ | പ്രോജക്ട് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8452/898/15 തീയതി 29.10.2015 | ബികോം. | 2000 | 09.11.2015 മുതൽ | |
| 65 | നിയാസ്.എം. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ്- അഡ്മിഷൻ | കോൺട്രാക്റ്റ് | 1618/1255/19 തീയതി 25.03.2019 | എം.ബി.എ | 29400 | 29.03.2019 മുതൽ | |
| 66 | പി.സി ഡേവിസ് | സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർ, ടെക്നോസിറ്റി | കോൺട്രാക്റ്റ് | 0233/2017 തീയതി 23.11.2017 | കമ്പനി സെക്രട്ടറി | 33100 | 01.12.2017 മുതൽ | |
| 67 | പ്രസാദ് ബാലകൃഷ്ണൻ നായർ | സിഇഒ-മേക്കർ വില്ലേജ് | കോൺട്രാക്റ്റ് | 9720/2017 തീയതി 11.05.2017 | ബിടെക്, എക്സിക്യൂട്ടീവ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ മാനേജ്മെന്റ് | 115820 | 15.06.2017 മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 68 | പ്രശാന്ത് ശശിധരൻ | പ്രോഗ്രാം അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 0209/1131/17 തീയതി 13.11.2017 | എംബിഎ-ഫിനാൻസ്, എച്ച്.ആർ | 22050 | 17.11.2017 മുതൽ | |
| 69 | പ്രസീത പ്രഭാകരൻ | പ്രോജക്ട് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8453/898/15 തീയതി 29.10.2015 | എംഎസ് സി, സി എസ് | 20000 | 09.11.2015 മുതൽ | |
| 70 | പ്രത്യുക്ഷ.ഡി | പ്രോജക്ട് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8611/898/15 തീയതി 29.12.2015 | എംഎസ് സി, സി എസ് | 20000 | 05.01.2016 മുതൽ | |
| 71 | പ്രതിഭ.ജി.യു. | പർച്ചെസ്/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 8826/988/16 തീയതി 31.05.2016 | ബി.എസ്.സി, എംബിഎ തുടരുന്നു | 28000 | 02.06.2016 മുതൽ | |
| 72 | പ്രവീൺ.എസ് | റിസേർച്ച് സയന്റിസ്റ്റ്/അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 2445/1309/19 തീയതി 20.11.2019 | ബി.ടെക് | 65000 | 21.11.2019 മുതൽ | |
| 73 | പുലരി.പി.വി | പ്രോജക്ട് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8611/898/15 തീയതി 29.10.2015 | ബി.എസ്.സി, പിജിഡിസിഎ | 20000 | 09.11.2015 മുതൽ | |
| 74 | രാജീവ് കമാർ സി.എൻ | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-കം-പർച്ചേസ് ഓഫീസർ | കോൺട്രാക്റ്റ് | 1865/1226/18 തീയതി .31.05.2019 | എം.ബി.എ. എച്ച്.ആർ | 60000 | 10.06.2019 മുതൽ | |
| 75 | രമേഷ്.പി.ബി | ടെക്നിക്കൽ ഓഫീസർ | കോൺട്രാക്റ്റ് | 1039/1226/18 തീയതി 30.08.2018 | ബി.ടെക് | 33400 | 03.09.2018 മുതൽ | |
| 76 | രൺജീഷ് എം.റ്റി | പ്രോജക്ട് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8611/898/15 തീയതി 29.12.2015 | ഡിഗ്രി, പിജിഡിസിഎ | 20000 | 06.01.2016 മുതൽ | |
| 77 | രവീഷ്.കെ. ആർ | പ്രോജക്ട് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8611/898/15 തീയതി 29.12.2015 | ഡിഗ്രി, പിജിഡിസിഎ | 20000 | 04.01.2016 മുതൽ | |
| 78 | റീമ എലിസബത്ത് മാമൻ | എഞ്ചിനീയർ-ഡീപ് ലേണിംഗ് | കോൺട്രാക്റ്റ് | 3071/20 തീയതി 01/07/2020 | എം.ടെക് | 25000 | 17.07.2020 മുതൽ | |
| 79 | രമ്യ.എസ് | ലൈബ്രറി അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 8610/923/16 തീയതി 16.03.2016 | ബി.എസ്.സി, എം.എൽഐബി, പിജിഡിസിഎ, നെറ്റ് | 20240 | 02.05.2017 മുതൽ | |
| 80 | റിഷാൽ. ഇ. പി | റിസർച്ച് & ഡവലെപ്പ്മെന്റ് എഞ്ചിനീയർ | കോൺട്രാക്റ്റ് | 2441/1308/19 തീയതി 20.11.2019 | ബി.ടെക് | 30000 | 22.11.2019 മുതൽ | |
| 81 | റോഹൻ കലാനി | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ | കോൺട്രാക്റ്റ് | 8698/2015 തീയതി 31.12.2015 | ബി.ടെക്, എംബിഎ | 115800 | 01.12.2015മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 82 | റോണി പി ജോൺ | സീനിയർ പ്രോജക്റ്റ് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 9905/1105/17 തീയതി 01.08.2017 | ബി.ടെക് | 27620 | 02/08/17 മുതൽ | |
| 83 | ദ്രുപക്.എസ് | റിസേർച്ച് അസോസിയേറ്റ് (ആൻഡ്രോയിഡ് മാൽവെയർ അനലൈസിസ്) | കോൺട്രാക്റ്റ് | 0519/1164/18 തീയതി 09/03/2018 | എം.ഫിൽ (സിഎസ്), പിഎച്ച്ഡി ചെയ്യുന്നു | 29820 | 13.03.2018 മുതൽ | |
| 84 | സദാശിവൻ.കെപി | കൺസൾട്ടനറ് (ലൈബ്രറി) | കോൺട്രാക്റ്റ് | 2862/2011 തീയതി 14/09/2011 | എംഎൽഐഎസ് സി | 35200 | 23.09.2011 മുതൽ | |
| 85 | സായി ലക്ഷ്മി. ജെ | പ്രോജക്റ്റ് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8455/898/15 തീയതി 29.10.2015 | എം.കോം | 20000 | 09.11.2015 മുതൽ | |
| 86 | സജീർ.എ.കെ | പ്രോജക്റ്റ് ഫെലോ | കോൺട്രാക്റ്റ് | 1930/1270/2019 തീയതി 24.06.2019 | എം.ടെക് | 12600 | 01.07.2019 മുതൽ | |
| 87 | സക്കീർ.എം.എ | റിസെർച്ച് & ഡെവലെപ്പ്മെന്റ് എഞ്ചിനീയർ | കോൺട്രാക്റ്റ് | 1451/1252/19 തീയതി 22.01.2019 | എം.ടെക് | 42000 | 01.02.2019 മുതൽ | |
| 88 | സന്ദീപ്. ആർ കൃഷ്ണൻ | റിസർച്ച് ഫെലോ | കോൺട്രാക്റ്റ് | 2963/1348/20 തീയതി 27/05/2020 | ബി.ടെക് | 20000 | 08.06.2020 മുതൽ | |
| 89 | സംഗീത.പി | ഫിനാൻസ് എക്സിക്യൂട്ടീവ് | കോൺട്രാക്റ്റ് | 2616/1325/19 തീയതി 31/12/2019 | ബികോം. എംബിഎ | 30000 | 31.12.2019 മുതൽ | |
| 90 | സരത്ത്.എസ്.എം | മാനേജർ(ടെക്നിക്കൽ) | കോൺട്രാക്റ്റ് | 8642/967/16 തീയതി 04.04.2016 | എം.ഇ | 77285 | 08.04.2016 മുതൽ | |
| 91 | സരത്ത് സക്കറിയ | ജിഐഎസ് ഡെവലപ്പർ | കോൺട്രാക്റ്റ് | 3002/1353/20 തീയതി 16/06/2020 | ബി.ടെക്, പിജിഡിഐറ്റി | 60000 | 18.06.2020 മുതൽ | |
| 92 | ഡോ.സരോജ് കമാർ.വി | സയന്റിഫിക് ഓഫീസർ | കോൺട്രാക്റ്റ് | 0677/1175/18 തീയതി 07.05.2018 | എ.എസ്.സി (അഗ്രികൾച്ചർ), നെറ്റ്, പിഎച്ച്ഡി | 47410 | 08/05/2018 മുതൽ | |
| 93 | സാവന്ത്.എംപി | സീനിയർ വീഡിയോ എഡിറ്റർ | കോൺട്രാക്റ്റ് | 0763/1185/18 തീയതി 06.06.2018 | സിവിൽ എഞ്ചിനീയറിംഗ് & മൾട്ടി മീഡിയ ഡിപ്ലോമ | 38590 | 08.06.2018 മുതൽ | |
| 94 | സീതൾ.എം.വി | പ്രോജക്റ്റ് ഇന്റേൺ | കോൺട്രാക്റ്റ് | 2420/1305/19 തീയതി 13.11.2019 | എംഎസ് സി, സി എസ് | 20000 | 18.11.2019 മുതൽ | |
| 95 | സേതു രാമൻ.ഒ | റിസെർച്ച് & ഡെവലെപ്പ്മെന്റ് എഞ്ചിനീയർ | കോൺട്രാക്റ്റ് | 2755/1341/20 തീയതി 13.02.2020 | ബി.എസ്.സി സൈബർ ഫോറെൻസിക് എം.എസ് സി | 30000 | 17.02.2020 മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 96 | ഷഹാന.എ | പ്രോജക്ട് അസ്സോസിയേറ്റ് | കോൺട്രാക്റ്റ് | 8610/898/15 തീയതി 29.12.2015 | ബി.എസ്.സി, പിജിഡിസിഎ | 20000 | 06.01.2016 മുതൽ | |
| 97 | ഷോൺ ജി ജോസഫ് | സീനിയർ സയന്റിസ്റ്റ് | കോൺട്രാക്റ്റ് | 2438/1307/19/ തീയതി 20.11. | ബി.ടെക് | 80000 | 22.11.2019 മുതൽ | |
| 98 | ഷോണ തമ്പി.എ | യുഐ/യുഎക്സ് ഡിസൈനർ | കോൺട്രാക്റ്റ് | 0762/1183/18 തീയതി 06.06.2018 | ഡിപ്ലോമ – ഗ്രാഫിക്സ് & വെബ് ടെക്നോളജി | 23100 | 02.07.2018 മുതൽ | |
| 99 | ശിവകുമാർ.ജി | മൾട്ടി ടാസ്കിംഗ് സ്റ്റാഫ് | കോൺട്രാക്റ്റ് | 8699/2016 തീയതി 21.01.2016 | എസ്എസ്എൽ സി | 23150 | 01.02.2016 മുതൽ | |
| 100 | സൂരജ്.എൻ.പി | പ്രോജക്ട് സയന്റിസ്റ്റ് | കോൺട്രാക്റ്റ് | 0658/1174/18 തീയതി 26.04.2018 | എം.ഫിൽ ഇ ഐ | 38590 | 27.04.2018 മുതൽ | |
| 101 | സൂരജ്.ആർ.എസ് | ലബോറട്ടറി അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 0356/1152/2018 തീയതി 18.01.2018 | ഡിപ്ലോമ- ഇലക്ട്രോണിക്സ് | 19850 | 19.01.2018 മുതൽ | |
| 102 | ശ്രീജ ദേവി, എസ് | മൾട്ടി ടാസ്കിംഗ് സ്റ്റാഫ് | കോൺട്രാക്റ്റ് | 8701/2016 തീയതി 21.01.2016 | ബിഎ | 23150 | 01.02.2016 മുതൽ | |
| 103 | ശ്രീകാന്ത്.എം | റിസേർച്ച് അസോസിയേറ്റ് | കോൺട്രാക്റ്റ് | 2751/1345/20 തീയതി 10.02.2020 | എം.ഇ , പിഎച്ച്ഡി സബ്മിറ്റ് ചെയ്തു | 54520 | 15.02.2016 മുതൽ | |
| 104 | ശ്രീകൃപ | അക്കാഡമിക് അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 8653/926/2016 തീയതി 11.01.2016 | എം.എസ്.സി, എം.ഫിൽ, ബിഎഡ് | 23150 | 13.01.2016 മുതൽ | |
| 105 | ശ്രീദാസ്.ഡി | സീനിയർ സോഫ്റ്റ് വെയർ എഞ്ചിനീയർ | കോൺട്രാക്റ്റ് | 3000/1351/20 തീയതി 15.06.2020 | എം.സി.എ, എം.എസ്.സി, ഐ.റ്റി | 60000 | 17.06.2020 മുതൽ | |
| 106 | ശ്രുതി കൃഷ്ണ .ജി | റിസേർച്ച് അസോസിയേറ്റ് (സൈബർ സെക്യൂരിറ്റി) | കോൺട്രാക്റ്റ് | 0941/1208/18 തീയതി 20.07.2018 | എം.ടെക് (സൈബർ ഫോറൻസിക്) | 21000 | 23.07.2018 മുതൽ | |
| 107 | സുബ്ഹന നാസർ | പ്രോജക്ട് ഇൻട്ടേൺ | കോൺട്രാക്റ്റ് | 2421/1305/19 തീയതി 13.11.2019 | എം.എസ്.സി സിഎസ് | 20000 | 21.11.2019 മുതൽ | |
| 108 | സുചിൻദ്ര കുമാർ.എസ് | സീനിയർ ആൻഡ്രോയിഡ് ഡെവലപ്പർ | കോൺട്രാക്റ്റ് | 1022/1224/18 തീയതി 20.08.2018 | ബി.ഇ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് | 36750 | 30.08.2018 മുതൽ | |
| 109 | സുഹൈന.എൻ.എസ് | പ്രോജക്ട് അസോസിയേറ്റ് (വെബ് ഡെവലപ്പർ) മൾട്ടി മീഡിയ സിസ്റ്റം | കോൺട്രാക്റ്റ് | 9149/1024/16 തീയതി 19.10.2016 | ബി.ടെക്, ഐറ്റി | 22050 | 24.10.2016 മുതൽ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 110 | സുമിൻ.ഇ | റിസർച്ച് എഞ്ചിനീയർ | കോൺട്രാക്റ്റ് | 0854/1200/18 തീയതി 03.07.2018 | എം.എസ്.സി കംമ്പ്യൂട്ടർ സയൻസ് | 31500 | 11.07.2018 മുതൽ | |
| 111 | സുനിൽ പി നായർ | സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് | കോൺട്രാക്റ്റ് | 9113/1021/16 തീയതി 05.10.2016 | ഡിപ്ലോമ, ഡിഗ്രി എം.ബി.എ | 27800 | 05.10.2016 മുതൽ | |
| 112 | സുനിത എസ്.എം | മൾട്ടി ടാസ്കിംഗ് സ്റ്റാഫ് | കോൺട്രാക്റ്റ് | 8700/2016 തീയതി 21/01/2016 | ബി.എ | 23150 | 01.02.2016 മുതൽ | |
| 113 | സുരാഗ്.എം | സീനിയർ സോഫ്റ്റ് വെയർ എഞ്ചിനീയർ | | 9907/1104/17 തീയതി 01.08.2017 | എം.സി.എ | 27620 | 02.08.2017 മുതൽ | |
| 114 | ടീനു എസ് ജോൺ | റിസേർച്ച് അസോസിയേറ്റ് (എം.എൽ ബേസ്ഡ് സൈബർ സെക്യൂരിറ്റി) | കോൺട്രാക്റ്റ് | 0536/1166/18 തീയതി 19.03.2018 | എം.ടെക്, പിഎച്ച്ഡി ചെയ്യുന്നു | 25410 | 20.03.2018 മുതൽ | |
| 115 | ഉല്ലാസ് കമാർ.ജി | സീനിയർ ടെക്നിക്കൽ കൺടെന്റ് ഡെവലപ്പർ | കോൺട്രാക്റ്റ് | 0891/1203/18 തീയതി 09/07/2018 | ഐ.റ്റി.ഐ, ഡിപ്ലോമ (മൾട്ടിമീഡിയ & അനിമേഷൻ) | 27560 | 11.07.2018 മുതൽ | |
| 116 | ഉമാശങ്കർ.ആർ | റിസേർച്ച് അസോസിയേറ്റ് | കോൺട്രാക്റ്റ് | 1418/1250/19 തീയതി 08.01.2019 | എം.ടെക്(സിഎസ്) | 30450 | 11.01.2019 മുതൽ | |

ANIL KUMAR S
ADDITIONAL SECRETARY

## <u>ഇൻഫോപാർക്കിലെ നിയമനങ്ങൾ സംബന്ധിച്ച് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്</u>

കൊച്ചി ഇൻഫോപാർക്കിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ധനകാര്യ പരിശോധനാ വിഭാഗം അഡീഷണൽ സെക്രട്ടറിയുടെ ഫോൺ മുഖേനയുള്ള ഉത്തരവ് പ്രകാരം ആലപ്പുഴ, എറണാകുളം ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡുകൾ സംയുക്തമായി 2020 ആഗസ്റ്റ് 3 മുതൽ ഇൻഫോപാർക്ക് സന്ദർശിച്ച് നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച പരിശോധന നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### <u>I. ആമുഖം</u>

കൊച്ചിയെ മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള വിവര സാങ്കേതിക വിദ്യാകേന്ദ്രമാക്കി ഉയർത്തുക എന്ന സംസ്ഥാന സർക്കാർ ഐ ടി നയത്തിന്റെ ഭാഗമായി ഇൻഫോപാർക്ക് വികസിപ്പിക്കുന്നതിനായി കൊച്ചിയിലെ കാക്കനാട് KINFRAയുടെ കൈവശമുണ്ടായിരുന്ന 8 0 ഏക്കർ ഭൂമി 18.09.2003 ലെ സ.ഉ (കൈ) നം. 109/2003/ ഐ ഡി ഉത്തരവിലൂടെ ഐ.ടി മിഷന് കൈമാറി. പദ്ധതി നിർവ്വഹണത്തിനായി 06.10.2003 ലെ സ ഉ (സാധ)നം. 213/2003/ഐ ഡി പ്രകാരം ഐ ടി മിഷനു കീഴിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും പദ്ധതി നിർവ്വഹണ കമ്മിറ്റിയേയും നിയമിച്ചു.

30.06.2004 ലെ സ. ഉ (കൈ) നം.17/2004/ഐ ടി ഡി പ്രകാരം ഇൻഫോപാർക്ക് കേരള സർക്കാർ ഐ ടി വകുപ്പിന് കീഴിൽ 1955 ലെ തിരുവിതാംകൂർ കൊച്ചി ലിറ്റററി സയന്റിഫിക്ക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം INFOPARKS KERALA എന്ന പേരിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി, ടി ഉത്തരവിൽ ഇൻഫോപാർക്സ് കേരളയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ബൈലോ, റൂൾ സ് & റെഗുലേഷൻസ് എന്നിവയ്ക്കും അംഗീകാരം നൽകി. ഇത് പ്രകാരം 27.10.2004 ൽ ഇൻഫോപാർക്സ് കേരള രജിസ്റ്റർ ചെയ്തു. അന്നത്തെ ഐ.ടി വകുപ്പ് മന്ത്രി, ഐ.ടി വകുപ്പ് സെക്രട്ടറി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ഐ.ടി മിഷൻ ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി, സി.ഇ.ഒ ഇൻഫോപാർക്ക്, എന്നിവർ ചേർ ന്നാണ് M o A യിൽ ഒപ്പുവെച്ചിട്ടുള്ളത്. ബഹു.മുഖ്യമന്ത്രി ചെയർമാനായ ജനറൽ ബോഡിയും, ഇ&ഐ.ടി വകുപ്പ് സെക്രട്ടറി ചെയർമാനായ ബോർഡ് ഓഫ് ഗവർണേഴ്സുമാണ് നിലവിൽ ഇൻഫോപാർക്കിന്റെ ഭരണം നിയന്ത്രിക്കുന്നത്. കേരളത്തിലെ ഐ ടി/ഐ ടി അനുബന്ധ വ്യവസായങ്ങൾക്ക് ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കി സംരംഭകരെ സംസ്ഥാനത്തിനകത്തേക്ക് ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഐടി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ വ്യാവസായിക - സാമ്പത്തിക വികസനത്തിനും തൊഴിലവസരങ്ങളുടെ വർദ്ധനവിനും ആക്കം കൂട്ടുകയും ചെയ്യുക എന്നതാണ് ഇൻഫോപാർക്സ് കേരള ലക്ഷ്യമിടുന്നത്.

റൂൾ സ് & റെഗുലേഷൻ സ് (റൂൾ 3)പ്രകാരം ഇൻഫോപാർക്കിന്റെ ഭരണവും നിയന്ത്രണവും ബോർഡ് ഓഫ് ഗവർണേഴ്സ് എന്ന പ്രവർത്തക സമിതിയുടെ ശിപാർശയോടെ ജനറൽ ബോഡിയാണ് നിർവ്വഹിക്കുന്നത്. അഞ്ച് വർഷമാണ് സമിതി അംഗങ്ങളുടെ കാലാവധി. 12.10.2017 ലെ G.O(Rt) No.245/2017/E&ITD പ്രകാരം മേൽ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുകയുണ്ടായി. നിലവിലെ ജനറൽ

ബോഡി, ബോർഡ് ഓഫ് ഗവർണേഴ്സ് അംഗങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**ജനറൽ ബോഡി അംഗങ്ങൾ**

1. ബഹു.മുഖ്യമന്ത്രി
2. സെക്രട്ടറി, ഇലക്ട്രോണിക്സ്&ഐ.ടി വകുപ്പ്
3. സെക്രട്ടറി, ധനകാര്യവകുപ്പ്
4. മാനേജിംഗ് ഡയറക്ടർ, കെ എസ് ഐ ഡി സി
5. വൈസ് ചെയർമാൻ, സംസ്ഥാന ആസൂത്രണ ബോർഡ്
6. എക്സിക്യൂട്ടീവ് ഡയറക്ടർ, സി - ഡാക്, തിരുവനന്തപുരം
7. ഡെവലപ്മെന്റ് കമ്മീഷണർ, CSEZ
8. ഡയറക്ടർ, IISER
9. സീനിയർ ഡയറക്ടർ,NASSCOM (Industrial Representative)
10. സി ഇ ഒ, ഐ ടി പാർക്സ്

**ബോർഡ് ഓഫ് ഗവേണർസ് അംഗങ്ങൾ.**

1. സെക്രട്ടറി - രജിസ്ട്രാർ ഐ ടി പാർക്സ്
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഐ.റ്റി പാർക്ക്സ്
3. G.Tech, Kochi - Industrial Representative
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - Kerala State Startup Mission
5. ഡയറക്ടർ - കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ
6. ഡവലപ്പ്മെന്റ് കമ്മീഷണർ - CSEZ
7. എക്സ്റ്റേണൽ ടെക്നിക്കൽ അഡ്വൈസർ, CUSAT – Kochi
8. മാനേജിംഗ് ഡയറക്ടർ, KSITIL
9. മാനേജിംഗ് ഡയറക്ടർ, KSIDC
10. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

11. സെക്രട്ടറി, ഇലക്ട്രോണിക്സ്&ഐ.ടി വകുപ്പ്

വിഭാവനം ചെയ്തതുപോലെ സംസ്ഥാനത്തെ ഐ ടി വ്യവസായ വികസനത്തിൽ ഇൻഫോപാർക്ക് സുപ്രധാന പങ്ക് വഹിക്കുന്നു. നിലവിൽ ഇൻഫോപാർക്ക് ഒന്നാം ഘട്ടത്തിൽ 101 ഏക്കർ ഭൂവിസ്തൃതിയിൽ 6.5 മില്ല്യൺ ചതുരശ്രഅടി കെട്ടിട വിസ്തീർണ്ണത്തിൽ 203 ഐ റ്റി/ഐ റ്റി ഇ എസ് കമ്പനികളിലായി 36000 ഐ ടി പ്രൊഫഷണലുകളും, നിർമ്മാണം പുരോഗമിക്കുന്ന ഇൻഫോപാർക്ക് 2-ാം ഘട്ടത്തിൽ 126 ഏക്കർ ഭൂവിസ്തൃതിയിൽ 8 മില്യൺ ചതുരശ്രഅടി കെട്ടിട വിസ്തീർണ്ണത്തിൽ 35 ഐ റ്റി/ഐ റ്റി ഇ എസ് കമ്പനികളിലായി 2220 ഐ ടി പ്രൊഫഷണലുകളും, തൃശ്ശൂർ കൊരട്ടിയിലെ 3 0 ഏക്കർ ഭൂവിസ്തൃതിയിൽ 5800 ചതുരശ്രഅടി കെട്ടിട വിസ്തീർണ്ണത്തിൽ 37കമ്പനികളിലായി 1000 ഐ ടി പ്രൊഫഷണലുകളും, ഇൻഫോപാർക്ക് ചേർത്തലയിൽ 66 ഏക്കർ ഭൂവിസ്തൃതിയിൽ 240000 ചതുരശ്രഅടി കെട്ടിട വിസ്തീർണ്ണത്തിൽ 27കമ്പനികളിൽ 400 ഐ ടി പ്രൊഫഷണലുകളും, ഇൻഫോപാർക്ക് കലൂരിലെ T B C യിൽ 25845 ചതുരശ്രഅടി കെട്ടിട വിസ്തീർണ്ണത്തിൽ 90കമ്പനികളിൽ 3 8 0 ഐ ടി പ്രൊഫഷണലുകളും ജോലി ചെയ്യുന്നു.

**<u>II. MoA, ബൈലോ, റൂൾസ് & റെഗുലേഷൻസ് എന്നിവയുടെ പരിഷ്കരണം</u>**

30.06.2020ലെ സ.ഉ.(കൈ) നം.17/2004/ഐ ടി ഡി പ്രകാരം ഇൻഫോപാർക്കിന്റെ MoA, ബൈലോ, റൂൾ സ് & റെഗുലേഷൻസ് എന്നിവ അംഗീകരിച്ചിരുന്നു. ഇത് പ്രകാരം മാനേജേരിയൽ/ടെക്നിക്കൽ, അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളിൽ ജനറൽ ബോഡിയുടെ അംഗീകാരത്തോടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനും ബോർഡിന് അധികാരം നൽകുന്നു. (റൂൾ സ് & റെഗുലേഷൻസ് ചട്ടം 11 ബൈലോ 4.2(e) ). പിന്നീട് MoA, ബൈലോ, റൂൾ സ് & റെഗുലേഷൻസ് എന്നിവയുടെ പരിഷ്കരണം, തസ്തിക രൂപീകരണം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം, ശമ്പള പരിഷ്കരണം എന്നിവയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി നിലവിലെ MoA, ബൈലോ, റൂൾ സ് & റെഗുലേഷൻസ് പരിഷ്കരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച ധനകാര്യ വകുപ്പ് 09.07.2010ലെ 20694/PUD3/2010/ധന പ്രകാരം ഐ ടി(എ) വകുപ്പിന് അനൗദ്യോഗിക കുറിപ്പ് നൽകുകയും, ടി അനൗദ്യോഗിക കുറിപ്പിൽ നിർദ്ദേശിച്ച പരിഷ്കരണങ്ങളിൽ അഭിപ്രായം അറിയിക്കണമെന്നാവശ്യപ്പെട്ട് ഐ ടി(എ) വകുപ്പ് 21.08.2010 ൽ 4802/A1/2010/ഐടിഡി പ്രകാരം ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. 07.12.12ലെ ഇൻ ഫോപാർ ക്കിന്റെ 6-ാംമത് ജനറൽബോഡി ധനകാര്യ(പിയു-ഡി) വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ് പരിഗണിക്കുകയും റൂൾസ് & റെഗുലേഷൻ സിന്റെ 15, 16 ക്ളോസുകളിൽ " Approval of Government shall be taken for creation of posts sanctioned by Board/General Body" എന്ന വ്യവസ്ഥ കൂട്ടിചേർക്കുന്നതിനും തീരുമാനിച്ചു. എന്നാൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തി റൂൾസ് & റെഗുലേഷൻസ് പരിഷ്കരിക്കുന്നതിന് ഇൻഫോപാർക്കിൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഈ തീരുമാനത്തിന് ശേഷം ഇൻഫോ പാർക്കിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലായെന്നും, മുൻപ് അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് ജീവനക്കാരുടെ ആവശ്യകത കൂടി പരിഗണിച്ച് നിയമനം നടത്തുകയാണുണ്ടായതെന്നും, 2017 ലെ സർക്കാർ ഐ ടി നയത്തിലെ ഖണ്ഡിക 2.4.4 പ്രകാരം "സംസ്ഥാനത്തിന്റെ ഐ ടി യിലെ ഭൗതിക സംവിധാനങ്ങൾ ഉൾപ്പെടുന്ന വാണിജ്യ സ്ഥാപനം എന്ന നിലയിൽ ഐ ടി പാർക്കിന്റെ ചുമതലകൾ പുനർ നിർവചിക്കേണ്ടതുണ്ട്. കേരള ഐ ടി എന്ന ബ്രാൻഡിൽ എല്ലാ ഐ ടി പാർക്കുകളുടെയും ( ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്) പ്രവർത്തനങ്ങൾ ഏകീകരിക്കുകയും, വിഭവങ്ങൾ (മാനവശേഷി, റിസോഴ്സുകൾ, മറ്റു വരുമാന സാധന സാമഗ്രികൾ) ഏറ്റവും ക്രിയാത്മകമായി ഉപയോഗിക്കുകയും വേണം". എന്നതിന്റെ അടിസ്ഥാനത്തിൽ

പാർക്കുകൾ ഏകീകരിക്കാനുള്ള നടപടികൾ പുരോഗതിയിൽ ആണെന്നും ഇത് പൂർണ്ണമാകുന്നതോടുകൂടി MoAയിൽ മാറ്റം വരുത്തുന്നതാണെന്നും, നിലവിൽ 30.01.2020 ൽ ചേർന്ന ടെക്നോപാർക്കിന്റെ 18-ാമത് ഗവേണിംഗ് ബോഡി കേരള ഐ ടി പാർക്കുകൾ ഏകീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ ഭാഗമായി MoA & റെഗുലേഷൻസ് ഭേദഗതി വരുത്തുന്നതിനായി തീരുമാനിച്ച് അതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നതായും ഇതുസംബന്ധിച്ച് ഇൻഫോപാർക്ക് അധികൃതർ മറുപടി നൽകി.

30.01.2020 ലെ ഇൻഫോപാർക്കിന്റെ 13-ാമത് ജനറൽബോഡി അതിന്റെ 13.07.02നമ്പർ തീരുമാനത്തിൽ ഇൻഫോപാർക്കിൽ ശമ്പള സ്കെയിൽ/കരാർ പ്രകാരമുള്ള 1 7 ജീവനക്കാരുടെ തസ്തികകളും റാറ്റിഫൈ ചെയ്യുകയും സർക്കാർ അംഗീകാരത്തിന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഈ തീരുമാനത്തിലും ഇൻഫോപാർക്കിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നിലവിലുള്ള 17 തസ്തികകൾ സ്ഥിര സ്വാഭാവമുള്ള തസ്തികകൾ ആയതിനാൽ നിലവിലെ കരാർ വ്യവസ്ഥയ്ക്ക് പകരം ടി തസ്തികകൾ സ്ഥിരമാക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിരുന്നതായും ആയതു പ്രകാരം സർക്കാരിൽ സമർപ്പിക്കാനുള്ള വിശദമായ അപേക്ഷയും മറ്റും തയ്യാറാക്കി യഥാവിധി പരിശോധനകൾ നടത്തി വരുന്നതായും ഇതുസംബന്ധിച്ച് ഇൻഫോപാർക്ക് അധികൃതർ മറുപടി നൽകി.

എന്നാൽ 13-ാമത് ജനറൽബോഡി നിലവിൽ ജീവനക്കാരുള്ള 17 തസ്തികകൾ കരാർ വ്യവസ്ഥ മാറ്റി സ്ഥിര തസ്തികകളാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. കൂടാതെ സർക്കാർ അംഗീകാരത്തിന് ശിപാർശ ചെയ്ത 1 7 തസ്തികകളിൽ സൈറ്റ് എഞ്ചിനീയർ, സൈറ്റ് അസിസ്റ്റന്റ് തസ്തികകൾ ജനറൽ ബോഡി അംഗീകരിച്ച Organisational Structure ലെ തസ്തികകളല്ല. അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന തസ്തികകളിൽ Organisational Structureൽ ഇല്ലാത്ത രണ്ട് തസ്തികകൾ കൂടി ഉൾപ്പെടുത്തിയത് ക്രമവിരുദ്ധമാണ്. ഇത് ഭരണ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

**III. <u>Organisational Structure പ്രകാരമുള്ള തസ്തികകൾ</u>**

27.10.2004ൽ ഇൻഫോപാർക്ക് സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുവെങ്കിലും 2007 ഏപ്രിൽ 4 ൽ നടന്ന ഇൻഫോപാർക്കിന്റെ 20-ാമത് ജനറൽ ബോഡിയിലാണ് ഇതിന്റെ Organisational structure അംഗീകരിച്ചത്. ഇത് പ്രകാരം 1 5 തസ്തികകളാണ് ഉണ്ടായിരുന്നത്. 10 തസ്തികകളിൽ നിലവിൽ ജോലിചെയ്തിരുന്നവരെ നിയമിക്കുന്നതിനും, 5 തസ്തികകളിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിയമിക്കുന്നതിനും ജനറൽ ബോഡിയിൽ അംഗീകാരം നൽകി. കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ടി തസ്തികകളിലെ ശമ്പള സ്കെയിൽ അംഗീകരിച്ച്, ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരുവനന്തപുരം ടെക്നോപാർക്കിന്റേതിന് സമാനമായി നിശ്ചയിച്ചു. 20.05.09 ലെ 4--ാമത് ജനറൽ ബോഡിയിലും, 07.01.10 ലെ 5-ാമത് ജനറൽ ബോഡിയിലും തസ്തികകൾ രൂപീകരിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച തസ്തികകളിൽ ശമ്പള സ്കെയിൽ അനുവദിക്കുകയും സർക്കാർ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള പരിഷ്കരണങ്ങൾ അനുവദിച്ച് നൽകിയിട്ടുമുണ്ട്. തസ്തികകൾ രൂപീകരിക്കുന്നതിനോ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനോ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ജനറൽ ബോഡി അംഗീകാരം ലഭിച്ച രൂപീകരിച്ച തസ്തികകൾ പിന്നീട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി നേടി re-designate ചെയ്യുകയും ആയതിന് പിന്നീട് ജനറൽ ബോഡിയിൽ വച്ച് സാധൂകരണം ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. സി ഇ ഒ

നിയമനം സർക്കാർ ഉത്തരവ് പ്രകാരമാണ് നടത്തിയിട്ടുള്ളത്. രജിസ്ട്രാറെ നിയമിച്ചിട്ടുള്ളത് ഇൻഫോപാർക്കിൽ നിന്നല്ല. സി ഇ ഒ, രജിസ്ട്രാർ എന്നിവർക്ക് ഇൻഫോപാർക്ക്, ടെക്നോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ ചുമതലയുണ്ട്.

ഇൻഫോപാർക്കിൽ ജനറൽ ബോഡിയുടെ അംഗീകാരത്തിനു വിധേയമായി ഇതുവരെ 34 തസ്തികകൾ രൂപീകരിച്ചിട്ടുണ്ട്**(അനുബന്ധം 1 ൽ പ്രസ്തുത വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്)** . ടി തസ്തികകളിൽ ഇതുവരെ 25 തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്. 7 തസ്തികകളിൽ നിയമിച്ച ജീവനക്കാരെ സർക്കാർ ഉത്തരവുകൾ പ്രകാരം KSITIL ലേക്ക് മാറ്റി നിയമിച്ച്, ടി തസ്തികകൾ നിർത്തലാക്കി. 3 തസ്തികകളിൽ രാജിവെക്കൽ/മരണം കാരണമുണ്ടായ ഒഴിവുകളിൽ പുനർനിയമനം നടത്തിയിട്ടില്ല. ജനറൽ ബോഡി അംഗീകരിച്ച Organisational Structureലെ തസ്തികകളിൽ 15 തസ്തികകളിൽ നിലവിൽ ജീവനക്കാരുണ്ട്. 2007 ലെ 20-ാമത് ജനറൽ ബോഡിയിൽ നിലനിർത്തിയ 10 ജീവനക്കാരിൽ 4 പേരാണ് നിലവിൽ ഇൻഫോപാർക്കിൽ ജോലിയിലുള്ളത്. രൂപീകരിച്ച 9 തസ്തികകളിൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല. ഇൻഫോപാർക്കിന്റെ പ്രവർത്തനത്തിന് അനിവാര്യമായ രീതിയിലാണോ തസ്തികകൾ രൂപീകരിച്ചത് എന്നത് സംശയാസ്പദമാണ്. ഇൻഫോ പാർക്കിൽ നിന്നും ആകെ 9 തസ്തികകളിലെ ജീവനക്കാരെയാണ് KSITIL ലേക്ക് മാറ്റി നിയമിച്ചിട്ടുള്ളത്. ഇതിൽ ജനറൽബോഡി അംഗീകരിച്ച് ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങളിലൂടെ നിയമിക്കപ്പെട്ട 7 ജീവനക്കാരാണുള്ളത്. മറ്റ് രണ്ടുപേർ ട്രെയിനിയായി സി ഇ ഒ നേരിട്ട് നിയമിച്ച ശ്രീ. അബ്ദുൾ സമദും, ഐടിഇഎസ് ഹാബിറ്റാറ്റ് ഇൻഫോപാർക്കിന് കൈമാറിയപ്പോൾ അവിടെ അപ്രൻറീസായി നിയമിച്ചിരുന്നതും പിന്നീട് ഇൻഫോപാർക്കിൽ നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമിച്ചതുമായ ശ്രീമതി.നിവ്യാബാബുവുമാണ്. ഇവരെ നിയമിച്ച സൈറ്റ്എഞ്ചിനീയർ തസ്തിക ഇൻഫോപാർക്കിന്റെ Organisational Structureപ്രകാരമുള്ള തസ്തികകൾ അല്ല. ഇവർ യഥാക്രമം G.O(Rt)No.289/2017/E&ITD തീയതി 16.11.2017, G.O(Rt)No.102/2019/E&ITD തീയതി 22.05.2019 ഉത്തരവുകൾ പ്രകാരമാണ് KSITILലേക്ക് മാറ്റി നിയമിച്ചിട്ടുള്ളത്. മാറ്റി നിയമിക്കുമ്പോൾ ഇൻഫോപാർക്കിൽ സൈറ്റ് എഞ്ചിനീയർ തസ്തികയിൽ ഏകീകൃത വേതന വ്യവസ്ഥയിലാണ് ഇവർ ജോലി ചെയ്തിരുന്നത്.

**IV. <u>നിയമനങ്ങൾ</u>**

ഇൻഫോപാർക്കിൽ നാളിതുവരെ നടന്നിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച ഫയലുകൾ സ്ക്വാഡ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടുവെങ്കിലും 2007ലെ 2-ാമത് ജനറൽ ബോഡിയുടെ തീരുമാനപ്രകാരം നിലനിർ ത്തിയ 10 ജീവനക്കാരുടെ ഫയലുകൾ ലഭ്യമാക്കിയില്ല(ടി ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം 2ലെ ക്രമ നം. 1 മുതൽ 10 വരെ നല്കിയിട്ടുണ്ട്). ഈ ജീവനക്കാരിൽ 3 പ്രോജക്റ്റ് ജീവനക്കാർ സർക്കാർ കിൻഫ്രയിൽ നിന്നും കൈമാറ്റം ചെയ്ത് നിയമിച്ചവരും, 7 ജീവനക്കാർ പാർക്കിന്റെ പ്രാരംഭഘട്ടത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഏകീകൃത വേതന വ്യവസ്ഥയിൽ താത്കാലികമായി ഇൻഫോപാർക്ക് നേരിട്ട് നിയമിച്ചവരാണെന്നും, ഇവരുടെ നിയമനം

സംബന്ധിച്ച ഫയൽ ഇൻഫോപാർക്കിൽ ഇല്ലായെന്നും മാനേജർ അഡ്മിനിസ്ട്രേഷൻ മറുപടി നൽകി.

അനുബന്ധം 2ലെ ക്രമനം.11 ശ്രീമതി ജിതി ആർ, സീനിയർ എഞ്ചിനീയർ(സിവിൽ)ന്റെ നിയമനം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ടിയാരിയെ KINFRA യിൽ നിന്നും 20.03.2004 ലെ KEPIP / IT/274/2004 ഉത്തരവ് പ്രകാരം Quantity Surveyor തസ്തികയിൽ KSITM ന്റെ കീഴിലുള്ള ഇൻഫോപാർക്ക് കൊച്ചിയിലേക്ക് മാറ്റി നിയമിച്ചിട്ടുള്ളതാണ്. 2003 ഒക്ടോബർ 2 9ന് ചേർന്ന ഇൻഫോ പാർക്ക് കൊച്ചിയുടെ ഒന്നാം ബോർഡ് മീറ്റിംഗിൽ KINFRA യിലെ Quantity Surveyor അടക്കമുള്ള തസ്തികകൾ ഇൻഫോ പാർക്കിന്റെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉപയുക്തമാക്കാൻ തീരുമാനമെടുത്തിട്ടുള്ളതാണ്. അപ്രകാരം ശ്രീമതി ജിതി ആർ ഇൻഫോപാർക്കിൽ ജോലിയിൽ തുടർന്നു വന്നിരുന്നതും അപ്രകാരമിരിക്കെ 11.01.2006 – ൽ പ്രസവ സംബന്ധമായ കാരണത്താൽ അവധിയിൽ പ്രവേശിക്കുകയുണ്ടായി. അതിനുശേഷം മെയ് 2006 – ൽ തിരികെ സർവ്വീസിൽ പ്രവേശിച്ചുവെങ്കിലും പിന്നീട് ആരോഗ്യപരമായ കാരണങ്ങളാൽ ടിയാരി 2008 വരെ ശമ്പളരഹിത അവധിയിൽ ആയിരുന്നു. 28.04.2006 തീയതിയിലെ Infopark/Per/02/06 നം. ഉത്തരവ് പ്രകാരം ശ്രീമതി. ജിതി ആർ ഉൾപ്പടെയുള്ള ജീവനക്കാരുടെ തസ്തിക പരിഷ്കരിച്ച് പേരു മാറ്റം നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിൻ പ്രകാരം ടിയാരിയുടെ തസ്തിക സീനിയർ എഞ്ചിനീയർ എന്നു കാണുന്നു. 2007 ലെ ഇൻഫോപാർക്ക്സ് കേരളയുടെ രണ്ടാമത് ജനറൽ ബോഡിയിൽ (ടി ജനറൽ ബോഡിയിലാണ് ഇൻഫോപാർക്ക്സ് കേരളയിലേക്ക് ആദ്യമായി 15 തസ്തികകൾ അംഗീകരിക്കുന്നത്) നിലവിലുള്ള ജീവനക്കാരുടെ നിയമനവും അവരുടെ തസ്തികകളും അംഗീകരിക്കപ്പെട്ടപ്പോൾ ശ്രീമതി. ജിതി ആർ അതിലുൾപ്പെട്ടിരുന്നില്ല. ടി കാലയളവിൽ ടിയാരി അവധിയിൽ ആയിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അനൗദ്യോഗികമായി അറിഞ്ഞിട്ടുള്ളതാണ്. ഇതിനുശേഷം ഇൻഫോ പാർക്ക്സ് കേരളയുടെ 2009 മെയ് 2 0ന് നടന്ന നാലാമത് ജനറൽ ബോഡിയിൽ അംഗീകരിച്ചിട്ടുള്ള ഇൻഫോപാർക്ക് കേരളയുടെ Organisation Chart ൽ ടിയാരിയുടെ പേരും, സീനിയർ എഞ്ചിനീയർ എന്ന തസ്തികയും കാണാവുന്നതാണ്. ടിയാരിയുടെ പേഴ്സണൽ ഫയൽ പരിശോധിച്ചതിൽ വിദ്യാഭ്യാസ യോഗ്യത Bachelor of Engineering (Civil) എന്നു കാണുന്നു. ടിയാരിയെ GO(Rt) No.102/2019/ITD തീയതി 22.05.19 പ്രകാരം ഡെപ്യൂട്ടി മാനേജർ(പ്രൊജക്ട്സ്) തസ്തികയിൽ KSITILലേക്ക് മാറ്റപ്പെട്ടു. ടിയാരിയെ KINFRA യിൽ നിന്നും നിയമിച്ചതിനാൽ നിയമനം സംബന്ധിച്ച ഫയൽ ലഭ്യമല്ലായെന്ന് ഇൻഫോ പാർക്ക് അധികൃതർ അറിയിച്ചു.

ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടെ ഓരോ തസ്തികയ്ക്കും ആവശ്യമായ യോഗ്യത

പ്രവൃത്തി പരിചയം എന്നിവ കാണിച്ച് പത്രമാധ്യമങ്ങൾ, വെബ് സൈറ്റ് എന്നിവ വഴി പരസ്യം നൽകി അപേക്ഷകൾ ക്ഷണിച്ച് യോഗ്യരായവരെ ഇൻർവ്യു നടത്തി പട്ടിക തയ്യാറാക്കിയാണ് മിക്ക നിയമനങ്ങളും നടത്തിയിട്ടുള്ളത്. ഇതു കൂടാതെ സി ഇ ഒ നേരിട്ടും, പുറം കരാർ നൽകിയും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇൻഫോപാർക്കിൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിയമന രീതി | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ഇൻഫോപാർക്ക് പ്രവർത്തനം തുടങ്ങുമ്പോൾ KINFRA യിൽ നിന്നും നിയമിച്ച ജീവനക്കാർ | 4 |
| 2. | ഇൻഫോപാർക്ക് പ്രവർത്തനം തുടങ്ങുമ്പോൾ നേരിട്ട് നിയമിച്ച ജീവനക്കാർ | 7 |
| 3. | വിജ്ഞാപനം പുറപ്പെടുവിച്ച് അഭിമുഖം നടത്തി നിയമിച്ച ജീവനക്കാർ | 25 |
| 4. | വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കാതെ സി ഇ ഒ നേരിട്ട് നിയമിച്ച ജീവനക്കാർ | 8 |
| 5. | പുറം കരാർ നിൽകി നിയമിച്ച ജീവനക്കാർ | 7 |

ഇൻഫോ പാർക്കിൽ നാളിതുവരെ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം 2 ൽ ചേർക്കുന്നു. പ്രസ്തുത നിയമനങ്ങൾക്ക് ജനറൽ ബോഡി സാധൂകരണം നൽകിയിട്ടുണ്ട്. മുഴുവൻ നിയമനങ്ങളും കരാർ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. നിലവിലുള്ള ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം-3ലും നൽകിയിരിക്കുന്നു.

### V. <u>വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കാതെ നടത്തിയ നിയമനങ്ങൾ</u>

**1. <u>ശ്രീ. ആൽവിൻ ബാബു, സൈറ്റ് അസിസ്റ്റൻറ്</u>** - 22.08.2009 ലെ ഇൻഫോപാർക്ക് സി ഇ ഒ യുടെ കുറിപ്പ് പ്രകാരം ശ്രീ. ആൽവിൻ ബാബുവിനെ 300 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ സൈറ്റ് അസിസ്റ്റൻറായി നിയമിച്ചിട്ടുണ്ട്. നിയമിക്കുമ്പോൾ I T I യോഗ്യതയുണ്ടായിരുന്ന ടിയാൻ 2011 – ൽ സിവിൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുണ്ട്. നിയമനം ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ചിട്ടുണ്ട്. നിലവിൽ മാസം 24000/- രൂപ ഏകീകൃത വേതന വ്യവസ്ഥയിൽ ഇവിടെ ജോലി ചെയ്യുന്നു. വിജ്ഞാപനം, അഭിമുഖം എന്നിവ കൂടാതെ നിയമിച്ചത് തൃശ്ശൂർ കൊരട്ടിയിൽ ഇൻഫോപാർക്കിന്റെ പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ കൊച്ചി ഇൻഫോപാർക്കിലെ ജീവനക്കാരുടെ അഭാവം മൂലം സമീപവാസിയായ പോളിടെക്നിക് സിവിൽ ഡിപ്ലോമ പഠനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥിയെ ഇൻഫോപാർക്ക് പ്രൊജക്ട് വിഭാഗത്തിന്റെ നിർദ്ദേശാനുസരണം സൈറ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾ നോക്കി നടത്താനും, അതു പോലെ പ്രദേശത്തെ സർക്കാർ മറ്റ് പ്രാദേശിക സംവിധാനങ്ങളിൽ സമയോചിതമായ ഇടപെടലുകൾ നടത്തി ആയത് ഏകോപിപ്പിക്കുന്നതിനും

വേണ്ടിയാണെന്നും ഇൻഫോപാർക്ക് അധികൃതർ മറുപടി നൽകി. വിലാസം പരിശോധിച്ചതിൽ ടിയാൻ പദ്ധതി പ്രദേശത്തിന് സമീപം താമസിക്കുന്നയാളാണെന്ന് മനസ്സിലാക്കുന്നു.

മേൽ പ്രകാരം Organisational Structure ൽ ഉൾപ്പെടാത്ത Site Assistant തസ്തികയിൽ ചട്ടപ്രകാരമുള്ള തിരഞ്ഞെടുപ്പ് നടപടികൾ അവലംബിക്കാതെ ശ്രീ.ആൽവിൻ ബാബുവിനെ നിയമിച്ച നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

**2. <u>ശ്രീമതി.ടിസ സക്കറിയ, ശ്രീമതി.നിവ്യ ബാബു - സൈറ്റ് എഞ്ചിനിയർ -</u>** കേരള ഐ ടി മിഷന്റെ നിയന്ത്രണത്തിൽ സ്റ്റാർട്ട് അപ്പ് കമ്പനികളെ പ്രോത്സാഹിപ്പിക്കാനായി ജി സി ഡി എ യുടെ ഉടമസ്ഥതയിൽ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രവർത്തിച്ചിരുന്ന ഐ ടി ഇ എസ് ഹാബിറ്റാറ്റ് എന്ന സ്ഥാപനം 06.06.2013 ലെ സ.ഉ.(സാധ)നം.130/2013/ITDപ്രകാരം നടത്തിപ്പിനായി ഇൻഫോപാർക്ക് കേരളയ്ക്ക് കൈമാറുകയുണ്ടായി. മേൽ ഉത്തരവിൽ ഹാബിറ്റാറ്റിന്റെ ആസ്തി ബാധ്യതകളും അവിടത്തെ കരാർ/ദിവസവേതന/ഡെപ്യൂട്ടേഷൻ ജീവനക്കാരേയും അവരുമായി നിലവിലുണ്ടായിരുന്ന വ്യവസ്ഥയിൽ ഇൻഫോപാർക്കിന് കൈമാറി. ഇത്തരത്തിൽ കൈമാറ്റം നടന്നപ്പോൾ ബോർഡ് ഓഫ് അപ്രൻറിഷിപ്പ് ട്രെയിനിംഗ് മുഖേന 18.01.2013 ൽ ഐ ടി ഇ എസിൽ അപ്രൻറിസായി നിയമിച്ചിരുന്ന ടിസ സക്കറിയ (B.Tech (Civil)), നിവ്യബാബു (B Tech Electrical) എന്നിവരേയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻഫാർക്കിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും പിന്നീട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കുറിപ്പ് പ്രകാരം ഇവരെ Site Engineerമാരായി ഇവർക്ക് വർഷാവർഷം കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. 12.02.2014 ൽ 12000/- രൂപയും, 31.01.2015 ൽ 15000/- രൂപയായും, 22.01.2016 ൽ 17500 രൂപയായും, 18.01.2017 ൽ 19250 രൂപയായും 01.11.2018 ൽ 29750/- രൂപയായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇവരുടെ വേതനം ഉയർത്തി നൽകി. 01.11.18 മുതൽ ഇവരെ മൂന്ന് വർഷ കരാറിൽ നിയമിച്ചു. 25.03.2017 ലെ 48-ാമത് ഇൻഫോപാർക്ക് ബോർഡ് ഓഫ് ഗവർണേഴ്സ് യോഗ തീരുമാന പ്രകാരം ഈ താൽക്കാലിക നിയമനങ്ങൾ തുടർന്ന് കൊണ്ട് പോകാൻ തീരുമാനിച്ചു. 22.05.2019 സ.ഉ.(സാധാ)നം.102/2019/ITD പ്രകാരം നിവ്യ ബാബു (ഇലക്ട്രിക്കൽ എഞ്ചിനീയർ) KSITIL ലേക്ക് മാറ്റി നിയമിച്ചു. ടിസ സക്കറിയ നിലവിൽ 45,475/- രൂപയാണ് വാങ്ങുന്നത്. നിയമന നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഇവരെ നിയമിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഇൻഫോപാർക്കിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള വിശദീകരണം ഇപ്രകാരമായിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം കൈമാറികിട്ടിയ ഇൻഫോപാർക്ക് ടി ബി സി എന്ന് പുനർനാമകരണം ചെയ്ത ഈ സംരംഭത്തിൽ അധിക തസ്തിക അനുവദിക്കപ്പെടാതിരുന്ന സാഹചര്യത്തിൽ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഇൻഫോപാർക്ക് ഈ സ്ഥാപനത്തിൽ പ്രവർത്തി പരിചയം ഉണ്ടായിരുന്ന ഈ അപ്രൻറീസ് ട്രെയിനികളെ തന്നെ ഇൻഫോപാർക്കിന് അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കിക്കൊണ്ട് ഏകീകൃത വേതന വ്യവസ്ഥയിൽ(consolidated pay) 1 വർഷത്തേക്ക് നിയോഗിക്കുകയും അവരെ നിലനിർത്തുകയും ചെയ്യുകയുണ്ടായി. THE APPRENTICES ACT, 1961 പ്രകാരം സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഐ ടി മിഷൻ നടപടി ക്രമം പാലിച്ച് തിരഞ്ഞെടുത്ത ഈ ട്രെയിനികളെ കലൂർ ഐ ടി ഇ എസ് ഹാബിറ്റാറ്റിലെ പ്രവർത്തി പരിചയം മുൻ നിർത്തിയാണ് ഫെബ്രുവരി 14, 2014 ന ഇൻഫോപാർക്ക് സി ഇ ഒ ആഭ്യന്തര അനുമതി നടപടി ക്രമത്തിലൂടെ ഈ താൽക്കാലിക നിയമനം നൽകിയത്. നിലവിലെ പ്രോജക്ട് സ്റ്റാഫുകളുടെ ജോലി ഭാരം കൂടുതലായിരുന്ന ഘട്ടത്തിൽ പ്രോജക്ട് പ്രവർത്തനങ്ങളുടെ സമയബന്ധിതമായ വേഗത്തിലുള്ള നടത്തിപ്പിനായി പെട്ടെന്ന് മറ്റ് നിയമനങ്ങൾ നടത്തുന്നതിനുള്ള അനുമതിയും മറ്റു തടസ്സങ്ങളും ഒഴിവാക്കുന്നതിന്റെ ഭാഗമായി

എൻജിനീയറിംഗ് ബിരുദധാരികളായ ഇവരുടെ ടി ബി സി യിലെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തി പരിചയം പരിഗണിച്ച് ടി ബി സിയുടെ ചുമതലയ്ക്കൊപ്പം ഇൻഫോപാർക്കിന്റെ മറ്റ് ക്യാമ്പസുകളിലും ഇവരുടെ സേവനം ഉപയോഗപ്പെടുത്തുകയുണ്ടായി. BOG 48, BOG 51, BOG 54 തീരുമാന പ്രകാരം ഇവരുടെ വാർഷിക അടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനം ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. യോഗ്യതയ്ക്കനുസരിച്ചുള്ള ജോലിയുടെ സ്വഭാവം പരിഗണിച്ചാണ് ഈ ജീവനക്കാർക്ക് ലഭിക്കാവുന്ന അടിസ്ഥാന തസ്തികയായ സൈറ്റ് എൻജിനീയർ എന്ന് തസ്തിക നാമകരണം നൽകിയത്".

അപ്രന്റീസായി നിയമിക്കുന്നവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും കരാർ നിയമനം നൽകി സേവനം തുടരുന്നതിന് അനുമതി നൽകുന്നതിനും ഇൻഫോപാർക്കിലെ ചട്ടപ്രകാരം വ്യവസ്ഥയില്ലെന്നിരിക്കെ ITES Habitat എന്ന സ്ഥാപനത്തിലെ apprentice ആയിരുന്ന ടി ജീവനക്കാർക്ക് വാർഷിക ശമ്പള വർദ്ധനയോടെ ഇൻഫോപാർക്കിൽ തുടരാൻ അനുവദിച്ചതിൽ ക്രമക്കേട് നടന്നിട്ടുണ്ട്. ഇത് ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

3 . **<u>ശ്രീ. അബ്ദുൾ സമദ് - സൈറ്റ് എഞ്ചിനീയർ -</u>** ഇൻഫോ പാർക്കിൽ ട്രെയിനി എഞ്ചിനീയർ(സിവിൽ) തസ്തികയിൽ 6 മാസകാലയളവിലേക്ക് മാസം 6000 രൂപ വേതനത്തിലാണ് സിവിൽ എൻജിനീയർ ബിരുദധാരിയായ ശ്രീ.അബ്ദുസമദിനെ ടിയാന്റെ അപേക്ഷ പരിഗണിച്ച് 10.10.2012 ന് സി ഇ ഒ യുടെ കുറിപ്പ് പ്രകാരം നിയമിച്ചത്. 14.08.2013 ൽ ടിയാന്റെ സേവനം Site Engineer (Civil) തസ്തികയിൽ 12000 വേതന കണക്കിൽ ദീർഘിപ്പിച്ച് നൽകി. നിയമനം ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ചിട്ടുണ്ട്. പിന്നീട് കാലാവധി ദീർഘിപ്പിച്ച് നൽകുകയും 16.11.2017 ലെ സ.ഉ.(സാധാ)നം. 289/2017/ E& ITD പ്രകാരം ടിയാനെ തസ്തികയായി KSITIL ലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. വിജ്ഞാപനം എഴുത്ത് പരീക്ഷ, അഭിമുഖം എന്നീ നിയമന പ്രക്രിയകൾ നടത്താതെയാണ് ടിയാനെ നിയമിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ഇൻഫോ പാർക്കിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള വിശദീകരണം ഇപ്രകാരമായിരുന്നു.

"ഇൻഫോപാർക്ക് രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ നടന്നിരുന്ന വേളയിൽ ഭൂമി ഏറ്റെടുത്ത ബ്രഹ്മപുരം പാടത്തിക്കര ഭാഗത്തെ സമീപവാസികൾ പലരും യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ ലഭിക്കുന്നതിനായി ഇൻഫോപാർക്കിൽ നിരന്തരം അപേക്ഷകൾ നൽകുകയും ബഹു ഭൂരിപക്ഷവും ഇവിടുത്തെ പല ഐ ടി കമ്പനികളിലും, നിർമ്മാണപ്രവർത്തനങ്ങളിലും നേരിട്ടും പരോക്ഷവുമായി തൊഴിൽ നേടിയിരുന്നു. സമീപ വാസികൾ എന്ന നിലയിൽ ഒരു മുൻഗണന ഈ ഘട്ടത്തിൽ ഇവർക്കെല്ലാം ഒരു പരിധി വരെ ലഭിച്ചിരുന്നു. 2012 കാലഘട്ടത്തിൽ ഇൻഫോപാർക്ക് രണ്ടാംഘട്ട പദ്ധതി പ്രദേശത്ത് തുടക്കംകുറിച്ച റോഡുകൾ ചുറ്റമതിൽ എന്നിവയുടെ നിർമ്മാണം, 3.5 ലക്ഷം ചതുരശ്ര അടി ഐ ടി മന്ദിരം (ജ്യോതിർമയ) 220KV GIS സബ് സ്റ്റേഷൻ തുടങ്ങിയ പദ്ധതികളുടെ നോക്കിനടത്തിപ്പിനും ഏകോപനത്തിനും നിലവിലെ ഇൻഫോപാർക്ക് പ്രോജക്ട് ജീവനക്കാർ മതിയാകാത്ത സാഹചര്യത്തിൽ ഈ ആവശ്യത്തിലേക്കായി പദ്ധതി പ്രദേശത്തിനോട് തൊട്ടടുത്ത് താമസക്കാരനായ സിവിൽ എൻജിനീയർ ബിരുദധാരിയായ ഈ ഉദ്യോഗാർത്ഥിയെ ടിയാന്റെ അപേക്ഷ പരിഗണിച്ച് താൽക്കാലികമായി വേതന രഹിത ട്രെയിനി സ്റ്റാഫ് ആയി നിയോഗിക്കുകയും തുടർ പദ്ധതികൾ പുരോഗമിക്കുന്ന വേളയിൽ ഈ സ്റ്റാഫിനെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സ്റ്റൈപ്പന്റ് തുകയായി 6000 രൂപ നിശ്ചയിച്ച് 6 മാസത്തേക്ക് താൽക്കാലികമായി ഇൻഫോപാർക്ക് സി ഇ ഒ യുടെ 10.10.2012 തീയതിയിലെ ആഭ്യന്തര നടപടി കുറിപ്പ് പ്രകാരം തീരുമാനമെടുത്ത് നിയോഗിക്കുകയും, തുടർന്നങ്ങോട്ട് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി

ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി ഈ താൽക്കാലിക കരാർ ഇൻഫോപാർക്ക് എക്സിക്യൂട്ടീവ് കൗൺസിലിന്റെ അനുമതിയോടെ വാർഷിക അടിസ്ഥാനത്തിൽ നീട്ടി നൽകുകയും ചെയ്തു. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയും ഈ താത്ക്കാലിക നിയമനത്തിന്റെ തൊഴിൽ സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ സിവിൽ എൻജിനീയർ എന്ന തസ്തിക നാമകരണം നൽകിയിരിക്കുന്നത്. 2017 വർഷത്തിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് സാങ്കേതിക ജീവനക്കാരെ പ്രോജക്ട് വിഭാഗമായ KSITIL ലേക്ക് മാറ്റുന്നതിനായുള്ള നിർദ്ദേശപ്രകാരം ഈ ജീവനക്കാരെയും സർക്കാർ ഉത്തരവ് പ്രകാരം KSITIL ലേക്ക് കൈമാറ്റം ചെയ്യുകയുണ്ടായി. വിലാസം പരിശോധിച്ചതിൽ ടിയാൻ പദ്ധതി പ്രദേശത്തിന് സമീപം താമസിക്കുന്നയാളാണെന്ന് മനസ്സിലാക്കുന്നു.

Organisational Structure ൽ ഉൾപ്പെടാത്ത Site Engineer തസ്തികയിൽ ചട്ടപ്രകാരമുള്ള തിരഞ്ഞെടുപ്പ് നടപടികൾ അവലംബിക്കാതെ ശ്രീ.അബ്ദുസമദിനെ നിയമിച്ച നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

### VI. <u>പുറം കരാർ, നേരിട്ടുള്ള നിയമനങ്ങൾ</u>

പുറംകരാർ നൽകി താൽക്കാലിക അടിസ്ഥാനത്തിൽ ഏകീകൃത വേതനവ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത അക്കൗണ്ട്സ് സപ്പോർട്ടിംഗ് സ്റ്റാഫിൻ്േറത് ബികോം/ഫിനാൻസ് ബിരുദവും ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവ് തസ്തികയിലേത് ബിരുദവുമാണെന്ന് ഇൻഫോപാർക്ക് അറിയിച്ചിട്ടുണ്ട്. ഇൻഫോപാർക്കിൽ ഏകീകൃത, ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവവരുടെ വിശദാംശങ്ങൾ താഴെ പറയുന്നവരാണ്.

1 . **<u>അജയ് എസ്, എക്സിക്യൂട്ടീവ് അക്കൗണ്ട്സ് -</u>** ടി തസ്തികയിൽ 30.10.2012 ൽ നിയമിതനായ ഇദ്ദേഹത്തെ ജി ജോസഫ് ആൻറ് അസോസിയേറ്റ്സ് എന്ന ചാർട്ടേഡ് അക്കൗണ്ടിംഗ് സ്ഥാപനം മുഖേനയാണ് പുറം കരാർ നിയമനം നൽകിയത്. ഇയാൾ ബി കോം ബിരുദധാരിയാണ്. എം കോമും പൂർ ത്തികരിച്ചിട്ടുണ്ട് 09.10.2017 മുതൽ ടിയാനെ ഇൻഫോപാർക്കിന്റെ ഇലക്ട്രിക്കൽ പരിപാലന പ്രവൃത്തികൾക്ക് പുറം കരാർ നൽകുന്ന സ്ഥാപനമായ M/s.Sterling and Wilson വഴി നിയമിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. ഇതിന് വിശദീകരണം ആരാഞ്ഞതിൽ ടിയാൾക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്തിരിക്കുന്നതെന്ന് പറയുകയുണ്ടായി. ഇതിന് ബോർഡ് ഓഫ് ഗവർണേഴ്സിന്റെ 42-ാമത് മീറ്റിംഗിലെ 42.03.05 നമ്പർ തീരുമാന പ്രകാരം സാധുതയും നൽകിയിട്ടുണ്ട്. ടിയാന്റെ ഇപ്പോഴത്തെ ഏകീകൃത വേതനം 31500/- രൂപയാണ്.

2. **<u>ശ്രീരാഗ് സി പി എക്സിക്യൂട്ടീവ് അക്കൗണ്ട്സ്</u>** - ടിയാനെ ചാർട്ടേഡ് അക്കൗണ്ടിംഗ് സ്ഥാപനമായ പേൾ ഔട്ട്സോഴ്സിങ്ങ് മുഖാന്തിരം 07.09.2017 – ലാണ് നിയമിച്ചിട്ടുള്ളത്. എം കോമും സി എ ഇൻറർ ഉം പാസ്സായിട്ടുള്ളയാളാണ്. 30,000/- രൂപയാണ് നിലവിലെ ഏകീകൃത വേതനം.

3. **<u>വൈശാഖ് വി റ്റി, എക്സിക്യൂട്ടീവ് അക്കൗണ്ട്സ്</u>** - ചാർട്ടേഡ് അക്കൗണ്ടിംഗ് സ്ഥാപനമായ പേൾ

ഔട്സോഴ്സിങ് മുഖാന്തിരം 19.03.20ലാണ് ടിയാനെ നിയമിച്ചിട്ടുള്ളത്. ബികോം, എംബിഎ (ഫൈനാൻസ്) പാസ്സായിട്ടുള്ള ടിയാന്റെ നിലവിലെ ഏകീകൃത വേതനം 30,000/- രൂപയാണ്. സച്ചിൻ പി ജേക്കബ് എന്നയാൾ രാജി വെച്ച ഒഴിവിലാണ് ടിയാനെ നിയമിച്ചിട്ടുള്ളത്.

4 . **ആതിര പി അശോക്, ജൂനിയർ എക്സിക്യൂട്ടീവ് അക്കൗണ്ട്സ്** - ടിയാരിയെ ചാർട്ടേഡ് അക്കൗണ്ടിംഗ് സ്ഥാപനമായ പേൾ ഔട്സോഴ്സിങ് മുഖാന്തിരം 01.07.19 ലാണ് നിയമിച്ചിട്ടുള്ളത്. ബികോം ബിരുദധാരിയാണ്. നിലവിലെ ഏകീകൃത വേതനം 18,000/- രൂപയാണ് . ശ്രുതി എന്നയാൾ രാജി വെച്ച ഒഴിവിലാണ് ടിയാനെ നിയമിച്ചിട്ടുള്ളത്.

5 . **അനുപോൾ - ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവ്** - ടിയാരിയെ M/s. Sterling and Wilson വഴി 13.09.2017ൽ നിയമിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. എം സി എ ബിരുദധാരിയായ ടിയാരിയുടെ നിലവിലെ ഏകീകൃത വേതനം 30,000/- രൂപയാണ്.

മേൽ പ്രകാരം ചാർട്ടേഡ് അക്കൗണ്ടിംഗ് സ്ഥാപനം മുഖാന്തിരം പുറംകരാർ നിയമനം നടത്തിയിട്ടുള്ളത് ഇൻഫോപാർക്ക് ബോർഡ് ഓഫ് ഗവർണേഴ്സിന്റെ 02.12.2011 ൽ നടന്ന 27-ാമത് മീറ്റിംഗിന്റെ നം. 27.12 തീരുമാന പ്രകാരവും, സ്റ്റെർലിംഗ് ആൻഡ് വിൽസൺ എന്ന മാൻപവർ കരാർ കമ്പനി വഴി പുറംകരാർ നിയമനം നടത്തിയിട്ടുള്ളത് ബോർഡ് ഓഫ് ഗവർണേഴ്സിന്റെ 42-ാമത് മീറ്റിംഗിന്റെ 42.03.05 നമ്പർ തീരുമാന പ്രകാരവുമാണ്.

6. **ശ്രീ. രാജേന്ദ്രൻ കെ പി, ലൈസൺ ഓഫീസർ എൽ എ ആർ** - ലെയ്സൺ ഓഫീസറെ നിയമിച്ചിട്ടുള്ളത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാണെന്ന് മനസിലാക്കുന്നു. ലാൻഡ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഡെപ്യൂട്ടി കളക്ടറായി വിരമിച്ച ഇദ്ദേഹത്തെ 2016 ഒക്ടോബർ 21 മുതലാണ് ലെയ്സൺ ഓഫീസറായി 850/- രൂപ ദിവസ വേതന പ്രകാരം നിയമിച്ചിട്ടുള്ളത്. 2018 ലെ 55-ാമത് എക്സിക്യൂട്ടീവ് കൗൺസിലിന്റെ മിനിറ്റ്സ് പ്രകാരം ഇദ്ദേഹത്തിന്റെ കാലാവധി പുതുക്കി കൊടുത്തിട്ടുണ്ട്. ഒടുവിൽ 20.03.2020 ലെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ 60-ാമത് മീറ്റിംഗിന്റെ മിനിറ്റ്സ് പ്രകാരവും ടിയാളുടെ കാലാവധി പുതുക്കുകയും, ദിവസവേതനം 1,030/- രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

7. **ശ്രീ. വി.എൻ പി കൈമൾ, Advisor for legal Liaisoning and HR** - 07.08.2015 ലാണ് B.Tech ബിരുദധാരിയായ വി എൻ പി കൈമളെ 20,000/- രൂപ ഏകീകൃത മാസ വേതന നിരക്കിൽ നിയമിച്ചത്. എക്സിക്യൂട്ടീവ് കൗൺസിലിന്റെ 40-ാമത് മീറ്റിംഗിന്റെ 40.03.12 നമ്പർ തീരുമാനത്തിൽ ഒരു താൽക്കാലിക കൺസൾട്ടന്റിനെ നിയമിക്കണമെന്ന് പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇദ്ദേഹത്തെ

നിയമിച്ചതായി കാണുന്നത്. ടിയാളുടെ ഇപ്പോഴത്തെ ഏകീകൃത വേതനം 25,000/- രൂപയാണ്.

8. **<u>ശ്രീ.ആദിത്യൻ മണാലി, ലീഗൽ കൺസൾട്ടൻറ്</u>** - 01.12.2018 ലാണ് ആദിത്യൻ മണാലിയെ ലീഗൽ കൺസൾട്ടൻറായി നിയമിച്ചിട്ടുള്ളത്. ഇദ്ദേഹത്തിന് LLBയും LLMഉം യോഗ്യതയുള്ളതായി കാണുന്നു. ഇദ്ദേഹത്തിന്റെ മാസവേതന നിരക്ക് 30,000/- രൂപയാണ്.

## VII. <u>തസ്തിക രൂപീകരണവും ശമ്പള നിർണ്ണയവും സംബന്ധിച്ച് പാർക്കിന് ബാധകമായ നിയമങ്ങൾ</u>

ഇൻഫോപാർക്കിന്റെ റൂൾസ്, ബൈലോ(Rule-11, Bye laws 3.4)എന്നിവ പ്രകാരം, പാർക്കിലെ ജീവനക്കാരുടെ നിയമനം, സേവന-വേതന വ്യവസ്ഥകൾ, പ്രൊമോഷൻ, മറ്റാനുകൂല്യങ്ങൾ സൊസൈറ്റിയുടെ നടത്തിപ്പിന് അത്യാവശ്യമായ മറ്റുകാര്യങ്ങൾ എന്നിവ സംബന്ധിച്ച ബൈലോകൾ ഫ്രെയിം ചെയ്യുന്നതിനുമുള്ള അധികാരം ജനറൽ ബോഡിക്കും നിയമനം നടത്തുന്നതിനുള്ള അധികാരം, ബോർഡ്, ജനറൽ ബോഡി എന്നിവയിലും നിക്ഷിപ്തമാണ്. റൂൾ 12 പ്രകാരം, താഴെ പറയുന്ന 4 വിഭാഗം ജീവനക്കാരെയാണ് ഇൻഫോപാർക്കിൽ നിയമിക്കാവുന്നത്.

1. <u>ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ</u> - ജനറൽബോഡി ചെയർമാന്റെ അംഗീകാരത്തോടെ ബോർ ഡിന്റെ (Board Of Governors) ചെയർമാനാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത്. (നിലവിൽ സർക്കാർ നിയമനമാണ്)

2. <u>ടെക്നിക്കൽ & മാനേജിരിയൽ സ്റ്റാഫ്</u> - അഞ്ച് വർഷത്തിൽ കൂടാത്ത കാലയളവിലേക്ക് നിയമിക്കുന്നതിനുള്ള അധികാരം ബോർഡ് ഓഫ് ഗവർണേഴ്സിനോ ബോർഡ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കോ ആണ്. ഇതിൽ നിശ്ചിത ഗ്രേഡിനുമുകളിൽ വരുന്ന നിയമനങ്ങൾക്ക് ജനറൽ ബോഡിയുടെ അംഗീകാരം കൂടി ലഭിക്കണം. ആദ്യത്തെ ഒരു വർഷം പ്രോബേഷൻ പിരീഡ് ആയിരിക്കും. അഞ്ച് വർഷം വിജയകരമായി പൂർത്തിയാക്കിയാൽ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടി നല്കാം. പ്രായപരിധി 60 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ പ്രായപരിധി 6 5 വയസ്സുവരെ ദീർഘിപ്പിച്ചു നല്കുന്നതിന് ജനറൽ ബോഡിക്ക് അധികാരമുണ്ട്.

3. <u>രജിസ്ട്രാർ</u> - രജിസ്ട്രാറെ ബോർഡ് ശിപാർശ ചെയ്ത് ജനറൽ ബോഡിയുടെ അംഗീകാരത്തോടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് നിയമിക്കുന്നത്.

4. <u>അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്</u>- എല്ലാ ഗ്രേഡിൽ പെട്ട ഉദ്യോഗസ്ഥരെയും അഞ്ച് വർഷത്തിൽ കൂടാത്ത കാലയളവിലേക്ക് നിയമിക്കുന്നതിനുള്ള അധികാരം ബോർഡ് ഓഫ് ഗവർണേഴ്സിനോ ബോർഡ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കോ ആണ്. ആദ്യത്തെ ഒരു വർഷം പ്രൊബേഷൻ പിരീഡ് ആയിരിക്കും. അഞ്ച് വർഷം വിജയകരമായി പൂർത്തിയാക്കിയാൽ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടി നല്കാം. പ്രായപരിധി 60 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്.

5. <u>സൊസൈറ്റിയുടെ പ്രവർത്തനത്തിന് അനിവാര്യമെന്ന് തോന്നുന്ന മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും</u>

പാർക്കിൽ ഇതുവരെ നടന്ന നിയമനങ്ങൾ പരിശോധിച്ചതിൽ ഐ.ടി സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗീകാരവും പിന്നീട് സംസ്ഥാന ഐ.ടി മന്ത്രി ചെയർമാനായ ജനറൽ ബോഡിയുടെ അംഗീകാരവും നേടിയാണ് തസ്തികകൾ സൃഷ്ടിക്കുന്നത്.

**VIII. ഇൻഫോപാർക്കിലെ ശമ്പള പരിഷ്കരണം**

ഇൻഫോപാർക്കിലെ ഉദ്യോഗസ്ഥരുടെ ശമ്പളഘടന ടെക്നോപാർക്കിന് സമാനമായി 4.4.2007 ലെ രണ്ടാമത് ജനറൽ ബോഡി മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇൻഫോപാർക്കിലെ ആദ്യ ശമ്പള പരിഷ്കരണം 01.04.2007 പ്രാബല്യത്തിൽ ടെക്നോപാർക്ക്/കെ എസ് ഐ ഡി സി ജീവനക്കാർക്ക് അനുവദിച്ച മാതൃകയിൽ ഇൻഫോപാർക്കിന്റെ 15.07.2009 ലെ 17-ാമത് ബോർഡ് മീറ്റിംഗിലെ 17.04.01 നമ്പർ തീരുമാനത്തിലൂടെ അനുവദിച്ചിട്ടുണ്ട്. ഇൻഫോപാർക്കിലെ രണ്ടാമത് ശമ്പള പരിഷ്കരണം അതിന്റെ 11-ാമത് ജനറൽ ബോഡിയുടെ 11.16.02 നമ്പർ തീരുമാനപ്രകാരം അനുവദിക്കുകയുണ്ടായി. 01.04.2012 പ്രാബല്യത്തിൽ അനുവദിച്ചിട്ടുള്ള ഈ ശമ്പള പരിഷ്കരണം ടെക്നോ പാർക്ക് / കെ എസ് ഐ ഡി സി ജീവനക്കാർക്ക് അനുവദിച്ച സർക്കാർ ജീവനക്കാരുടെ 9 -ാമത് ശമ്പളപരിഷ്കരണ ഉത്തരവിന് അനുസൃതമായിട്ടാണ് അനുവദിച്ചത്. സർക്കാർ ജീവനക്കാരുടെ 1 0 - ാം ശമ്പളപരിഷ്കരണം (GO(P) No.7/2016/FIN) ഇൻഫോപാർക്ക് ജീവനക്കാർക്ക് 01.04.2017 പ്രബല്യത്തിൽ അനുവദിക്കുന്നതിന് 20.12.2018 ലെ അതിന്റെ പന്ത്രണ്ടാമത് ജനറൽ ബോഡി അംഗീകാരം നൽകി. ഇതുപ്രകാരം ശമ്പളം പരിഷ്കരിക്കുന്നതിനായി 01.04.2017 – ൽ നിലവിലുള്ള 109% ഡി എ യിൽ 95% ഡി എ ലയിപ്പിക്കുകയും ബാക്കി 1 4 % ശമ്പളത്തോടെ അനുവദിക്കുകയും ചെയ്തു. ഇതേ പ്രകാരമാണ് മുൻ ശമ്പള പരിഷ്കരണങ്ങളിലും ശമ്പള ഫിക്സേഷൻ നടത്തിയിട്ടുള്ളത്. 20.01.2016-ലെ ഉത്തരവ് പ്രകാരം 80% ഡി.എ ലയിപ്പിച്ച്കൊണ്ടാണ് 01.07.2014-പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളത് 01.07.2014 തീയതിയ്ക്ക് പകരം 01.04.2017 തീയതിയിൽ ശമ്പളം പരിഷ്കരിക്കുന്നതിലൂടെ പുതിയ അടിസ്ഥാന ശമ്പളത്തിൽ താഴെ പറയുന്ന വർദ്ധനവ് വന്നിട്ടുണ്ടെന്ന് കാണാവുന്നതാണ്.

1. 80% ത്തിന് പകരം 95% ഡി.എ. ലയിപ്പിക്കുന്നതിലൂടെ അടിസ്ഥാന ശമ്പളത്തിൽ 15% ത്തിന്റെ വർദ്ധനവ്.

2. 01.07.2014-ന് മുൻപ് സർവ്വീസിൽ വന്നവർക്ക് സർവ്വീസ് വെയിറ്റേജ് ഇനത്തിൽ 2 വർഷം കൂടുതൽ ലഭിക്കുകയും ഇതിലൂടെ 10% വർദ്ധനവ് ലഭിക്കുകയും ചെയ്യുന്നു.

സർക്കാർ അനുമതിയില്ലാതെ സൃഷ്ടിച്ച തസ്തികകളിൽ ശമ്പളപരിഷ്കരണം അനുവദിച്ചത് സംബന്ധിച്ച് ഇൻഫോപാർക്ക് അധികൃതരുടെ വിശദീകരണം ഇപ്രകാരമായിരുന്നു. ഇൻഫോപാർക്ക് നിയമനങ്ങളെല്ലാം സർക്കാർ അംഗീകൃത മെമ്മോറണ്ടം പ്രകാരം ഇൻഫോപാർക്ക് ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും അനുമതിയോടുകൂടി നിർവ്വഹിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അധികാരപ്പെടുത്തിയിരിക്കുന്നുവെന്നും അപ്രകാരം യഥാവിധി അനുമതിയോടുകൂടി അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ നടത്തപ്പെട്ട നിയമനങ്ങളിലാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളതെന്നുമായിരുന്നു. 01.07.2014 ന് പകരം 01.04.2017 അടിസ്ഥാനമാക്കി 95% ഡി.എ. ലയിപ്പിച്ച് ശമ്പളം പരിഷ്കരിക്കുന്നത് തുടർന്നുള്ള പരിഷ്കരണങ്ങളിലും ഭീമമായ ശമ്പള വർദ്ധനവിന് കാരണമാവുന്നു.

ഇപ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ശരിയല്ല എന്ന് സ്ക്വാഡ് നിരീക്ഷിക്കുന്നു. തെറ്റായ ഈ കീഴ്വഴക്കം തുടരുന്നതിനുവേണ്ടിയാണ്, ശമ്പളപരിഷ്കരണത്തിലടക്കം സർക്കാരിന്റെ മുൻകൂർ അനുമതി വ്യവസ്ഥചെയ്തുകൊണ്ട് ഇൻ ഫോപാർ ക്കിന്റെ M O A യും Rules & Regulations ഉം ഭേദഗതിചെയ്യണമെന്നുള്ള ധനകാര്യ വകുപ്പിന്റെ 09.07.2010 ലെ 20694/PUD3/2010/ധന അനൗദ്യോഗിക കുറിപ്പിലെ നിർദ്ദേശങ്ങൾ ബോധപൂർവ്വം നടപ്പാക്കാത്തതെന്ന് ധനകാര്യ പരിശോധന വിഭാഗം മനസിലാക്കുന്നു. മേൽപ്രകാരം തെറ്റായ നിലയിൽ ശമ്പള പരിഷ്കരണം അനുവദിച്ചതിന്റെ പേരിൽ ഉണ്ടായ അധിക സാമ്പത്തിക

ബാധ്യത ഭരണവകുപ്പ് തിട്ടപ്പെടുത്തേണ്ടതും ആയത് ഉത്തരവാദികളായവരിൽ നിന്നും വസൂലാക്കേണ്ടതുമാണ്.

**IX. <u>സി.എൻ.വി. ആക്ട്</u>**

1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്(സി.എൻ.വി ആക്ട്) പ്രകാരം സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലസ്ഥാപനങ്ങൾ/ എന്നിവിടങ്ങളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലസ്ഥാപനങ്ങൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/ സർക്കാർ ഗ്രാന്റ് ലഭിക്കുന്ന മറ്റുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തേണ്ടത് സി.എൻ.വി ആക്ട് പ്രകാരമാണ്. എന്നാൽ ഇൻഫോ പാർക്കിൽ നാളിതുവരെ എംപ്ലോയിമെൻറ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുകയോ, നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**X.** ഇൻഫോപാർക്ക് കേരളയുടെ 2011-12 സാമ്പത്തിക വർഷം മുതലുള്ള ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളിലെ വ്യത്യാസം (ലാഭം/നഷ്ടം) ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക |
|---|---|
| 2011-12 | 43,89,769 (Deficit) |
| 2012-13 | 1,39,75,777 (surplus) |
| 2013-14 | 3,47,15,462 (surplus) |
| 2014-15 | 3,77,13,578 (surplus) |
| 2015-16 | 2,80,64,346 (surplus) |
| 2016-17 | 5,68,65,317 (Deficit) |
| 2017-18 | 5,04,83,535 (Deficit) |
| 2018-19 | 4,68,96,910 (surplus) |

MoA പ്രകാരം (ചട്ടം 4 ) ഇൻഫോപാർക്കിന്റെ വരുമാനവും ആസ്തികളും അതിന്റെ അഭിവൃദ്ധിക്കുവേണ്ടി മാത്രം ഉപയോഗിക്കാവുന്നതാണ്. തനത് ഫണ്ടിന്റെ വിനിയോഗ വിശദാംശങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ നൽകിയ മറുപടിയിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നുള്ള വായ്പ 3908.55 ലക്ഷം രൂപയുടെ വായ്പ തിരിച്ചടവ് തീർത്തതും, ഫെഡറൽ ബാങ്കിൽ നിന്നുള്ള 4336.15 ലക്ഷം രൂപയുടെ വായ്പ തിരിച്ചടച്ച് തീർത്തതും, ഭൂമി ഏറ്റെടുക്കലും, അടിസ്ഥാന സൗകര്യ വികസനവുമായി 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ബഡ്ജറ്റ് വിഹിതത്തിന് അധികരിച്ച് വന്ന 1245.9 ലക്ഷം രൂപ ചെലവഴിച്ചതും, 2019-20 സാമ്പത്തിക വർഷത്തിൽ ഭൂമി ഏറ്റെടുക്കലിന്റെ നഷ്ടപരിഹാരം നൽകുന്ന ഇനത്തിലെ 7798 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്ന് വിനിയോഗിച്ചതായും അറിയിച്ചിരിക്കുന്നു.

**കണ്ടെത്തലുകൾ**

1. MoA ബൈലോ റൂൾസ് & റെഗുലേഷൻസ് എന്നിവയുടെ പരിഷ്കരണം, തസ്തിക രൂപീകരണം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം, ശമ്പള പരിഷ്കരണം എന്നിവയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി നിലവിലെ MoA, ബൈലോ, റൂൾസ് & റെഗുലേഷൻസ് പരിഷ്കരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ധനകാര്യ വകുപ്പ് 09.07.2010ലെ 20694/PUD3/2010/ധന പ്രകാരം അനൗദ്യോഗികകുറിപ്പ് നൽകിയിരുന്നെങ്കിലും ആയത് ഇൻഫോപാർക്ക് ഇതുവരെ നടപ്പാക്കിയിട്ടില്ല. മറിച്ച് പ്രസ്തുത വിഷയം ചർച്ച ചെയ്ത 6-ാം ജനറൽബോഡി മേൽപ്പടി നിർദ്ദേശങ്ങളിൽ ബോർഡ്/ജനറൽബോഡി സൃഷ്ടിച്ച തസ്തികകളിൽ സർക്കാർ അംഗീകാരം തേടണമെന്ന വ്യവസ്ഥ റൂൾസ് & റെഗുലേഷൻ സിന്റെ 15, 16 ക്ലോസുകളിൽ കൂട്ടിചേർക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ആ തീരുമാനവും ഇൻഫോപാർക്കിൽ നാളിതുവരെ നടപ്പാക്കിയിട്ടില്ല.

2. ഇൻഫോപാർക്കിന്റെ ജനറൽബോഡി അംഗീകരിച്ച Organisational Structureൽ ഇല്ലാത്തതും, ചട്ടപ്രകാരം നിയമിക്കാത്തതുമായ സൈറ്റ് എഞ്ചിനീയർ, സൈറ്റ് അസിസ്റ്റന്റ് തസ്തികകളെ 30.01.20 ലെ 13-ാം ജനറൽ ബോഡി സർക്കാർ അംഗീകാരത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

3. ഇൻഫോപാർക്കിന്റെ ജനറൽബോഡി അംഗീകരിച്ച Organisational Structureൽ ഇല്ലാത്തതും, ചട്ടപ്രകാരം നിയമിക്കാത്തതുമായ സൈറ്റ് എഞ്ചിനീയർ തസ്തികയിലെ ജീവനക്കാരായ ശ്രീ. അബ്ദുൽ സമദ്, ശ്രീമതി. നിവ്യബാബു എന്നിവരെ സർക്കാർ ഉത്തരവ് പ്രകാരം തസ്തികയായി KSITIL ലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.

4. സർക്കാർ അംഗീകാരമില്ലാതെ സൃഷ്ടിച്ച തസ്തികകളിൽ ശമ്പളസ്കെയിൽ അനുവദിക്കുന്നു.

5. ഇൻഫോപാർക്കിൽ അംഗീകാരമില്ലാതെ സൃഷ്ടിച്ച തസ്തികകളിൽ ജീവനക്കാർക്ക് 20.01.2016 ലെ GO(P)No.7/2016/Fin ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിന് അനുമതി നൽകുകയും ടി ഉത്തരവിന് വിരുദ്ധമായി 01.04.2017 പ്രാബല്യത്തിൽ 95-% ഡി എ ലയിപ്പിച്ച് ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്തു.

6. ഇൻഫോപാർക്കിൽ ആദ്യം നിയമിച്ച 1 0 ജീവനക്കാരുടെ നിയമനം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

7. അപ്രൻറീസ്, ട്രെയിനീ, എന്നിങ്ങനെ നിയമിച്ചവരെ വിജ്ഞാപനം അപേക്ഷ എന്നിവയില്ലാതെ കരാർ അടിസ്ഥാനത്തിൽ സൈറ്റ് എഞ്ചിനീയർ, സൈറ്റ് അസിസ്റ്റൻറുമാരായി നിയമിച്ചു.

**ശിപാർശകൾ**

**1. )** ധനകാര്യ വകുപ്പിന്റെ 09.07.2010ലെ 20694/PUD3/2010/ധന അനൗദ്യോഗിക കുറിപ്പിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഇൻഫോപാർക്കിന്റെ MoA, ബൈലോ, റൂൾസ് & റെഗുലേഷൻസ് എന്നിവ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന നിർദ്ദേശം ഭരണ വകുപ്പിന് നൽകാവുന്നതാണ്.

2. ) സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന തസ്തികകളിൽ Organisational Structure ൽ ഇല്ലാത്ത സൈറ്റ് എഞ്ചിനീയർ, സൈറ്റ് അസിസ്റ്റന്റ് എന്നീ തസ്തികകൾ കൂടി ഉൾപ്പെടുത്തിയത് ക്രമവിരുദ്ധമാണ്. ഇത് ഭരണ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

3. ) ഇൻഫോപാർക്കിന്റെ ജനറൽബോഡി അംഗീകരിച്ച Organisational Structure പ്രകാരം നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ 15 തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ഭരണവകുപ്പിന് നൽകാവുന്നതാണ്.

4. ) ഇൻഫോപാർക്കിന്റെ Organisational Structure ൽ ഉൾപ്പെടാത്ത site assistant തസ്തികയിൽ ചട്ടപ്രകാരമുള്ള തിരഞ്ഞെടുപ്പ് നടപടികൾ അവലംബിക്കാതെ ശ്രീ.ആൽവിൻ ബാബുവിനെ നിയമിച്ച നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

5. ) ITES Habitat എന്ന സ്ഥാപനത്തിലെ അപ്രന്റീസ് ആയിരുന്ന, ഇൻഫോപാർക്കിന്റെ Organisational Structure ൽ ഉൾപ്പെടാത്ത സൈറ്റ് എൻജിനീയർ തസ്തികയിൽ ടിസ സക്കറിയ, നിവ്യബാബു എന്നിവരെ നിയമിച്ച്, വാർഷിക ശമ്പള വർദ്ധനയോടെ ഇൻഫോപാർക്കിൽ തുടരാൻ അനുവദിച്ചത് ക്രമവിരുദ്ധമാണ്. ഇത് ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

6. ) ഇൻ ഫോപാർ ക്കിന്റെ Organisational Structure ൽ ഉൾപ്പെടാത്ത സൈറ്റ് എൻജിനീയർ തസ്തികയിൽ ചട്ടപ്രകാരമുള്ള തിരഞ്ഞെടുപ്പ് നടപടികൾ അവലംബിക്കാതെ ശ്രീ.അബ്ദുസമദിനെ നിയമിച്ച നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് ഭരണവകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

7. ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പള പരിഷ്കരണം അനുവദിച്ചതിന് ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടി ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

8. ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യോഗ്യതയുള്ളവരെ ലഭ്യമായില്ലെങ്കിൽ മാത്രമേ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഡയറക്ട് ഇന്റർവ്യൂ വഴി നിയമനം നടത്താവൂ എന്നും നിയമനം 26.02.2016 ലെ G.O(P)No.28/2016/Fin ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണമെന്നുമുള്ള നിർദ്ദേശം ഭരണ വകുപ്പിന് നല്കാവുന്നതാണ്.

9. ) നിലവിൽ ഇൻഫോപാർക്കിൽ ഫിനാൻസ് ഓഫീസറുടെയും, അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെയും തസ്തിക ഉണ്ടെങ്കിലും സർക്കാർ നയങ്ങൾക്ക് അനുസൃതമായി സുതാര്യമായ നടപടികൾ സ്വീകരിക്കുന്നതിന് ടി തസ്തികകളിൽ സർക്കാർ തലത്തിൽ ആളെ നിയമിക്കുന്നതാണ് ഉചിതം. ആയതിനാൽ ഇൻഫോപാർക്കിൽ സർക്കാർ തലത്തിലുള്ള ഫിനാൻസ് ഓഫീസറെയും, അഡ്മിനിസ്ട്രേറ്റിവ് ഓഫീസറെയും നിയമിക്കാവുന്നതാണ്.

<u>**അനുബന്ധം 1**</u>

ഇൻഫോപാർക്കിലെ ജനറൽ ബോഡി അംഗീകരിച്ചിട്ടുള്ള തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തിക അംഗീകരിച്ച ഉത്തരവ് നം., തീയതി | തസ്തിക യുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1. | സീനിയർ ടെക്നിക്കൽ അഡ്വൈസർ | | 1 | ഈ തസ്തിക KSITILലേക്ക് GO(Rt) No.158/2017 തീയതി 11.07.17 പ്രകാരം മാറ്റപ്പെട്ടു. |
| 2 | സീനിയർ മാനേജർ (ബിസിനസ്സ് ഡെവലപ്മെന്റ്) | | 1 | ഈ തസ്തിക സീനിയർ മാനേജർ ഓപ്പറേഷൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്. |
| 3. | മാനേജർ അഡ്മിനിസ്ട്രേഷൻ | | 1 | ഇതേ തസ്തികയിൽ തുടരുന്നു. |
| 4. | അസിസ്റ്റന്റ് മാനേജർ മാർക്കറ്റിംഗ് | | 1 | ഈ തസ്തികയിൽ നിയമിച്ച ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റം ലഭിച്ച് മാനേജർ മാർക്കറ്റിംഗ് ആയി മാറിയിട്ടുണ്ട്. |
| 5 | ഫിനാൻസ് ഓഫീസർ | | 1 | നിലവിൽ ഈ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. |
| 6 | സീനിയർ എഞ്ചിനീയർ ഇലക്ട്രിക്കൽ | | 1 | ഈ തസ്തികയിൽ നിയമിച്ച ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റം ലഭിച്ച് മാനേജർ പ്രോജക്ട്സ് ആയി തുടരുന്നു. |
| 7 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | | 1 | ഇതേ തസ്തികയിൽ തുടരുന്നു. |
| | | ഇൻഫോപാർക്ക് 2-ാം ജനറൽ ബോഡി തീയതി 04.04.07 | | |

| | | | | |
|---|---|---|---|---|
| 8 | സീനിയർ എഞ്ചിനീയർ സിവിൽ | | 3 | ഒരു തസ്തിക KSITILലേക്ക് GO(Rt) No.102/2019/ITD തീയതി 22.05.19 പ്രകാരം മാറ്റപ്പെട്ടു. രണ്ടാമത് തസ്തിക രാജിവെച്ചതിനെ തുടർന്ന് ഒഴിഞ്ഞുകിടക്കുന്നു, മൂന്നാമത്തെ തസ്തികയിൽ നിയമിച്ച ഉദ്യോഗസ്ഥൻ നിലവിൽ സ്ഥാനക്കയറ്റം ലഭിച്ച് മാനേജർ പ്രോജക്ട്സ് ആയി തുടരുന്നു. |
| 9 | സീനിയർ ഓഫീസ് അസിസ്റ്റന്റ് | | 1 | ഈ തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. |
| 10. | എൻജിനീയർ ഇലക്ട്രോമെക്കാനിക്കൽ | | 2 | ഈ തസ്തികയിൽ നിയമിച്ച ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം ലഭിച്ച് എൻജിനീയർ പ്രോജക്ട്സ് ആയി തുടരുന്നു. |
| 11 | സൂപ്പർവൈസർ ഇൻഫ്രാസ്ട്രക്ച്ചർ | | 1 | ഈ തസ്തികയിൽ നിയമിച്ച ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം ലഭിച്ച് സീനിയർ എക്സിക്യൂട്ടീവ് ആയി തുടരുന്നു. |
| 12 | ജനറൽ മാനേജർ മാർക്കറ്റിങ് | ഇൻഫോപാർക്ക് 4-ാം ജനറൽ ബോഡി തീയതി 20.05.09 | 1 | തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. |
| 13 | ഫിനാൻസ് മാനേജർ | | 1 | ഇതേ തസ്തികയിൽ തുടരുന്നു |
| 14 | സീനിയർ എഞ്ചിനീയർ സിവിൽ | | 1 | തസ്തികകൾ KSITILലേക്ക് GO(Rt)No.102/2019/ITD തീയതി 22.05.19 പ്രകാരം മാറ്റപ്പെട്ടു. |
| 15 | ഇലക്ട്രിക്കൽ എഞ്ചിനീയർ | | 1 | |
| 16 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | | 1 | ഈ തസ്തികയിൽ നിയമിച്ച ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം ലഭിച്ച് സീനിയർ എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേഷൻ ആയി തുടരുന്നു. |

| | | | | |
|---|---|---|---|---|
| 17 | ഇലക്ട്രിക്കൽ എഞ്ചിനീയർ | ഇൻഫോപാർക്ക് 5-ാം ജനറൽ ബോഡി തീയതി 07.01.10 | 1 | ഈ തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. |
| 18 | ജൂനിയർ ഇലക്ട്രിക്കൽ എൻജിനീയർ | | 2 | ഒരു തസ്തിക KSITILലേക്ക് GO(Rt) No.102/2019/ITD തീയതി 22.05.19 പ്രകാരം മാറ്റപ്പെട്ടു. രണ്ടാമത്തെ തസ്തികയിൽ ജീവനക്കാരൻ തുടരുന്നു. |
| 19 | സിവിൽ എഞ്ചിനീയർ | | 3 | രണ്ട് തസ്തികകൾ KSITILലേക്ക് GO(Rt) No.102/2019/ITD തീയതി 22.05.19 പ്രകാരം മാറ്റപ്പെട്ടു. മൂന്നാമത് നിലവിൽ സ്ഥാനക്കയറ്റം ലഭിച്ച് എഞ്ചിനീയർ പ്രോജക്ട്സ് ആയി തുടരുന്നു. |
| 20 | ഫിനാൻസ്/ അക്കൗണ്ട്സ് ഓഫീസർ | | 3 | രണ്ട് തസ്തികയിൽ നിയമിച്ച ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റം ലഭിച്ച് സീനിയർ എക്സിക്യൂട്ടീവ് അക്കൗണ്ട്സ് ആയി തുടരുന്നു. ഒരു തസ്തിക ഒഴിഞ്ഞു കിടക്കുന്നു. |
| 21 | അഡ്മിനിസ്ട്രേറ്റീവ്/ സെക്യൂരിറ്റി ഓഫീസർ | | 3 | മൂന്ന് തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. |
| 22 | ഓഫീസ് അസിസ്റ്റന്റ് | | 3 | മൂന്ന് തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. |

<u>അനുബന്ധം 2</u>

ഇൻഫോ പാർക്കിൽ നാളിതുവരെ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | ജീവനക്കാരന്റെ പേര് | നിയമിച്ച തസ്തിക | വിദ്യാഭ്യാസ യോഗ്യത | മുൻകാല പ്രവൃത്തി പരിചയം | നിയമനരീതി | ജോലിയിൽ പ്രവേശിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | കെ കുര്യൻ | സീ.ടെക്നിക്കൽ അഡ്വൈസർ | B.Tech (Civil) | 3 Years 10 months | KINFRA നിന്നും മാറ്റി നിയമിച്ചത്. | 1.11.2003 | |
| 2. | പി എസ് സിനി | പ്രൊജക്ട് മാനേജർ | B.Tech (Civil), MBA | 3 Years 6 months | KINFRA നിന്നും മാറ്റി നിയമിച്ചത്. | 01.11.2003 | |
| 3. | ടിനി തോമസ് | എഞ്ചിനീയർ സിവിൽ | B.Tech (Civil) | 6.5 Years | KINFRA നിന്നും മാറ്റി നിയമിച്ചത്. | 01.11.2003 | |
| 4. | വി ആർ വിജയൻ | സീ.എഞ്ചിനീയർ (ഇലക്ട്രിക്കൽ) | B.Tech (Electrical | 12.5 months | ഇൻഫോ പാർക്കിൽ നേരിട്ട് നിയമിച്ചത് | 28.07.2006 | നിയമനം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭിച്ചില്ല. |
| 5. | അരുൺ ബാബു ചാക്കോ | എഞ്ചിനീയർ (ഇ എം) | B.Tech (Electrical) | 1 year | " | 01.02.2005 | |
| 6. | രഞ്ജിത്ത് കുമാർ | സൂപ്പർവൈസർ ഇലക്ട്രിക്കൽ | B.Tech (Electrical) | 1.5 years | " | 01.05.2007 | |
| 7. | ദിനേശ് ഗോപാൽ | സൂപ്പർവൈസർ | ITI | 4.9 Years | " | 17.11.2004 | |
| 8. | നിഷാന്ത് കുമാർ | മാനേജർ (ബിസിനസ് ഡെവലപ്മെന്റ്) | Bsc Electronics, PG in Computer Management | 4.5 Years | " | 01.07.2004 | |
| 9. | റെജി കെ തോമസ് | സീ.ഓഫീസർ അഡ്മിനിസ്ട്രേഷൻ | B.Com, Deploma in Business Management | 14.5 Years | " | 24.06.2004 | |
| 10. | ഹേസൽ ലോപസ് | സീനിയർ എക്സിക്യൂട്ടീവ് | Diploma in Secretarial Course | 14.5 Years | " | 21.06.2004 | |
| 11. | ജിതി ആർ | ക്വാളിറ്റി സർവേയർ | BE Civil Engineering | 8.6 Years | KINFRA നിന്നും മാറ്റി നിയമിച്ചത്. | 01.11.2003 | നിയമനം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭിച്ചില്ല. KSITIL ലേക്ക് മാറ്റി നിയമിച്ചു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 12. | മനോജ് ചുമ്മാർ | സീ. എഞ്ചിനീയർ (സിവിൽ) | B.Tech (Civil) | 14.7 വർഷം | വിജ്ഞാപനം, അഭിമുഖം എന്നിവ വഴി നിയമിച്ചത് | 10.03.2008 | GO(Rt)No.102/2019/ITD dt.22.05.19 പ്രകാരം ഡെപ്യൂട്ടി മാനേജർ(സിവിൽ) തസ്തികയിൽ KSITILലേക്ക് മാറ്റി നിയമിച്ചു. |
| 13. | ജിതേഷ് കെ പി | സിവിൽ എഞ്ചിനീയർ | B.Tech (Civil) | 3.5 വർഷം | " | 23.07.2010 | GO(Rt)No.102/2019/ITD dt.22.05.19 പ്രകാരം എഞ്ചിനീയർ സിവിൽ തസ്തികയിൽ KSITILലേക്ക് മാറ്റി നിയമിച്ചു. |
| 14. | ശരത് ചന്ദ്രൻ വി എസ് | ഇലക്ട്രിക്കൽ എഞ്ചിനീയർ | B.Tech (Electrical & Electronics) | 3.5 വർഷം | " | 30.09.2010 | GO(Rt)No.102/2019/ITD dt.22.05.19 പ്രകാരം എഞ്ചിനീയർ ഇലക്ട്രിക്കൽ തസ്തികയിൽ KSITILലേക്ക് മാറ്റി നിയമിച്ചു. |
| 15. | അരുൺ രാജീവൻ | അസിസ്റ്റൻറ് മാനേജർ (മാർക്കറ്റിംഗ്) | MBA ( Marketing) | 4.9 Years | " | 02.05.2009 | |
| 16. | ജോസ് എഫ് തേക്കാനത്ത് | ഇലക്ട്രിക്കൽ എഞ്ചിനീയർ | B.Tech (Electrical & Electronics) | 4 Years | " | 10.08.2010 | |
| 17. | ഭാഗ്യലക്ഷമി എ ജി | അക്കൗണ്ടൻറ് | M.Com, Tally | 2.9 Years | " | 07.07.2008 | |
| 18. | സന്ധ്യ ബി മേനോൻ | അക്കൗണ്ടൻറ് കം ഓഫീസ് അസിസ്റ്റൻറ് | M.Com, Tally | 2.11 Years | " | 27.11.2008 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 19. | അനിൽ എം | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് | M.A | 3.6 Years | " | 09.03.2011 | |
| 20. | സജിത്ത് എൻ ജി | അഡ്മിനിസ്ട്രേറ്റീവ് / സെക്യൂരിറ്റി ഓഫീസർ | MBA | 8 years | " | 10.03.2011 | |
| 21. | ആൽവിൻ ബാബു വി. വി | സൈറ്റ് സൂപ്പർവൈസർ | ITI (completed) | 12 years | നേരിട്ടുള്ള നിയമനം | 22.08.2009 | |
| 22. | നോബിൾ ഇഗ്നേഷ്യസ് | എഞ്ചി. സിവിൽ | B.Tech (Civil) | 5.9 Years | വിജ്ഞാപനം, അഭിമുഖം എന്നിവ വഴി നിയമിച്ചത് | 06.07.2012 | |
| 23. | ഹരിലാൽ എച്ച് | ഇലക്ട്രിക്കൽ എഞ്ചിനീയർ | B.Tech (Electrical & Electornics) | 6 Years | " | 17.06.2013 | |
| 24. | ശ്രീജിത്ത് ചന്ദ്രൻ | സീ. മാനേജർ ഓപ്പറേഷൻസ് | PGDBA | 7.1 Years | " | 23.10.2013 | |
| 25. | ടിസ സക്കറിയ | സൈറ്റ് എഞ്ചി. | B.Tech (Civil) | 6 Months | ITEShabitat കൈമാറി കിട്ടിയപ്പോൾ അവിടെ അപ്രന്റീസായിരുന്നു. | 18.01.2014 | |
| 26. | അരുൺ എസ് | ജൂ. ഇലക്ട്രിക്കൽ എഞ്ചി. | B.Tech (Electrical & Electornics) | 2.2 Years | " | 02.05.2014 | |
| 27. | സന്തോഷ് കെ എം | ജൂ. ഇലക്ട്രിക്കൽ എഞ്ചി. | B.Tech (Electrical & Electronics) | 3.5 Years | " | 03.07.2013 | GO(Rt)No.289/2017/E&ITD dt.16.11.17 പ്രകാരം എഞ്ചിനീയർ ഇലക്ട്രിക്കൽ തസ്തികയിൽ KSITIL ലേക്ക് മാറ്റി നിയമിച്ചു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 28. | രജിത്ത് ഗോപിന ാഥ് | സിവിൽ എഞ്ചി നീയർ | B.Tech (Civil ) | 6.5 Yea rs | " | 25.09.2009 | GO(Rt)No.2 89/2017/E&I TD dt.16.11.1 7 പ്രകാരം എഞ്ചിനീയ ർ സിവിൽ തസ്തികയിൽ KSITILലേക്ക് മാറ്റി നിയമി ച്ചു. |
| 29. | റോഷിനി മേരി ത ോമസ് | സീ. ടെക്നിക്കൽ അഡ് വൈസർ | B.Tech (Civil )& Diploma in Managem ent (ICFAI) | 16 Year s | " | 24.03.2014 | GO(Rt)No.1 58/2017/E&I TD dt.11.07.2 017 പ്രകാരം സീ. ടെക്നിക് കൽ അഡ് വൈസർ ത സ്തികയിൽ KSITILലേക്ക് മാറ്റി നിയമി ച്ചു. |
| 30. | നിവ്യ ബാബു | സൈറ്റ് എഞ്ചി. | B.Tech (Ele ctrical) | 6 Month s | ITES habitat കൈമാറി കിട്ട ിയപ്പോൾ അവിടെ അപ് രന്റീസായിരു ന്നു. | 01.11.2013 | GO(Rt)No.1 02/2019/ITD dt.22.05.19 പ്രകാരം എ ഞ്ചിനീയർ ഇലക്ട്രിക്കൽ തസ്തികയിൽ KSITILലേക്ക് മാറ്റി നിയമി ച്ചു. |
| 31. | അബ്ദുൾ സമദ് | എഞ്ചി. ട്രെയിനി | B.Tech (Civil ) | | ട്രെയിനിയായി നേരിട്ട് നിയമി ച്ചത് | 17.10.2012 | GO(Rt)No.2 89/2017/E&I TD dt.16.11.1 7 പ്രകാരം എഞ്ചിനീയ ർ സിവിൽ തസ്തികയിൽ KSITILലേക്ക് മാറ്റി നിയമി ച്ചു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 32. | രാജേന്ദ്രകുമാർ | മാനേജർ ഫിനാൻസ് | FCA & LLB | 22 Years | " | 09.07.2012 | രാജി വെച്ചു |
| 33. | നിഖിൽ രാജഗോപാൽ | ജൂ. അക്കൗണ്ട്സ് ഓഫീസർ | M.Com & ICWAI (Inter) | 3.5 Years | " | 01.02.2013 | രാജി വെച്ചു |
| 34. | ശ്രീനിവാസ് കെ പൈ | എഞ്ചി. സിവിൽ | B.Tech Civil | 4 Years | " | 14.12.2012 | രാജി വെച്ചു |
| 35. | സന്തോഷ് വി | മാനേജർ ഫിനാൻസ് | ICWAI | 18 Years<br>5 months | " | 21.08.2017 | |
| 36. | സച്ചിൻ | എക്സി. അക്കൗണ്ട്സ് | M.com | 4 Years | പുറം കരാർ നിയമനം | 17.07.2017 | Pearl OutSourcing Pvt Ltd എന്ന ഓഡിറ്റിങ്ങ് കമ്പിനി മുഖേന നിയമിച്ചത് ( രാജി വെച്ചു) |
| 37. | ശ്രുതി | ജൂ.എക്സി അക്കൗണ്ട്സ് | B.Com | | " | 01.11.2017 | |
| 38. | അജയ് എസ് | എക്സി. അക്കൗണ്ട്സ് | B.Com & M.Com (Course Completed) | | " | 30.10.2012 | Sterling and Wilson Manpower Company മുഖേന നിയമിച്ചത് |
| 39. | അനുപോൾ | ഫ്രണ്ട് ഓഫീസ് എക്സി. | MCA | 5 Months | " | 13.09.2017 | |
| 40. | ശ്രീരാഗ് | എക്സി അക്കൗണ്ട്സ് | M.Com & CA (inter) | | | 07.09.2017 | Pearl OutSourcing Pvt Ltd എന്ന ഓഡിറ്റിങ്ങ് കമ്പിനി മുഖേന നിയമിച്ചത് |
| 41. | ആതിര പി അശോക് | ജൂ. എക്സി അക്കൗണ്ട്സ് | B.Com | | " | 01.07.2019 | |
| 42. | വൈശാഖ് വി പി | എക്സി അക്കൗണ്ട്സ് | B.Com, M.Com ( Distance Education) | 7.5 Years | " | 19.03.2013 | |
| 43. | രാജേന്ദ്രൻ കെ പി | ലയ്സൺ ഓഫീസർ ( എൽ എ ആർ) | Rtd. Dy. Collector | 31 years | നേരിട്ടുള്ള നിയമനം | 21.10.2016 | |
| 44. | വി എൻ പി കൈമൾ | Advisor for Legal Liaisoning & HR | B.Tech | 30 years | " | 07.08.2015 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 45. | ആദിത്യൻ മണാലി | Legal Consultant | LLM | 3 years | " | 01.12.2018 | |
| 46. | നസ്മൽ എ | ഇലക്ട്രിക്കൽ എഞ്ചിനീയർ | B.tech Electrical & EE | 2 years | വിജ്ഞാപനം, അഭിമുഖം എന്നിവ വഴി നിയമിച്ചത് | 05.02.2008 | 31.05.13 ന് രാജിവെച്ചു |
| 47. | ബിനോയ് കെ കെ | സിവിൽ എഞ്ചിനീയർ | B.Tech Civil | 5.6 years | " " | 06.10.2008 | 14.07.2009 ന് രാജിവെച്ചു |
| 48. | കണ്ണൻ എസ് വെളിഞ്ഞറ | സൈറ്റ് എഞ്ചിനീയർ സിവിൽ | B.Tech Civil | 2 years | " " | 14.09.2009 | 31.10.2012 ന് രാജിവെച്ചു |
| 49. | എം എം സരിത | എക്സി അക്കൗണ്ട്സ് | M.com | 4.7 years | " " | 27.02.2011 | 07.04.2011 ന് രാജിവെച്ചു |
| 50. | രവീന്ദ്രൻ ടി എം | അക്കൗണ്ട്സ് ഓഫീസർ | ICWAI | 20 years | " " | 01.03.2008 | മരണപ്പെട്ടു |
| 51 | രതീഷ് എം എ | ഓഫീസ് അറ്റൻഡൻറ് | +2, ഇലക്ട്രിക്കൽ വർമാൻ | ---- | ITEShabitat കൈമാറി കിട്ടിയപ്പോൾ അവിടെ അപ്രന്റീസായിരുന്നു. | 01.02.2014 | 19.04.2015 ന് രാജിവെച്ചു |

**<u>അനുബന്ധം 3</u>**

ഇൻഫോപാർക്കിൽ നിലവിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | തസ്തികയുടെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | ശമ്പള സ്കെയിൽ | അടിസ്ഥാന ശമ്പളം,മറ്റ ആനുകൂല്യങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശ്രീജിത്ത് ചന്ദ്രൻ എസ് | സീനിയർ മാനേജർ ഓപ്പറേഷൻസ് | 23.10.2013 | 68700-110400 | 89000, 26100 | |
| 2 | റെജി കെ തോമസ് | മാനേജർ അഡ്മിനിസ്ട്രേഷൻ | 24.06.2004 | 68700-110400 | 97000, 22900 | |
| 3 | അരുൺ രാജീവൻ | മാനേജർ മാർക്കറ്റിംഗ് | 02.05.2009 | 68700-110400 | 91000, 21700 | |

| | | | | | | |
|---|---|---|---|---|---|---|
| 4 | വിജയൻ വി ആർ | മാനേജർ പ്രോജക്ട്സ് | 28.09.2006 | 68700-110400 | 115200,<br>32340 | |
| 5 | സജിത്ത് എൻ ജി | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 10.03.2011 | 45800-89000 | 72000,<br>22000 | |
| 6 | ടിനി തോമസ് | മാനേജർ പ്രോജക്ട്സ് | 01.11.2003 | 68700-110400 | 97000,<br>27900 | |
| 7 | ജോസ് എഫ് തൈക്കാനത്ത് | എൻജിനീയർ പ്രോജക്ട്സ് | 10.08.2010 | 45800-89000 | 72000,<br>22000 | |
| 8 | ഹരിലാൽ എച്ച് | എൻജിനീയർ പ്രോജക്ട്സ് | 17.06.2013 | 45800-89000 | 58050,<br>4560 | |
| 9 | ദിനേശ് ഗോപാൽ | സീനിയർ എക്സിക്യൂട്ടീവ് | 17.11.2004 | 27800-59400 | 46900,<br>14930 | |
| 10 | സന്തോഷ് വി | ഫിനാൻസ് മാനേജർ | 21.08.2017 | 68700-110400 | 73800,<br>18260 | |
| 11 | അനിൽ എം | സീനിയർ എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേഷൻ | 09.03.2011 | 27800-59400 | 41500,<br>20700 | |
| 12 | അരുൺ എസ് | ജൂനിയർ ഇലക്ട്രിക്കൽ എൻജിനീയർ | 02.05.2014 | 29200-62400 | 37500,<br>12200 | |
| 13 | നോബിൾ ഇഗ്നേഷ്യസ് | എൻജിനീയർ പ്രോജക്ട്സ് | 06.07.2012 | 45800-89000 | 55350,<br>14020 | |
| 14 | ഭാഗ്യ ലക്ഷ്മി എ ജി | സീനിയർ എക്സിക്യൂട്ടീവ് അക്കൗണ്ട്സ് | 07.07.2008 | 27800-59400 | 45800,<br>14710 | |
| 15 | സന്ധ്യ ബി മേനോൻ | | 27.11.2008 | 27800-59400 | 45800,<br>14710 | |
| 16 | റ്റിസ സക്കറിയ | സൈറ്റ് എൻജിനീയർ | 18.01.2014 | 45475 (Consolidated) | | GO(Rt)No.130/2013/ITD 06.06.13പ്രകാരം ITES Habitatൽ നിന്നും മാറ്റി നിയമിച്ചത് |

| | | | | | |
|---|---|---|---|---|---|
| 17 | ആൽവിൻ ബാബു | സൈറ്റ് അസിസ്റ്റൻറ് | 22.08.2009 | 25,650 (consolidated) | കരാർ നിയമനം |
| 18 | അജയ് എസ് | എക്സിക്യൂട്ടീവ് (അക്കൗണ്ട്സ്) | 30.10.2010 | 31,500 (consolidated) | പുറം കരാർ നിയമനം |
| 19 | ശ്രീരാഗ് | എക്സിക്യൂട്ടീവ് (അക്കൗണ്ട്സ്) | 07.09.2017 | 30,000 (consolidated) | പുറം കരാർ നിയമനം |
| 20 | അന്ന പോൾ | ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവ് | 13.09.2017 | 30,000 (consolidated) | പുറം കരാർ നിയമനം |
| 21 | ആതിര | ജൂ.എക്സിക്യൂട്ടീവ് ( അക്കൗണ്ട്സ്) | 01.07.2019 | 18,000 (consolidated) | പുറം കരാർ നിയമനം |
| 22 | വൈശാഖ് വി ടി | എക്സിക്യൂട്ടീവ് (അക്കൗണ്ട്സ്) | 19.03.2020 | 30,000 (consolidated) | പുറം കരാർ നിയമനം |
| 23 | രാജേന്ദ്രൻ കെ പി | Liaison Officer (LAR) | 21.10.2016 | 1,102.00 Per day | നേരിട്ടുള്ള നിയമനം |
| 24 | വി എൻ പി കൈമൾ | Advisor For Legal Liaisoning & HR | 07.08.2015 | 25,000 (consolidated) | നേരിട്ടുള്ള നിയമനം |
| 25 | ആദിത്യൻ മന്നാലി | Legal Coinsultant | 01.12.2018 | 30,000 (consolidated) | നേരിട്ടുള്ള നിയമനം |

ANIL KUMAR. S
ADDITIONAL SECRETARY